

# അൽഫഖ്

പുസ്തകം 20 | ലക്കം 3 | മാർച്ച് 2012 | അമാൻ 1391 | റ.ആഖർ - 1433



## ലോകത്തെ യുദ്ധത്തിലേക്ക് നയിക്കരുത്

**ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**

### ഇസ്റായീൽ പ്രധാനമന്ത്രിയോടും ഇറാൻ പ്രസിഡണ്ടിനോടും ആഗോള അഹ്മദിയ്യാ ഖലീഫയുടെ അഭ്യർഥന

ഇപ്പോൾ ലോകത്ത് ഒരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അത് ഇസ്റായേലും ഇറാനും തമ്മിൽ മാത്രമായിരിക്കില്ലെന്നും, മറിച്ച് ഇന്ന് തമ്മിലടിച്ച് കൊണ്ടിരിക്കുന്ന എല്ലാ രാജ്യങ്ങളും അതിൽ ഭാഗഭാക്കാകാൻ ഇടയുണ്ടെന്നും അഹ്മദിയ്യാ ഖലീഫ പറഞ്ഞു. അത് വൈകല്യങ്ങളുടേയും വ്യാധികളുടെയും ഒരു ലോകമാണ് സൃഷ്ടിക്കുക. കാരണം അതൊരു ആണവയുദ്ധമായിരിക്കും. അതുകൊണ്ട് തന്നെ അത്തരമൊരു യുദ്ധം ഒഴിവാക്കാൻ തങ്ങളാൽ കഴിയുന്നതൊക്കെ ചെയ്തുകൊണ്ട് ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കുകയും ഒരു ലോകമഹായുദ്ധത്തിലേക്ക് നയിക്കാതിരിക്കാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നും ഇസ്റായീൽ പ്രധാനമന്ത്രി നെതന്യാഹുവിനോടും, ഇറാൻ പ്രസിഡണ്ടിനോടും മുസ്‌ലിം ഖലീഫ മിർസാ മസ്റൂർ അഹ്മദ് കത്തിലൂടെ അഭ്യർഥിച്ചു.

*(അവലംബം : ഇസ്റായീൽ ടി.വി. 5.3.2012)*


3 ദൈവിക ജമാഅത്തുകളുടെ വിജയ മാർഗം

9 ഈ അവസരം പിന്നീട് ലഭിക്കില്ല

11 സ്ത്രീകളോട് നന്മയിൽ വർത്തിക്കുക

5 മുസ്‌ലിമിനെ കാഫിറെന്നു പറഞ്ഞാൽ സ്വയം കാഫിറാകും

10 മുസ്‌ലിമിന്റെ നിർവചനം ഉലമാക്കൾ പലതട്ടിൽ!

13 മടക്കിവിളിയോ പിടിച്ചെടുക്കലോ?

17 അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു ലഘുപരിചയം



## ഇമാമുസമാന്റെ ഫത്‌വകൾ

# മയ്യത്തും സദഖയും

ഒരാൾ ചോദിച്ചു:
ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കി മയ്യത്തിന്റെ കൂടെ ഖബർസ്ഥാനിൽ കൊണ്ട് പോകാറുണ്ട്. അത് മയ്യിത്ത് ഖബറടക്കിയതിനു ശേഷം അഗതികളിൽ വിതരണം ചെയ്യുന്നു. ഇതിനെ സംബന്ധിച്ച് അഭിപ്രായം എന്താണ്?
എല്ലാ കാര്യങ്ങളും നിയ്യത്തി(ഉദ്ദേശ്യത്തി)ലധിഷ്ഠിതമാണ്. അതായത്, ഖബർസ്ഥാനിൽ അഗതികൾ ഒരുമിച്ച് കൂടാറുള്ളതുകൊണ്ട് മയ്യിത്തിനെ ഖബറടക്കിയതിനു ശേഷം അവിടെ കൂടിയിരിക്കുന്ന അഗതികൾക്ക് സദ്ഖ നൽകിയാൽ അത് മയ്യിത്തിനു ഗുണകരമാകുന്നതിനാൽ അത് പാപങ്ങൾ പൊറുക്കപ്പെടുന്നതാണ് എന്ന നിയ്യത്തിലാണെങ്കിൽ അത് വളരെ നല്ല കാര്യമാണ്.
എന്നാൽ അത് ഒരു ആചാരമെന്നോണമാണ് ചെയ്യുന്നതെങ്കിൽ അത് അനുവദനീയമല്ല. കാരണം അതിന്റെ പ്രതിഫലം മയ്യത്തിനും, അതുപോലെ അത് കൊടുക്കുന്നവനും കിട്ടുകയില്ല. അതിൽ ഒരുവിധ പ്രയോജനവും ഇല്ല

# മാർക്കറ്റ് വിലയിലുള്ള വിൽപ്പന

ചില കച്ചവടക്കാർ ചന്തകളിലും വഴികളിലൂടെ വീടു വീടാന്തരം കയറിയും സാധനങ്ങൾ വിൽപന നടത്താറുണ്ട്. ഒരു സാധനത്തിന് പലരിൽ നിന്നും പല വിലയാണ് ഈടാ ക്കുന്നത്. ഇത് അനുവദനീയമാണോ.
ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. സാധനങ്ങളുടെ ഉടമസ്ഥന് അയാളുടെ ഇംഗിതമനുസരിച്ച് വില നിശ്ചയിക്കാനുള്ള അധികാരമുണ്ട്. എന്നാൽ വിൽപന നടത്തുന്ന സമയത്ത് രണ്ടുകക്ഷികളും തൃപ്തിയിലായിരിക്കണം കച്ചവടം നടത്തേണ്ടത്. വിൽപനക്കാരൻ ഒരു തരത്തിലും വഞ്ചിക്കരുത്. ഉദാഹരണമായി വസ്തുവിനു ഇല്ലാത്ത പ്രത്യേകതകൾ പറയുക.ഏതെങ്കിലും തരത്തിലുള്ള വഞ്ചന വാങ്ങുന്നയാളോട് കാണിക്കുക. വ്യാജം പറയുക. അതുപോലെ ഒന്നും തന്നെ അറിയാത്ത ഒരു കുട്ടി വരികയാണെങ്കിൽ അവനെ വഞ്ചിച്ചുകൊണ്ട് അധികവില ഈടാക്കുക എന്നതും അനുവദനീയമല്ല.

# നോവൽ

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ ഒരു ചോദ്യം വന്നു. അതായത്, നോവലുകൾ വായിക്കുന്നതും, എഴുതുന്നതിനെയും കുറിച്ചുള്ള അഭിപ്രായം എന്താണ്.
നബി (സ) കവിതയെ സംബന്ധിച്ച് നൽകിയിട്ടുള്ള അഭിപ്രായം തന്നെയാണ് നോവലുകളെയും കുറിച്ചുമുള്ളത്. അതായത്, അതിന്റെ നല്ലഭാഗം നല്ലതാണ്, മോശമായ ഭാഗം മോശമാണ്. കർമ്മം നിയ്യത്തിലധിഷ്ഠിതമാണ്. മസ്നവിയിൽ മൗലവി റൂമി എഴുതിയിട്ടുള്ള കഥകളെല്ലാം ആലങ്കാരിക പ്രയോഗത്തിലുള്ളതാണ്. യഥാർത്ഥ സംഭവങ്ങളല്ല. ഇതേപോലെ ഹദ്റത്ത് ഈസാ (അ) ഉം ആലങ്കാരിക പ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതും ഒരു തരത്തിലുള്ള നോവലുകളാണ്. നല്ല ഭാഷയും, ഗുണപാഠമുൾക്കൊള്ളുന്നതുമായ നോവൽ നല്ല നിയ്യത്തിൽ എഴുതപ്പെടുകയാണെങ്കിൽ അത് തീർച്ചയായും ഫല പ്രദമാണ്. അവ ആവശ്യാനുസരണം എഴുതുകയും, വായിക്കുകയും ചെയ്യുന്നത് തെറ്റല്ല.

(ബദർ. 5-സെപ്റ്റമ്പർ 1907. പേജ് -3)

# യുദ്ധത്തിലെ കൊല

യുദ്ധത്തിനായി പോകുന്നവർ യുദ്ധാവസരത്തിൽ നടത്തുന്ന കൊല പാപമാണോ,
ഇൽമുഹാ ഇൻദ റബ്ബീ ഇതിനെ സംബന്ധിച്ച് ഒന്നും പറയുക സാധ്യമല്ല. അവൻ ചെയ്തത് ശരിയായിരുന്നോ, അതല്ല തെറ്റായിരുന്നോ എന്ന് എറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാണ്.


(ഫത്താവാ അഹ്മദിയ്യാ വോള്യം 2,പേജ്-63)
വിവ: മുഹമ്മദ് നജീബ് ഖാൻ

---

ശതാബ്ദം 1912-മാർച്ച്

# പ്രത്യേക ദുഃആ

എസ്.



മാർച്ച് 10ന് ഹദ്റത് ഖലീഫത്തുൽ മസീഹ് (റ) തന്റെ ദർസുൽ ഖുർആനിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി പ്രത്യേകം ദുഃആ ചെയ്തു. ഹദ്റത് മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ) ന്റെ ചരിത്രത്തിൽ പറയുന്നു:
ഖാദിയാനിൽ ഹുസൂറിന്റെ ദർസുൽ ഖുർആൻ നടക്കുകയായിരുന്നു. ഹുസൂർ പറഞ്ഞു. അല്ലാഹു എന്നോട് ഇപ്പോൾ പറഞ്ഞു: നിന്റെ മജ്‌ലിസിൽ ഇപ്പോൾ ഉള്ളവർക്ക് വേണ്ടി നീ ദുഃആ ചെയ്താൽ അവർ സ്വർഗത്തിൽ പ്രവേശിക്കപ്പെടുന്നതാണ്. ആയതിനാൽ ആരും എഴുന്നേൽക്കരുത്. ഞാൻ ദുഃആ ചെയ്യാൻ പോവുകയാണ്. ഇതിനിടയിൽ സദസിൽ ഉണ്ടായിരുന്ന ഹദ്റത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബ് അത്യാവശ്യമായി പുറത്തേക്ക് പോകാൻ എഴുന്നേറ്റു. ഹുസൂർ അസ്വസ്ഥനായി. അദ്ദേഹത്തോട് പെട്ടെന്ന് തിരിച്ചു വരാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തെ വിളിക്കാൻ ഹുസൂർ ആളെവിടുകയും ചെയ്തിരുന്നു. അങ്ങനെ അദ്ദേഹം തിരിച്ച് വന്നശേഷം ഹുസൂർ(റ) ദുഃആ ചെയ്തു. ആ ദർസിന്റെ സദസിൽ കൂടുതൽ ആളുകൾ ഇല്ലായിരുന്നു. കാരണം ദർസ് നടത്തിയിരുന്ന സ്ഥലത്ത് കൂടുതൽ ആളുകൾക്ക് ഇരിക്കാൻ മാത്രം സ്ഥലവും ഇല്ലായിരുന്നു. ഇവരിൽ ഭ്രാതാ നവാബ് മിയാൻ മുഹമ്മദ് അബ്ദുല്ലാഹ് ഖാൻ സാഹിബും ഭ്രാതാ സൂഫി മുഹമ്മദ് ഇബ്റാഹിം സാഹിബും ഉണ്ടായിരുന്നു. ദുഃആക്ക് ശേഷം എല്ലാവരും പരസ്പരം മുബാറക്ബാദി (ആശംസകൾ) കൈമാറി.




(അവ: സീറത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് പേജ് : 44-45)

തഫ്സീർ



يَا أَيُّهَا الَّذِينَ آمَنُوا ارْكَعُوا وَاسْجُدُوا وَاعْبُدُوا رَبَّكُمْ وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ ۝٧٨



# ദൈവിക ജമാഅത്തുകളുടെ വിജയ മാർഗം

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)**

ഈ ആയത്തുകളിലൂടെ ദൈവിക ജമാഅത്തുകളെ വിജയികളാക്കിത്തീർക്കാൻ സഹായകമായ ചില കർത്തവ്യങ്ങളിലേക്ക് സത്യവിശ്വാസികളുടെ ശ്രദ്ധ തിരിച്ചിരിക്കുകയാണ്. അവ കൂടാതെ വിജയം കരസ്ഥമാക്കുക അസാദ്ധ്യമാണ്. ഭൗതികസംഘടനകളുടെ പ്രവർത്തനരീതി ഒന്ന് വേറെയായിരിക്കുമെന്ന കാര്യം ഓർക്കേണ്ടതാണ്. അവയുമായി ദൈവിക ജമാഅത്തുകളെ താരതമ്യം ചെയ്യാൻ സാധിക്കുകയില്ല. ഭൗതികസംഘടനകൾക്ക് കാര്യങ്ങൾ സത്യാധിഷ്ഠിതമായിരിക്കണമെന്ന നിർബന്ധമില്ല. മറിച്ച് കളവ്, ചതി, വഞ്ചന തുടങ്ങിയവയെ പോലുള്ള സാധ്യമാകുന്ന എല്ലാ മാർഗ്ഗങ്ങളും പ്രയോഗിച്ച് കൊണ്ട് വിജയം കരസ്ഥമാക്കാൻ ശ്രമിക്കുന്നു. എന്നാൽ ലോകത്ത് സാധാരണയായി വിജയിക്കുവാനുള്ള മാർഗ്ഗങ്ങളായി കരുതുന്ന ഈ ആയുധങ്ങൾ അവ ദീനിന്റെ കാര്യത്തിൽ തികച്ചും നിഷിദ്ധമാണ്............ ദീനുമായി ബന്ധമുള്ള സംഘടനകൾക്ക് ഇത്തരത്തിലുള്ള രീതികളൊന്നും സ്വീകരിക്കാൻ അനുവാദമില്ല...............

ചുരുക്കത്തിൽ ലോകം സ്വീകരിക്കുന്ന മാർഗ്ഗോപാധികൾ സ്വീകരിക്കുവാൻ അനുവാദമില്ലാത്തതിനാൽ ദീനീ സമുദായങ്ങൾക്ക് പ്രയാസങ്ങൾ കൂടുതലാണ്. അത് കൊണ്ട് കളവിനും വഞ്ചനക്കും കാപട്യത്തിനും എതിരായി സാത്വീകർക്ക് ആശ്വാസദായകമായിട്ടുള്ള ബൗദ്ധികമായ ഒരു പ്രതിനിധിയുടെ ആവശ്യമുണ്ട്. ഈ ആശ്രയത്തെക്കുറിച്ച് അല്ലാഹു ഈ ആയത്തിൽ പ്രതിപാദിക്കുന്നു. **യാഅയ്യു ഹല്ലദീന ആമനുർക്കഊ** സത്യവിശ്വാസികളെ, നിങ്ങൾ റുക്കൂഅ് ചെയ്യുന്നവരാകുക. കുനിയുന്നവരാകുക. .റുക്കൂഅ് എന്നത് കൊണ്ട് ഇവിടെ നമസ്ക്കാരത്തിലെ റുക്കൂഅ് ചെയ്യലല്ല ഉദ്ദേശ്യം. മറിച്ച് റുക്കൂഅ് എന്നതിന് നമസ്ക്കാരത്തിലേത് കൂടാതെ വേറെയും അർത്ഥങ്ങളുണ്ട്. അവ ഇവയാണ്. അത്യുന്നതനായ ദൈവത്തിന്റെ ഏകത്വത്തിൽ പരിപൂർണ്ണമായ വിശ്വാസം അർപ്പിച്ച് കൊണ്ട് അവനിലേക്ക് കുനിയുക . അല്ലാഹുവിനെ കൂടാതെയുള്ള ചിന്തകൾ പൂർണ്ണമായും ഹൃദയത്തിൽ നിന്നും നീക്കം ചെയ്ത് പൂർണ്ണമായ തൗഹീദിന്റെ ചിന്ത ഹൃദയത്തിൽ ഉണ്ടാക്കുകയും അവനെക്കൂടാതെയുള്ള ആരാധനയും പ്രതീക്ഷയർപ്പിക്കലും എല്ലാം ഹൃദയത്തിൽ നിന്ന് നീക്കം ചെയ്യുക. അറബി ഭാഷയിൽ ഇതിന്റെ പേര് റുക്കൂഅ് എന്നാണ്........ ഇവിടെ റുക്കൂഅ് എന്നാൽ നമസ്ക്കാരത്തിൽ ചെയ്യുന്ന റുക്കുഅ് അല്ല ഉദ്ദേശ്യം. എന്തെന്നാൽ ആ റുക്കൂഅ് നമസ്ക്കാരത്തിന്റെ ഒരു ഭാഗം മാത്രമാണ്. വെറുതെ ഒരു റുക്കൂഅ് മാത്രം ചെയ്യുന്നതായി ഇസ്‌ലാമിൽ ഒരിടത്തും കാണാൻ കഴിയുന്നില്ല. പ്രത്യേകമായിട്ടുള്ള സുജൂദാണെങ്കിൽ ഇസ്‌ലാമിൽ നന്ദിസൂചകമായോ ഖുർആൻ തിലാവത്ത് ചെയ്യുമ്പോഴോ അല്ലാതെ ഒരു ആരാധനയെന്നോണം കാണാവുന്നതല്ല. വെറും സുജൂദ് എന്നുള്ളത് ദുആക്കിടയിലെങ്കിലും ചെയ്യുന്നുണ്ട്. എന്നാൽ വെറും റുക്കൂഅ് ചെയ്യുക എന്നുള്ളത് ഒരു ചടങ്ങിന് പോലും ഇസ്‌ലാമിൽ ഉള്ളതായിട്ടില്ല. അപ്പോൾ റുക്കൂഅ് എന്നത് കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്, കാൽമുട്ടിൽ കയ്യൂന്നി കൊണ്ട് കുനിഞ്ഞ് നിൽക്കുക എന്നല്ല. മറിച്ച് അല്ലാഹുവിനെക്കൂടാതെയുള്ള ചിന്തകൾ ഹൃദയത്തിൽ നിന്ന് നീക്കം ചെയ്ത് പരിപൂർണ്ണ തൗഹീദിൽ വിശ്വസിച്ച് കൊണ്ട് അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നതിനാണ് റുക്കൂഅ്...........യഥാർത്ഥത്തിൽ റുക്കൂഅ് എന്ന വാക്ക് ഇവിടെ പ്രയോഗിക്കുന്നത് റുക്കൂഇൽ ഒരു വസ്തു വളഞ്ഞിട്ടാണിരിക്കുക എന്നത് കൊണ്ടും കൂടാതെ എന്തിനെയെങ്കിലും ആശ്രയിച്ച് നിൽക്കുമ്പോൾ കുനിഞ്ഞിട്ടാണ് ഉണ്ടാവുക എന്നത് കൊണ്ടുമാണ്. നേരെ നിവർന്ന് നിൽക്കുന്ന ഒരു വ്യക്തിക്ക് സഹായത്തിന്റെ ആവശ്യമില്ല. ഒന്നിനേയും ആശ്രയിച്ച് നിൽക്കാൻ സാധിക്കുകയില്ല. മാത്രമല്ല, അവൻ എന്തിനെയെങ്കിലും ആശ്രയിക്കാൻ ശ്രമിക്കുകയാണെങ്കിൽ തന്നെ കുനിഞ്ഞ് കൊണ്ടേ കഴിയുകയുള്ളൂ. അതിനാൽ **വർക്കഊ** എന്നതിന്റെ അർത്ഥം യഥാർത്ഥത്തിൽ അല്ലാഹുവിനെ ആശ്രയിച്ച് കൊണ്ട് അവനിലേക്ക് കുനിയുക എന്നതാണ്. കളവ്, വഞ്ചന, കാപട്യം എന്നിവ ലോകത്തിലെ ആശ്രയങ്ങളാണ്. ഇത് വളരെ മോശമായ ആശ്രയങ്ങളാണ്. അതെല്ലാം ഉപേക്ഷിക്കുക. അവയുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കരുത് എന്ന് അല്ലാഹു പറയുന്നു.....
..................

അവശതയിലും രോഗാവസ്ഥയിലും മനുഷ്യന് തീർച്ചയായും മറ്റ് വസ്തുക്കളുടെ സഹായം വേണ്ടി വരുന്നു. ആത്മീയലോകത്ത് മനുഷ്യൻ വളരെയേറെ ബലഹീനനാണ്. ആയിരക്കണക്കിന് അദൃശ്യങ്ങളായ കാര്യങ്ങൾ അവന്റെ പുരോഗതിയുടെ പാതയിൽ തടസ്സങ്ങളായി വരുന്നു. അത് കൊണ്ട് ഈ മേഖലയിലും അവന് എന്തിന്റെയെങ്കിലും ആശ്രയം ആവശ്യമായി വരുന്നു. ഭൗതികനായ ഒരു വ്യക്തി ഇത്തരം ഘട്ടങ്ങളിൽ കളവിനെയും വഞ്ചനയേയും കൗശലത്തേയും ആശ്രയിക്കുന്നു. എന്നാൽ ഒരു വിശ്വാസിയോട് അല്ലാഹു പറയുന്നത് നീ കളവോ ചതിയോ വഞ്ചനയോ മറ്റേതെങ്കിലും അനാവശ്യമായ അടവുകളോ പ്രയോഗിക്കരുത് എന്നാണ്.................... **ഇർക്കഊ** അതായത് നമ്മിലേക്ക് കുനിഞ്ഞ് നീ നമ്മെ ആശ്രയിക്കുക. ഇ തേത് പോലെയെന്നാൽ ഒരാൾ അവശനായ മറ്റൊരാളുടെ ഊന്നുവടി കൈക്കലാക്കിയെങ്കിലും സ്വന്തം ചുമൽ അയാ ൾക്ക് കാണിച്ച് കൊടുക്കുകയും എന്നിട്ട് എന്റെ തോളിൽ പിടിച്ച് നടന്ന് കൊള്ളുക എന്ന് പറയുന്നത് പോലെയുമാണ്,

അത് പോലെ തന്നെ അനാവശ്യ ആയുധങ്ങളും അടവുകളും അനാവശ്യ ആശ്രയങ്ങളിൽ നിന്നും വിലക്കിയപ്പോൾ അല്ലാഹു പറഞ്ഞു . നിങ്ങൾക്ക് എന്തെങ്കിലുമൊരു ആശ്രയത്തിന്റെ ആവശ്യമുള്ളതിനാൽ ഞാൻ നിങ്ങളോട് പറയുന്നു. എന്നിലേക്ക് കുനിയുക. എന്നെ ആശ്രയിക്കുക. അപ്പോൾ **ഇർക്കഊ** എന്നാൽ പൂർണ്ണമായും പ്രതീക്ഷയർപ്പിക്കുക എന്നാണ്. കൂടാതെ ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ കാര്യങ്ങൾ ഭരമേൽപ്പിക്കുകയും തങ്ങളുടെ ചെയ്തികളിൽ വരുന്ന പോരായ്മകൾക്ക് അവൻ സ്വയം ബാദ്ധ്യസ്ഥനായിരിക്കുമെന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

വിജയം കൈവരിക്കാനായി അനാവശ്യമായിട്ടുള്ള ഭൗതിക മാർഗ്ഗോപാധികളെ സ്വീകരിക്കുന്നത് അവൻ വിലക്കിയിരിക്കയാൽ ഇനി നമ്മുടെ കാര്യങ്ങൾക്ക് അവൻ ബാദ്ധ്യസ്ഥനാണ്. അവൻ തന്നെ നമ്മുടെ പോരായ്മകൾ പരിഹരിക്കുന്നതാണ്. വീണ്ടും പറയുന്നു **വസ്ജുദൂ വഅ്ബുദൂ റബ്ബക്കും**. ഇവിടെ **വസ്ജുദൂ** എന്നതിൽ വന്നിട്ടുള്ള സജ്ദ എന്ന വാക്ക് കൊണ്ടുദ്ദേശിക്കുന്നതും നമസ്ക്കാരത്തിലെ സുജൂദല്ല. കാരണം **വഅ്ബുദൂ റബ്ബക്കും** എന്ന് അതിന് ശേഷം പറയുന്നുണ്ട്.അതിൽ സുജൂദും ഉൾപ്പെടുന്നു.....
........ അല്ലയോ സത്യവിശ്വാസികളെ നിങ്ങൾ പരിപൂർണ്ണ അനുസരണം പ്രവർത്തിക്കുകയും അല്ലാഹുവിന്റെ ഏതൊരു കൽപനയേയും നിങ്ങൾ പൂർണ്ണമായും പിൻപറ്റുകയും ചെയ്യുക. ആ കൽപന നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞാലും കഴിഞ്ഞിട്ടില്ലെങ്കിലും അവൻ കൽപിക്കുന്നത് പോലെ ചെയ്യുക. ചില കാര്യങ്ങളെ സംബന്ധിച്ച അല്ലാഹുവിന്റെ കൽപനകളെ പലപ്പോഴും മനുഷ്യൻ അറിവില്ലായ്മ കൊണ്ട് അതെന്റെ തകർച്ചക്കും നാശത്തിനും കാരണമാണ് എന്ന് മനസ്സിലാക്കുന്നു.എന്നാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാൻ വേണ്ടി അതിനെ സ്വീകരിക്കുമ്പോൾ അല്ലാഹു അവനെ സ്വയം സംരക്ഷിക്കുകയും അവന്റെ നാശത്തിന് പകരം അവന് അനുഗ്രഹങ്ങൾ വർഷിക്കാൻ തുടങ്ങുകയും ചെയ്യുന്നു. തന്നത്താൻ നാശത്തിന്റെ ഗർത്തത്തിലേക്ക് വലിച്ചെറിയപ്പെടുന്നവരായി പ്രത്യക്ഷത്തിൽ തോന്നിക്കുമാറ് അല്ലാഹുവിന് വേണ്ടി പ്രയാസങ്ങൾ അനുഭവിക്കുകയും ഒടുവിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരുകയും അവരുടെ നാശത്തിനായുള്ള സാധനങ്ങളിൽ തന്നെ അവർക്കായി അനുഗ്രഹത്തിന്റെ സംവിധാനങ്ങൾ ഉണ്ടാക്കപ്പെടുകയും ചെയ്യുന്ന അത്തരം ആളുകളെ ക്കുറിച്ച് ഹദീസുകളിൽ അതിമനോഹരമായ ഉദാഹരണം വിവരിക്കപ്പെട്ടിരിക്കുന്നു.

ഹദീസുകളിൽ വരുന്നു അല്ലാഹു ഖിയാമത്ത് നാളിൽ തന്റെ ദാസനോട് നീ നരകത്തിലേക്ക് ചാടുക എന്ന് പറയും. ദാസൻ ഒരു ഭയവും കൂടാതെ അതിലേക്ക് ചാടും എന്നിട്ട് പറയും എന്റെ റബ്ബിന്റെ കൽപന ഞാൻ തീയ്യിൽ ചാടണമെന്നാണെങ്കിൽ എനിക്കിഷ്ടം നരകം തന്നെയാണ്.എന്നാൽ അവൻ അതിലേക്ക് ചാടിക്കഴിഞ്ഞാൽ ആ നരകം അവന് ആശ്വാസമേകുന്ന സ്വർഗ്ഗമായിത്തീരുകയും അവൻ തീ കൊണ്ട് കളിക്കാൻ തുടങ്ങുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു പറയും നോക്കൂ! എന്റെ ദാസൻ തീ കൊണ്ട് എങ്ങനെയാണ് ആനന്ദിക്കുന്നത്.

ഈ ഉദാഹരണം യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ദീനിന് വേണ്ടി ത്യാഗം സഹിച്ച് കൊണ്ട് തന്നത്താൻ നാശത്തിലകപ്പെടുത്തുന്ന ആളുകളുടെ കാര്യത്തെക്കുറിച്ചുള്ളതാണ്. അവർ തീയ്യിൽ ചാടുന്നതായിട്ടാണ് ലോകത്തിന് തോന്നുക. എന്നാൽ തീയ്യിൽ ചാടിക്കഴിഞ്ഞാൽ അതവർക്ക് സ്വർഗ്ഗമായിത്തീരുന്നു. (തഫ്സീർ കബീർ)

*ആശയാനുവാദം - കെ. നജ്മുദ്ദീൻ മുറിയക്കണ്ണി*

അൽഹഖ്
വാർത്താപത്രിക
2012 മാർച്ച്
പുസ്തകം 20 ലക്കം 3

യുഗനാദം

ഹദ്റത്ത് അഹ്മദ്(അ)



# മസീഹ് മൗഊദ് ദിനം

1889 മാർച്ച് 23 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക നിർദ്ദേശപ്രകാരം 40 ഭക്തശിഷ്യരിൽനിന്ന് ബയ്അത്ത് സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിത്തറ പാകി.

ഈ മഹത് സുദിനത്തെ ഓർത്തുകൊണ്ട് എല്ലാവർഷവും മാർച്ച് 23ന് അഹ്മദിയ്യാ ലോകം മസീഹ് മൗഊദ് ദിനം ആചരിക്കുന്നു. വാഗ്ദത്ത മഹ്ദീ മസീഹിന്റെ പ്രധാന ദൗത്യങ്ങളിൽ നബി(സ) വിവരിച്ചുതന്ന പ്രസക്തമായ രണ്ട് കാര്യങ്ങളാണ് യുഹ്‌യിദ്ദീന വയുഖീമുശ്ശരീഅ: (ദീനിനെ പുനരുജീവിപ്പിക്കുകയും ശരീഅത്തിനെ സ്ഥാപിക്കുകയും ചെയ്യുന്നതാണ്) എന്നത്. മൃതാവസ്ഥയിലുള്ള ദീനിന് ഹദ്റത്ത് അഹ്മദ്(അ) ദൈവിക ജീവജലം കൊണ്ട് സേചനം ചെയ്യുകയും ദീനിന്റെ ആദ്യകാല പ്രൗഢി വീണ്ടെടുക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ സുന്ദരമുഖത്ത് പറ്റിപ്പിടിച്ചിരുന്ന പൊടിപടലങ്ങളെ ആ മഹാത്മൻ തുടച്ചുനീക്കി. നവോന്മേഷത്തോടെ ദീൻ വീണ്ടും ജൈത്രയാത്ര ആരംഭിച്ചിരിക്കുന്നു.

മറ്റൊരു പ്രധാന ദൗത്യം വിശുദ്ധ ഖുർആനെന്ന ശരീഅത്തിനെ സ്ഥാപിക്കുകയാണ്. വിശുദ്ധ ഖുർആന്റെ അനുപമവും അനന്യവുമായ വിജ്ഞാന നിർഝരി ലോകത്തിന് മുന്നിൽ തുറന്നുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ), മുസ്‌ലിം സമൂഹത്തിന്റെ അബദ്ധധാരണകളെ തിരുത്തുകയുണ്ടായി. മാത്രമല്ല വിശുദ്ധ ഖുർആൻ വള്ളിപുള്ളി വ്യത്യാസമില്ലാതെ ഇന്നും സജീവമാണെന്ന വാദഗതി സമർപ്പിച്ചത് ഹദ്റത്ത് അഹ്മദ്(അ) ആയിരുന്നു. അങ്ങിനെ ആ മഹാത്മാവ് ഇസ്‌ലാമിന്റെ വൈജയന്തിയുമായി ലോകത്തിന് നൽകിയ വിപ്ലവാത്കമായ ചിന്താപദ്ധതികൾ ഇസ്‌ലാമിന്റെ തനത് രൂപത്തെ പുനഃപ്രതിഷ്ഠിക്കുന്നതായിരുന്നു.

ദൈവികസ്വിഫത്തുകൾ എന്നും സജീവമാണെന്നും ദുഃആ കേവലം ഒരു ആരാധന മാത്രമല്ലെന്നും ജീവൽ ദൈവത്തിന്റെ ജീവൽ ദൃഷ്ടാന്തം കാണാനുള്ള മാർഗമാണെന്നും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. എന്തിനധികം ഇക്കാര്യത്തിൽ അനുഭവസ്ഥരാകാൻ അദ്ദേഹം ജനങ്ങളെ ക്ഷണിക്കുകയുണ്ടായി. തൗഹീദ്, മലക്കുകൾ, പരിണാമം, വിവിധ നാടുകളിൽ ആഗതരായ പ്രവാചകന്മാർ, ജിഹാദ്, മുഅ്ജിസാത്ത്, സ്വർഗ നരകങ്ങൾ തുടങ്ങി അനവധി വിഷയങ്ങളിൽ ഇസ്‌ലാമിന്റെ ശരിയായ മാർഗരേഖയും വിവക്ഷയും ആ മഹാത്മാവ് ലോകത്തിന് മുന്നിൽ വിശദീകരിക്കുകയുണ്ടായി.

ഇസ്‌ലാമിന്റെ വിജയശ്രീലാളിതനായ ഈ സേനാപതി 1908 മെയ് 26ന് ലാഹോറിൽ വെച്ച് വഫാത്തായി.

# എന്താണ് ബയ്അത്ത്?

ബയ്അത്ത് യഥാർഥത്തിൽ തൗബ (പശ്ചാത്താപം)യാണ്. ബയ്അത്തിന് രണ്ട് ഭാഗമുണ്ട്. ഒന്ന്, കഴിഞ്ഞ കാല തിന്മകളിൽ നിന്ന് മാപ്പപേക്ഷിക്കുന്നു. രണ്ട്, ബയ്അത്തിൽ, മേലിൽ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിന് വാഗ്ദാനം ചെയ്യുന്നു. സത്യസന്ധമായ തൗബയും, തിന്മകൾ അടർന്ന് പോവുകയുമാണ് ബയ്അത്തിന്റെ അടിസ്ഥാനം. ഇതില്ലെങ്കിൽ ബയ്അത്ത് തന്നെ പാപമായിത്തീരും. തൗബയുടെ യാഥാർഥ്യം തിന്മകളിൽ നിന്ന് പൂർണ്ണമായും മാറി, അല്ലാഹുവിലേക്ക് ചായുകയാണ്. മരണംവരെ തിന്മ ചെയ്യുകയില്ലെന്ന് സത്യസന്ധമായി പ്രതിജ്ഞ ചെയ്യണം.

(മൽഫൂസാത്ത് ഭാഗം : 3)

## ഉദ്ദേശ്യലക്ഷ്യങ്ങൾ

ബയ്അത്തിന്റെ ഉദ്ദേശ്യം, ഭൗതികതയോടുള്ള സ്നേഹം തുണക്കുകയും തന്റെ യജമാനനോടും സുപ്രീതനായ റസൂൽ(സ) നോടുമുള്ള സ്നേഹം ഹൃദയത്തിൽ മേൽക്കോയ്മ നേടുകയും ചെയ്യണമെന്നതാണ്. (റൂഹാനിഖസായിൻ ഭാഗം : 4)

## ജീവിതമാറ്റം

ഓർക്കുക, ബയ്അത്തിന് ശേഷം മാറ്റം അനിവാര്യമാണ്. ബയ്അത്തിന് ശേഷം തന്റെ അവസ്ഥയിൽ മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ അത് അവഗണനയാണ്. ബയ്അത്ത് കുട്ടിക്കളിയല്ല. മുൻകാല ജീവിതത്തിൽ മരണം വരിച്ചവൻ മാത്രമേ യഥാർഥത്തിൽ ബയ്അത്ത് ചെയ്യുന്നുള്ളൂ. പിന്നെ പുതിയൊരു ജീവിതം തുടങ്ങുന്നു. സത്യസന്ധമായി പ്രതിജ്ഞ ചെയ്യുന്നവന്റെ വലിയ വലിയ തിന്മകൾ പൊറുക്കുകയും അവന് പുതിയൊരു ജീവിതം ലഭിക്കുകയും ചെയ്യുന്നു.

## പരാതിപ്പെടരുത്

ബയ്അത്ത് ചെയ്യുന്നവർ നമ്മുടെ വാദഗതികളെ നല്ലപോലെ മനസിലാക്കട്ടെ. അല്ലെങ്കിൽ അത് പാപമാണ്. നമ്മുടെ ജമാഅത്ത്, ജമാഅത്തായിത്തീരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു മരണം സ്വീകരിക്കേണ്ടതായിവരും. സ്വാർതഥയിൽ നിന്നും സ്വാർഥതാൽപര്യങ്ങളിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. അല്ലാഹുവിനെ എല്ലാത്തിനും മീതെ മനസിലാക്കേണ്ടതാണ്. ബയ്അത്തിന് ശേഷം ഈ മരണം വരിക്കാത്തവർ, തങ്ങൾക്ക് ബയ്അത്ത് ചെയ്ത് ഗുണം കിട്ടിയില്ലെന്ന് പരാതിപ്പെടേണ്ടതില്ല.

(മൽഫൂസാത്ത് ഭാഗം : 3)

## ജീവിതമാതൃക

ബയ്അത്തിന്റെ യാഥാർഥ്യം നല്ലപോലെ മനസിലാക്കുകയും അതിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക എന്നതാണ്. യഥാർഥ ലക്ഷ്യം മനസിലാക്കി ജീവിതത്തിൽ പരിശുദ്ധമാറ്റം പ്രകടിപ്പിക്കേണ്ടതാണ്. ഇതില്ലെങ്കിൽ പിന്നെ ബയ്അത്ത്കൊണ്ട് ഒരു പ്രയോജനവും കിട്ടുന്നതല്ല. മറിച്ച് ബയ്അത്ത് അയാൾക്ക് ശിക്ഷക്ക് കാരണമാകുന്നതാണ്. കാരണം കരാർ ചെയ്ത ശേഷം ബോധപൂർവം ധിക്കരിക്കുന്നത് ഏറെ ഭയാനകമാണ്. (മൽഫൂസാത്ത് ഭാഗം:5)


## മാനസിക പരിവർത്തനം

ഓർക്കുക, ആചാരമെന്ന നിലക്ക് ബയ്അത്തിൽ ഉൾപ്പെടുകയും എന്നെ ഇമാമെന്ന് മനസിലാക്കുകയും ചെയ്യുന്നത് മാത്രം മോക്ഷത്തിന് ഒരിക്കലും നിദാനമല്ല. കാരണം അല്ലാഹു ഹൃദയങ്ങളെയാണ് നോക്കുന്നത്. നാവുകൊണ്ടുള്ള വർത്തമാനങ്ങളെയല്ല നോക്കുന്നത്. (മൽഫൂസാത്ത് ഭാഗം :3)

## ബയ്അത്ത് വിൽപനയാണ്

ബയ്അത്ത് ചെയ്യുകയെന്നാൽ വെറും നാവുകൊണ്ടുള്ള ഏറ്റു പറച്ചിൽ മാത്രമല്ല. മറിച്ച്, തന്നെ സ്വയം വിൽക്കുകയാണ്. നിന്ദ്യതയാണെങ്കിലും നഷ്ടമാണെങ്കിലും അതിനെയൊന്നും വകവെക്കരുത്. (മൽഫൂസാത്ത് ഭാഗം :3)



# മുസ്ലിമിനെ കാഫിറെന്നു പറഞ്ഞാൽ സ്വയം കാഫിറാകും

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏകദേശം മൂന്ന് വർഷത്തോളം (ഇത് എന്റെ അനുമാനമാണ്. ആ കാലഘട്ടത്തിന്റെ ദൈർഘ്യത്തെ സംബന്ധിച്ച് ശരിയായ നിരീക്ഷണം നടത്തിയിട്ടില്ല. എന്റെ അനുമാനത്തിൽ അദ്ദേഹം മൂന്ന് വർഷത്തോളം) തന്റെ മേൽ കുഫ്റ് ഫത്വ്വ പുറപ്പെടുവിച്ച ആ 200 മഹാപണ്ഡിതന്മാരോട് ഇക്കളി വേണ്ടാ എന്ന് മനസ്സിലാക്കിക്കൊടുത്തു കൊണ്ടിരുന്നു. നബി(സ) യുടെ വാക്കുകളാണിത്. അഥവാ നിങ്ങൾ ശാഠ്യം പിടിക്കുകയാണെങ്കിൽ തിരുനബി (സ) യുടെ പ്രസ്തുത വാക്കുകളനുസരിച്ച് സ്വയം തങ്ങളേയും കാഫിറാക്കുന്നതാണ്. എത്രത്തോളമെന്നാൽ നിർബന്ധിച്ച് അവർ മുബാഹലയ്ക്കായി വെല്ലുവിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, നിങ്ങളുടെ വെല്ലുവിളി സ്വീകരിക്കാൻ ഞാൻ തയ്യാറല്ല. കാരണം കലിമ ചൊല്ലുന്ന ഒരാളെ കാഫിറെന്ന് ഞാൻ വിളിക്കുകയുമില്ല, കലിമ ചൊല്ലുന്ന മുസ്ലിമിന്റെ മുബാഹലയെ അനുവദനീയമായി കണക്കാക്കുന്നുമില്ല. എന്നാൽ താങ്കൾ ഞങ്ങളെ കാഫിറായി മനസ്സിലാക്കുന്നില്ലെങ്കിലും ഞങ്ങൾ താങ്കളെ കാഫിറായി മനസ്സിലാക്കുന്നു, ഞങ്ങളുമായി മുബാഹല ചെയ്യുക എന്ന മറുപടിയാണ് ലഭിച്ചത്. അങ്ങിനെ ഒരു നീണ്ടകാലം വരെ അദ്ദേഹം അവരെ മനസ്സിലാക്കിക്കൊടുത്തു കൊണ്ടിരുന്നു. ഇവിടെ നമ്മുടെ ഒരു ഡീൻ വന്നിരുന്നു. അദ്ദേഹത്തിന് ഈ പ്രശ്നം മനസ്സിലായിരുന്നില്ല. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, നാം എളിയ ദാസരാണ്. കലിമ ചൊല്ലുന്ന ആരെയെങ്കിലും കാഫിറെന്ന് വിളിക്കാൻ നമുക്ക് എന്ത് അവകാശമാണുള്ളത്. എന്നാൽ ആരെയാണോ റസൂൽ തിരുമേനി (സ) കാഫിർ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത് അവരെ മുസ്ലിമായി കണക്കാക്കാനുള്ള അവകാശവും നമുക്കില്ല. ഈ പ്രശ്നം ഞാൻ അവതരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഇപ്പോൾ എനിക്ക് മനസ്സിലായി. അന്നേരം അദ്ദേഹം ബൈഅത്ത് ചെയ്തില്ലായെങ്കിലും പിന്നീട് ബൈഅത്ത് ചെയ്യുകയുണ്ടായി.

ചുരുക്കത്തിൽ യാഥാർത്ഥ്യം ഇത് തന്നെയാണ്. അതിനാൽ താങ്കളും ധൃതി കാണിക്കരുത്. കലിമ ചൊല്ലുന്ന ആരേയും കാഫിർ എന്ന് വിളിക്കാൻ ആർക്കും അവകാശമില്ല. എന്നാൽ കലിമ ചൊല്ലുന്നവരെ കാഫിർ എന്ന് വിളിക്കുന്നവരെ തിരുനബി (സ) കാഫിർ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. നമുക്ക് പറയേണ്ടുന്ന ആവശ്യം തന്നെയില്ല. നബി (സ) യുടെ വചനത്തിന്റെ അടിസ്ഥാനത്തിൽ അവർ സ്വയം കാഫിറായി. ആരെയെങ്കിലും കാഫിർ എന്ന് വിളിക്കാനുള്ള ശക്തിയോ മേന്മയോ താങ്കൾക്കില്ല. എന്നാൽ ആരെയാണോ നബി തിരുമേനി(സ) കാഫിർ എന്ന് പറഞ്ഞിട്ടുള്ളത് അവരെ മുസ്ലിമായി കണക്കാക്കുവാനുള്ള ആർജ്ജവവും താങ്കളിൽ ഉണ്ടാവരുത്. ഇത് തിരുമേനി (സ) യ്ക്കെതിരിൽ അക്രമമാകുന്നു.

ഏതായിരുന്നാലും പരസ്പരമുള്ള ഈ കാഫിറാക്കലെല്ലാം അവസാനിക്കുന്നതാണ്. ഞങ്ങൾക്കതിൽ സന്തോഷമാണുള്ളത്. ഇന്ന് ഈ ലോകം മലീമസതയിൽ അകപ്പെട്ടിരിക്കുകയാണ്. പരസ്പരം കാഫിറാക്കിക്കൊണ്ടിരിക്കുകയാണ് എന്നതിൽ ഞങ്ങൾ വിലപിക്കുന്നില്ല. ഞങ്ങളത് അല്പം പോലും വകവെക്കുന്നില്ല. കാരണം നമുക്കായി ഏത് മാർഗമാണോ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് അതിൽ നാം ചലിച്ചുകൊണ്ടിരിക്കുകയാണ്. പരസ്പരം കാഫിറാക്കിക്കൊണ്ടിരിക്കുന്ന ഈ എല്ലാ കക്ഷികളും നേർമാർഗം പ്രാപിക്കുമെന്നും, അവർ ഒരു പ്രകാശത്തേയും സത്യത്തേയും ഇസ്ലാമിന്റെ സുന്ദരമുഖത്തേയും ദർശിക്കുകയും, ഇസ്ലാമിന്റെ പതാകയ്ക്കു കീഴിൽ വന്നൊരുമിച്ച് കൂടുമെന്നുമുള്ള സുവാർത്ത അല്ലാഹു നമുക്ക് നൽകിയിരിക്കുന്നു എന്നതിൽ നാം സന്തുഷ്ടരാണ്. കാഫിറാക്കൽ അവസാനിക്കുന്നതാണ് എന്നതിൽ നാം തൃപ്തരാണ്. അന്ന്വരെ ആരെല്ലാം ജീവിച്ചിരിക്കും എന്നറിയില്ല.

ഈ മലീമസതയുടെ രൂപത്തെ നശിപ്പിക്കുക എന്ന് അഹ്മദിയ്യാ ജമാഅത്തിന് കല്പന നൽകുന്ന ഒരു നാൾ വരുന്നതാണ്. അതായത്, ബറേലവികൾ ദേവ്ബന്ദികൾക്കെതിരിലും ദേവ്ബന്ദികൾ ബറേലവികൾക്കെതിരിലും അതുപോലെ പരസ്പരം കുഫ്റ്ഫത്വ നൽകിയ എല്ലാ കക്ഷികളുടേയും ഗ്രന്ഥങ്ങൾ ലൈബ്രറികളിൽ നിന്നെടുത്ത് കത്തിച്ചു കളയുന്നതാണ്. ഇപ്പോൾ രാഷ്ട്രീയ ഫത്വകളും അതിൽ ഉൾപ്പെട്ടിരിക്കുന്നു. അതും കത്തിച്ചു കളയുന്നതാണ്. അതിന്റെ ആവശ്യമില്ലാത്തതിനാൽ ലോകം അതിനെ വിസ്മരിച്ചു കളയുന്നതാണ്. സ്നേഹത്തെ ഓർക്കേണ്ട ആവശ്യമുണ്ടാകും. നാം പരസ്പരം സ്നേഹിക്കുന്നതായിരിക്കും. ശത്രുതയും നിന്ദ്യതയും കോപവും ദുരാരോപണവും കുഫ്റ് ഫത്വകളുമെല്ലാം പഴങ്കഥകളായിമാറുന്നതാണ്. ചുരുക്കത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഈ സുവാർത്ത ലഭിക്കുകയുണ്ടായി. ഇത് സുദൃഢമായ സുവാർത്തയാകുന്നു. അതായത് മുഴുവൻ മുസ്ലീംകളേയും ഏകദീനിൽ ഒരുമിച്ച് കൂട്ടുക എന്ന കല്പന നമുക്ക് നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹം പറയുന്നു, ഇത് സംഭവിക്കുക തന്നെ ചെയ്യുന്നതാണ്. ഈ പ്രവചനം പുലരുകയില്ല എന്നത് അസാധ്യമാകുന്നു. ഈ സുവാർത്തയുടെ പൂർത്തീകരണ മാർഗത്തിൽ മുഴുലോകത്തേയും ശക്തികൾ ഒന്നിച്ച് ചേർന്നാലും തടസ്സമാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, അല്ലാഹു എനിക്ക് വീണ്ടും വീണ്ടും അറിയിച്ചിരിക്കുന്നു, അവൻ എനിക്ക് ധാരാളം ശ്രേഷ്ഠത നൽകുന്നതാണ്. എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടികൊള്ളിക്കുന്നതാണ്. എന്റെ പ്രസ്ഥാനത്തെ മുഴുലോകത്തും പരത്തുന്നതാണ്. മുഴുവൻ കക്ഷികൾക്കുമേലും എന്റെ കക്ഷിക്ക് വിജയം നൽകുന്നതാണ്. എന്റെ പ്രസ്ഥാനത്തിലുള്ളവർ അറിവിലും ദൈവീകജ്ഞാനത്തിലും ഉന്നതി കരസ്ഥമാക്കുകയും തങ്ങളുടെ സത്യതയാലും പ്രകാശത്താലും തെളിവുകളും അടയാളങ്ങളും മുഖേന എല്ലാവരുടേയും വായടക്കുന്നതാണ്. (തദ്കിറ, 4-ാം എഡിഷൻ പേജ്-517)

അഹ്മദിയ്യത്ത് മുഖേനെ ഇസ്ലാമിനെ മുഴുലോകത്തും വിജയിപ്പിക്കുന്നത് സംബന്ധിച്ചുള്ള അതി മഹത്തായ സുവാർത്തകളാണിത്. അതായത് വിശ്വാസദൃഢതയാലും ആകാശീയ അടയാളങ്ങളാലും മുഴുലോകത്തും വിജയിപ്പിക്കുന്നതാണ്. മനുഷ്യന്റെ യാഥാർത്ഥ്യം എന്താണ്. ആത്മപ്രശംസയുടെ ആവശ്യമില്ല. എന്റെ ദുആ സ്വീകാര്യതയുടെ ആയിരക്കണക്കിന് അടയാളങ്ങൾ ജമാഅത്ത് കണ്ടുകഴിഞ്ഞിരിക്കുന്നു എന്ന് മാത്രമേ പറയുന്നുള്ളൂ. ചിലതിനെ കുറിച്ച് ഞാൻ പരാമർശിക്കുന്നു. ചിലതിനെ സംബന്ധിച്ച് ഞാൻ വിളംബരപ്പെടുത്താറില്ല. എന്നാൽ നാമത് ചെയ്യുന്നില്ലായെങ്കിൽ അവരത് ചെയ്യുന്നതാണ്. കാരണം തന്റെ അടയാളം ജമാഅത്തിനോടൊപ്പം ആയിരിക്കുമെന്നതാണ് അല്ലാഹുവിന്റെ സുവാർത്ത. അഥവാ നമ്മുടെ പക്കൽ ആകാശീയ അടയാളങ്ങൾ അവർക്ക് കാണുവാൻ സാധിക്കുന്നില്ലായെങ്കിൽ അവരുടെ പക്കൽ ഉണ്ടാകേണ്ടതാണ്. അല്ലായെങ്കിൽ അല്ലാഹുവിന്റെ പ്രസ്തുത വാഗ്ദാനം കളവായിത്തീരുന്നതാണ്. എന്നാൽ അല്ലാഹു വാഗ്ദാനം നിറവേറ്റുന്നവനാണ്. അവരുടെ പക്കൽ അടയാളങ്ങളുണ്ടോ ഇല്ലേ എന്ന തർക്കത്തിന് നാമില്ല. എന്നാൽ അവരുടെ പക്കൽ അടയാളങ്ങളുണ്ട് എന്നത് അവർ സ്ഥാപിക്കേണ്ടതാണ്. നാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യതയ്ക്കു തെളിവായി സത്യപ്രകാശത്തേയും നമ്മുടെ തെളിവുകളേയും അടയാളങ്ങളേയും സമർപ്പിക്കുന്നതാണ്. സത്യപ്രകാശത്തിന്റെ വിശദീകരണം എനിക്ക് നൽകേണ്ടതായി വരും. കാരണം ആർക്കും അത് മനസ്സിലാകാതിരുന്നേക്കാം.

(ജുമുആ ഖുത്ത്വുബ 04-09-1970)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# കർമശാസ്ത്രം

## സുന്നത്തും നഫലുകളും

**ചോദ്യം: സുന്നത്തുകളെ സംബന്ധിച്ച് യഥാർത്ഥത്തിലുള്ള മാർഗ്ഗ നിർദ്ദേശമെന്താണ്.? അസറിനും ഇശാക്കും മുമ്പ് നാല് റക്കഅത്ത് സുന്നത്ത് അനുഷ്ഠിക്കുന്നതിനെ പറ്റിയുള്ള വിധിയെന്താണ്?**

ഉത്തരം: നമസ്ക്കാരത്തിന് മുമ്പും പിമ്പും നിശ്ചയിക്കപ്പെട്ടിരിക്കുന്നത്, വാസ്തവത്തിൽ ഹദീസുകളിലും ഫിഖ്ഹിലും പരാമർശമുള്ളതും അറിയപ്പെട്ടതുമായ അനിവാര്യ സുന്നത്തുകളാകുന്നു. അതായത് ഫജറിന് മുമ്പുള്ള രണ്ട് റക്കഅത്തുകളെക്കുറിച്ച് കൂടുതൽ താക്കീത് നൽകപ്പെട്ടിട്ടുണ്ട്. മഗ്‌രിബിനും ഇശാക്കും ശേഷമുള്ള രണ്ട് സുന്നത്തുകൾ,തഹജ്ജുദിന്റെ എട്ട് റക്കഅത്ത് (നഫൽ) യഥാർത്ഥത്തിൽ ഇവ അനുഷ്ഠിക്കുന്നതിനാണ് നിഷ്ക്കർഷിക്കപ്പെട്ടിരിക്കുന്നത്. ശേഷിക്കുന്നത് ഐച്ഛികമായിട്ടുള്ളതാകുന്നു. അവ ഉദ്ദേശിക്കുന്നവർക്ക് അനുഷ്ഠിക്കുകയോ അനുഷ്ഠിക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്. അതിൽ ചിലതിനെ പറ്റി ഹദീസുകളിൽ വന്നിട്ടുണ്ട്. ചിലതിനെ പറ്റി ഒന്നും പരാമർശിക്കുന്നുമില്ല. സുന്നത്ത് നമസ്ക്കാരത്തിന്റെ താൽപര്യമിതാണ്. പ്രതിഫലം ലഭിക്കുന്നതിനായി ഒരാൾക്ക് എത്ര വേണമെങ്കിലും അത് അനുഷ്ഠിക്കാം. നമസ്ക്കാരങ്ങൾക്ക് മുമ്പുള്ള നഫലുകളെക്കുറിച്ച് ഹദീസുകളിൽ വന്നിരിക്കുന്നത് ഇപ്രകാരമാണ്. അസറിന് മുമ്പ് നാല് റക്കഅത്ത് അത് സംബന്ധമായ രിവായത്ത് കൂടുതൽ പ്രബലമാണ്. വാക്യമിതാണ്, അസറിന് മുമ്പ് നാല് റക്കഅത്ത് നഫൽ അനുഷ്ഠിക്കുന്ന ആളിൽ അല്ലാഹു കാരുണ്യവും അനുഗ്രഹവും ചൊരിയട്ടെ. (തിർമിദി)

മഗ്‌രിബിന് മുമ്പ് രണ്ട് റക്കഅത്ത് നഫലിനെ പറ്റിയുള്ള പരാമർശവും ഹദീസിൽ വന്നിട്ടുണ്ട്. ഹദീസ് വാചകം ഇപ്രകാരമാണ്. നബി (സ) തിരുമേനി അരുൾ ചെയ്തു. മഗ്‌രിബിന് മുമ്പ് രണ്ട് റക്കഅത്ത് നഫൽ അനുഷ്ഠിക്കുക. രണ്ടാമത് ഇത് തന്നെ പറഞ്ഞു. മൂന്നാം തവണ പറഞ്ഞു. അനുഷ്ഠിക്കാനുദ്ദേശിക്കുന്നതാരോ അവർ അനുഷ്ഠിക്കട്ടെ. ഇപ്രകാരം അവിടന്ന് പറഞ്ഞത് ജനങ്ങൾ പിന്നീടത് അനിവാര്യ സുന്നത്താക്കുമോ എന്ന സന്ദേഹത്താലാകുന്നു. ഇശാക്ക് മുമ്പ് നാല് റക്കഅത്ത് അനുഷ്ഠിക്കുന്നത് സംബന്ധിച്ച് രിവായത്തുകളുണ്ടെങ്കിലും അവ താരതമ്യേന ബലഹീനമാകുന്നു. അതിങ്ങനെയാണ്. നബി (സ) തിരുമേനി ഇശാക്ക് മുമ്പ് നാല് റക്കഅത്തുകൾ അനുഷ്ഠിക്കുകയും പിന്നീട് അൽപം വിശ്രമിക്കുകയും ചെയ്യാറുണ്ടായിരുന്നു. നഫലുകളെ പറ്റിയുള്ള യഥാർത്ഥ വിധിയിതാണ്. വിലക്കപ്പെട്ട സമയങ്ങളൊഴികെയുള്ള സമയങ്ങളിൽ ഒരാൾ ഉദ്ദേശിക്കുമ്പോൾ നഫൽ നമസ്ക്കാരം അനുഷ്ഠിക്കാവുന്നതാണ്. അതിനൊരു വിലക്കുമില്ല. മേൽപറഞ്ഞ നിവേദനങ്ങളിൽ തന്നെയും ഒരാൾ അസറിനോ ഇശാക്കോ മുമ്പ് രണ്ടോ നാലോ റക്കഅത്ത് സുന്നത്ത് അനുഷ്ഠിക്കുകയാണെങ്കിൽ അത് അനുവദനീയമാണ്. ഈ നഫലുകൾ അനിവാര്യമല്ല. അതുപോലെ വിലക്കപ്പെട്ടിട്ടുമില്ല.

**ചോദ്യം: ളുഹർ നമസ്ക്കാരത്തിന് മുമ്പ് രണ്ട് സുന്നത്തുകളാണോ നാല് സുന്നത്തുകളാണോ അനുഷ്ഠിക്കേണ്ടത്.?**


ഉത്തരം: രണ്ട് വിധത്തിലും അനുവദനീയമാണ്. രണ്ടോ നാലോ റക്കഅത്ത് സുന്നത്ത് അനുഷ്ഠിക്കാം. എന്നാൽ റക്കഅത്ത് നമസ്ക്കാരം എന്ന രിവായത്താണ് പ്രബലമായത്. ഹദ്റത്ത് ഇമാം അബൂഹനീഫാ (റഹ്) ഹദ്റത്ത് ഇമാം മാലിക്ക് (റഹ്) അവരെ പിന്തുടർന്നവരുടെയും രീതി ഇതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ദീനീപരമായ കാര്യങ്ങളിൽ മുഴുകുന്നത് നിമിത്തം പൊതുവിൽ രണ്ട് റക്കഅത്താണ് അനുഷ്ഠിക്കുന്നത്. എന്നാൽ അവിടത്തെ ഖുലഫാക്കളും ഭൂരിഭാഗം ജമാഅത്തംഗങ്ങളും നാല് റക്കഅത്തുകളാണ് അനുഷ്ഠിച്ച് വന്നത്. ഇത് സംബന്ധമായി ഹദീസുകളിൽ വൈരുദ്ധ്യം ഇപ്രകാരം ദൂരീകരിക്കപ്പെട്ടിരിക്കുകയാണ്. അതായത്, നബി (സ) ളുഹറിന് മുമ്പ് അധികവും നാല് റക്കഅത്തുകളാണ് സുന്നത്തുകളായി അനുഷ്ഠിച്ചിരുന്നത്. എങ്കിലും ചിലപ്പോൾ രണ്ട് റക്കഅത്തായും അനുഷ്ഠിക്കാറുണ്ടായിരുന്നു. ഇമാം ജഅ്ഫർ തിബ്‌രി എഴുതുന്നു. നബി(സ) തിരുമേനി ഈ നമസ്ക്കാരം വീട്ടിൽ വെച്ചാകുമ്പോൾ നാലും പുറത്ത് പള്ളിയിൽ വെച്ചാകുമ്പോൾ രണ്ടും റക്കഅത്തുകളായിരുന്നു നമസ്ക്കരിച്ചിരുന്നത്. ചുരുക്കത്തിൽ രണ്ട് വിധത്തിലും അനുവദനീയമാണ്. എന്നാൽ കൂടുതലായി നടപ്പിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നാല് റക്കഅത്തുകൾ അനുഷ്ഠിക്കുന്നതിന് മുൻഗണനയുണ്ട്. ഫജർ നമസ്ക്കാരം അനുഷ്ഠിക്കുമ്പോൾ സുന്നത്ത് വിട്ട് പോയിട്ടുണ്ടെങ്കിൽ അത് അനുഷ്ഠിക്കേണ്ടതാണ്. നബി(സ) തിരുമേനിയുടേയും സഹാബാക്കളുടേയും രീതി ഇത് തന്നെയായിരുന്നു. അവർ ഫജറിന്റെ സുന്നത്ത് ഉപേക്ഷിക്കാറുണ്ടായിരുന്നില്ല.

*അവ.ഫിഖ്ഹ് അഹ്മദിയ്യാ*
*ആശയാനുവാദം: ടി.കെ.മഹ്മൂദ്,കൽക്കുളം*

## അവസാനകാലം

അവസാനകാലത്ത് ഭക്തൻ (ആബിദ്) അജ്ഞനായിരിക്കും. ഖാരിമാർ (ഖുർആൻ ഓതുന്നവർ) ഫാസിഖുകൾ (ആജ്ഞാലംഘകർ) ആയിരിക്കും. ചങ്ങാതിയെ അടുത്തിരുത്തി പിതാവിനെ അടിച്ചോടിക്കും. പള്ളികളിൽ ബഹളമുണ്ടാകും. പാട്ടുപാടുന്ന സ്ത്രീകൾ പ്രത്യക്ഷപ്പെടും. വാദ്യഘോഷങ്ങൾ അധികമായി മുഴക്കപ്പെടും. പിൻതലമുറക്കാർ, മുൻതലമുറക്കാരെ പഴിക്കും. (ഷിയാക്കൾ സഹാബാക്കളെ പഴിക്കുന്നതുപോലെ) വലിയവരെ ബഹുമാനിക്കുകയില്ല. ചെറിയവരോടു കൃപ കാണിക്കയില്ല. അറാംപിറന്നവർ (ജാരസന്തതികൾ) പെരുകും, പുരുഷന്മാർ സ്ത്രീകളെ തെരുവിൽവെച്ചും പൊതുസ്ഥലങ്ങളിൽ വെച്ചും വ്യഭിചരിക്കും. പണം ഉണ്ടാക്കാൻ വേണ്ടി മാത്രം വിദ്യ (ഇൽമ്) കരസ്ഥമാക്കും. ഖുർആൻ വില്പനച്ചരക്കാക്കും. പള്ളികളിലിരുന്നു ദുനിയാവിന്റെ കാര്യം സംസാരിക്കും. ദുഷ്ടതയായിരിക്കും അവരുടെ മുതൽക്കൂട്ട്. സ്ത്രീകളായിരിക്കും അവരുടെ ഖിബ്‌ല. പണം മാത്രമായിരിക്കും അവർക്ക് ദീൻ. പ്രസംഗം വളരെയുണ്ടാകും. നന്മയുടെ കാര്യങ്ങൾ വളരെ കുറഞ്ഞിരിക്കും. ഖുർആനെ പിൻപുറം തള്ളും. പുരുഷന്മാർ സ്ത്രീവേഷം ധരിക്കും. ദൈവങ്ങളെ പിടിച്ചു സത്യം ചെയ്യും. വഴിയോരങ്ങളിൽ വച്ചു മദ്യപിക്കും. ആവശ്യക്കാരുണ്ടെങ്കിലും സകാത്ത് നൽകില്ല. അപരിചിതരെ കൊല്ലും (ഇഖ്തിറാബുസ്സാഅ ഭാ. 38–54, അവലംബം തിർമിദി, ത്വബ്‌റാനി, ബൈഹഖി)

ജനങ്ങൾ നമസ്കാരം ഉപേക്ഷിക്കും. അമാനത്തിൽ (സൂക്ഷിപ്പുമുതൽ) ചതി കാണിക്കും. കള്ളം പറയുന്നതു ജായിസ് (അനുവദനീയം) ആയിക്കരുതും. പലിശ തിന്നും, കൈക്കൂലി വാങ്ങും, കൂറ്റൻ കെട്ടിടങ്ങൾ ഉയരും. ദുനിയാവിനുവേണ്ടി ദീനിനെ വില്ക്കും. നീചന്മാരേയും വിഡ്ഢികളെയും സ്ഥാപനങ്ങളുടെ കൈകാര്യകർത്താക്കളാക്കും (മാനേജർമാർ). നിർദയത്വം കാണിക്കും. ദേഹേച്ഛകൾ പുലർത്തും. കൊല സാധാരണ കാര്യമാകും. വിനയവും സാധുത്വവും ദൗർബല്യമായി കരുതും. ദ്രോഹപ്രവൃത്തിയിൽ അഭിമാനം കൊള്ളും. ഭരണകർത്താക്കൾ നിയമലംഘകരും പാതകികളും ആയിരിക്കും. മന്ത്രിമാർ ദ്രോഹികളായിരിക്കും. മുഖ്യൻമാർ ചതിയൻമാരായിരിക്കും. ഖാരിമാർ (ഖുർആൻ ഓതുന്നവർ) കുറ്റവാളികളായിരിക്കും. കള്ളസത്യം വളരെയുണ്ടാകും. പരസ്യമായി ഹീനപ്രവൃത്തികൾ ചെയ്യും. കറ്റുകെട്ടുകളും പാപകൃത്യങ്ങളും അതിക്രമവും പുറത്തുവരും. ഖുർആനെ ഭംഗിപ്പെടുത്തും. പള്ളികൾ അലങ്കരിക്കപ്പെടും. മിനാരങ്ങൾ ഉയരത്തിലാക്കും. ദ്രോഹികൾക്ക് ആദരം നൽകപ്പെടും. ജനം അധികമായി ഒരുമിച്ചുകൂടും. അവരുടെ ഇച്ഛകൾ വ്യത്യസ്തങ്ങളായിരിക്കും. പ്രതിജ്ഞകളും വാഗ്ദത്തങ്ങളും ലംഘിക്കപ്പെടും. സ്ത്രീകൾ ഭർത്താക്കന്മാരുമായി കൂട്ടുചേർന്നു മുതൽ മോഹിച്ചു കച്ചവടം നടത്തും. ആജ്ഞാലംഘകരുടെയും ധിക്കാരികളുടെയും ശബ്ദം ഉയരും. അവരുടെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കപ്പെടും. സമുദായനേതാക്കൾ നീചസ്വഭാവികളായിരിക്കും. ചീത്ത ജനങ്ങളെ അവരുടെ ദ്രോഹങ്ങൾ കാരണം ജനം അധികമായി പേടിക്കും. കള്ളന്മാരുടെ വാക്കുകൾ സത്യമായി കരുതപ്പെടും. ഗാനങ്ങൾക്കും വാദ്യങ്ങൾക്കുമുള്ള ഉപകരണം വർദ്ധിക്കും. (ബിഹാറുൽ അൻവാർ, Pg. 13, ഭാ. 153)




# സയ്ദ് ബിൻ ഹാരിസ് തിരുനബിയുടെ സവിധത്തിൽ

ഹകീം ഇബ്നു ഹസാം, ഹദ്റത് ഖദീജാ(റ)യുടെ സഹോദരപുത്രനായിരുന്നു. അദ്ദേഹം വലിയ കച്ചവടക്കാരനും, എപ്പോഴും കച്ചവട സംഘങ്ങളോടൊപ്പം പല ഭാഗത്തേക്കും യാത്ര ചെയ്തിരുന്നു. ഒരിക്കൽ കച്ചവടത്തിന് പോയപ്പോൾ ഏതാനും അടിമകളേയും വാങ്ങിക്കൊണ്ടാണ് വന്നത്. അതിലൊരു അടിമയെ ഹ. ഖദീജ(റ)ക്ക് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് സയ്ദ് ബിൻ ഹാരിസ് എന്നായിരുന്നു. സയ്ദ് യഥാർഥത്തിൽ സാധാരണ കുടുംബത്തിലെ കുട്ടിയായിരുന്നു. പക്ഷേ ഏതോ ഒരു കൊള്ളയിൽ ബന്ധനസ്ഥനായി അടിമയാക്കപ്പെടുകയാണുണ്ടായത്. ഖദീജ(റ) സയ്ദിന്റെ സാമർഥ്യവും ഉന്മേഷവും കണ്ടപ്പോൾ നബി(സ)ന്റെ ചുമതലയിൽ ഏൽപ്പിക്കുകയാണുണ്ടായത്.

നബി(സ) എപ്പോഴും തന്റെ അടിമകളോടും സേവകരോടും വളരെ സ്നേഹത്തോടുകൂടിയാണ് പെരുമാറിയിരുന്നത്. തന്റെ ബന്ധുക്കളോടെന്നപോലെയാണ് അവരോട് വർത്തിക്കുകയും ചെയ്തിരുന്നു. സയ്ദിനോടും നബി(സ)ന് സ്നേഹമായിരുന്നു. സയ്ദും ഏറെ കൂറുള്ളവനായിരുന്നു. അതുകൊണ്ട് തന്നെ നബി(സ)നോട് സയ്ദും നല്ല സ്നേഹമാണ് കാണിച്ചിരുന്നത്.

അക്കാലഘട്ടത്തിൽ സയ്ദിന്റെ പിതാവ് ഹാരിസും പിതൃവ്യൻ കഅബും സയ്ദിനെ അന്വേഷിച്ച് മക്കയിലേക്ക് പുറപ്പെട്ടു. നബി(സ) ന്റെ സവിധത്തിലെത്തി സയ്ദിനെ വിട്ടുകൊടുക്കാനും കൂടെ പറഞ്ഞയക്കാനും വളരെ താഴ്മയോടെ അപേക്ഷിക്കുകയുണ്ടായി. നബി(സ) പറഞ്ഞു, സയ്ദ് പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ സന്തോഷപൂർവ്വം അനുമതി തന്നുകൊള്ളുന്നു. അങ്ങിനെ സയ്ദിനെ വിളിച്ചുവരുത്തി. നബി(സ) സയ്ദിനോട് ചോദിച്ചു. സയ്ദേ ഇതാരെല്ലാമാണെന്ന് അറിയുമോ?

സയ്ദ് പറഞ്ഞു: അറിയാം ഇത് എന്റെ പിതാവും പിതൃവ്യനുമാണ്.

നബി(സ) പറഞ്ഞു : ഇവർ നിന്നെ കൊണ്ടുപോകാൻ വന്നതാണ്. ഞാൻ നിനക്ക് സന്തോഷപൂർവ്വം അനുമതി തന്നുകൊള്ളുന്നു.

സയ്ദ് പറഞ്ഞു : ഞാൻ അങ്ങയെ ഉപേക്ഷിച്ച് എവിടേയും പോകുന്നതല്ല. അങ്ങ് എനിക്ക് എന്റെ പിതാവിനേക്കാളും പിതൃവ്യനേക്കാളും വലുതാണ്.

സയ്ദിന്റെ പിതാവ് അപ്പോൾ ദേഷ്യത്തോടെ പറഞ്ഞു, എന്ത്, നീ അടിമത്തത്തിന് സ്വാതന്ത്ര്യത്തിനേക്കാൾ പ്രാധാന്യം നൽകുന്നുവോ?

സയ്ദ് പറഞ്ഞു: അതേ, കാരണം ഇദ്ദേഹത്തിൽ കണ്ടിട്ടുള്ള നന്മകളേക്കാളും എനിക്ക് മറ്റാരേയും വിലമതിക്കാൻ കഴിയില്ല.

നബി(സ) സയ്ദിന്റെ മറുപടി കേട്ടപ്പോൾ, ഉടനെ തന്നെ സയ്ദിനേയും കൂട്ടി കഅ്ബയുടെ അടുത്ത് പോയി, ഉറക്കെ വിളിച്ചു പറഞ്ഞു, ജനങ്ങളേ, നിങ്ങൾ സാക്ഷിയാവുക, ഞാനിന്ന് സയ്ദിനെ സ്വതന്ത്രനാക്കുന്നു. അവനെ ഞാൻ എന്റെ മകനാക്കുന്നു. ഞാൻ അവന്റെയും അവൻ എന്റെയും പിന്തുടർച്ചാവകാശിയായിരിക്കും.

ഇതൊക്കെ കണ്ടപ്പോൾ സയ്ദിന്റെ പിതാവും പിതൃവ്യനും അത്ഭുതപ്പെടുകയും സയ്ദിനെ സന്തോഷപൂർവം അവിടെ തന്നെയാക്കിപോവുകയും ചെയ്തു. അന്നുമുതൽ സയ്ദിബിനു ഹാരിസ് എന്നതിന് പകരം സയ്ദിബ്നു മുഹമ്മദ് എന്നറിയപ്പെടാൻ തുടങ്ങി. ആരേയും ദത്തുപുത്രനാക്കാൻ അനുവാദമില്ലെന്ന്, ഹിജ്റത്തിനു ശേഷം ആയത്തിറങ്ങിയതോടെ വീണ്ടും സയ്ദ്ബിനു ഹാരിസ് എന്ന് തന്നെയായി.

പക്ഷേ നബി(സ)ന്റെ പെരുമാറ്റവും സ്നേഹവും വാത്സല്യവും ഒക്കെ നേരത്തേതുപോലെ തന്നെ തുടർന്നു. മറിച്ച് അനുദിനം അത് അഭിവൃദ്ധിപ്പെടുകയുമാണുണ്ടായത്.

സയ്ദിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ ഉസാമയോടും (നബി(സ)ന്റെ ഖാദിമായായിരുന്ന ഉമ്മു അയ്മനായിരുന്നു മാതാവ്) തിരുനബി അതേ സ്നേഹബന്ധമാണ് കാണിച്ചിരുന്നത്.

സ്വഹാബാക്കളിൽ, സയ്ദിന്റെ പേര് മാത്രമേ വ്യക്തമായരീതിയിൽ വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ളൂ എന്നത് അദ്ദേഹത്തിന്റെ മാത്രം സവിശേഷതയാണ്.

## അലിയ്യിബ്നു അബൂത്വാലിബ് നബി(സ)ന്റെ വസതിയിലേക്ക്

അബൂത്വാലിബ് ഏറെ അന്തസുള്ള വ്യക്തിയായിരുന്നു. പക്ഷേ ദാരിദ്ര്യം കാരണം വളരെ പ്രയാസപ്പെട്ടാണ് നിത്യ ചെലവുകൾ നടത്തിയിരുന്നത്. പ്രത്യേകിച്ച്, മക്കയിൽ പട്ടിണിയുണ്ടായ കാലത്ത് വളരെ ബുദ്ധിമുട്ടിയാണ് അദ്ദേഹത്തിന്റെ ദിവസങ്ങൾ കടന്നുപോയത്.

നബി(സ) തന്റെ പിതൃവ്യന്റെ ഈ പ്രയാസങ്ങൾ കണ്ടപ്പോൾ മറ്റൊരു പിതൃവ്യനായ അബ്ബാസിനോട് പറഞ്ഞു. താങ്കളുടെ സഹോദരൻ അബൂത്വാലിബിന്റെ ജീവിതം ഏറെ ബുദ്ധിമുട്ടിയാണ് നീങ്ങുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ മക്കളിൽ ഓരോരുത്തരെ നമ്മുടെ വീടുകളിലേക്ക് കൊണ്ടുവന്നാൽ നന്നായിരിക്കും. അബ്ബാസ് ഈ അഭിപ്രായത്തോട് യോജിക്കുകയും, രണ്ടുപേരും അബൂത്വാലിബിന് മുന്നിൽ തങ്ങളുടെ അപേക്ഷ വെക്കുകയും ചെയ്തു.

അബൂത്വാലിബിന് മക്കളിൽ, അഖീലിനോട് പ്രത്യേകം സ്നേഹമായിരുന്നു. അദ്ദേഹം പറഞ്ഞു, അഖീൽ എന്റെ അടുത്ത് തന്നെ നിൽക്കട്ടെ, മറ്റുള്ളവരെ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ കൊണ്ടുപോകാവുന്നതാണ്. അങ്ങിനെ ജഅ്ഫറിനെ, അബ്ബാസും അലിയെ നബി(സ)ഉം തങ്ങളുടെ വീടുകളിലേക്ക് കൊണ്ടുവന്നു. അന്ന് അലിക്ക് ഏഴോ എട്ടോ വയസ് പ്രായമേ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് അലി, എപ്പോഴും നബി(സ) ന്റെ കൂടെ തന്നെയാണ് കഴിച്ചുകൂട്ടിയത്.

## പ്രഭാതപൊൻകിരണം

നബി(സ)ന്റെ പ്രായം നാൽപതിനോടടുത്ത് തുടങ്ങി. അതേ, പ്രഭാത പൊൻകിരണം, കിഴക്കൻ ചക്രവാളത്തിൽ വെളിപ്പെടാനുള്ള സമയം സമാഗതമായിരിക്കുന്നു. നബി(സ) സാധാരണഗതിയിൽ, മക്കയിലെ പൊതു സമൂഹത്തിൽ ഇടകലർന്നിട്ടുണ്ടായിരുന്നില്ല. എങ്കിലും ഇക്കാലഘട്ടത്തിൽ, തിരുനബി(സ)അല്ലാഹുവിനെ തേടിയും, അവനെക്കുറിച്ചുള്ള സ്മരണയിലും നിമഗ്നനായി. മക്കയുടെ അടുത്ത് പട്ടണത്തിൽ നിന്ന് മൂന്ന് മൈൽ ദൂരെ മിനായിലേക്ക് പോകും വഴിയാണ് ഹിറാ പർവതം. അതിലൊരു ഗുഹയുണ്ടായിരുന്നു. അതാണ് ഹിറാഗുഹ എന്നറിയപ്പെടുന്നത്.

ഇക്കാലഘട്ടത്തിൽ നബി(സ) അതിൽപോയി ചിന്താനിമഗ്നനായും ദൈവസ്മരണയിലും കഴിച്ചുകൂട്ടുക പതിവായിരുന്നു. സാധാരണഗതിയിൽ കുറേ ദിവസത്തേക്കുള്ള ഭക്ഷണം കൂടെ കരുതിയിരുന്നു. പട്ടണത്തിൽ പോയിരുന്നില്ല. ചിലപ്പോൾ ഹദ്റത് ഖദീജ(റ)യും കൂടെ പോയിരുന്നു. ഇക്കാലഘട്ടത്തെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

അതായത് അല്ലാഹു, നിന്നെ തന്നെക്കുറിച്ചുള്ള അന്വേഷണത്തിൽ ഉന്മത്തനായി കണ്ടു, അങ്ങിനെ അവൻ നിനക്ക് തന്നിലേക്ക് വഴി പറഞ്ഞു തന്നു.

ഇക്കാലഘട്ടത്തിൽ സൽസ്വപ്നങ്ങൾ ആരംഭിച്ചിരുന്നു. അതിന്റെ കാലം ആറുമാസത്തോളമെന്നാണ് പറയപ്പെടുന്നത്. അത് നുബുവ്വത്തിന്റെ ആരംഭശ്രേണിയായിരുന്നു.

ഹദ്റത് ഖദീജ(റ) നിവേദനം ചെയ്യുന്നു:

ആദ്യമാദ്യം നബി(സ)ന് വഹ്‌യുടെ ആരംഭമുണ്ടായത് സൽസ്വപ്നങ്ങളുടെ രൂപത്തിലായിരുന്നു. അത് തിരുനബി ഉറക്കത്തിലാണ് കണ്ടിരുന്നത്. തിരുനബി(സ) കണ്ട് ഓരോ സ്വപ്നവും വെള്ളിവെളിച്ചംപോലെ പുലർന്നിരുന്നു. അക്കാലഘട്ടത്തിൽ ഏകാന്തമായും, തനിച്ചും ഇരിക്കാൻ തിരുനബി ഇഷ്ടപ്പെട്ടിരുന്നു. ഹിറാഗുഹയിൽ പോയി പല പല രാത്രികളും അവിടെ ഇബാദത്തിൽ കഴിച്ചുകൂട്ടി. വീട്ടിൽ നിന്ന് കുറച്ച് പാഥേയം കൊണ്ടുപോകുമായിരുന്നു. അതുകഴിഞ്ഞാൽ പിന്നേയും ഖദീജ(റ)യുടെ അടുത്ത് വന്ന് ഭക്ഷണ സാധനങ്ങൾ കൊണ്ടുപോയിരുന്നു. നബി(സ) ഇതേ അവസ്ഥയിൽ ആയിരുന്നപ്പോഴാണ് അല്ലാഹുവിൽ നിന്ന് സത്യം വന്നത്. അപ്പോൾ നബി(സ) ഹിറാ ഗുഹയിലായിരുന്നു. (ബുഖാരി)

*(സീറത്ത് ഖാത്തമുന്നബിയ്യീൻ)*

*സമ്പാ : എ.എസ്*

# ഹദ്റത്ത് ത്വൽഹ ഇബ്നു ഉബയ്ദുല്ലാഹ് (റ)

**പിതാവ്- ഉബയ്ദുല്ലാഹ് ബിൻ ഉസ്മാൻ, മാതാവ്- സുഅ്ബ ബിൻത് അബ്ദുല്ലാഹ്, ഇസ്ലാം സ്വീകരിക്കുന്നതിനു മുമ്പ് പിതാവ് മരണപ്പെട്ടു. മാതാവ് ഇസ്ലാം സ്വീകരിക്കുകയും 80 വയസ്സു വരെ ജീവിച്ചിരിക്കുകയും ചെയ്തു.**

*ഹദ്റത്ത് ത്വൽഹ(റ) പ്രവാചകവാദത്തിന്റെ ഏകദേശം 25 വർഷം മുമ്പ് ജനിച്ചു. ഗോതമ്പിന്റെ നിറവും സുന്ദരമായ മുഖവും ധാരാളം മുടിയുമുള്ള വ്യക്തിയായിരുന്നു അദ്ദേഹം*

## ഇസ്ലാം മതം ആശ്ലേഷിക്കുന്നു

അറേബ്യൻ രീതിയനുസരിച്ച് പക്വത കൈവരിച്ച പ്രായം മുതൽ കച്ചവടത്തിൽ ഏർപ്പെട്ടു. കച്ചവടയാത്രയിൽ ശാമിലെ ബസറ എന്ന പട്ടണത്തിൽ വെച്ച് കണ്ടുമുട്ടിയ ഒരു പുരോഹിതൻ അഹ്മദ് വെളിപ്പെട്ടോ എന്ന് അദ്ദേഹത്തോട് ചോദിച്ചു. ഏത് അഹ്മദ് എന്ന് ചോദിച്ചപ്പോൾ പറഞ്ഞു, അബ്ദുൽ മുത്വലിബിന്റെ പുത്രനായ അബ്ദുല്ലായുടെ പുത്രൻ. അദ്ദേഹം വെളിപ്പെടേണ്ടത് ഈ മാസമാണ്. അവസാന നബിയാണ്. ഹറമിൽ നിന്നും വെളിപ്പെട്ട് ഈത്തപ്പനയുടെ നാട്ടിലേക്ക് ഹിജ്റത്ത് ചെയ്യുന്നതാണ്. നീ അദ്ദേഹത്തിൽ നിന്നും പിന്തള്ളപ്പെടരുത്. ഈ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ പതിഞ്ഞു. മടങ്ങിയെത്തിയപ്പോൾ പ്രവാചക വാദത്തെ സംബന്ധിച്ച് അറിവു ലഭിക്കുകയും സുഹൃത്തായ ഹദ്റത്ത് അബൂബക്കർ(റ) മുഖേന നബി(സ) യുമായി മുലാഖാത്ത് ചെയ്യുകയും ബൈഅത്ത് ചെയ്യുകയും ചെയ്തു. ഇസ്ലാം സ്വീകരിച്ച ആദ്യ 8 പേരിൽ അദ്ദേഹം ഉൾപ്പെടുന്നു.

## മർദ്ദനങ്ങൾക്കിരയാകുന്നു

ഇസ്ലാം സ്വീകരിച്ച കാരണത്താൽ മറ്റുള്ളവരെ പോലെ തന്നെ ത്വൽഹ(റ)നും കൊടിയ മർദ്ദനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹോദരനായ ഉസ്മാൻ അദ്ദേഹത്തേയും അബൂബക്കർ(റ)നേയും ഒരേ കയറിൽ ബന്ധിച്ച് മർദ്ദിക്കുമായിരുന്നു. എന്നാൽ ഇതൊന്നും തന്നെ അദ്ദേഹത്തിന്റെ ഈമാനിൽ യാതൊരു ചാഞ്ചല്യവും സൃഷ്ടിച്ചില്ല.

## ഹിജ്റത്ത്

മദീനാ ഹിജ്റത്ത് സമയത്ത് അദ്ദേഹം ശാമിലേക്ക് കച്ചവട സംഘവുമായി യാത്രയിലായിരുന്നു. മടക്കത്തിൽ നബി(സ)യും അബൂബക്കർ(റ)വുമായി കണ്ടുമുട്ടി. തദവസരത്തിൽ ശാമിലെ വസ്ത്രങ്ങൾ നബിതിരുമേനി(സ)യ്ക്ക് സമർപ്പിക്കുന്നതിനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചു. മടങ്ങി മക്കയിലെത്തിയ അദ്ദേഹം കച്ചവട കാര്യങ്ങൾ ഒതുക്കി പ്രോഗ്രാമനുസരിച്ച് അബൂബക്കർ (റ) ന്റെ കുടുംബത്തേയും കൂട്ടി മദീനയിലേക്ക് ഹിജ്റത്ത് പുറപ്പെട്ടു. മദീനയിൽ അദ്ദേഹത്തെ നബി(സ) ഉബയ്യിബ്നു കഅബ് അൻസാരി(റ) യുടെ സഹോദരനാക്കി.

## യുദ്ധങ്ങൾ

ശാമിലെ ഖുറൈശി കച്ചവടസംഘത്തെ നിരീക്ഷിക്കുന്നതിനായി അദ്ദേഹത്തെ നിയോഗിച്ചതിനാൽ ബദർ യുദ്ധത്തിൽ അദ്ദേഹത്തിന് പങ്കെടുക്കാൻ സാധിച്ചില്ല. എന്നിരുന്നാലും നബി(സ) അദ്ദേഹത്തിന് മുജാഹിദിന്റെ പ്രതിഫലം ലഭിക്കുന്നതാണെന്നും യുദ്ധമുതലിൽ നിന്ന് അദ്ദേഹത്തിന് വിഹിതം നൽകുകയും ചെയ്തു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം പങ്കെടുക്കുകയും നിരവധി സേവനങ്ങൾ അർപ്പിക്കുകയും ചെയ്തു. ശത്രുക്കളുടെ അപ്രതീക്ഷിത അക്രമണത്തിൽ മുസ്ലീംകൾ ചിതറിയോടിയ സമയത്ത് തിരുമേനി(സ) യെ സംരക്ഷിക്കുന്നതിന്നായി സധൈര്യം നിലയുറപ്പിച്ച ഏതാനും സഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ശത്രുക്കൾ നബി(സ)യ്ക്കു നേരെ നടത്തിയ ശരവർഷത്തെ സ്വന്തം കൈകളാലും വാളുകളെ സ്വന്തം നെഞ്ച് കൊണ്ടും അദ്ദേഹം തടയുകയുണ്ടായി. ഒരു ശത്രു അവസരം മുതലാക്കി നബി(സ) യെ വാളുകൊണ്ട് വെട്ടിയപ്പോൾ അദ്ദേഹം കൈയാൽ തടുക്കുകയും തൽഫലമായി അദ്ദേഹത്തിന്റെ വിരൽ മുറിഞ്ഞുപോകുകയും ചെയ്തു. അന്നേരം അൽപം പോലും വേദന പ്രകടിപ്പിക്കാതെ ഇത്രമാത്രം പറഞ്ഞു, അല്ലയോ ത്വൽഹ നല്ല കാര്യം. തിരുനബി(സ)യെ സംരക്ഷിച്ചു കൊണ്ട് നീ ഒറ്റക്കയ്യനായയി. അക്കാരണത്താൽ അദ്ദേഹം ത്വൽഹത്തുശ്ശലാഅ് എന്ന പേരിൽ പ്രസിദ്ധനായി. തിരുനബി(സ) യെ സ്വന്തം മുതുകിലേറ്റി അദ്ദേഹം ഉഹദ് പർവ്വതത്തിന്റെ സുരക്ഷിതഭാഗത്തേക്ക് എത്തിച്ചു. അദ്ദേഹത്തിന്റെ ശരീരം മുഴുവനും മുറിവേറ്റിരുന്നു. 70 ലധികം മുറിവുകൾ ഉണ്ടായിരുന്നു. ഈ അസാമാന്യ ധൈര്യത്തേയും സാഹസികതയേയും കണ്ട് തിരുനബി(സ) അദ്ദേഹത്തിന് ത്വൽഹത്തുൽ ഖൈർ (നന്മയുടെ ആൾരൂപം) എന്ന സ്ഥാനപ്പേര് നൽകുകയുണ്ടായി. ഉഹദിൽ ഒരു ഭാഗത്ത് ജിബ്രീലും മറുഭാഗത്ത് ത്വൽഹയും മാത്രമായിരുന്ന പല അവസരങ്ങളും ഉണ്ടായിരുന്നതായി നബി (സ) പറഞ്ഞിട്ടുണ്ട്. പിന്നീട് നടന്ന മറ്റ് യുദ്ധങ്ങളിലും അദ്ദഹം പങ്കെടുത്തിട്ടുണ്ട്. തബൂക്ക് യുദ്ധവേളയിൽ ഒരു യഹൂദഭവനത്തിൽ ഒത്തുചേർന്ന് ഗൂഢാലോചന നടത്തിയ മുനാഫിഖുകളെ നേരിടാനായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ നബി (സ) നിയോഗിച്ചുരുന്നു.

## ഖലീഫമാരോട് കൂറും ആത്മാർത്ഥതയും

തിരുനബി(സ)യുടെ വഫാത്തിന് ശേഷം ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ത്വൽഹ(റ) അദ്ദേഹത്തിന്റെ മിത്രവും സഹായിയുമായി നിലകൊണ്ടു. സത്യം തുറന്നുപറയുന്ന ശീലക്കാരനായിരുന്നു. ഹദ്റത്ത് ഉമർ(റ)വും എല്ലാ കാര്യങ്ങൾക്കും അദ്ദേഹത്തോട് അഭിപ്രായമാരാഞ്ഞിരുന്നു. തനിക്കുശേഷം ഖലീഫയെ തിരഞ്ഞെടുക്കുന്നതിനായി ഒരു ആറംഗ കമ്മിറ്റിയെ ഉമർ(റ) നിയമിച്ചപ്പോൾ ത്വൽഹ(റ)വും അതിൽ ഉൾപ്പെട്ടിരുന്നു. മൂന്നാം ഖലീഫയായി ഉസ്മാൻ(റ) ന്റെ പേരിനെ പിൻതാങ്ങിയതും അദ്ദേഹമായിരുന്നു. ഉസ്മാൻ(റ) ന്റെ ഖിലാഫത്ത് കാലത്ത് കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം ഖലീഫയുടെ സംരക്ഷണത്തിനായി സാധ്യമായ എല്ലാ സേവനങ്ങളും ചെയ്തിരുന്നു. ഉസ്മാൻ(റ) ന്റെ ശഹാദത്തിൽ അദ്ദേഹത്തിന് അഗാധമായ ദുഖം ഉണ്ടായിരുന്നു.

## ശഹാദത്ത്

ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വർഗത്തിന്റെ സുവാർത്ത ലഭിച്ച പത്ത് സഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിനെ പ്രവചിച്ചു കൊണ്ട് നബി (സ) ഒരിക്കൽ പറയുകയുണ്ടായി, ഭൂമിയിൽ ചലിച്ചുകൊണ്ടിരിക്കുന്ന ശഹീ


9

ദഅ്‌വത്തെ ഇലല്ലാഹ്



# ഈ അവസരം പിന്നീട് ലഭിക്കില്ല

## ഹ. മുസ്‌ലിഹ് മൗഊദ്(റ)



നമ്മുടെ ജമാഅത്തിലെ ഓരോ കുട്ടിയും യുവാവും, പുരുഷനും, സ്ത്രീയും മനസിലാക്കേണ്ടത്, അല്ലാഹു തന്റെ രാജാധിപത്യം ലോകത്ത് സ്ഥാപിക്കാൻ നമുക്ക് മേൽ അർപ്പിച്ചിട്ടുള്ള മഹത്തായ ജോലിയേക്കാളും വലിയ ഒരു അമാനത്തും ലോകത്തില്ല എന്നാണ്. നാം കാണാറില്ലേ, ചില ആളുകൾ സ്വന്തം വിടിന്റെ സംരക്ഷണത്തിൽ വധിക്കപ്പെടുന്നു. ചിലർ സർക്കാറിന്റെ ഖജനാവിന് കാവൽ നിന്ന് കൊണ്ട് കൊല്ലപ്പെടുന്നു. മറ്റ് ചിലർ, സൈന്യത്തിൽ ചേർന്ന് സ്വന്തം രാജ്യത്തിന്റെ സംരക്ഷണത്തിൽ വധിക്കപ്പെടുന്നു.

എന്നാൽ അല്ലാഹു നമുക്ക് നൽകിയിട്ടുള്ള കാര്യത്തിന് മുന്നിൽ ഭൗതിക രാജാധികാരത്തിന് ഒരു അർഥവും ഇല്ല. അതിന് സാധാരണ കല്ലിനും പവിഴകല്ലിനും തമ്മിലുള്ള ബന്ധം പോലുമില്ല.

ആയതിനാൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസിലാക്കികൊണ്ട് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ പ്രചാരണത്തിൽ സജീവമാകു. ഈ ആവശ്യത്തിന് വേണ്ടി കൂടുതൽ യുവാക്കളെ ദീനീസേവനത്തിൽ സമർപ്പിക്കൂ, അങ്ങിനെ ആദ്യതലമുറക്ക് പിറകിൽ രണ്ടാമത്തേയും അതിനുശേഷം മൂന്നാമത്തേയും തലമുറ ഈ ഭാരം ഏറ്റെടുക്കുകയും ഖിയാമത്ത് വരെ ഇസ്‌ലാമിക പതാക ലോകത്തിലെ പതാകകൾക്ക് മീതെ പറക്കുകയും ചെയ്യട്ടെ.

ലോകത്ത് ഭിക്ഷുക്കളും ഭിക്ഷക്കാരും പോലും സുഹൃത്തുക്കളെ തേടിപ്പിടിക്കുന്നു. എന്നിരിക്കെ നിങ്ങൾ മഹത്തായ ഒരു കാര്യത്തിന് ആഹ്വാനം ചെയ്യുകയും മറ്റുള്ളവരിൽ അത് പ്രദാനം ചെലുത്താതിരിക്കുകയും ചെയ്യുന്നതെങ്ങിനെ?

ഈ സമയത്ത് ഇസ്‌ലാമിക വഞ്ചി ചുഴിയിലകപ്പെട്ടിരിക്കുകയാണ്. അതിനെ സുരക്ഷിതമായി തീരത്തേക്ക് അടുപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. നാം അതിന്റെ ഉത്തരവാദിത്വം മനസിലാക്കുകയും മറ്റുള്ളവർക്ക് മനസിലാക്കിക്കൊടുക്കുകയും ചെയ്താൽ ആയിരക്കണക്കിന് യുവാക്കൾ തയ്യാറാവുന്നതാണ്. നമുക്ക് എല്ലാത്തരത്തിലുമുള്ള വഖ്ഫ് ചെയ്തവരെയും വേണം. നിങ്ങൾ ഉത്തരവാദിത്വങ്ങൾ മനസിലാക്കിയാൽ ഈ വഞ്ചിയെ സുരക്ഷിതമായി കരയോടടുപ്പിക്കാം. അല്ലാഹു നിങ്ങൾക്ക് ശാശ്വത ജീവിതം പ്രദാനം ചെയ്യുന്നതുമാണ്.

നിങ്ങൾക്ക് ശേഷം വലിയ വലിയ തത്വജ്ഞാനികളും, പണ്ഡിതന്മാരും, സൂഫികളും, രാജാക്കന്മാരും ഉണ്ടായിവരും. പക്ഷേ അല്ലാഹു നിങ്ങൾക്ക് ഇപ്പോൾ തന്നിട്ടുള്ള അഭ്യുന്നതി പിന്നീട് വരുന്നവർക്ക് കരഗതമാകുന്നതല്ല.

ഇസ്‌ലാമികലോകത്ത് വലിയ വലിയ രാജാക്കന്മാർ ഉണ്ടായിട്ടുണ്ട്. പക്ഷേ, നബി(സ)ന്റെ ഒരു ചെറിയ സ്വഹാബിക്ക് കിട്ടിയ സ്ഥാനം പോലും അവർക്ക് കിട്ടിയിട്ടില്ല.

ഈ രാജാക്കന്മാർക്കും, യുവാക്കൾക്കും, ഭൗതികസമ്പത്ത് കിട്ടിയിട്ടുണ്ടായിരിക്കാം. പക്ഷേ യഥാർത സംഗതി സ്വഹാബാക്കൾക്കാണ് ലഭ്യമായത്. മറ്റുള്ളവർക്ക് പുറംതോടു മാത്രമേ കിട്ടിയിട്ടുള്ളൂ.

സ്വഹാബാക്കൾക്ക് ശേഷം വന്നവർക്ക് വലിയ വലിയ സമ്പത്തുകൾ കിട്ടി. ഭരണാധികാര്യങ്ങളിൽ അവർക്ക് നിയന്ത്രണം ലഭിച്ചു. പക്ഷേ സ്വഹാബാക്കൾക്ക് കിട്ടിയ ആത്മീയ സമ്പത്ത് പിന്നീട് വരുന്നവർക്ക് കിട്ടിയിട്ടില്ല. ആയതിനാൽ നൂറ്റാണ്ടുകൾക്ക് ശേഷം കൈവന്നിരിക്കുന്ന ദീനീസേവനത്തിനുള്ള ഈ സൗഭാഗ്യത്തെ നഷ്ടപ്പെടുത്തരുത്. സ്വഭവനങ്ങളെ ദൈവിക അനുഗ്രഹങ്ങൾകൊണ്ട് നിറ

സഗീർ എച്ച്.എസ്

---

ഉസ്മാൻ (റ) ന്റെ ശഹാദത്തിനു ശേഷം ഉടൻ പ്രതികാരം എന്ന ആഗ്രഹം പ്രകടിപ്പിച്ചവരിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. ആ വികാരാവേശത്താൽ ആയിശ(റ)നോടൊപ്പം ചേർന്ന് ഹദ്റത്ത് അലി(റ)നെതിരായുള്ള ജമൽ യുദ്ധത്തിൽ അദ്ദേഹവും പങ്കെടുത്തിരുന്നു. തദവസരത്തിൽ അലി(റ) അദ്ദേഹത്തിന്റെ ശ്രേഷ്ഠതയേയും കർമ്മങ്ങളേയും ഓർമ്മപ്പെടുത്തിയപ്പോൾ അദ്ദേഹവും സുബൈർ(റ) നെപ്പോലെ യുദ്ധത്തിൽ നിന്ന് പിൻമാറുക യുണ്ടായി. സൈന്യത്തിലെ ഏറ്റവും പിന്നിലുള്ള വരിയിലേക്ക് പിൻവാങ്ങിയ അദ്ദേഹത്തിന്റെ കാലിൽ ഒരു ശരം തറയ്ക്കുകയും ഞരമ്പ് മുറിഞ്ഞ് ധാരധാരയായി രക്തമൊഴുകുകയും തൽഫലമായി അദ്ദേഹം ശഹീദാകുകയും ചെയ്തു. 64 വയസ്സായിരുന്നു അദ്ദേഹത്തിന്.

### സ്വഭാവമഹിമ

ഉന്നതമായ ധാർമികഗുണങ്ങൾക്കുടമയായിരുന്നു അദ്ദേഹം. നബി(സ)യെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ധനികനായ വ്യാപാരിയായിരുന്നുവെങ്കിലും ഉദാരമനസ്കനും ധർമ്മശീലനുമായിരുന്നു. തബൂക്ക് യുദ്ധത്തിൽ കഴിവിനതീതമായ നിലയിൽ അദ്ദേഹം ചെലവ് ചെയ്തിരുന്നു. സിൽഖർദ് യുദ്ധത്തിൽ മുജാഹിദീംകൾക്കായി ഒരു ശുദ്ധജലതടാകം തന്നെ അദ്ദേഹം വിലയ്ക്കു വാങ്ങി വഖ്ഫ് ചെയ്തിരുന്നു. തന്റെ സ്വത്തുക്കൾ ഏഴ് ലക്ഷം ദിർഹമിന് ഉസ്മാൻ(റ)ന് വിറ്റ് മുഴുവൻ ധനവും ചിലവഴിച്ചു. ബനൂ തമീമിലെ എല്ലാ ആശ്രിതരെയും ദരിദ്രരേയും സംരക്ഷിച്ചുപോന്നു. കടക്കാരുടെ കടം വീട്ടുന്നതിനായി സഹായിക്കുമായിരുന്നു.

### ആതിഥ്യമര്യാദ

ബനീ ഉസ്റയിലെ മൂന്ന് ദരിദ്രർ ബൈഅത്ത് ചെയ്തപ്പോൾ അവരെ ആര് സംരക്ഷിക്കും എന്ന തിരുനബി(സ) ചോദിച്ചപ്പോൾ ഹദ്റത്ത് ത്വൽഹ(റ) അവരെ ഏറ്റെടുക്കുകയും മരണം വരെ സ്വന്തം വീട്ടിൽ അവരെ സംരക്ഷിച്ചു പോരുകയും ചെയ്തു.

### കുടുംബം

അദ്ദേഹം നാല് വിവാഹം ചെയ്തിരുന്നു. ആ നാല് ഭാര്യമാരുടേയും സഹോദരിമാർ നബി പത്നിമാരായിരുന്നു. ആങ്ങിനെ അദ്ദേഹം നബി(സ)യുടെ ഭാര്യാസഹോരി ഭർത്താവുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു പുത്രിയെയായിരുന്നു ഹദ്റത്ത് ഇമാം ഹസൻ (റ) വിവാഹം ചെയ്തിരുന്നത്. ഇമാം ഹസൻ (റ) വഫാത്തായപ്പോൾ അവരെ ഇമാം ഹുസൈൻ (റ) വിവാഹം ചെയ്തു.

ഉഹദ് യുദ്ധവേളയിൽ നബി(സ) തിരുമേനിയെ സ്വന്തം മുതുകിലേറ്റിയപ്പോൾ തിരുമേനി(സ) പറഞ്ഞു, ത്വൽഹാ ജിബ്‌രീൽ വന്ന് നിനക്ക് സലാം അറിയിക്കുന്നു. ഖിയാമത്ത് നാളിൽ നിനക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ലെന്നും എല്ലാ ഭയത്തിൽ നിന്നും നീ സംരക്ഷിക്കപ്പെടുന്നതാണെന്നുമുള്ള സുവാർത്ത അറിയിക്കുകയും ചെയ്യുന്നു.

*(അവ: സീറത്ത് സഹാബ , ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

ചരിത്രം
ഇഷ്

# മുസ്‌ലിമിന്റെ നിർവചനം ഉലമാക്കൾ പലതട്ടിൽ!

1953-ൽ പാക്കിസ്ഥാനിൽ ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വത്തിൽ 14 മുസ്‌ലിം സംഘടനകൾ അഹ്മദികളെ കാഫിറാക്കി പ്രഖ്യാപിക്കാൻ സർക്കാറിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അതേ തുടർന്ന് വലിയതോതിൽ കലാപങ്ങളും അഴിച്ചുവിട്ടു.

വിശദമായ അന്വേഷണത്തിന് ജസ്റ്റീസ് എം. മുനീറിന്റെയും ജസ്റ്റീസ് എം. ആർ കയാനിയുടെയും നേതൃത്വത്തിൽ ഒരു കമ്മീഷൻ നിയമിതമായി. എന്താണ് മുസ്‌ലിമിന്റെ വിവക്ഷ എന്ന ചോദ്യത്തിന് വിവിധ കക്ഷി ല്ലെന്നുമുള്ള അഭിപ്രായക്കാരായിരുന്നു. മറ്റു ചിലർ യുദ്ധമോ മറ്റോ ഉണ്ടായാൽ മുസ്‌ലിം സൈനികർ തങ്ങളുടെ മേധാവിയെയല്ല മറിച്ച് പണ്ഡിതവിധികളാണ് സ്വീകരിക്കേണ്ടത് എന്ന് പറയുകയുണ്ടായി.

മെഡിക്കൽകോളേജുകളിൽ മൃതദേഹം കീറുന്നതും പോസ്റ്റ്മോർട്ടവും അനിസ്ലാമികമാണെന്ന വാദക്കാരും ഉണ്ടായിരുന്നു.

(അവ: Islam in Indias Translation to Modernity, Pg: 284, 285)



ജസ്റ്റീസ് മുനീർ



ജസ്റ്റീസ് എം. ആർ കയാനി

നേതാക്കൾ നൽകിയ മറുപടി പരസ്പര വിരുദ്ധവും പരസ്പരം കാഫിറാകാൻ പര്യാപതവുമായിരുന്നു. രണ്ട് പണ്ഡിതന്മാർ പോലും ഒരു നിർവചനത്തിൽ അനുകൂലിക്കുന്നവർ ഇല്ലായിരുന്നു. താന്താങ്ങളുടെ വീക്ഷണത്തിന് എതിർ നിൽക്കുന്നവർ ഇസ്ലാമിന് പുറത്താണെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു.

ഒരു മുസ്‌ലിമിനും ഒരു അമുസ്‌ലിം രാഷ്ട്രത്തോട് കൂറുള്ളവരായി ജീവിക്കാൻ സാധ്യമല്ലെന്ന കാര്യത്തിൽ അവർ ഉറച്ചുനിന്നു. മൗലാനാ താജുദ്ദീൻ അൻസാരി പറഞ്ഞു: ഇസ്ലാമിക വീക്ഷണത്തിൽ ഒരു നിമിഷം പോലും മുസ്‌ലിമിന് ഇന്ത്യയിൽ വസിക്കാൻ സാധ്യമല്ല. ജംഇയ്യത്തുൽ ഉലമ പാകിസ്ഥാന്റെ മൗലാനാ അബുൽ ഹസനാത്ത് മുഹമ്മദ് അഹ്മദ് കാദിരി പറഞ്ഞു. ഇന്തോപാക്ക് യുദ്ധമുണ്ടായാൽ ഇന്ത്യൻ മുസ്‌ലിം തീർച്ചയായും പാക്കിസ്ഥാനെ സഹായിക്കേണ്ടതാണ്. ഈ വാദഗതിയെ മൗലാനാ മൗദൂദിയും പിന്തുണച്ചു. ചില പണ്ഡിതന്മാർ ഫോട്ടോഗ്രാഫി മുതൽ സകലതും അനിസ്ലാമികമാണെന്നും അതൊന്നും മുസ്‌ലിം രാജ്യത്തിന് അഭികാമ്യമ

ഇസ്ലാമിക നിയമം എന്ത് എന്നതിനെക്കുറിച്ച് ഫെഡറൽ കോർട്ട് ചീഫ് ജസ്റ്റീസ്, മുനീർ തന്റെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. (ഇത് 1953ലെ ലാഹോർ കലാപവുമായി ബന്ധപ്പെട്ട് എഴുതിയതാണ്. അഹ്മദികളെ ഈ കലാപകാരികൾ പരസ്യമായി കൊലപ്പെടുത്തിയിരുന്നു) അദ്ദേഹം, ഇസ്ലാമിക ഭരണം എന്താണ് - അതേ കുറിച്ച് എല്ലാവരും വാചാലരാണ്, മറ്റൊന്നും ചിന്തിക്കുന്നതു പോലുമില്ല - എന്ന് ചോദിക്കുകയുണ്ടായി. തുടർന്ന് ഇസ്ലാമിന്റെ നിർവചനത്തെക്കുറിച്ചും അതിന്റെ ആന്തരികവും ഭൗതികവുമായ ഫലങ്ങളെക്കുറിച്ചും ചോദിച്ചു. അതിൽ ഇരുപതോളം മുസ്‌ലിം മുല്ലാക്കളും, പണ്ഡിതന്മാരും വിഷമത്തിലായി. ഒരാൾക്ക് മുസ്‌ലിമാകാൻ വേണ്ട യോഗ്യതയെ പറ്റി അവർക്ക് ഏകാഭിപ്രായക്കാരാകാനേ കഴിഞ്ഞില്ല. എന്നിരിക്കെ ഇവർക്ക് എന്താണ് ഇസ്ലാമിക ഭരണ കൂടത്തെ പറ്റി പറയാൻ കഴിയുക?

(അവ: Chief Justice Muhammed Muneer pg: 216, By Nazir Husain Choudhari Pub: Research Society of Pakistan, Lahore)

## നമ്മുടെ ആഗ്രഹം

**ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:**

എങ്ങിനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയങ്ങളിലെത്തിക്കും. ഏതു ചെണ്ട കൊട്ടിയാണ്, ഇതാ നിങ്ങളുടെ ദൈവം എന്ന് ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്. ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏതു ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്. അവ തുറക്കുമാറാകാൻ!

(കിശ്തിനൂഹ്)

നമുക്ക് സാധ്യമായിരുന്നെങ്കിൽ നാം വീടുവീടാന്തരം കയറിയിറങ്ങി അല്ലാഹുവിന്റെ സത്യദീൻ പ്രചരിപ്പിക്കുമായിരുന്നു. ലോകത്ത് പരന്നിട്ടുള്ള നശീകരണാത്മകമായ ശിർക്കിൽ നിന്നും കുഫ്റിൽ നിന്നും ലോകത്തെ രക്ഷിക്കുമായിരുന്നു. ഇതിൽതന്നെ ജീവിതം കഴിക്കുമായിരുന്നു. കൊല്ലപ്പെട്ടാലും ശരി.

(മൽഫൂസാത്ത് Vol: 3, ജ: 391)

ഞാനീ മാർഗത്തിൽ അനുഭവസ്ഥനാണ്. അല്ലാഹുവിന്റെ അനുഗ്രഹാശിസുകൊണ്ടുമാത്രമാണ് ഞാൻ ഈ ആരോപണങ്ങളിലും ആനന്ദവും സന്തോഷവുമുൾകൊള്ളുന്നത്. എനിക്ക് ഈ ആഗ്രഹം തന്നെയാണുള്ളതും, അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം വഖ്ഫ് ചെയ്യാൻ അഥവാ മരണശേഷം ജീവിതം നൽകുകയും വീണ്ടും മരിക്കുകയും വീണ്ടും ജീവിക്കുകയും ആണെങ്കിലും എല്ലാ പ്രാവശ്യവും എന്റെ ആഗ്രഹം ഓരോ ആനന്ദത്തോടൊപ്പവും വർദ്ധിച്ചുകൊണ്ടേയിരിക്കും.

എന്തെന്നാൽ ഞാൻ സ്വയം അനുഭവസ്ഥനാണ്. അനുഭവിച്ചറിഞ്ഞിരിക്കുന്നു... അതുകൊണ്ട് ഞാൻ മനസിലാക്കുന്നത് എന്റെ ജമാഅത്തിനോട് വസിയ്യത്ത് ചെയ്യണമെന്നാണ്. അതിനുശേഷം ഇതു കേൾക്കുകയോ കേൾക്കാതിരിക്കുകയോ, ചെയ്യൽ ഓരോരുത്തരുടേയും ഇഷ്ടം.

(മൽഫൂസാത്ത് Vol 2, Pg. 99,100)

വനിതാരംഗം

# സ്ത്രീകളോട് നന്മയിൽ വർത്തിക്കുക

ഹദ്റത്ത് മസീഹ് മൗഊദ് (അ)

സ്ത്രീകളോടും കുട്ടികളോടുമുള്ള ബന്ധത്തിലും പെരുമാറ്റത്തിലും ജനങ്ങൾക്ക് തെറ്റുപറ്റുകയും നേരായ പാതയിൽ നിന്ന് വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു. വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു, വആശിറൂഹുന്ന ബിൽ മഅ്റൂഫി. എന്നാൽ ഇപ്പോൾ ഇതിനു വിരുദ്ധമായ പ്രവർത്തനങ്ങളാണ് അരങ്ങേറുന്നത്.

ഇത് സംബന്ധമായും രണ്ട് വിഭാഗത്തിലുള്ള ആളുകളെ കാണാൻ സാധിക്കുന്നു. ഒരു വിഭാഗം സ്ത്രീകളെ തികച്ചും അഴിച്ചിട്ട വസ്ത്രമാക്കിയിരിക്കുന്നു. ദീനിന്റെ യാതൊരു പ്രഭാവവും അവരിലില്ല. പരസ്യമായി അവർ ഇസ്‌ലാമിനു വിരുദ്ധമായി പ്രവർത്തിക്കുന്നു. അവരോട് ആരും തന്നെ ചോദിക്കുന്നില്ല. ചിലർ അവരെ അഴിച്ചിട്ട വസ്ത്രമാക്കിയിട്ടില്ലായെങ്കിലും അതിന് വിപരീതമായി എത്രകണ്ട് കണിശതയും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നുവെന്നാൽ മൃഗങ്ങളിലും അവരിലും യാതൊരു വ്യതിരിക്തതയും കണക്കാക്കാൻ സാധിക്കില്ല. വേലക്കാരികളേക്കാളും നാൽക്കാലികളേക്കാളും നീചമായ നിലയിൽ അവരോട് പെരുമാറുന്നു. മർദ്ദിക്കുമ്പോൾ ജീവനുള്ള ഒന്നാണോ മുന്നിലുള്ളത് എന്ന് പോലും മനസ്സിലാക്കാൻ പറ്റാത്ത നിലയിൽ മർദ്ദിക്കുന്നു. ചുരുക്കത്തിൽ വളരെയധികം മോശമായി പെരുമാറുന്നു. ഏതുവരെയെന്നാൽ സ്ത്രീകളെ കാലിലിടുന്ന ചെരുപ്പിനോടാണ് സാമ്യം, ഒന്നഴിച്ച് മറ്റൊന്ന് ധരിക്കുന്നു എന്ന ചൊല്ല് പഞ്ചാബിൽ പ്രസിദ്ധമാണ്. ഇത് വളരെ അപകടകരമായ ഒരു കാര്യമാണ്. ഇസ്‌ലാമിന്റെ പ്രതീകത്തിന് വിരുദ്ധമാണ്. തിരുദൂതർ(സ) എല്ലാ കാര്യങ്ങൾക്കുമുള്ള പരിപൂർണ്ണ മാതൃകയാകുന്നു. ആ മഹാത്മാവ് സ്ത്രീകളോട് എങ്ങിനെയാണ് വർത്തിച്ചിരുന്നത് എന്നറിയുന്നതിന്നായി അങ്ങയുടെ ജീവിതത്തിലേക്ക് നോക്കുക. സ്ത്രീകൾക്കെതിരിൽ നിലകൊള്ളുന്നവനെ ഭീരുവും പുരുഷത്വമില്ലാത്തവനുമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. തിരുമേനി(സ)യുടെ പരിശുദ്ധ ജീവിതത്തെ പഠിക്കുകയാണെങ്കിൽ അങ്ങയുടെ സൽസ്വഭാവത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. തിരുമേനി (സ) വലിയ പ്രതാപശാലിയായിരുന്നിട്ടുകൂടി ഏതെങ്കിലും അബലയായ സ്ത്രീ അങ്ങയോട് നിൽക്കാൻ പറഞ്ഞാൽ ഏതുവരെ അവർ അനുമതി നൽകുന്നില്ലയോ അവിടെ തന്നെ നിൽക്കുമായിരുന്നു. (മൽഫൂസാത്ത്, വാള്യം 4 പേജ് 44)

വീണ്ടും തികച്ചും നിന്ദ്യരും നിസാരരുമാക്കിക്കളയാവുന്ന വസ്തുവാണ് സ്ത്രീയെന്ന് നിങ്ങൾ കരുതരുത്. അല്ല അല്ല. നമ്മുടെ പരിപൂർണ്ണ മാർഗദർശകരായ നബിതിരുമേനി (സ) പറയുന്നു, ഖൈറുക്കും ഖൈറുക്കും ലി അഹ്‌ലിഹി. നിങ്ങളിൽ ഉത്തമൻ സ്വന്തം കുടുംബത്തോട് ഉത്തമമായി പെരുമാറുന്നവനാകുന്നു. ഭാര്യയുമായി ആരുടെ പെരുമാറ്റവും വ്യവഹാരവും ഉത്തമമല്ലയോ അയാൾ എങ്ങിനെ ഉത്തമനാകും. സ്വന്തം ഭാര്യയോട് ഉത്തമമായി പെരുമാറുകയും വ്യവഹരിക്കുകയും ചെയ്യുമ്പോഴാണ് മറ്റുള്ളവർക്ക് നന്മയും ഉപകാരവും ചെയ്യാൻ സാധിക്കുക. അല്ലാതെ ഓരോ നിസാരകാര്യത്തിനും അടിപിടി കൂടുമ്പോഴല്ല. ചിലപ്പോൾ കോപാകുലനായ ഒരാൾ നിസാരകാര്യത്തിന് ദേഷ്യപ്പെട്ടുകൊണ്ട് ഭാര്യയെ അടിക്കുകയും ഏതെങ്കിലും മർമ്മസ്ഥാനത്ത് അടിയേറ്റ് അവൾ മരിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അതിനാൽ അവർക്കു വേണ്ടി അല്ലാഹു പറയുന്നു, ആശിറൂഹുന്ന ബിൽ മഅ്റൂഫി. ഇനി അഥവാ അവൾ അനാവശ്യം പ്രവർത്തിക്കുകയാണെങ്കിൽ താക്കീത് ചെയ്യേണ്ടതാണ്. ദീനിന് വിരുദ്ധമായതൊന്നും തന്നെ ഇഷ്ടപ്പെടുന്നതല്ലെന്നും, എന്നാൽ അവളുടെ ഒരു തെറ്റിനേയും അവഗണിക്കാത്തത്ര നിഷ്ഠൂരനും അക്രമിയുമല്ല എന്നുള്ള വസ്തുത മനുഷ്യൻ സ്ത്രീകളുടെ മനസ്സിൽ പതിപ്പിക്കേണ്ടതാകുന്നു. സ്ത്രീകൾക്ക് ഭർത്താവ് അല്ലാഹുവിന്റെ പ്രതിരൂപമാകുന്നു. ഹദീഥിൽ വന്നിട്ടുണ്ട്, അഥവാ അല്ലാഹു തന്നെക്കൂടാതെ മറ്റാർക്കെങ്കിലും സുജൂദ് ചെയ്യാൻ കൽപിക്കുമായിരുന്നുവെങ്കിൽ തങ്ങളുടെ ഭർത്താവിനെ സുജൂദ് ചെയ്യാനായി സ്ത്രീകൾക്ക് കല്പന നൽകുമായിരുന്നു. അതിനാൽ പ്രതാപവും സൗമ്യതയും രണ്ടും പുരുഷന്മാരിൽ ഉണ്ടായിരിക്കേണ്ടതാണ്.(മൽഫൂസാത്ത്, വാള്യം 2, പേജ് 147)

നിഷിദ്ധകാര്യങ്ങളൊഴികെ സ്ത്രീകളുടെ മറ്റെല്ലാ സ്വഭാവവൈകൃതങ്ങളേയും കാർക്കശ്യങ്ങളേയും സഹിക്കേണ്ടതാകുന്നു. പുരുഷനായിക്കൊണ്ട് സ്ത്രീയോട് യുദ്ധം ചെയ്യുന്നവരെ നാം അങ്ങേയറ്റത്തെ നിർലജ്ജരായി മനസ്സിലാക്കുന്നു. അല്ലാഹു നമ്മെ പുരുഷന്മാരാക്കിയിരിക്കുന്നു. യഥാർത്ഥത്തിൽ അല്ലാഹു നമ്മിൽ അനുഗ്രഹത്തെ പൂർത്തീകരിച്ചിരിക്കുകയാണ്. അതിനുള്ള നന്ദിപ്രകടനം സ്ത്രീകളോട് മൃദുവായും സൗമ്യമായും പെരുമാറുക എന്നതാണ്.(മൽഫൂസാത്ത് വാള്യം 2, പേജ് 1)......

ഈ മാർഗം ശരിയല്ല. ഇതിൽ നിന്നും തടയുക മുസ്‌ലിംകളുടെ നേതാവ് അബ്ദുൽ കരീമിനെ.......................

ഈ ഇൽഹാമിൽ മുഴുവൻ ജമാഅത്തിനും പാഠമുണ്ട്. തങ്ങളുടെ ഭാര്യമാരോട് മൃദുലമായും സൗമ്യമായും പെരുമാറുക. അവർ ഇവരുടെ ദാസികളല്ല. യഥാർത്ഥത്തിൽ പുരുഷന്റേയും സ്ത്രീയുടേയും പരസ്പരമുള്ള ഒരു കരാറാണ് നിക്കാഹ്. തങ്ങളുടെ കരാറിൽ ചതിയന്മാരാകാതിരിക്കാൻ ശ്രമിക്കുക. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു, വ ആശിറൂഹുന്ന ബിൽ മഅ്റൂഫി. അതായത് തങ്ങളുടെ ഭാര്യമാരോട് നല്ല നിലയിൽ പെരുമാറിക്കൊണ്ട് ജീവിതം കഴിച്ചുകൂട്ടുക. ഹദീഥിൽ വന്നിരിക്കുന്നു, ഖൈറുക്കും ഖൈറുക്കും ലിഅഹ്‌ലിഹി. അതായത് ഭാര്യയോട് നല്ലനിലയിൽ പെരുമാറുന്നവനാണ് നിങ്ങളിൽ ഉത്തമൻ. അതിനാൽ ആത്മീയമായും ശാരീരികവുമായ നിലയിൽ നിങ്ങളുടെ ഭാര്യമാരോട് നന്മ പ്രവർത്തിക്കുക. അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ത്വലാഖിനെ ഒഴിവാക്കുക. കാരണം ത്വലാഖിന് ധൃതിപ്പെടുന്നവൻ അല്ലാഹുവിന്റെ പക്കൽ ഏറ്റവും നികൃഷ്ടനാകുന്നു. അല്ലാഹു ബന്ധിച്ചവരെ ഒരു വൃത്തികെട്ട പാത്രത്തെപ്പോലെ ഉടച്ചുകളയരുത്. (സമീമ തുഹ്ഫഗോൾഡവിയ്യ പേജ് 37, അനുബന്ധം)

ലേഖനം വായിച്ചവർ പിന്നീട് പറയുകയുണ്ടായി, സ്ത്രീകൾ കൃഷിയിടങ്ങളെപോലെ വെറും കാമപൂർത്തീകരണത്തിനുള്ള മാർഗമാണെന്ന് ഖുർആനിൽ എഴുതിയിരിക്കുന്നു. ഈ അവിശുദ്ധപ്രകൃതക്കാരായ ഹിന്ദുക്കൾ ആരോപണം ഉന്നയിക്കുന്നതിൽ എത്ര മുൻകടന്നിരിക്കുന്നു എന്നും മെനഞ്ഞെടുക്കുന്ന സ്വന്തം വാക്കുകളെ എങ്ങിനെ ഖുർആനിലേക്ക് ചൂണ്ടിക്കാണിക്കുന്നു എന്നും നോക്കുക. ഇത്തരത്തിലുള്ള കറ്റുകെട്ടുകാരോട് ലഅ്നത്തുല്ലാഹി അലൽ കാദിബീൻ എന്നല്ലാതെ നമുക്ക് മറ്റെന്താണ് പറയാൻ സാധിക്കുക. വിശുദ്ധ ഖുർആനിലെ ആയത്ത് ഇത്ര മാത്രമാണ്, നിസാഉക്കും ഹർസുല്ലക്കും ഫഅ്തൂ ഹർസക്കും അന്നാ ശിഅ്തും. അതായത് നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ സന്താനോൽപാദനത്തിനുള്ള ഒരു കൃഷിയിടമാണ്. അതിനാൽ നിങ്ങളുടെ കൃഷിയിടങ്ങളിലേക്ക് നിങ്ങളാഗ്രഹിക്കുന്ന മാർഗത്തിലൂടെ വരിക. കൃഷിയിടമാണെന്ന കാര്യം മാത്രം ചിന്തിക്കുക. അതായത് സന്താനങ്ങളെ തടയുന്ന തരത്തിൽ ബന്ധപ്പെടരുത്....... ഇനി അഥവാ സ്ത്രീ രോഗിയാണെങ്കിൽ, ഗർഭം ധരിച്ചാൽ മരണത്തിന് സാധ്യതയുണ്ടെന്ന ഉറപ്പുണ്ടെങ്കിൽ, അതുപോലെ ആരോഗ്യത്തിന്റെ നിലനിൽപിന് പ്രതികൂലമായ മറ്റെന്തെങ്കിലും കാരണമുണ്ടെങ്കിൽ അത് ബാധകമല്ല. അല്ലാതെ ശരീഅത്തനുസരിച്ച് സന്താനമുണ്ടാകുന്നതിൽ നിന്ന് തടയുന്നത് അനുവദനീയമല്ല.

ചുരുക്കത്തിൽ സന്താനലബ്ധിക്കുള്ള സ്ഥലമായി നിർണ്ണയിച്ചതുകൊണ്ടാണ് സ്ത്രീകളെ അല്ലാഹു കൃഷിയിടമായി വിശേഷിപ്പിച്ചിട്ടുള്ളതെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. നിക്കാഹിന്റെ ലക്ഷ്യങ്ങളിൽ ഒന്ന് അതിലൂടെ അവനെ സ്മരിക്കുന്ന ദാസർ ജനിക്കണം എന്നതുമാണ്. അല്ലാഹു നിർണ്ണയിച്ചിട്ടുള്ള രണ്ടാമത്തെ ലക്ഷ്യം, പുരുഷൻ തന്റെ ഭാര്യ മുഖേനയും ഭാര്യ തന്റെ ഭർത്താവ് മുഖേനയും ദുർനോട്ടത്തിൽ നിന്നും ദുഷ്കർമങ്ങളിൽ നിന്നും സുരക്ഷിതരാകുക എന്നതാണ്. മൂന്നാമത്തെ ലക്ഷ്യം, പരസ്പരം സ്നേഹിച്ചുകൊണ്ട് ഏകാന്തതയുടെ ദുഖത്തിൽ നിന്നും സുരക്ഷിതരാകുക എന്നതാണ്. ഈ എല്ലാ ആയത്തുകളും വിശുദ്ധ ഖുർആനിൽ ഉണ്ട്. ഗ്രന്ഥത്തെ നാം എത്രകണ്ട് ദീർഘിപ്പിക്കും.

*(ചശ്മയെ മഗ്രിഫത്ത്, പേജ് 279 - 280)*

*(ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) അപ്നി തഹ്‌രീറോംകി റൂ സേ, പേജ് 1042 - 1044, 1046)*

*സമ്പാ : ഇബ്നു അശ്റഫ്*




അബൂഅത്തിയ

# അങ്ങനെ പറയാറായിട്ടില്ല

## ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു:

ഒരു വലിയുല്ലാഹ് മരണപ്പെട്ടപ്പോൾ ഏറ്റവും അവസാനം പറഞ്ഞത് അങ്ങനെ പറയാനായിട്ടില്ല, അങ്ങനെ പറയാറായിട്ടില്ല എന്നായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ അതുകേട്ട് വളരെ അസ്വസ്തതനായി രാപ്പകൽ അതേപറ്റി ഓർത്ത് കരഞ്ഞ് കരഞ്ഞ് ദുഃആ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം സ്വപ്നത്തിൽ അയാൾ ഗുരുവിനെ കണ്ടുമുട്ടി. അയാൾ ചോദിച്ചു. അങ്ങ് അവസാനം പറഞ്ഞ വാക്കുകൾ എന്താണ്, എന്തിനാണ് അങ്ങനെ പറഞ്ഞത്?

അദ്ദേഹം പറഞ്ഞു, മരണസമയത്ത് എല്ലാവരേയും ശയ്ത്വാൻ അക്രമിക്കാനും അവരുടെ ഈമാന്റെ പ്രകാശം അവസാനനേരത്ത് ഇല്ലാതാക്കാനും ശ്രമിക്കുന്നു. അങ്ങിനെ അവൻ എന്റെ അടുത്തും വന്നു. എന്നെ മുർത്തദ്ദാക്കാൻ ആഗ്രഹിച്ചു. അവന്റെ യാതൊരു ഉപായവും ഫലപ്രദമാകുന്നില്ലെന്ന് കണ്ടപ്പോൾ എന്നോട് പറഞ്ഞു, നീ എന്റെ കയ്യിൽ നിന്ന് രക്ഷപ്പെട്ടുവല്ലേ എന്ന്?

അപ്പോഴാണ് അങ്ങിനെ പറയാറായിട്ടില്ല, അങ്ങിനെ പറയാറായിട്ടില്ല എന്ന് ഞാൻ മറുപടി പറഞ്ഞത്. അതായത് ഞാൻ മരണപ്പെടുന്നതുവരെ നിന്നിൽ നിന്ന് സുരക്ഷിതമല്ല. (അൽഹക്കം 24.4.1903)

# മോചനം

## ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു:

ഒരാൾക്ക് ഒരു തത്തയുണ്ടായിരുന്നു. ഒരിക്കൽ യാത്രയ്ക്കു പോകുമ്പോൾ അയാൾ തത്തയോടു പറഞ്ഞു: നീ എന്തെങ്കിലും പറയൂ. തത്ത പറഞ്ഞു: നിങ്ങൾ പോകുന്ന വഴിയിൽ ഒരു വലിയ മരം കാണും. അതിൽ ധാരാളം തത്തകളുണ്ടായിരിക്കും. അവർക്ക് എന്റെ ഒരു സന്ദേശമെത്തിക്കണം. അതായത് വിശാലമായ അന്തരീക്ഷത്തിൽ ജീവിക്കുന്ന നിങ്ങളൊക്കെ വളരെ ഭാഗ്യമുള്ളവരാണ്. എന്നാൽ തടവറയിൽ കഴിയുന്ന ഞാൻ നിർഭാഗ്യവാനുമാണ് എന്ന്.

മരത്തിനടുത്തെത്തിയപ്പോൾ അയാൾ തത്തകൾക്ക് ഈ സന്ദേശമെത്തിച്ചു. അപ്പോൾ ഒരു തത്ത മരത്തിൽ നിന്ന് താഴേക്ക് വീഴുകയും പിടഞ്ഞു പിടഞ്ഞു ജീവൻ വെടിയുകയും ചെയ്തു. താൻ മുഖേന ഒരു ജീവൻ നഷ്ടമായല്ലോ എന്നോർത്ത് അയാൾ വളരെ ദുഃഖിച്ചു.

യാത്ര കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ അയാൾ തത്തയോട് നടന്ന സംഭവങ്ങളെല്ലാം പറയുകയും ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തു.

അത് കേട്ടതും കൂട്ടിലെ തത്തയും പിടഞ്ഞു പിടഞ്ഞു ജീവൻ വെടിഞ്ഞു. ഇതു കൂടി കണ്ടപ്പോൾ അയാളുടെ ദുഃഖം ഇരട്ടിച്ചു. ഒടുവിൽ അയാൾ അതിനെ കൂട്ടിൽ നിന്ന് പുറത്തേക്കെറിഞ്ഞു.

ചത്തെന്നു കരുതിയിരുന്ന ആ തത്തയാകട്ടെ ഉടനെ പറന്നുവന്ന് ചുമരിൻമേൽ ഇരുന്നുകൊണ്ട് പറഞ്ഞു: വാസ്തവത്തിൽ മരത്തിലെ തത്തയോ ഞാനോ മരിച്ചിരുന്നില്ല. ഞാൻ ഈ ബന്ധനത്തിൽനിന്ന് പുറത്തുകടക്കാനുള്ള മാർഗം ആ തത്തകളോടു അന്വേഷിച്ചതായിരുന്നു. സ്വാതന്ത്ര്യം മരണത്തിനുശേഷമേ ലഭ്യമാകൂ എന്നാണ് ആ മരത്തിലെ തത്ത നൽകിയ സന്ദേശം. ഞാനും മരണത്തെ സ്വീകരിച്ചപ്പോൾ ഇതാ സ്വതന്ത്രനായിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് തുടർന്നു പറഞ്ഞു. നഫ്സെ അമ്മാറയുടെ (മൃഗതുല്യമായ ആത്മാവിന്റെ) ശക്തമായ ചങ്ങലക്കെട്ടിൽ നിന്നുള്ള മോചനവും ഒരു മരണം കൂടാതെ സാധ്യമല്ല. (അവലംബം : മൽഫൂസാത്ത് വാ: 6, ഭാ: 96, തശ്ഹീദുൽ അദ്ഹാൻ 1993 നവംബർ)

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# യഥാർഥ സ്നേഹം

بسم الله الرحمن الرحيم

മുക്റമീ അഖ്വീം മുൻശി റുസ്തം അലി സാഹിബ് സല്ലമഹു,

السلام علیکم ورحمۃ اللہ وبرکاتہ

1888 ഫെബ്രുവരി 13,14 രാത്രിയിൽ താങ്കളെപറ്റി ഭയപ്പെടുത്തുന്ന രണ്ട് സ്വപ്നങ്ങൾ ഞാൻ കാണുകയുണ്ടായി. വളരെ കഠിനമായ ദുഃഖവും പ്രയാസവുമാണ് മനസിലാവുന്നത്.

ഇന്ന് കിട്ടിയതുപോലെ താങ്കൾക്ക് സഹാനുഭൂതിയോടുകൂടി ഉപദേശം നൽകാൻ എനിക്ക് അവസരം കിട്ടിയിട്ടില്ല. ഒരു മുഅ്മിനോട് അല്ലാഹുവിന്റെതു മാത്രമായ സ്നേഹത്തിൽ മറ്റാരേയും ചേർത്താൻ ഇഷ്ടപ്പെടുന്നില്ല. നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഈമാൻ സുരക്ഷിതമാകണമെങ്കിൽ നമ്മുടെ സ്നേഹത്തിലും മറ്റാരേയും ചേർക്കരുത്.

അല്ലാഹു മുഅ്മിനീംകളുടെ ലക്ഷണമായി പറയുന്നു.

വല്ലദീന ആമനു അശദ്ദു ഹുബ്ബുലില്ലാഹ് (2:166) അതായത് അല്ലാഹുവിനേക്കാളും ആരോടും മുഅ്മിനീംകളുടെ ഹൃദയം ചായുന്നതല്ല.

പ്രതാപവാനായ അല്ലാഹുവിനോട് സവിശേഷമായി കടപ്പെട്ടതാണ് യഥാർഥ സ്നേഹം ഈ അവകാശം മറ്റാർക്കെങ്കിലും കൊടുത്താൽ അയാൾ നാശമടയുന്നതാണ്.

ദൈവികരായ മനുഷ്യർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളും സ്വീകാര്യതയും എന്തെങ്കിലും സാധാരണ ഉരുവിടൽ കൊണ്ടോ സാധാരണ നമസ്കാരവും നോമ്പും കൊണ്ടോ കിട്ടുമോ? ഒരിക്കലുമില്ല. മറിച്ച് അത് തൗഹീദു ഫിൽ മുഹബ്ബത്ത് (സ്നേഹത്തിൽ അധിഷ്ഠിതമായ തൗഹീദ്) കൊണ്ടാണ് കരസ്ഥമാവുക.

അവന്റേതായി തീരുകയും അങ്ങിനെ തന്നെ ആയിക്കൊണ്ടിരിക്കുകയും സ്വയമോ മറ്റെല്ലാവരേയും അവന്റെ മാർഗത്തിൽ പരിത്യജിക്കുകയും ചെയ്യേണ്ടതാണ്.

തന്റെ ഇഷ്ടഭാജനത്തെ ഉപേക്ഷിക്കുമ്പോൾ ഒരാൾക്കുണ്ടാകുന്ന വേദനയുടെ യാഥാർഥ്യം എനിക്ക് നല്ലപോലെ അറിയാം. പക്ഷേ എന്റെ ആത്മാഭിമാനം, നമ്മുടെ യഥാർഥ സ്നേഹിതനു മുന്നിൽ മറ്റാര് ! എന്നതാണ്.

എന്റെ മനസ് എനിക്ക് എപ്പോഴും നൽകുന്ന ഫത്‌വ, ദൈവസ്നേഹത്തെ പുറത്താക്കുന്ന അന്യരോടുള്ള സ്ഥായിയായ സ്നേഹം അത് മകനോടാണെങ്കിലും ഒരുതരം കുഫ്റും വലിയ പാപവുമാകുന്നു എന്നതാണ്.

അയാളോട് ദൈവിക കാരുണ്യവും ദയയും ദാക്ഷിണ്യം കാണിച്ചില്ലെങ്കിൽ ഈമാൻ നഷ്ടപ്പെടുമോ എന്ന ഭയവുമുണ്ട്.

ചുരുക്കത്തിൽ പ്രതാപവാനായ അല്ലാഹു തന്റെ സ്നേഹത്തിലേക്ക് താങ്കളെ ക്ഷണിച്ചിരിക്കുന്നത് അവന്റെ വലിയ ഔദാര്യമാണെന്ന് മനസിലാക്കുക.

അസാ അൻ തക്റഹു.... (2:217) (നിങ്ങൾക്ക് നന്മയുള്ള ഒരു സംഗതി നിങ്ങൾ വെറുക്കുകയോ നിങ്ങൾക്ക് തിന്മയായ ഒരു കാര്യം നിങ്ങൾ ഇഷ്ടപ്പെടുകയോ ചെയ്തേക്കാം. അല്ലാഹു അറിയുന്നു നിങ്ങളാകട്ടെ അറിയുന്നുമില്ല.)

മറ്റൊരു സ്ഥലത്ത് പ്രതാപവാനായ അല്ലാഹു പറയുന്നു: മാഅസ്വാബ മിൻ മുസ്വീബത്തിൽ (64:12) അതായത് ദൈവിക കൽപനയില്ലാതെ ഒരു വിപത്തും എത്തുന്നില്ല. വിശ്വാസത്തിൽ നിലകൊള്ളുന്നവർക്ക് ഹൃദയങ്ങളെ അല്ലാഹു ഹിദായത്തിലേക്ക് നയിക്കുന്നു. അതായത് ക്ഷമ നൽകുകയും ആ പ്രയാസത്തിലുള്ള നന്മയും യുക്തിയും അയാൾക്ക് മനസിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. അല്ലാഹുവിന് എല്ലാ കാര്യങ്ങളും അറിയാം. ഞാൻ ഇൻശാ അല്ലാഹ് താങ്കൾക്ക് വേണ്ടി ദുഃആ ചെയ്യുന്നതാണ്. ഇപ്പോഴും പല തവണ ചെയ്തിട്ടുണ്ട്. പകലും രാത്രിയിലും സുജൂദുകളിൽ ഈ ദുഃആ ചെയ്യുക. യാ അഹബ്ബ മിൻകുല്ലി മഹ്ബൂബിൻ ഇഗ്ഫിർലീ ദുനൂബീ വദ്ഖിൽനീ ഫീ ഇബാദികൽ മുഖ്‌ലസ്വീൻ. ആമീൻ (എല്ലാ സ്നേഹിതരേക്കാളും എനിക്ക് പ്രിയങ്കരനായ നാഥാ, എന്റെ പാപങ്ങൾ പൊറുക്കുകയും നിന്റെ ആത്മാർഥരായ ദാസരിൽ എന്നെയും ഉൾപ്പെടുത്തുകയും ചെയ്യേണമേ)

വസ്സലാം

5.2.1988

വിനീതൻ

ഗുലാം അഹ്മദ് ഖാദിയാൻ

നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

إِذْ قَالَ اللّٰهُ يٰعِيْسٰٓى إِنِّىْ مُتَوَفِّيْكَ وَرَافِعُكَ إِلَيَّ وَمُطَهِّرُكَ مِنَ الَّذِيْنَ
كَفَرُوْا وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ الَّذِيْنَ كَفَرُوْٓا إِلٰى يَوْمِ الْقِيٰمَةِ ۚ ثُمَّ إِلَيَّ
مَرْجِعُكُمْ فَأَحْكُمُ بَيْنَكُمْ فِيْمَا كُنْتُمْ فِيْهِ تَخْتَلِفُوْنَ ٥٦ (3:56)

# മടക്കിവിളിയോ പിടിച്ചെടുക്കലോ?

## ജമാഅത്തെ ഇസ്‌ലാമി

അല്ലാഹു ഈ വിധം പ്രഖ്യാപിച്ചതോർക്കുക, (ഇത് അല്ലാഹുവിന്റെ രഹസ്യതന്ത്രം തന്നെയായിരുന്നു. അല്ലയോ ഈസാ ഞാൻ നിന്നെ മടക്കി വിളിക്കുന്നതും എന്നിലേക്ക് ഉയർത്തുന്നതുമാകുന്നു. By. മൗലാനാ മൗദൂദി (ഖുർആൻ ഭാഷ്യം പേ : 77)

- അടിക്കുറിപ്പിൽ To recall എന്നാണ് മുത്തവഫ്ഫീക്ക എന്നതിനെ വിശദീകരിച്ചിരിക്കുന്നത്.
- ഉർദു മൂലത്തിൽ ***വാപസ് ലേലൂംഗാ*** (ഞാൻ തിരിച്ചെടുക്കുന്നതാണ്) എന്നാണ് എഴുതിയിട്ടുള്ളത്.

## കേരള നദ്‌വത്തുൽ മുജാഹിദീൻ

അതേ അല്ലാഹു പറഞ്ഞ സന്ദർഭം ഈസാ നിന്നെ ഞാൻ പൂർണമായി പിടിച്ചെടുക്കുകയും നിന്നെ എന്റെ അടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്.

(വിശുദ്ധ ഖുർആൻ വിവരണം ഭാഗം - 1 By അമാനി മൗലവി)

## സൗഊദി അറേബ്യ

അല്ലാഹു പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക, ഹേ ഈസാ, തീർച്ചയായും നിന്നെ നാം പൂർണമായും ഏറ്റെടുക്കുകയും എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും ചെയ്യുന്നതാണ്. *(വിശുദ്ധ ഖുർആൻ സമ്പൂർണ മലയാളപരിഭാഷ By ചെറിയമുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പരപ്പൂർ. പ്രസാ: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ്പ്രസ്)*

## The Noble Quran

And When Allah said, "O Isa (Jesus)! I will take you and raise you to my self. (Interpretetion of the meening of The Noble Quran, Pub: darassalam, Publishers & Distributers Riyadh, Houston, Lahore)

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

അല്ലാഹു പറഞ്ഞ സന്ദർഭം (ഓർക്കുക) ഓ ഈസാ. ഞാൻ നിന്നെ (പ്രകൃതിസഹജമായ നിലയിൽ) മരിപ്പിക്കുകയും *എങ്കലേക്ക് ഉയർത്തുകയും അവിശ്വാസികളുടെ ആരോപണങ്ങളിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും നിന്നെ പിൻതുടരുന്നവരെ പുനരുത്ഥാനനാൾ വരെയും നിഷേധിച്ചവർക്കുപരിയായ നിലയിൽ ആക്കുകയും ചെയ്യും.പിന്നീട് നിങ്ങളുടെ മടക്കം എന്നിലേക്കായിരിക്കും. അപ്പോൾ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യങ്ങളിൽ ഞാൻ തീർപ്പുണ്ടാക്കുന്നതാണ്.

* **എങ്കലേക്ക് ഉയർത്തുന്നതാണ്.** റഫഅ എന്ന വാക്ക് അല്ലാഹു കർത്താവും മനുഷ്യൻ കർമവുമായി ഉപയോഗിക്കപ്പെട്ടാൽ ആത്മീയമായി ഉയർത്തുക. പദവിയെ ഉയർത്തുക. ബഹുമതി നല്കുക എന്നെല്ലാമാണ് അർഥം. ഉദാഹരണമായി വിശുദ്ധ ഖുർആൻ 19:58, 7:177 എന്നിവ നോക്കുക. തന്നെയുമല്ല ഇവിടെ റാഫിഉക്ക എന്നതിനെ തുടർന്ന് ഇലയ്യ (എന്റെ അടുക്കലേക്ക്, എങ്കലേക്ക്) എന്ന് അനുബന്ധമായി പറഞ്ഞിരിക്കുന്നതും ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നു. അതിനാൽ ശാരീരികമായി ഉയർത്തലല്ല ഇവിടെ വിവക്ഷ എന്നു സ്പഷ്ടം



വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

# ഖാത്തമുന്നബിയ്യിനെ കുറിച്ച് എന്താണ് നിങ്ങളുടെ വിവക്ഷ?

ഏറ്റവുമാദ്യം നബി(സ)ൽ നിന്ന് തന്നെ തുടങ്ങാം. നബി(സ)മിനാണല്ലോ ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് ഇറങ്ങിയത്. തിരുനബിയേക്കാളും നല്ലപോലെ മറ്റാർക്കും ഖാത്തമുന്നബിയ്യീൻ എന്നതിന്റെ വിവക്ഷ അറിയുന്നതല്ല. പിന്നെ നബി(സ)ന്റെ നൂറ്റാണ്ടിൽ ജനിച്ച അറേബ്യയിലെ മുസ്‌ലിംകൾ. ശേഷം വന്ന പ്രകാശത്തിന്റെ കാലത്ത് വന്നവർ. പിന്നെ മൂന്നാം നൂറ്റാണ്ടിൽ ജനിച്ചവർ. ഇവരുടെയൊക്കെ വിവക്ഷകൾക്ക്, ഈ കാലത്തെ പണ്ഡിതന്മാരുടെ വിശദീകരണങ്ങളേക്കാൾ പ്രാധാന്യം നൽകേണ്ടതാണ്. ഇതാണ് വ്യക്തമായ തീരുമാനമെങ്കിൽ എന്റെ വീക്ഷണത്തിൽ അതുതന്നെയാണ് വ്യക്തമായ തീരുമാനം. ഇന്നത്തെ ഒരു മുസ്‌ലിമിനും ഇക്കാലത്തെ ഏതെങ്കിലും ആലിമിന്റെ വർത്തമാനം കേൾക്കാൻ പോലും അർഹതയുള്ളതല്ല.

നബി(സ) ഖാത്തം എന്ന പദം രണ്ട് തവണ പ്രയോഗിച്ചത് നോക്കുക. ഇന്ന് അടിച്ചേൽപ്പിക്കുന്ന അർഥം അതിന് നൽകാനേ സാധ്യമല്ല. അതിനെ മുഴുവനും ഈ വിഷയം തള്ളിക്കളയുകയാണ് ചെയ്യുന്നത്.

നബി(സ) പറയുന്നു, ആദ്യം സൃഷ്ടിപ്പിന്റെ ആരംഭഘട്ടത്തിൽ ആയിരുന്നപ്പോൾ തന്നെ ഞാൻ ഖാത്തമുന്നബിയ്യീൻ ആയിരുന്നു. നബി(സ)ന്റെ പ്രയോഗം, ആദം തന്റെ സൃഷ്ടിപ്പിന്റെ മണ്ണിൽ കുഴഞ്ഞ് മറിഞ്ഞിരിക്കുന്നു എന്നാണ്.

ഇവിടെ അവസാനം എന്നാണ് ഖാത്തമിന് അർഥമെങ്കിൽ, നബി(സ) മനുഷ്യസൃഷ്ടിപ്പിനു മുമ്പേ താൻ ഖാത്തമുന്നബിയ്യീൻ ആണെന്ന് പറയുന്നു. പിന്നെ യാതൊരു തരത്തിലുള്ള നബിയും വരാൻ പാടില്ലായിരുന്നു.

മറ്റൊരു സന്ദർഭത്തിൽ നബി(സ) ഹ.അലി(റ)നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: *അന ഖാത്തമുൽ അമ്പിയാഇ വ അൻത്ത യാ അലി ഖാത്തമുൽ ഔലിയാഇ.*

ഒരേ ബ്രാക്കറ്റിൽ ഖാത്തമിനെ ബന്ധിച്ചിരിക്കയാണ്. നബിയോടും വലിയോടും കൂടി. നബി(സ) പറയുന്നു: അലി, ഞാൻ ഖാത്തമുൽ അമ്പിയാഅ് ആകുന്നു. താങ്കൾ ഖാത്തമുൽ ഔലിയാഅ് ആണ്. ഞങ്ങൾ ഉലമാക്കളോട് ചോദിച്ചുകൊണ്ടിരുന്നതും, നിങ്ങൾ ഖാത്തമിന് എന്ത് അർഥം കൊടുത്താലും, അത് ഇവിടെ രണ്ട് കാര്യങ്ങളിലും സാർഥകമാക്കാനാണ്. നബി(സ)ന്റെ വാക്കുകളാണ്. ഒരേ കാര്യത്തിൽ രണ്ട് സംഗതി പറഞ്ഞിരിക്കുന്നു. ഖാത്തമെന്ന പദത്തിന് മാറ്റമൊന്നും ഇല്ല. ഒന്ന് നബിമാർക്ക് ഖാത്തമാണ്. മറ്റൊന്ന് ഔലിയാക്കൾക്ക് ഖാത്തം. അതുകൊണ്ട് തന്നെ ഖാത്തമിന്റെ തർജുമയും വ്യത്യാസപ്പെടാവതല്ല! നബിയുടെയും വലിയുടെയും വിവക്ഷ വ്യത്യസ്തമായിരിക്കും. നബി(സ) പറയുന്നത്, ഖിയാമത്ത് വരെ യാതൊരുവിധ നബിയും ഇല്ലെന്നും, നുബുവ്വത്ത് പൂർണമായും നിർത്തലാക്കപ്പെടുകയും ലോകം ഇനിയൊരു നബിയെ കാണുകയേ ഇല്ല എന്നുമാണ് വിവക്ഷയെങ്കിൽ തിരുനബി മൊഴിയുടെ ബാക്കിഭാഗത്തിന്റെ അർഥം, അലിയേ, തങ്ങളിൽ വിലായത്ത് എന്നെന്നേക്കും അവസാനിച്ചിരിക്കുന്നു എന്ന് നൽകേണ്ടതായിവരും. (മജ്‌ലിസ് ഇർഫാൻ 27-12-1983 കറാച്ചി)

*സമ്പാ : അബൂസ്വബാഹ്.*

പുണ്യാത്മാക്കൾ

# ഹദ്റത് പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി(റ)



**ജനനം** : 1855 (കൃത്യമായ തിയ്യതി രേഖപ്പെടുത്തപ്പെട്ടിട്ടില്ല)
**ബയ്അത്ത്** : 1889 ഡിസംബർ 23
**വഫാത്ത്** : 1935 ജനുവരി 3
**പിതാവ്** : ശാഹ് ഹബീബുർ റഹ്മാൻ സാഹിബ്

**നുഅ്മാനി**

പീർ സാഹിബിന്റെ പിതൃതലമുറ ഹ. ഇമാം അബൂഹനീഫയിൽ ചെന്നെത്തുന്നു. അദ്ദേഹത്തിന്റെ യഥാർഥ പേര് നുഅ്മാൻ എന്നായിരുന്നു. അതുകൊണ്ടാണ് പീർ സാഹിബിന്റെ പേരിനോടൊപ്പം നുഅ്മാനി എന്ന് ചേർത്തിരിക്കുന്നത്.

**പേര്**

ആദ്യം നസീറുദ്ദീൻ എന്നായിരുന്നു പേര്. പിന്നീട് പിതാവ് തന്നെ പീർ സിറാജുൽ ഹഖ് എന്നാക്കുകയാണുണ്ടായത്.

**വിദ്യാഭ്യാസം**

ആദ്യകാല വിദ്യാഭ്യാസത്തെപറ്റി രേഖകൾ കിട്ടുന്നില്ല. അതേ സമയം പീർ സാഹിബ് പറഞ്ഞിരുന്നത് എന്റെ ഉസ്താദുമാർ ഹ. അഹ്മദ്(അ) ഉം ഖലീഫ അവ്വൽ(റ)ഉം ആണെന്നായിരുന്നു.

**സത്യാന്വേഷണം**

ഇമാം മഹ്ദിയേയും ഈസാനബിയുടെ പുനരാഗമനത്തേയും കാത്ത് കഴിഞ്ഞിരുന്ന പീർ സാഹിബ് അദ്ദേഹത്തെ കണ്ട് കിട്ടാൻ ദുഃആ ചെയ്തുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെ അദ്ദേഹം ചില സൽസ്വപ്നങ്ങൾ കാണുകയും ഖാദിയാനിൽ ഒരാൾ ദൈവനിയോഗവാദം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ചില ആളുകൾ മുഖേന അറിയാനും ഇടവന്നു. അതേ തുടർന്ന് ഖാദിയാനിലെത്തുകയും ഹ. മസീഹ് മൗഊദ്(അ) നെ സന്ദർശിച്ച്, അദ്ദേഹത്തിന്റെ വാദഗതികളെ നേരിൽ കേട്ട് മനസിലാക്കുകയും ചെയ്തു.

ലുധിയാനയിൽ ഹ. മസീഹ് മൗഊദ്(അ) ആദ്യ ബയ്അത്ത് സ്വീകരിക്കുന്ന വേളയിൽ അവിടെ തന്നെയുണ്ടായിരുന്നെങ്കിലും ഖാദിയാനിൽ വെച്ച് ബയ്അത്ത് ചെയ്യണമെന്ന ആഗ്രഹമനുസരിച്ച് ആദ്യ ബയ്അത്തിൽ ഉൾപ്പെട്ടില്ല. തുടർന്ന് 1889 ഡിസംബർ 23 നാണ് ബയ്അത്ത് ചെയ്തത്.

**ബയ്അത്തിനുശേഷം**

ബയ്അത്തിനെതുടർന്ന്, ഭാര്യയൊഴികെയുള്ള എല്ലാ ബന്ധുക്കളും അദ്ദേഹത്തിനെതിരിൽ തിരിഞ്ഞു. അക്കാലത്തെ വലിയ പണ്ഡിതനും ഹ.അഹ്മദ്(അ)ന്റെ ബന്ധവൈരിയുമായിരുന്ന മൗലവി റശീദ് അഹ്മദ് ഗംനോഹി, പീർ സാഹിബിന്റെ ഭാര്യാസഹോദരിയുടെ ഭർത്താവായിരുന്നു. അതുകൊണ്ട് തന്നെ ശത്രുതയും എതിർപ്പും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു.

**ഹിജ്റത്ത്**

സഹാറൻപൂരിനടുത്താണ് പീർ സാഹിബും കുടുംബവും താമസിച്ചിരുന്നത്. ശത്രുത മൂർഛിച്ചപ്പോൾ അദ്ദേഹവും ഭാര്യയും ഖാദിയാനിലേക്ക് ഹിജ്റത്ത് ചെയ്യുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. തുടർന്ന് ഇരുവർക്കും ഹിജ്റത്തിനെ സാധൂകരിക്കുന്ന സൽസ്വപ്നങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

**സഹവാസം**

ഹ. മസീഹ് മൗഊദ്(അ)ന്റെ കൂടെ ഏറ്റവും അടുത്ത്. ഏറ്റവും കൂടുതൽ കാലം ചിലവഴിക്കാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബാക്കളിൽ ഒരാളായിരുന്നു പീർ സാഹിബ്.

ഹുസൂർ(അ), അദ്ദേഹത്തെ സാഹിബ്സാദാ സാഹിബ് എന്നാണ് വിളിച്ചിരുന്നത്.

**രോഗശമനം**

ഒരിക്കൽ പീർസാഹിബിന് കഠിനമായ പല്ല് വേദനയുണ്ടായി. ഹദ്റത് ഹകീം നൂറുദ്ദീൻ സാഹിബ്(റ) അടക്കമുള്ള വലിയ വലിയ ഭിഷഗ്വരൻമാരുടെ മരുന്നുകളൊന്നും ഫലിക്കാതെ വന്നപ്പോൾ പീർ സാഹിബ്, ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിലെത്തി തന്റെ അവസ്ത വിവരിച്ചു. ഹുസൂർ(അ) കോനൈൻ അല്പം വെള്ളത്തിൽ ഗുളിക രൂപത്തിലാക്കി സ്വയം അദ്ദേഹത്തിന്റെ വായിൽ ഇട്ടു കൊടുത്തു. കുറച്ചുസമയത്തിനകം വേദന പൂർണമായും മാറുകയുണ്ടായി. പിന്നീട് ഒരു തവണ വേദന വന്നപ്പോൾ അദ്ദേഹം സ്വയം ഇത് കഴിച്ചെങ്കിലും വേദന സുഖപ്പെട്ടില്ല. ഹ. മസീഹ് മൗഊദ്(അ)ന്റെ ദുഃആ ഫലമായിരുന്നു രോഗ ശമനമെന്ന് ഇത് വ്യക്തമാക്കുകയാണുണ്ടായത്.

**ആലിംഗനം**

- ഹദ്റത് മസീഹ് മൗഊദ്(അ) പൊതുവെ ആലിംഗനം ചെയ്യാറില്ലായിരുന്നു. സാധാരണ ഗതിയിൽ ഹസ്തദാനം മാത്രമേ നടത്തിയിരുന്നുള്ളൂ.
- ഹുസൂർ(അ) ഡൽഹിയിൽനിന്ന് തിരിക്കുമ്പോൾ പീർസാഹിബിനെ ആലിംഗനം ചെയ്യുകയുണ്ടായി.

**ഇമാമത്ത്**

- ഹുസൂർ(അ) ഇടക്കിടെ പീർസാഹിബിനോട് ജമാമത്തുവഹിക്കാനും നിർദ്ദേശിച്ചിരുന്നു.

**ഗ്രന്ഥങ്ങളിൽ**

ഇസാലെ ഔഹാം, തുഹ്ഫയെ ഖയ്സമിയ്യ, ആയിനയേ കമാലാത്തെ ഇസ്ലാം എന്നീ ഗ്രന്ഥങ്ങളിൽ പീർസാഹിബിനെക്കുറിച്ച് പരാമർശമുണ്ട്. കൂടാതെ ഹുസൂർ അഞ്ചാമെ ആഥിം എന്ന ഗ്രന്ഥത്തിൽ സ്വഹാബാക്കളുടെ ഗണത്തിൽ 24-ാമത്തെ പേര് പീർ സാഹിബിന്റേതാണ് ചേർത്തിട്ടുള്ളത്.

**നൂറുൽഹഖ്**

മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥമായ നൂറുൽഹഖിന് പീർസാഹിബിന്റെ പേരാണ് നൽകിയതെന്ന് ഹുസൂർ തന്നെ പീർ സാഹിബിനോട് പറയുകയുണ്ടായി.

**കണക്ക് വേണ്ട**

ഒരിക്കൽ ഹുസൂർ(അ) 20 രൂപകൊടുത്തുകൊണ്ട് അദ്ദേഹത്തോട് കൊണ്ട് സാധനങ്ങൾ വാങ്ങിവരാൻ ആവശ്യപ്പെട്ടു. സാധനങ്ങളും ബാക്കി രണ്ട് രൂപയും കൊടുത്തപ്പോൾ ഹ.മസീഹ് മൗഊദ്(അ) പറഞ്ഞു സുഹൃത്തുക്കളുടെ കണക്കൊക്കെ ഹൃദയത്തിലാണ്.

**സേവനങ്ങൾ**

- ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന നിലക്കും സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.
- വ്യത്യസ്ത വിഷയങ്ങളിൽ 9 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.


**വഫാത്ത്**

1935 ജനുവരി 3-ാം തിയ്യതി ഈ മഹാനുഭാവൻ വഫാത്തായി. ഹ. ഖലീഫത്തുൽ മസീഹ് സാനി(റ) ആണ് ജനാസ നമസ്കരിപ്പിച്ചത്. ബഹിശ്തി മഖ്ബറയിൽ ഖബറടക്കി.

# അഹ്മദിയ്യാ ജമാഅത്തിന്റെ ഉത്തരവാദിത്തം

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



ഈ കാലഘട്ടത്തിൽ ലോകത്ത് ഇസ്ലാമിനെ വിജയിപ്പിക്കുന്നതിനുള്ള സാധനസാമഗ്രികൾ അല്ലാഹു ഒരുക്കികൊണ്ടിരിക്കുന്നു. ഇസ്ലാമിന്റെ സേവന ഉത്തരവാദിത്തം അവൻ അഹ്മദികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ അമാനത്തിന്റെ ഭാരം ആകാശഭൂമികളെ ഏൽപ്പിച്ചപ്പോൾ അവ ഭയം പ്രകടിപ്പിച്ചതായി വിശുദ്ധഖുർആനിൽ വന്നിട്ടുണ്ട്. ആ അമാനത്ത് ഈ സമയത്ത് നിങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ കാലഘട്ടത്തിൽ റസൂൽ (സ) തിരുമേനിയെ അനുധാവനം ചെയ്തയാൾ മുഹമ്മദ് നബി(സ)ന്റെ പ്രതിബിംബം എന്ന് പറയപ്പെട്ടുവോ അതുപോലെ സഹാബാക്കളെ അനുധാവനം ചെയ്യുന്നവർ അതായത് നിങ്ങൾ സഹാബാക്കളുടെ പ്രതിബിം ബം എന്ന് പറയപ്പെട്ടു. നിങ്ങളുടെ മേലുള്ള ഭാരം ബാഹ്യമായിനോക്കുമ്പോൾ നിങ്ങൾക്ക് താങ്ങാൻ കഴിയാത്തതാണ്. എന്നാൽ അല്ലാഹുവിന്റെ സഹായമുണ്ടെങ്കിൽ ഇതൊന്നും തന്നെ ബുദ്ധിമുട്ടുള്ള കാര്യമല്ല. എന്നാൽ ഈ ഭാരം ചുമക്കുവാനായി നിങ്ങളിലുള്ള ബാഹ്യമായ കഴിവുകളെ നോക്കുമ്പോൾ ഇസ്ലാമിന്റെ പ്രബോധനം ചെയ്യുക എന്ന ഉത്തരവാദിത്തം കുറച്ച് കാലം നിറവേറ്റി നിങ്ങൾ ക്ഷീണിച്ച് പിൻമാറുമോ എന്ന ആശങ്ക നിങ്ങളോടൊപ്പമുണ്ട്. ഞങ്ങൾ ലോകത്തുള്ള വിവിധ രാജ്യങ്ങളിൽ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു. പള്ളികൾ നിർമ്മിക്കാനുള്ള തൗഫീക്കും ലഭിച്ച് കൊണ്ടിരിക്കുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബർക്കത്ത് കൊണ്ട് ഇന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുന്നു. എന്നാൽ നിങ്ങൾ മടിയൻമാരായികൊണ്ട് (അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ) ഈ ജോലിചെയ്യാൻ ഞങ്ങൾ മാത്രമേ ഉള്ളൂവെന്ന് ചോദിക്കുകയാണെങ്കിൽ അത് വളരെ ഭയാനകമായ കാര്യമാണ്. പള്ളികൾ നിർമ്മിക്കാതെ, ചർച്ചുകൾ വർദ്ദിക്കാനനുവദിക്കുക എന്നത് വലിയ മുസീബത്തായിരിക്കും. അത് നിങ്ങൾക്ക് സഹിക്കാൻ കഴിയില്ല. മാത്രമല്ല ലോകത്തുള്ള മുഴുവൻ ജനങ്ങളും നിങ്ങളുടെ മേൽ ശകാരവർഷം ചൊരിയുന്നതായിരിക്കും.

അല്ലാഹു അഹ്മദികളുടെ മേൽ കാരുണ്യം വർഷിക്കട്ടെ. അവരാണ് ഞങ്ങൾക്ക് പള്ളികൾ നിർമിച്ച് തന്നത്. അവരാണ് ഇസ്ലാമിന്റെ പ്രകാശത്താൽ തങ്ങളെ പ്രകാശിതരാക്കിയത്. എന്ന് ഇപ്പോൾ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന പാശ്ചാത്യ പൗരസ്ത്യ നാടുകളിലെ ആളുകൾ പിന്നീട് അല്ലാഹു അഹ്മദികളെ നശിപ്പിക്കട്ടെ. അവർ ഞങ്ങൾക്ക് ഒരു പ്രാവശ്യം വെളിച്ചം കാണിച്ച് തന്നതിനുശേഷം വീണ്ടും അന്ധകാരത്തിലേക്ക് തള്ളിവിട്ടിരിക്കുന്നു എന്ന് പറയാൻ തുടങ്ങും. കാരണം പ്രകാശത്തിനുശേഷം അന്ധകാരം വരുമ്പോൾ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അപ്പോൾ അഹ്മദികൾ ഞങ്ങളെ കൂടുതൽ മുസീബത്തിൽ അകപ്പെടുത്തി എന്നവർ പറയുന്നതായിരിക്കും. അതുകൊണ്ട് നിങ്ങൾ ഒരിക്കലും ധൈര്യം കൈവിടരുത്. നിങ്ങളുടെ ലക്ഷ്യം മനസ്സിലാക്കുക. അല്ലാഹു ഈ പ്രവൃത്തിക്കായി ഈ കാലഘട്ടത്തിൽ നിങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ തന്നെ ഇത് പൂർത്തീകരിക്കേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കുക. ദുആയിൽ മുഴുകുക. എത്രതന്നെ കഠിനപ്രയത്നം ചെയ്യേണ്ടിവന്നാലും, ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നാലും ഇതിൽനിന്ന് പിൻമാറാതിരിക്കുക. ഇസ്ലാമിന് സേവനം ചെയ്യുന്നതിൽ ഒരു ആനന്ദം കണ്ടെത്തുക. ഇസ്ലാമിന് സേവനം ചെയ്യുമ്പോൾ ബുദ്ധിമുട്ടുകളും മുസീബത്തുകളും അനുഭവിക്കേണ്ടിവരികയാണെങ്കിൽ അത് നിങ്ങളുടെ അഭിമാനത്തിനുള്ള കാരണമാണെന്ന് മനസ്സിലാക്കികൊള്ളുക. ഈയൊരു അവസ്ഥ നിങ്ങളിൽ സംജാതമാവുകയാണെങ്കിൽ ഖിയാമത്ത് വരെ നിങ്ങൾക്ക് ഇസ്ലാമിന് സേവനം ചെയ്യാനുള്ള തൗഫീക്ക് ലഭിച്ച് കൊണ്ടിരിക്കുന്നതാണ്. റസൂൽ തിരുമേനി(സ) സഹാബാക്കളെ നോക്കുക, അവർ ഭയാനകമായ പ്രതിസന്ധികളെ വളരെ ധീരതയോടെ നേരിട്ടു. ഈ മാർഗ്ഗത്തിൽ അവർക്ക് അനുഭവിക്കേണ്ടിവന്ന ബുദ്ധികളെയും, കഷ്ടപ്പാടുകളും അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമായിട്ടാണ് അവർ മനസ്സിലാക്കിയത്. എന്നെന്നും അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. ഒരു വിധത്തിലുള്ള ദുഃഖങ്ങളും, മുസീബത്തുകളേയും, ദുഃഖമായോ മുസീബത്തായോ അവർ മനസ്സിലാക്കിയില്ല. എത്രയധികം ബുദ്ധിമുട്ടുകളും മുസീബത്തുകളും സഹിക്കേണ്ടിവന്നുവോ അത്രത്തോളം തങ്ങളുടെ പദവികൾ ഉയരുന്നതായി അവർ മനസ്സിലാക്കി. ഈ ബുദ്ധിമുട്ടുകളിലും സന്തോഷം കൊണ്ടവർ മതിമറന്നു റസൂൽ തിരുമേനി(സ)ക്ക് അപകടം നേരിട്ടപ്പോഴെല്ലാം തന്നെ അവർ സന്തോഷത്തോടെ പുഞ്ചിരിച്ച് കൊണ്ട് തങ്ങളുടെ ജീവൻ വരെ സമർപ്പിക്കുകയുണ്ടായി.

അതുകൊണ്ട് ദീനിന്റെ മാർഗ്ഗത്തിൽ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിക്കേണ്ടിവന്നാൽ ഭയന്ന് പിൻതിരിയുന്നവരായി നിങ്ങൾ മാറരുത്. മറിച്ച് ഈ ബുദ്ധിമുട്ടുകളെയെല്ലാം തന്നെ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാണെന്ന് മനസ്സിലാക്കികൊണ്ട് ആദ്യത്തെക്കാൾ കൂടുതൽ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ മുഴുകേണ്ടതാണ്.

ബുദ്ധിമുട്ടുകൾ വരുമ്പോൾ വിശ്വാസി അധികമായി തന്റെ പ്രവർത്തനത്തിൽ മുഴുകുന്നു. എത്രത്തോളമെന്നാൽ ദുനിയാവിനെ കുറിച്ചോ ദുനിയാവിലുള്ള വസ്തുക്കളെകുറിച്ചോ ഉള്ള ഒരു ചിന്തയും അയാൾക്കുണ്ടാകുന്നില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഉള്ളിൽ ആത്മാർത്ഥതയുണ്ടാക്കുക. സത്യസന്ധമായ ആവേശത്തോടെ ശരീരവും,മനസ്സും,സമ്പത്തുമെല്ലാം ചെലവഴിച്ച് കൊണ്ട് നിങ്ങളിൽ അർപ്പിതമായിട്ടുള്ള ഉത്തരവാദിത്വം നിറവേറ്റാനായി തയ്യാറായിരിക്കുക. നിങ്ങളുടെ പരിശ്രമത്തിന്റെയും ആത്മാർത്ഥയുടെയും ഫലമായി ഇസ്ലാമിന് വരാൻ പോകുന്ന സമീപസ്ഥ വിജയം നമ്മളിൽ ഓരോരുത്തർക്കും കാണാൻ സാധിച്ചാൽ, നമുക്ക് സമാധാനത്തിന്റെ വായു ശ്വസിച്ച് കൊണ്ട് വിശ്രമിക്കാൻ സാധിക്കുന്നതാണ്. കാരണം നമ്മിലർപ്പിതമായ ഉത്തരവാദിത്വം നിറവേറ്റാൻ കഴിവുള്ളവരായി നാം മാറിയിരിക്കുന്നു. ഏത് വരെ നമ്മിലർപ്പിതമായ ലക്ഷ്യം ഉന്നതമായ നിലയിൽ പൂർത്തീകരിക്കപ്പെടുന്നില്ലയോ അത് വരെ നാം നമ്മുടെ ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ടിരിക്കുന്നതാണ്.


*മശ്അലെ രാഹ്*

*(പേജ് : 794-796. വാല്യം - 1,*

*സി. മുബശ്ശിർ അഹ്മദ് - കൊച്ചി*















# കത്തുകൾ

'അൽഹഖ്' കിട്ടിയ ഉടനെ വായിക്കുവാൻ വളരെ താൽപര്യം പ്രകടിപ്പിക്കാറുണ്ട്. ഉള്ളടക്കത്തിലും കെട്ടിലും മട്ടിലുമുള്ള അതിന്റെ നിലവാരം ആകർഷകവും വളരെ അഭിനന്ദനീയവുമാണ്. അത് നാൾക്കുനാൾ മെച്ചപ്പെട്ട് വരുന്നതായി കാണുന്നതിൽ സന്തോഷമുണ്ട്.

ജമാഅത്തിന്റെ ദേശീയവും അന്തർദേശീയവുമായ വാർത്തകൾക്ക് മാസികയിൽ ഇടം നൽകുന്നതുകൊണ്ട് ജമാഅത്തിന്റെ പൊതുവേയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അംഗങ്ങൾക്ക് അറിവ് നൽകുന്നു. യുവാക്കൾക്ക് സാഹിത്യത്തിലും അറിവിലും കഴിവു പകരുന്നതിനുപരിയായി ജമാഅത്തീ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകുവാനും അച്ചടക്കബോധവും അർപ്പണ മനോഭാവവും ഭക്തിയാദരങ്ങളും വർദ്ധിപ്പിക്കുവാനും അൽഹഖ് ഉപകരിക്കുന്നുവെന്ന് എടുത്തു പറയാതെ വയ്യ. ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് കുതിക്കുവാൻ അല്ലാഹു അൽഹഖിന് അനുഗ്രഹം നൽകുമാറാകട്ടെ. ആമീൻ.

യൂ.മൻസൂർ അഹ്മദ്
*(സദർ പബ്ലിക്കേഷൻ കമ്മിറ്റി കേരള & സോണൽ അമീർ കണ്ണൂർ)*

'അൽഹഖ് ' മാസിക മാശാഅ് അല്ലാഹ് എല്ലാ മാസവും വളരെ പ്രയോജനപ്രദമായ വിഷയങ്ങളോടെ കൃത്യമായി ഇറങ്ങുന്നു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അൽഹംദുലില്ലാഹ് അലാ ദാലിക് ഇതിനുവേണ്ടി പ്രവർത്തിക്കുന്ന സുഹൃത്തുക്കളുടെ അറിവിലും ജ്ഞാനത്തിലും ആരോഗ്യത്തിലും സൗഖ്യത്തിലും അളവറ്റ അനുഗ്രഹങ്ങൾ ചൊരിയപ്പെടുമാറാകട്ടെ.

മാശാഅ് അല്ലാഹ്, ഈ മാസിക ചുരുങ്ങിയ കാലംകൊണ്ട് തന്നെ ഇന്ത്യയിലെ ദീനീ സാഹിത്യ വൈജ്ഞാനിക മാസികകളുടെ മുൻനിരയിൽ നിൽക്കാനുള്ള അർഹത കൈവരിച്ചിരിക്കുന്നു. തുടർപംക്തികൾക്ക് പുറമെ ദുർലഭവും അത്യപൂർവ്വവുമായ ചരിത്ര നിവേദനങ്ങളും വിവരങ്ങളും ഈ മാസികയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിൽ എല്ലാ വിഭാഗക്കാർക്കും, വ്യത്യസ്ത അഭിരുചിയുള്ളവർക്കും അവശ്യമായ വിഷയങ്ങളാണ് നൽകുന്നത്. എല്ലാ അനുവാചകർക്കും തങ്ങളുടെ അഭിരുചിയും പ്രാപ്തിയും താൽപര്യവും അനുസരിച്ച് ഈ വൈജ്ഞാനിക ആരാമത്തിൽ നിന്ന് പ്രയോജനമെടുക്കാൻ സാധിക്കുന്നുണ്ട്.

വൈജ്ഞാനിക വൈവിധ്യത്തിന്റെയും ആകർഷണീയതയുടെയും വിപുലമായ ഉദ്ദേശ്യലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന മാസികകളിൽ 'അൽഹഖ്' അനുപമമായ സ്ഥാനത്താണുള്ളത്. അല്ലാഹു ഈ മാസികയെ എല്ലാ തലത്തിലും അഭിവൃദ്ധിപ്പെടുത്തുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ, സൈനുദ്ദീൻ ഹാമിദ്
*നാസിം ദാറുൽ ഖളാ & മുൻ പത്രാധിപർ മിശ്ക്കാത്ത് മാഗസിൻ ഖാദിയാൻ*



# അൽഹഖ്

## സപ്ലിമെന്റ് 1

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു ലഘുപരിചയം


തയ്യാറാക്കിയത്

**എച്ച്. ശംസുദ്ദീൻ കാവശ്ശേരി**

**മുബല്ലിഗ്, ദഅ്‌വത്തെ ഇലല്ലാഹ്**

بسم الله الرحمن الرحيم

## അൽഹഖ് സപ്ലിമെന്റ്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനേയും വാഗ്ദത്ത മഹ്ദീ മസീഹ് ഹ.അഹ്മദ്(അ)നേയും അദ്ദേഹത്തിന്റെ ദൗത്യത്തേയും ലഘുവായി പരിചയപ്പെടുത്താനാണ് ഞങ്ങൾ ഇവിടെ ഉദ്യമിക്കുന്നത്.

അതോടൊപ്പം, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങളുടേയും ആരോപണങ്ങളുടേയും നിജസ്ഥിതി വസ്തുതാപരമായി വിശകലനം ചെയ്യുന്നുമുണ്ട്.

ദഅ്‌വത്തെ ഇലല്ലാഹ് പദ്ധതിയിൽ ഭാഗഭാക്കായ എല്ലാവർക്കും സ്വയം പഠിക്കാനും, തബ്‌ലീഗ് രംഗം ഊർജിതമാക്കാനും ഇത് ഉപകരിക്കുമെന്ന പ്രത്യാശയോടെയും പ്രാർഥനയോടെയും അൽഹഖിന്റെ മസീഹ് മൗഊദ് സപ്ലിമെന്റ് നിങ്ങൾക്കായി സമർപ്പിക്കുന്നു.

സി. ശമീം
നാഇബ് സദ്ർ
മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ
ഭാരത്.

## ഉള്ളടക്കം


| | | |
|---|---|---|
| I | മുസ്‌ലിം ഉമ്മത്തിന്റെ ശോച്യാവസ്ഥയും പരിഹാരമാർഗവും | 19 |
| II | ഖാത്തമുന്നബിയ്യീൻ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) | 23 |
| III | ലാ നബിയ്യ ബഅ്ദീ ഹദീസുകളുടെ താൽപര്യം | 28 |
| IV | ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം | 30 |
| V | വീക്ഷണവിശേഷം | 32 |
| VI | റൂഹാനി ഖസായിൻ | 33 |
| VII | അദ്ധ്യാപനങ്ങൾ വിശദീകരണങ്ങൾ | 35 |
| VIII | പ്രവാചകനിഷേധികളുടെ ആരോപണങ്ങൾ ഖുർആനിലെ ചില പരാമർശങ്ങൾ | 37 |
| IX | ആരാണ് മുസ്‌ലിം? നബി(സ)ന്റെ നിർവചനം | 40 |
| X | വസ്തുതകളുടെ ദർപ്പണം ബ്രിട്ടീഷ് സൃഷ്ടിയും ബ്രിട്ടീഷ് സ്തുതിയും | 42 |
| XI | ഹജ്ജും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും | 46 |
| XII | നിഷേധികളുടെ പര്യവസാനം | 47 |
| XIII | അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും പണ്ഡിതസഭകളും | 49 |
| XIV | ഖിലാഫത്തിന്റെ പുനരുദയം | 51 |
| XV | സംശയ നിവാരണത്തിനൊരു എളുപ്പമാർഗം | 53 |
| XVI | ബയ്അത്ത് നിബന്ധനകൾ | 54 |

# മുസ്‌ലിം ഉമ്മത്തിന്റെ ശോച്യാവസ്ഥയും പരിഹാരമാർഗവും



## മുസ്‌ലിംകളുടെ ശോച്യാവസ്ഥ

അവസാനകാലത്ത് മുസ്‌ലിം ഉമ്മത്ത് കക്ഷിപ്രതികക്ഷികളായി ഭിന്നിക്കുമെന്നും യഹൂദ നസാറാക്കളുടെ എല്ലാ ചെയ്തികളും അനുപദം അനുവർത്തിക്കുമെന്നും നബി(സ) വ്യക്തമാക്കിയിരുന്നു. മാത്രമല്ല വർത്തമാനകാല മുസ്‌ലിം നേതാക്കൾ മുസ്‌ലിംകളുടെ ഈ അവസ്ഥയെ ഏറ്റു പറയുകയും ചെയ്യുന്നു.

**അല്ലാമാ ഇഖ്ബാൽ പറയുന്നു:**

*നിങ്ങൾ വേഷവിധാനങ്ങളിൽ നസറാണികളും സംസ്കാരത്തിൽ ഹൈന്ദവരുമാണ്. ഈ മുസ്‌ലിംകളെ കാണുമ്പോൾ യഹൂദികൾ പോലും നാണിച്ചുപോവുന്നു.*

ഈ ഭയാനകമായ ശോച്യാവസ്ഥയിൽ നിന്നുള്ള മോചനം അല്ലാഹു നിയോഗിക്കുന്ന ഒരു വരിഷ്ടാത്മാവിലൂടെ ആയിരിക്കുമെന്ന് നബി(സ) വ്യക്തമാക്കി തന്നിട്ടുണ്ട്.

## നബി(സ) നൽകുന്ന സുവാർത്ത

പരിതാപകരമായ ഈ അവസ്ഥയിൽ നിന്ന് ഉമ്മത്തിനെ സംരക്ഷിക്കാൻ വരുന്ന വാഗ്ദത്ത പരിഷ്കർത്താവിനെ പറ്റി നബി(സ) സുവാർത്ത നൽകുന്നു.

നബി(സ) തിരുമേനിയുടെ പ്രവചനം:-

ഇബ്നുമർയം നിങ്ങൾക്കിടയിൽ നിങ്ങൾക്കുള്ള ഇമാമായി നിങ്ങളിൽ നിന്ന് അവതരിക്കുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? (ബുഖാരി)

ഇബ്നുമർയം നിങ്ങൾക്കിടയിൽ നിങ്ങൾക്ക് ഇമാമത്ത് വഹിച്ചുകൊണ്ട് നിങ്ങളിൽ നിന്ന് അവതരിക്കുമ്പോൾ നിങ്ങളുടെ സ്ഥിതി എ ന്തായിരിക്കും?

അബീദിഅ്ബ് പറയുന്നു: (ഇബ്നുമർയം) നിങ്ങളുടെ പ്രതാപവാനും അന്തസ്സുടയവനുമായ നിങ്ങളുടെ റബ്ബിന്റെ ഗ്രന്ഥം കൊണ്ടും നിങ്ങളുടെ നബി(സ)ന്റെ സുന്നത്തനുസരിച്ചും ഇമാമത്ത് വഹിക്കുന്നതാണ്. (മുസ്‌ലിം)

## പുനരാഗമനത്തിൽ മുസ്‌ലിം കക്ഷികൾ യോജിക്കുന്നു

1- ഈസാനബി(അ)ന്റെ ആരോഹണവും അന്ത്യനാളിനു മുമ്പേയുള്ള ആഗമനവും മുസ്‌ലിംകളുടെ അഖീദയാണ്. (ഖാദിയാനിസം, പേ-53,54, അലീമിയ, വിവ: സുഹൈർ ചുങ്കത്തറ, പ്രസിദ്ധീകരണം - കെ.എൻ.എം)

2- ബഹുമാനപ്പെട്ട ഈസാനബി(അ)....... അന്ത്യകാലത്ത് ഭൂമിയിലേക്ക് ഇറങ്ങിവരും. കുരിശുകൾ തകർക്കും. (ഖാദിയാനിസം, പേ-12, എസ്.വൈ.എസ് ബുക്ക്സ്, കാലിക്കറ്റ്-4)

3- ഈസാ(അ) ഇറങ്ങുമെന്നാണ്....... അസന്ദിഗ്ദ്ധമായും സ്പഷ്ടമായും പ്രവചിക്കപ്പെട്ടിരിക്കുന്നത്. (ഖത്തമുന്നുബുവ്വത്ത്, പേ-70-79, മൗലവി മൗദൂദി, ഐ.പി.എച്ച്)

4- ഈസാ(അ) അന്ത്യകാലത്ത് ലോകത്ത് പുനരാഗമിക്കുമെന്നും ഇസ്‌ലാമിന്റെ സമ്പൂർണ്ണ വിജയം സംഭവിക്കുമെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു. (ഖാദിയാനിസം ഒരു സമഗ്രപഠനം, ഭാഗം-4, പേ-1)

## വരാനുള്ള ഇബ്നു മർയം

വാഗ്ദത്ത മഹ്ദി ഈസയല്ലാതെ മറ്റാരുമല്ല. (ഇബ്നുമാജ)

ബനീഇസ്റായീലിലേക്ക് വന്ന ഈസാനബിയുടെ നിറം ചെമപ്പും മുടി ചുരുണ്ടതും ആയിരുന്നുവെന്നും. (ബുഖാരി, കിത്താബുൽ ഫിത്ൻ, ബാബ് ദിക്റുദ്ദജ്ജാൽ)

വരാനിരിക്കുന്ന ഇബ്നു മർയമിന്റെ നിറം ഗോതമ്പിന്റേതും മുടി നേരെയുള്ളതും നീളമുള്ളതുമാണെന്നും (കിത്താബുൽ ഫിത്ൻ, ബാബ് ദിക്റുദ്ദജ്ജാൽ)

നബി(സ) വിവരിച്ചുകൊണ്ട് വരാനുള്ള ഇബ്നുമർയം ബനീ ഇസ്രായിലിലേക്ക് വന്ന ഈസാനബിയല്ലെന്നും ഈ ഉമ്മത്തിൽ നിന്നുള്ള മറ്റൊരു വ്യക്തിയാണെന്നും മനസ്സിലാക്കിത്തന്നിരിക്കുന്നു.

# ഈസാനബിയും മഹ്ശറയിലെ വിചാരണയും

وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِن دُونِ اللَّهِ ۖ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ ۚ إِن
كُنتُ قُلْتُهُ فَقَدْ عَلِمْتَهُ ۚ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ ۚ إِنَّكَ أَنتَ عَلَّامُ الْغُيُوبِ ﴿١١٧﴾ مَا قُلْتُ لَهُمْ إِلَّا مَا أَمَرْتَنِي بِهِ أَنِ اعْبُدُوا اللَّهَ رَبِّي
وَرَبَّكُمْ ۚ وَكُنتُ عَلَيْهِمْ شَهِيدًا مَّا دُمْتُ فِيهِمْ ۖ فَلَمَّا تَوَفَّيْتَنِي كُنتَ أَنتَ الرَّقِيبَ عَلَيْهِمْ ۚ وَأَنتَ عَلَىٰ كُلِّ شَيْءٍ شَهِيدٌ ﴿١١٨﴾

അല്ലാഹു പറയുന്ന അവസരം, ഓ മർയമിന്റെ മകൻ ഈസാ! എന്നേയും എന്റെ മാതാവിനേയും അല്ലാഹുവിനെ കൂടാതെ രണ്ട് ദൈവങ്ങളായി സ്വീകരിക്കുക എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും, നീ പരിശുദ്ധനാണ്. എനിക്ക് അവകാശമില്ലാത്ത ഒരു കാര്യം പറയുകയെന്നത് എനിക്ക് ചേർന്നതല്ല. ഞാനങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു. നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. തീർച്ചയായും നീ പരോക്ഷ കാര്യം നല്ലവണ്ണം അറിവുള്ളവനാകുന്നു. നീ എന്നോട് ആജ്ഞാപിച്ചതെന്തോ അതല്ലാതെ (വേറെ യാതൊന്നും) ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത്, എന്റേയും നിങ്ങളുടേയും നാഥനായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം (കാലം) ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. എന്നാൽ, നീ എന്നെ **മരിപ്പിച്ചപ്പോൾ** അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു. (5:117,118)

---

## സ്വഹീഹ് ബുഖാരി

ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു, ഖിയാമത്ത് നാളിൽ എന്റെ ഉമ്മത്തിലെ ചിലയാളുകളെ നരകത്തിലേക്ക് തള്ളിക്കൊണ്ട് പോകും. അപ്പോൾ ഞാൻ പറയും, ഇതെന്റെ അനുയായികളാണ്. മറുപടി നൽകപ്പെടും. താങ്കൾക്കു ശേഷം ഇവരെന്തെല്ലാമാണ് ചെയ്തതെന്ന് താങ്കൾക്കറിയില്ല. ആ സമയത്ത് അല്ലാഹുവിന്റെ സാത്വികനായ ദാസൻ പറഞ്ഞതുപോലെ ഞാനും പറയും, അതായത് ഞാനവരിൽ ഉണ്ടായിരുന്നിടത്തോളം കാലം ഞാനവർക്ക് സാക്ഷിയായിരുന്നു. നീ എന്നെ മരിപ്പിച്ചപ്പോൾ നീ തന്നെയായി അവരുടെ മേൽനോട്ടക്കാരൻ. (ബുഖാരി കിത്താബു തഫ്സീർ)

## തവഫ്ഫ

അല്ലാഹു കർത്താവും മനുഷ്യൻ (ജീവനുള്ള വസ്തു) കർമ്മവും ആയി വന്നാൽ തവഫ്ഫ എന്ന പദത്തിന്റെ അർത്ഥം മരിപ്പിക്കുക (ആത്മാവിനെ ജഢത്തിൽനിന്ന് വേർപ്പെടുത്തുക) എന്ന് മാത്രമേ കിട്ടുകയുള്ളൂ.

## തഫ്സീർ

## ഇബ്നു അബ്ബാസ്(റ)

മുത്തവഫ്ഫീക്ക- മുമീത്തുക്ക (നിന്നെ മരിപ്പിക്കും)

## തവഫ്ഫ ഖുർആനിൽ

(2:241, 245; 3:194; 7:127; 10:47; 10:105; 12:102; 13:41; 16:71; 39:46; 40:68, 78)

## ഹ.അഹ്മദ്(അ)ന്റെ വെല്ലുവിളി

വിശുദ്ധ ഖുർആനിൽ നിന്നോ, നബി(സ)ന്റെ ഹദീസുകളിൽ നിന്നോ പുതിയതും പഴയതുമായ പദ്യങ്ങളിൽ നിന്നോ, ഗദ്യങ്ങളിൽ നിന്നോ അല്ലാഹുവിന്റെ കർമ്മം എന്ന നിലക്ക് ജീവനുള്ള അതിനെ സംബന്ധിച്ച് തവഫ്ഫ എന്നപദം ജീവനെ പിടിക്കുക. മരിപ്പിക്കുക എന്നല്ലാതെ മറ്റേതെങ്കിലും അർത്ഥത്തിൽ ഉള്ളതായി അതായത് ശരീരത്തേയും പിടിക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടതായി തെളിവ് സമർപ്പിച്ചാൽ ഞാൻ അല്ലാഹുവിനെ സാക്ഷ്യം ചെയ്തുകൊണ്ട് പ്രഖ്യാപിച്ചുകൊള്ളുന്നു. അത്തരം ആൾക്ക് ഞാൻ എന്റെ സ്വത്തിൽനിന്ന് ഒരുഭാഗം വിറ്റ് ആയിരം രൂപ രൊക്കം നൽകുന്നതാണ്. മാത്രമല്ല മേലിൽ ആയാളുടെ ഹദീസ് പാണ്ഡിത്യവും ഖുർആൻ പാണ്ഡിത്യവും അംഗീകരിക്കുകയും ചെയ്യുന്നതാണ്. (ഇസാലെ ഔഹാം പേജ്: 375)

## മഹാത്മാക്കളുടെ വീക്ഷണം

**ഇമാം മാലിക്:**
ഈസാ(അ) മരിച്ചുപോയിരിക്കുന്നു. (മജ്മഅ ബിഹാറുൽ അൻവാർ, വാള്യം-1, പേ-286) (ഇക്മാലുൽ ഇക്മാൽ ശറഹ് മുസ്ലിം, വാള്യം-1, പേ-265)

**ഹദ്റത്ത് ആയിശ(റ):**
ഈസാനബിക്ക് 120 വയസ്സുണ്ടായിരുന്നു. (ദർഖാനി, വാള്യം-1, പേ-46)

**നവാബ് സിദ്ദീഖ് ഹസൻഖാൻ:**
നബി(സ)ന് മുമ്പുവന്ന എല്ലാ പ്രവാചകന്മാരും മരണപ്പെട്ടിരിക്കുന്നു. (തർജമാനുൽ ഖുർആൻ, വാള്യം-2, പേ-513)
ഈസാനബിക്ക് 120 വയസ്സ് ഉണ്ടായിരുന്നു. (ഹിജ്ജുൽ കിറാമ, പേ-468)

**മുഹയുദ്ദീൻ ഇബ്നു അറബി:**
അവസാനകാലത്ത് ഹദ്റത്ത് ഈസാ(അ) മറ്റൊരു വ്യക്തിത്വമായി അവതരിക്കും. (തഫ്സീർ അറാഇസുൽ ബയാൻ, വാള്യം-1, പേ-262)

നജ്റാനിലെ ക്രൈസ്തവസംഘത്തോട് നബി (സ) പറഞ്ഞു: നമ്മുടെ നാഥൻ നശിക്കാത്തവനും സദാ ജീവിച്ചിരിക്കുന്നവനുമാണല്ലോ. എന്നാൽ, ഈസാക്ക് നാശം വന്നതറിയില്ലേ? (ജമാഅത്തെ ഇസ്ലാമിബാലപ്രസിദ്ധീകരണം, മലർവാടി, പേ-31, 1-15/7/86)

മരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് അക്കാര്യം ഖുർആൻ പറഞ്ഞില്ല? വിശുദ്ധഖുർആൻ ലോകാന്ത്യം വരെ നിലനിൽക്കുന്നതും അവസാനത്തെ മനുഷ്യനും ഹിദായത്തിനുള്ള ഗ്രന്ഥവുമാണെന്ന് വിശ്വസിക്കുന്നവരാണല്ലോ മുസ്ലിംകൾ. എന്നിരിക്കെ, ഈസാ(അ) ജീവിച്ചിരിപ്പുണ്ടെന്ന് അതിനെങ്ങനെ പറയാൻ കഴിയും?(ഖാദിയാനിസം ഒരു സമഗ്രപഠനം, വാള്യം-4, ആമുഖം, പേ-6, ഐ.പി.എച്ച്, കോഴിക്കോട്)

## ദുർബല ഹദീസ് പോലും ഇല്ല

ഹ. അഹ്മദ്(അ) പറയുന്നു: ഇസ്ലാമിലെ എല്ലാ കക്ഷികളുടെയും ഹദീസ് ഗ്രന്ഥങ്ങൾ പരതിയാലും, സ്വഹീഹ് ഹദീസ് എന്നല്ല കെട്ടിച്ചമച്ച ഹദീസിൽപോലും, ഹ.ഈസാ(അ) സ്ഥൂലശരീരത്തോടെ ആകാശത്തേക്ക് പോയതായും പിന്നീട് ഏതെങ്കിലും കാലത്ത് ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നും കാണുകയില്ല. ആരെങ്കിലും അങ്ങനെ ഒരു ഹദീസ് സമർപ്പിച്ചാൽ അയാൾക്ക് ഞാൻ 20,000/-രൂപ പിഴയായി നൽകുന്നതാണ്. കൂടാതെ തൗബ ചെയ്യുകയും എന്റെ എല്ലാ ഗ്രന്ഥങ്ങളും ചുട്ടെരിക്കുകയും ചെയ്യാം. (കിത്താബുൽബരിയ്യ : അടിക്കുറിപ്പ് പേജ്: 225, 226)

## നസല എന്ന വാക്കിന്റെ യാഥാർത്ഥ്യം

ഈസാനബിയെക്കുറിച്ച് ഇറങ്ങും (നസല) എന്നാണ് പ്രയോഗിച്ചിരിക്കുന്നത്.
ആദരണീയവും അനിവാര്യവും അത്യാവശ്യവുമായ സംഗതികളുടെ അവതരണത്തേയും ആഗമനത്തേയും അറബിയിൽ നസലഎന്ന പദംകൊണ്ട് പറയാറുണ്ട്.
ഉദാഹരണം:- വിശുദ്ധഖുർആൻ പറയുന്നു: നാം നിങ്ങൾക്ക് വസ്ത്രം ഇറക്കിതന്നു.(7:27)
നിങ്ങൾക്ക് നാൽക്കാലികളെ ഇറക്കിത്തന്നു. (39:7)
നാം ലോഹത്തെ ഇറക്കിയിരിക്കുന്നു.(57:26)
അല്ലാഹു നിങ്ങളിലേക്ക് പ്രബോധകനായ റസൂലിനെ (നബി(സ)നെ) ഇറക്കി.(65:11)
ഇപ്പറഞ്ഞതൊന്നും ആകാശത്ത് നിന്നുള്ള ഇറക്കമല്ല എന്നത് സുവിദമാണ്.

## റഫഅ

- **റഫഅ** എന്നാൽ ഉയർത്തുക എന്നാണർഥം
- അല്ലാഹുവിന്റെ ഒരു സ്വിഫത്ത് റാഫിഅ് (ഉയർത്തുന്നവൻ എന്നാണ്).
- നബി(സ) ജീവിതത്തിൽ മുഴുവനും **റഫ അനീ** (എന്നെ ഉയർത്തേണമേ) എന്ന് ദുഃആ ചെയ്തിരുന്നു.
- അല്ലാഹു ഉയർത്തുന്നത് ആത്മീയമായിട്ടാണ്.
- വിശുദ്ധ ഖുർആൻ പറയുന്നു:

നാം ഇദ്‌രീസിനെ ഉന്നതസ്ഥാനത്തേക്ക് ഉയർത്തി (19:58)
നാം ആഗ്രഹിച്ചിരുന്നുവെങ്കിൽ അയാളെ ഉയർത്തുമായിരുന്നു. പക്ഷേ അയാൾ ഭൂമിയിലേക്ക് ചായുകയും സ്വേച്ഛകളെ പിൻപറ്റുകയുമാണുണ്ടായത്. (7:177)

**- ഹദീസുകൾ പറയുന്നു:**

**ഇദാ തവാളഅൽ അബ്ദു റഫഅഹുല്ലാഹു ഇലസ്സമാഇ സ്സാബിഅത്തി (കൻസുൽഉമ്മാൽ)**

ദാസൻ വിനയം കൈക്കൊണ്ടാൽ അല്ലാഹു അവനെ ഏഴാം ആകാശത്തേക്ക് ഉയർത്തുന്നതാണ്.

- ഏതെങ്കിലും മുസ്വീബത്ത്, മരണം ഉണ്ടാകുമ്പോൾ ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ എന്ന് പറയുന്നു. (ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവനിലേക്ക് തന്നെ മടങ്ങുന്നവരുമാണ്)
- വിശുദ്ധ ഖുർആന്റെ വീക്ഷണത്തിൽ അല്ലാഹുവിനെ ഏതെങ്കിലും പ്രത്യേകസ്ഥലത്ത് നിജപ്പെടുത്താൻ കഴിയില്ല.
- നാം ജീവനാഡിയേക്കാളും സമീപസ്ഥനാണ്.
- നിങ്ങൾ എവിടെ തിരഞ്ഞാലും അല്ലാഹുവിന്റെ മുഖം ദർശിക്കാം (2:116)

**- നിഷേധികൾ**

- നബി(സ) നോട് ആകാശത്ത് പോയി ഗ്രന്ഥം കൊണ്ടുവരാൻ പറഞ്ഞപ്പോൾ അല്ലാഹു കൽപിച്ചു.

**ഖുൽസുബ്ഹാനറബ്ബീ ഹൽകുൻതു ഇല്ലാ ബശറർറസൂലാ**

പറയുക, എന്റെ നാഥൻ പരിശുദ്ധനാണ് ഞാൻ മനുഷ്യനായ പ്രവാചകൻ മാത്രമാണ്.

- അതായത് മനുഷ്യനെന്ന നിലക്ക് തനിക്ക് ആകാശത്തേക്ക് പോകാൻ സാധ്യമല്ലെന്ന് നബി(സ) വ്യക്തമാക്കുകയാണ്.
- ഈസാ നബിയും മനുഷ്യനെന്ന നിലയിൽ ആകാശത്തേക്ക് കയറിപ്പോകാൻ സാധ്യമല്ല. കാരണം നബി(സ) തനിക്ക് ആകാശത്തേക്ക് കയറിപ്പോകാൻ കഴിയാത്തതിന് കാരണം പറഞ്ഞത് താൻ മനുഷ്യനാണെന്നാണ്.

## റാഫിഉക്ക ഇലയ്യ

അല്ലാഹു ഈസാനബിയെക്കുറിച്ച് റാഫിഉക്ക ഇലയ്യ (എങ്കലേക്ക് ഉയർത്തുന്നതാണ്) ബൽ റഫഅഹുല്ലാഹു ഇലയ്ഹി (മരിച്ച് അദ്ദേഹത്തെ അവനിലേക്ക് ഉയർത്തി) എന്നിങ്ങനെ വന്നിട്ടുണ്ട്.

- ഈസാനബിയെക്കുറിച്ച്, അദ്ദേഹം നഊദുബില്ലാഹ് കള്ളവാദിയാണെന്നും അതിനാൽ തങ്ങളുടെ പ്രമാണമനുസരിച്ച് കുരിശിലേറ്റി കൊല്ലണമെന്നുമാണ് യഹൂദികൾ ശഠിച്ചത്.
- ഈസാനബിയെ കുരിശിലേറ്റിയെങ്കിലും ഏതാനും മണിക്കൂർകൊണ്ട് താഴെ ഇറക്കി എന്നും അതുകൊണ്ട് തന്നെ ശുബ്ബിഹലഹും അവർക്ക് അദ്ദേഹം മരിച്ചതായി സദൃശീകരിക്കപ്പെടുകയാണുണ്ടായതെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.
- അവർക്ക് കൊല്ലാനോ, കുരിശിലേറ്റി കൊല്ലാനോ കഴിഞ്ഞില്ല.
- ദൈവപ്രീതനല്ലെന്ന് വരുത്താനാണ് കുരിശിൽ തറച്ച് കൊല്ലാൻ യഹൂദികൾ പദ്ധതി രൂപീകരിച്ചത്.
- പക്ഷേ അല്ലാഹു ഏറ്റവും യുക്തിഭദ്രമായ പദ്ധതി ആവിഷ്കരിച്ച് അദ്ദേഹത്തെ കുരിശിൽ മരിക്കാതെ രക്ഷിച്ചു.
- തുടർച്ചയായ പീഢനങ്ങളും താഢനങ്ങളും കാരണം, അദ്ദേഹം മോഹാൽസ്യപ്പെടുകയാണുണ്ടായത്. മരിച്ചിട്ടുണ്ടായിരുന്നില്ല.
- മാത്രമല്ല, യഹൂദികളുടെ പദ്ധതിപൊളിഞ്ഞുവെന്നും ഈസാനബിയുടെ ആത്മീയ അഭ്യുന്നതിക്ക് കോട്ടമൊന്നും സംഭവിച്ചില്ലെന്നുമാണ് അല്ലാഹു തന്നിലേക്ക് ഉയർത്തി എന്ന് പറഞ്ഞുകൊണ്ട് വ്യക്തമാക്കിയത്.
- അല്ലാഹുവിനെ ഏതെങ്കിലും ഒരു സ്ഥലത്ത് നിജപ്പെടുത്തുന്നത് വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നില്ല.

## റഫഅയും നസലയും യഹൂദികളും മനസിലാക്കിയില്ല!

ഈസാനബി ഇസ്റാഇലിൽ വന്നപ്പോൾ യഹൂദികൾ അദ്ദേഹത്തെ നിഷേധിക്കുകയും ഏലിയാവ് അഥവാ ഇൽയാസ് നബി ആകാശത്തേക്ക് കരേറിയിരിക്കുന്നുവെന്നും അദ്ദേഹം തന്നെ തിരിച്ചുവരുമെന്നും ഏലിയാവിനുശേഷമാണ് മസീഹ് വരേണ്ടതെന്നും അവർ ശഠിച്ചു.
അന്ന് അവർക്ക് ഈസാനബി നൽകിയ മറുപടി ആരും ആകാശത്തേക്ക് കരേറിയിട്ടില്ലെന്നും ആരും ആകാശത്ത് നിന്ന് വരുന്നതല്ലെന്നും ഏലിയാവിന്റെ ആഗമനം യോഹന്നാനി (യഹ്‌യ)ൽ പൂർത്തിയായെന്നും ആയിരുന്നു പക്ഷേ യഹൂദികൾക്ക് അത് സ്വീകാര്യമായില്ല. മാത്രമല്ല അദ്ദേഹത്തെ അവർ നിരാകരിക്കുകയും കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. ആകാശവാസത്തെപ്പറ്റി ഇത്രയും കൃത്യമായി വിശദീകരിച്ച ഈസാനബിയെ തന്നെ ഇന്ന് ആകാശത്ത് കുടിയിരുത്തുകയാണ്.
എന്റെ ഉമ്മത്ത് യഹൂദികളെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിന്തുടരുമെന്ന നബിവചനത്തിന്റെ നിറപുലർച്ച!

### ഗ്രന്ഥം വന്നതിനു ശേഷവും പ്രവാചകന്മാർ

പിന്നെ നന്മ ചെയ്യുന്നവർക്ക് അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതും എല്ലാ കാര്യങ്ങളുടേയും വിശദീകരണമുള്ളതും മാർഗ്ഗദർശനവും കാരുണ്യവുമായ ഗ്രന്ഥം നാം മൂസാക്ക് നൽകി. തങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയിൽ അവർ വിശ്വസിക്കുന്നതിനുവേണ്ടി. (6:155)
തീർച്ചയായും നാം മൂസാക്ക് ഗ്രന്ഥം നൽകിയിട്ടുണ്ട്. അദ്ദേഹത്തിനുശേഷം തുടരെത്തുടരെ പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു.(2:88)
നിശ്ചയമായും നാം തൗറാത്ത് ഇറക്കി. അതിൽ മാർഗ്ഗദർശനവും പ്രകാശവും ഉണ്ടായിരുന്നു. അതുമുഖേന അനുസരണം പുലർത്തുന്ന പ്രവാചകന്മാർ യഹൂദികൾക്കുവേണ്ടി വിധി കല്പിക്കാറുണ്ടായിരുന്നു. (5:45)

# എന്തുകൊണ്ടു ഇബ്നു മർയം എന്ന് പറഞ്ഞു?

സാദൃശ്യപരവും സാധർമ്മ്യവുമുള്ള കാര്യങ്ങളെ അതേ വാക്കുകളിൽ പ്രയോഗിക്കുകയെന്നത് ഒരു ഭാഷാശൈലിയാണ്. ഉദാഹരണം യൂസുഫ് നബിയെക്കുറിച്ച് ***(ഇൻഹാദാ ഇല്ലാമലക്കുൻ കരീം)*** എന്ന് പറഞ്ഞിരിക്കുന്നു. മലക്കിനെപോലെ എന്ന് പറഞ്ഞിട്ടില്ല.

അല്ലാമാ സിറാജുദ്ദീൻ ഇബ്നുൽ വർദി പറയുന്നു: ഈസാനബിയുടെ ആഗമനം അദ്ദേഹത്തോട് മേന്മയിലും മഹത്വത്തിലും സാദൃശ്യമുള്ള ഒരാളുടെ ആഗമനമാണ്. നല്ല മനുഷ്യനെ മലക്കെന്നും ചീത്ത മനുഷ്യനെ ശയ്ത്വാനെന്നും പരസ്പരം സാദൃശ്യപ്പെടുത്തി പറയുമ്പോലെ. അതുകൊണ്ട് യഥാർത്ഥത്തിലുള്ളതല്ല വിവക്ഷിതം. (ഖരീദത്തുൽ അജായിബ് വഫരീദത്തുർറഗായിബ്)

**ഭാഷാപ്രയോഗം മലയാളത്തിൽ**

ഫുട്ബോൾ കളിക്കാർ ഒരു പെലെഎന്നുണ്ടാകും എന്ന് ചോദിക്കുന്നു.

സുമുഖനായ ഒരാളെ ചന്ദ്രബിംബംഎന്നു പറയുന്നു.

ധീരമായ കാര്യങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുന്നവരെ സിംഹഗർജ്ജനം എന്നുപറയുന്നു.

## പ്രവചനങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടവയാണ്

1. വിശുദ്ധഖുർആനിൽ സൂറഃജുമുആയിൽ വആഖരീനമിൻഹും ലമ്മായൽഹഖുബിഹിം എന്ന ആയത്തിൽ നബിതിരുമേനിയുടെ നിയോഗം മറ്റൊരു കൂട്ടരിലും ഉണ്ടാകുമെന്ന് പ്രവചിക്കപ്പെട്ടതിനെ സംബന്ധിച്ച് അത് സൽമാനുൽ ഫാരിസി(റ)ന്റെ അംശാവലിയിൽനിന്നുള്ള ഒരാളുടെ ആഗമനത്തോടെ പൂർത്തിയാകുമെന്ന് നബി(സ)വ്യഖ്യാനിച്ചിരിക്കുന്നു. (ബുഖാരി, ബാബ്, തഫ്സീർ സൂറത്തുൽ ജുമുആ)

2. ഇബ്നുമർമിനെ സംബന്ധിച്ച പ്രവചനത്തിൽ പറയപ്പെട്ടിട്ടുള്ള ദൗത്യങ്ങൾ പന്നിയെ കൊല്ലും, കുരിശുടയക്കും തുടങ്ങിയ പ്രവചനങ്ങൾ- മുസ്ലിംപണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു. അതുകൊണ്ടുതന്നെ ഇബ്നുമർയം എന്നു പറഞ്ഞതും വ്യാഖ്യാനാർഹമാണെന്നും സ്പർഷ്ടമാകുന്നു.

3. നബിതിരുമേനിയെ സംബന്ധിച്ച് തൗറാത്തിലും ഇഞ്ചീലിലും പറയപ്പെട്ട പ്രവചനങ്ങൾ കാര്യസ്ഥൻ സത്യത്തിന്റെ ആത്മാവ്, പാറക്കലീത്ത് എന്നൊക്കെയാണ്. ഇവയെ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു. എന്നാൽ യഹൂദി നസ്റാക്കാൾ അവയെ സ്വീകരിക്കുന്നില്ല.

4. മസീഹിന്റെ കാലത്ത് വെളിപ്പെടേണ്ട ദജ്ജാൽ യഅ്ജൂജ്, മഅ്ജൂജ് എന്നിവയെ ആധുനികപണ്ഡിതന്മാർ വ്യാഖ്യാനിക്കുകയും അത് വെളിപ്പെട്ടുകഴിഞ്ഞതായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. (മഹ്ദി എന്ന മിഥ്യ, തഫ്ഹീമുൽ ഖുർആൻ, സുന്നി വോയ്സ്, പ്രബോധനം , മക്കയിലേക്കുള്ള പാത)

5. ഏലിയാ വരുമെന്ന പ്രവചനം യഹിയാ നബിയിൽ പൂർത്തിയായതായി ഈസാനബി(സ) വ്യാഖ്യാനിക്കുകയുണ്ടായി. എന്നാൽ, പ്രവചനങ്ങൾ ബാഹ്യാർത്ഥത്തിൽ പുലരണമെന്ന് ശഠിച്ച യഹൂദികൾക്ക് യഹിയാനബിയേയും ഈസാനബിയേയും വിശ്വസിക്കാൻ കഴിഞ്ഞില്ല. മുസ്ലിംകൾ യഹൂദി നസ്റാക്കളെ പിന്തുടരുമെന്ന പ്രവചനം സ്മരണീയമാണ്.

## വാഗ്ദത്ത മസീഹിനെ എന്തുകൊണ്ട് ഈസബ്നു മർയം എന്നു വിശേഷിപ്പിച്ചു?

1. ഈസാനബി(അ) തൗറാത്തിനെ സത്യപ്പെടുത്തുന്ന പ്രബോധകനായി വന്നതുപോലെ വാഗ്ദത്ത മസീഹ് വിശുദ്ധഖുർആനെ സത്യപ്പെടുത്തുന്നു.
2. അവസാനകാലത്ത് ക്രിസ്ത്യാധിപത്യമായിരിക്കും. മുസ്ലിംകളാകട്ടെ യഹൂദി നസ്റാക്കളെ എല്ലാവിധേനയും അനുധാവനം ചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് അവരെ സൽപന്ഥാവിലേക്ക് നയിക്കാൻ വരുന്ന വാഗ്ദത്ത മസീഹിന്റെ പേര് ഇബ്നു മർയം എന്ന് വെച്ചു.
3. ബനീഇസ്റായീലിൽ മൂസായുടെ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഈസാനബി വന്നതുപോലെ ഇസ്ലാമിൽ നബി(സ)ന്റെ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കലാണ് വാഗ്ദത്ത മസീഹിന്റെ ആഗമം.

**ഹദ്റത് അഹ്മദ്(അ) പറയുന്നു:**

**ഫസ്വിർത്തുലഹും ഈസാ ഇദാ മാ തഹവ്വദു വഹാദാ കഫാ മിന്നീ ലി ഖൗമിൻ തഫക്കറൂ**
**വലാക്കിൻ ഖലൂബു ബിൽയഹൂദി തശാബഹത്ത് വഹാദാ ഹുവ ന്നബഉല്ലദീ ജാഅ ഫദ്കുറു**

ഇവർ യഹൂദികളായപ്പോൾ അവർക്ക് വേണ്ടി ഞാൻ ഈസയായി അവതരിച്ചു.
ചിന്തിക്കുന്ന സമൂഹത്തിന് എന്നെപ്പറ്റി ഇത് മതിയായതാണ്.
അവരുടെ ഹൃദയങ്ങൾ യഹൂദികളുമായി താദാത്മ്യം പ്രാപിക്കുകയുണ്ടായി.
ഈ വൃത്താന്തം നേരത്തെ ഓർമപ്പെടുത്തിയത് തന്നെയാണ്.

# ആകാശത്ത് നിന്ന് ആരും വരാനില്ല!

**- ഹദ്റത് അഹ്മദ്(അ) -**

ആകാശത്തിൽനിന്നും ആരും ഒരിക്കലും ഇറങ്ങിവരികയില്ലയെന്നു ഓർമ്മിച്ചു കൊള്ളുക. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ വിരോധികളെല്ലാവരും, തങ്ങളിൽ ആരും ഈസബ്നുമർയം ആകാശത്ത്നിന്ന് ഇറങ്ങുന്നതു കാണാതെ തന്നെ മരിച്ചൊടുങ്ങും. പിന്നെ ശേഷിക്കുന്നവരുടെ സന്തതികളും ഈസബ്നുമർയം ആകാശത്തുനിന്നു ഇറങ്ങുന്നതുകാണാതെ തന്നെ മരണമടയും. പിന്നെ ആ സന്തതികളുടെ സന്തതികളും മരിച്ചു തീരും. എന്നാൽ അവരും മർയമിന്റെ പുത്രൻ ആകാശത്ത്നിന്ന് ഇറങ്ങുന്നതുകാണുകയില്ല. അപ്പോൾ ഈ വിശ്വാസവും പ്രതീക്ഷയും വെച്ചുകൊള്ളുന്നവരുടെ ഹൃദയത്തിൽ പരിഭ്രമം ജനിക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോകുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മർയമിന്റെ പുത്രൻ ഈസാ(അ) അതുവരെയും ആകാശത്ത് നിന്ന് ഇറങ്ങിയിരിക്കയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തുതുടങ്ങും. ഇങ്ങനെ ഇന്നുമുതൽ 3 നൂറ്റാണ്ട് പൂർണ്ണമാകുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്ലിമാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും തീരെ മനംമടുത്ത് ഈ മിഥ്യാവിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. പിന്നെ ലോകത്ത് ഒരേ മതവും ഒരേ നേതാവും മാത്രമായിരിക്കും. ഞാൻ ഒരു ബീജാവാപം ചെയ്യുന്നതിന്നായിട്ട് വന്നിരിക്കുന്നു. അതിനി വളർന്നുവരികയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇതിനെ തടയുക ആരാലും സാധ്യമല്ല.

**ഹദ്റത് അഹ്മദ്(അ) പറയുന്നു:**

വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്കുള്ള വിധികർത്താവും ഞാനാണെന്ന് അല്ലാഹു തന്റെ പരിശുദ്ധവും പവിത്രവുമായ വെളിപാടുമുഖേന എന്നെ അറിയിച്ചിരിക്കുന്നു. (അർബഈൻ)

ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ ആ സർവശക്തനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ബുഖാരിയിലും മുസ്ലിമിലും മറ്റ് സിഹാഹുകളിലും വന്നിട്ടുള്ള സ്വഹീഹ് ഹദീസുകളിലൂടെ തിരുനബി(സ) സുവിശേഷമറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.(മൽഫൂസാത്ത്-1)

നബിതിരുമേനി(സ) നബിയുല്ലാഹ് എന്ന് നാമകരണം ചെയ്തിട്ടുള്ള ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. (റസൂലുൽ മസീഹ്)

**വഖ്ത് ഥാ വഖ്തെ മസീഹാ**
**ന കിസീ ഔർ കാ വഖ്ത്**
**മേം ന ആത്താ തോ കോയീ**
**ഔർ ഹീ ആയാഹോത്താ**

ഇത് മസീഹിന്റെ കാലമാണ് മറ്റാരുടേതുമല്ല, ഞാൻ വന്നില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും വരുമായിരുന്നു.



مَا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ
وَخَاتَمَ ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَيْءٍ عَلِيمًا ٤١ (33:41)

# ഖാത്തമുന്നബിയ്യീൻ
# ഹദ്റത് മുഹമ്മദ് മുസ്തഫാ(സ)

***അശ്റഫുൽ ഖൽഖ് ഹദ്റത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയെക്കുറിച്ച് വിശുദ്ധഖുർആൻ നൽകുന്ന വിശേഷണമാണ് ഖാത്തമുന്നബിയ്യീൻ എന്നത്.***

**വിശുദ്ധ ഖുർആൻ പറയുന്നു:**
മുഹമ്മദ്(സ) നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ അദ്ദേഹം അല്ലാവിന്റെ റസൂലും നബിമാരുടെ മുദ്രയുമാകുന്നു. അല്ലാഹു എല്ലാകാര്യങ്ങളെ കുറിച്ചും നല്ലപോലെ അറിയുന്നവനാകുന്നു.(33:41)

ഇവിടെ നബി(സ) തിരുമേനിയെക്കുറിച്ച് മൂന്ന് സംഗതികളാണ് അല്ലാഹു പറയുന്നത്.

**1. നബി(സ) ഒരു പുരുഷന്റെയും ജഡിക പിതാവല്ല.**
**2. അല്ലാഹുവിന്റെ റസൂലാണ്.**
**3. ഖാത്തമുന്നബിയ്യീനാണ്.**

മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു സംഗതി നിഷേധാർഥത്തിലും അവസാനം പറഞ്ഞ രണ്ട് സംഗതികൾ അനുകൂലാർഥത്തിലുമാണ്.
ഖുർആൻ ആദ്യം പറഞ്ഞത്. നബി(സ) ഒരു പുരുഷന്റെയും ജഡിക പിതാവല്ല എന്നാണ്. തുടർന്ന് എന്നാൽ, പക്ഷേ എന്നർഥം വരുന്ന ലാകിൻ എന്ന പ്രത്യയം ഉപയോഗിച്ചിരിക്കുന്നു. ആദ്യം പറഞ്ഞ പ്രസ്താവനക്ക് തികച്ചും വ്യത്യസ്തമായ പ്രസ്താവന ഉദ്ധരിക്കുമ്പോളാണ് ലാകിൻ (എന്നാൽ, പക്ഷേ) എന്ന് പ്രയോഗിക്കാറുള്ളത്. ആദ്യവാചകത്തിൽ ഉണ്ടാകുന്ന സംശയം മാറ്റുക കൂടിയാണ് അതിന്റെ ഉദ്ദേശ്യം. അതുകൊണ്ടുതന്നെ നബി(സ), ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ റസൂലാണ് (അതായത് എല്ലാ മുഅ്മിനിംകൾക്കും ആത്മീയ പിതാവാണ്). തുടർന്ന് പറഞ്ഞു ഖാത്തമുന്നബിയ്യീനുമാണ് (അതായത് പ്രവാചകന്മാർക്കും ആത്മീയ പിതാവാണ്).
ഈ പരിഭാഷ മാത്രമേ കരണീയമായിട്ടുള്ളൂ. അല്ലാത്ത പക്ഷം വാചകം അർഥരഹിതമാകും. മാത്രമല്ല എതിരാളികളുടെ ആക്ഷേപത്തിന് അത് ശക്തി പകരുകയും ചെയ്യും.
നബി(സ) തിരുമേനിയെ എതിരാളികൾ അബ്തർ (സന്താനരഹിതൻ, വാലറ്റവൻ) എന്ന് ആക്ഷേപിച്ചിരുന്നു. നിഷേധികൾ പറഞ്ഞിരുന്നത് ഇദ്ദേഹത്തിന് ഒരു ആൺകുട്ടിയും ഇല്ല. ജീവിതകാലമത്രയും ഇദ്ദേഹത്തിന്റെ പേരുണ്ടാകും. ശേഷം ആരാണ് പേര് നിലനിർത്തുക എന്നായിരുന്നു (മൗളിഉൽ ഖുർആൻ)
വിശുദ്ധ ഖുർആൻ അതിനു നൽകുന്ന മറുപടി : ഇന്ന ശാനിയക്ക ഹുവൽ അബ്തർ നിന്റെ ശത്രുതന്നെയാണ് വാലറ്റവൻ എന്നാണ്. (സൂറത്തുൽ കൗസർ)
അതേസമയം വിശുദ്ധ ഖുർആൻ നബി(സ) ഒരു പുരുഷന്റെയും പിതാവല്ലെന്ന് സമ്മതിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ ആത്മീയ പിതൃത്വത്തെ വിളംബരം ചെയ്യുകയുമാണ്. അതായത് പ്രവാചകൻ എന്ന നിലക്ക്, സകല മുഅ്മിനീംകൾക്കും അവിടുന്ന് പിതാവാണ്.

## പൂർവസൂരികൾ ഖാത്തം ശ്രേഷ്ഠത ആണെന്ന് മനസിലാക്കിയിരുന്നു

**ഹദ്റത് അബൂ അബ്ദുല്ലാഹ് മുഹമ്മദ്ബിനു അലിയ്യിൽ ഹുസൈൻ**
**അൽ ഹക്കീം അത്തിർമിദി (മരണം: 308 ഹിജ്രി) പറയുന്നു:**
***യദുന്നു അന്ന ഖാത്തമുന്നബിയ്യീന താവീലുഹു അന്നഹു ആഖിറുഹും മബ്അസൻ. ഫീ അയ്യി മൻഖബത്തിൻ ഫീ ഹാദാ വ അയ്യി ഇൽമിൻ ഫീ ഹാദാ? ഹാദാ താവീലുൽ ബുൽഹുൽ ജഹ്ല***
***(ഖത്തമുൽ ഔലിയാഅ് പേജ് : 341)***
അർഥം : ഖാത്തമുന്നബിയ്യീൻ എന്നതുകൊണ്ടുള്ള വിവക്ഷ അവിടുന്ന് അവസാനം ആഗതനായെന്ന് കരുതുന്നവരുണ്ട്. ഇതിൽ എന്ത് ശ്രേഷ്ഠതയാണുള്ളത്? ഇതിൽ എന്ത് വിജ്ഞാനമാണുള്ളത്? ഇത് വിഡ്ഢികളുടെയും ജാഹിലീംകളുടെയും വിശദീകരണം മാത്രമാണ്.
**മൗലാനാ മുഹമ്മദ് ഖാസിം നാനൂത്വി പറയുന്നു:**
പൊതു ജനങ്ങളുടെ ധാരണ നബി(സ) ഖാത്തം ആണെന്നത് തിരുനബിയുടെ കാലഘട്ടം മുൻ കഴിഞ്ഞ പ്രവാചകന്മാരുടെ കാലത്തിനുശേഷമാണെന്നും, അവിടുന്ന് അവസാനത്തിൽ വന്ന നബി ആണെന്നുമാണ്. പക്ഷേ കാലഘട്ടം ആദ്യമോ അവസാനമോ ആകുന്നതിൽ യാതൊരു ശ്രേഷ്ഠതയും ഇല്ലെന്നുള്ളത് വിജ്ഞേയരായ ആളുകൾക്ക് വ്യക്തമാണ്. എന്നിരിക്കെ വലാക്കിൻ റസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ എന്ന പ്രഖ്യാപനം സ്തുതിച്ചുകൊണ്ട് പറയുന്നത് എങ്ങനെ ശരിയാകാനാണ്? (തഹ്ദീറുന്നാസ്, പേജ് : 3)
മേൽപ്രസ്താവങ്ങളിൽ നിന്ന് വ്യക്തമായും മനസിലാവുന്നത് ഖാത്തമുന്നബിയ്യീൻ എന്ന പ്രയോഗം അവസാന പ്രവാചകൻ എന്ന അർഥത്തിൽ അല്ല എന്നാണ്.

**ഖാത്തമുന്നബിയ്യീൻ എന്ന വിശേഷണത്തെ നബി(സ) മനസിലാക്കിയത് തനിക്കുള്ള ശ്രേഷ്ഠതയായിട്ടാണെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു**

**നബി(സ) പറഞ്ഞു: *ഫുദ്ദിൽത്തു അലൽ അമ്പിയാഇ ബിസിത്തിൻ ഉഅ്ത്വീത്തു ജവാമി അൽ കലിമി, വ നുസിർത്തു ബിർറുഅ്ബി വ ഉഹില്ലത്ത് ലിയൽ ഗനായിമു വ ജുഇലത്ത് ലിയൽ അർളുമസ്ജിദൻ വത്വഹുറൻ വ ഉർസിൽത്തു ഇലൽ ഖൽഖി കാഫ്ഫത്തൻ വ ഖുത്തിമ ബിയന്നബിയ്യൂൻ***
***(മുസ്ലിം, മിശ്കാത്ത് ബാബു ഫദാഇലൽ മുർസലീൻ)***
അർഥം: ആറ് കാര്യങ്ങളിൽ എനിക്ക് മറ്റ് പ്രവാചകന്മാർക്ക് മേൽ ശ്രേഷ്ഠത (ഹദീലത്ത്) നൽകപ്പെട്ടിരിക്കുന്നു.
1. എനിക്ക് സമ്മിളിതമായ വാഗ്ചാതുര്യം നൽകപ്പെട്ടിരിക്കുന്നു.
2. ഞാൻ ആദരയുക്തമായ ഗാംഭീര്യത്താൽ സഹായിക്കപ്പെട്ടിരിക്കുന്നു.
3. എനിക്ക് സമരാർജിത സ്വത്തുക്കൾ അനുവദിക്കപ്പെട്ടിരിക്കുന്നു.
4. എനിക്ക് വേണ്ടി മുഴുവൻ ഭൂമിയും മസ്ജിദും ശുദ്ധവും ആക്കപ്പെട്ടിരിക്കുന്നു.
5. ഞാൻ മുഴുവൻ സൃഷ്ടികളിലേക്കുമായി അയക്കപ്പെട്ടിരിക്കുന്നു.
6. ഞാൻ മുഖേന പ്രവാചകത്വം മുദ്രിതമാക്കപ്പെട്ടിരിക്കുന്നു.
ഇവിടെ നബി(സ) ഖാത്തമുന്നബിയ്യീൻ എന്ന ദൈവിക സംബോധനയെ തന്റെ ശ്രേഷ്ഠതയായിട്ടാണ് മനസിലാക്കുന്നതും എണ്ണുന്നതും.
മാത്രമല്ല നബി(സ) മറ്റൊരു ഹദീസിൽ പറയുന്നത് ഇങ്ങനെയാണ്:
**ഇന്നീ ഇൻദല്ലാഹി ഫി ഉമ്മുൽ കിത്താബി ല ഖാത്തമുന്നബിയ്യീന വ ഇന്ന ആദമ ലമുൻജദിലുൻ ഫീ ത്വീ നിഹീ (മുസ്നദ് അഹ്മദ്)**
അർഥം: ഞാൻ അല്ലാഹുവിന്റെ പക്കൽ ഉമ്മുൽ കിത്താബിൽ ആദം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പേ ഖാത്തമുന്നബിയ്യീൻ ആയിരുന്നു.
ചുരുക്കത്തിൽ അന്ത്യത്തിൽ വന്നു എന്നതോ അവസാനിപ്പിച്ചു എന്നതോ അല്ല ശ്രേഷ്ഠത എന്നാണ് മേൽ ഹദീസുകൾ വ്യക്തമാക്കുന്നത്. മാത്രമല്ല അത്തരമൊരു അർഥത്തിന്റെ വിദൂരസാധ്യത തന്നെയും നബി(സ) തള്ളിക്കളയുന്നു.

## സുപ്രസിദ്ധ പണ്ഡിതന്മാരും എഴുത്തുകാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ ശ്രേഷ്ഠൻ എന്ന അർഥത്തിൽ ഖാത്തം പ്രയോഗിച്ചിട്ടുണ്ട്.

1. അബൂത്വമാമിനെ - **ഖാത്തമു ശുഅറാഅ് (കവിശ്രേഷ്ഠൻ)** എന്നെഴുതിയിരിക്കുന്നു. (വഫിയാസുൽ ഇഅ്യാൻ ഭാഗം: 1)

2. അബൂത്വയിബിനെ **ഖാത്തമുശുഅറാഅ്** എന്ന് പറഞ്ഞിരിക്കുന്നു. **(ദീവാനുൽ മുത്തന്നബി– മിസ്പർ)**

3. അഖുൽ ഉലാഅൽ മഅ്രിയെ **ഖാത്തമുശ്ശുഅറാഅ്** എന്ന് പറഞ്ഞിരുന്നു.

4. ഹദ്റത് അലി(റ)നെ **ഖാത്തമുൽ ഔലിയാഅ്** (വലികളിൽ ശ്രേഷ്ഠൻ,തഫ്സീർ സ്വാഫി സൂറ അഹ്സാബ്)

5. ഇമാം ശാഫി **ഖാത്തമുൽ ഔലിയാഅ്** ആകുന്നു. (അത്തുഹ്ഫത്തുസ്സുന്നിയ്യ പേജ്: 45)

6. ഏറ്റവും വലിയ വലി **ഖാത്തമുൽ ഔലിയ** ആണ്. (തദ്കിറാത്തുൽ ഔലിയാഅ് പേജ്: 422)

7. ഹദ്റത് ശാഹ് വലിയുല്ലാഹ് ദഹ്‌ലവി **ഖാത്തമുൽ മുഹദ്ദിസീൻ** ആണ് (ഇജാലനാഫിഅ: ഭാഗം:1)

8. മനുഷ്യൻ **ഖാത്തമുൽ മഖ്‌ലൂകാത്തുൽ ജിസ്മാനിയ്യ** ആണ് (തഫ്സീർ കബീർ ഭാഗം: 6, പേജ്: 22 മിസ്പർ)

9. മൗലവി മുഹമ്മദ് ഖാസിം നാനൂത്‌ലിയെ ഖാത്തമുൽ മുഫസ്സിരീൻ എന്നെഴുതിയിരിക്കുന്നു (ഇസ്റാറെ ഖുർആനി)

10. രാജാവ് **ഖാത്തമുൽ ഹക്കം** ആണ് (ഹുജ്ജത്തുൽ ഇസ്‌ലാം പേജ്: 35)

11. ഇമാം ഫഖ്റുദ്ദീൻ റാസി (റഹ്) എഴുതുന്നു: ഖാത്തം തീർച്ചയായും ശ്രേഷ്ഠനാണ്. നമ്മുടെ നബി (സ)നെ ഖാത്തമുന്നബിയ്യാൻ എന്ന് പ്രഖ്യാപിച്ചപ്പോൾ തിരുനബി(സ) എല്ലാ നബിമാരിലും ശ്രേഷ്ഠനായി. (തഫ്സീർ കബീർ റാസി, ഭാഗം: 6, പേജ്: 34 മിസ്പർ)

12. അല്ലാമാ മുഹമ്മദ് ഖാസിം നാനൂത്‌വി പറയുന്നു: ആരിലാണോ ഈ സ്വിഫത്ത് (ഗുണവിശേഷം) കൂടുതൽ വെളിപ്പെടുന്നത് ആ വ്യക്തി **ഖാത്തമുസ്സിഫാഅ്** ആണ്. അതായത് അതിനും മേലെ മറ്റൊരു സ്വിഫത്തും വെളിപ്പെടാൻ അഥവാ നൽകപ്പെടാൻ സൃഷ്ടികളൊന്നുമില്ല. ആ വ്യക്തി സൃഷ്ടികളിൽ **ഖാത്തമുൽ മറാത്തിബ്** ആയിരിക്കും. അദ്ദേഹം എല്ലാവരുടെയും നേതാവും എല്ലാവരിലും ശ്രേഷ്ഠനും ആയിരിക്കും.(രിസാല ഇൻതിസ്വാമുൽ ഇസ്‌ലാം പേജ്: 45)

## ലിസാനുൽ അറബ്

അറബി നിഘണ്ടുക്കളിൽ ലിസാനുൽ അറബിനുള്ള സ്ഥാനം പ്രത്യേകം പറയേണ്ടതില്ല. ഈ വിശ്വവിഖ്യാത നിഘണ്ടുവിൽ ഖാത്തം എന്ന പദത്തിന് നൽകുന്ന അർഥം ഇങ്ങനെയാണ്.

**തുഹ്ഫതഹു താറത്തൻ വ തുക്സറു ലുഗത്താനി** (ഖാത്തം എന്ന പദം ത (അകാരത്തോടെയും– ഫതഹ്, ഇകാരത്തോടെയും - കസർ - പ്രയോഗിക്കാറുണ്ട്) (അതായത് ഖാത്തമ - ഖാത്തിമ എന്നിങ്ങനെ - ലേഖ) വീണ്ടും എഴുതുന്നു: **അൽ ഖത്തമു വൽ ഖാത്തിമു വൽ ഖാത്തമു വൽ ഖാത്താമു വൽ ഖീത്താമു മിനൽ ഹുൽയി കഅന്നഹു അവ്വല വഹ്‌ലത്തിൻ ഖുത്തിമ ബിഹീ ഫ ദഘല ഫീ ബാബി ത്വാബിഇൻ സുമ്മ കസുറ ഇസ്തിഅ്മാലുഹു ലി ദാലിക്ക.**

അർഥം : ഖത്തമു, ഖാത്തിമു, ഖാത്തമു, ഖാത്താമു, ഖീത്താമു എന്നീ പദങ്ങളെല്ലാം ഒരു ആഭരണ (മോതിര)ത്തിന് വേണ്ടി പ്രയോഗിക്കുന്നവയാണ്. അതായത് ഈ ആഭരണം മുഖേനയാണ് ആദ്യം മുദ്ര (സീൽ) ചെയ്യപ്പെട്ടത്. അതുകൊണ്ട് ഇത് ത്വാബിഉൻ എന്ന ഗണത്തിലാണ്. മാത്രമല്ല താബിഉൻ എന്ന അർത്ഥത്തിൽ കൂടുതലായി ഉപയോഗിക്കാനും തുടങ്ങി.

നബി(സ) ഉണ്ടാക്കിയ സീലിന് ബുഖാരിയിൽ ഖാത്തമ എന്ന പദമാണ് പ്രയുക്തമായിട്ടുള്ളത്.

## ഖാത്തം നിഘണ്ടുക്കളിൽ

**അറബി നിഘണ്ടുക്കളിൽ ഈ പദത്തിന് നൽകിയിട്ടുള്ള അർഥം കൂടി ഇവിടെ ശ്രദ്ധേയമാണ്.**

**ഇമാം റാഗിബ് (റഹ്)യുടെ മുഫറദാത്ത്** വിശുദ്ധഖുർആനിലെ പദങ്ങളുടെ അർത്ഥം വിശദീകരിക്കുന്ന ഗ്രന്ഥമാണ്. ഇതിന്റെ ആധികാരികത പൊതു മുസ്‌ലിം സമൂഹം അംഗീകരിക്കുന്നു. ഇതിൽ ഖാത്തം എന്ന പദത്തെക്കുറിച്ച് പറയുന്നു:

**അൽ ഖത്ത്മു വത്തബ്ഉ യുഖാലു അലാ വജ്ഹയ്നി മസ്ദ്വറു ഖത്തംത്തു വ ത്വബഅ്ത്തു വ ഹുവ താസിറു ശ്ശയ്ഇ ക നഖ്ശിൽ ഖാത്തമി വത്ത്വാബഇ വസ്സാനി അൽ അസ്റുൽ ഹാസിലു മിനന്നഖ്ശി വയുത്തജവ്വസു ബിദാലിക്ക താറത്തൻ ഫിൽ ഇസ്തീസാഖി മിനശ്ശയ്ഇ വൽ മൻഇ മിൻഹു ഇഅ്തിബാറൻ ബിമാ യഹ്സുലു മിനൽ മൻഇ ബിൽ ഖത്ത്മി അൽ കുത്തുബി വൽ അബ്‌വാബി നഹ്‌വു ഖത്തമല്ലാഹു അലാ ഖുലൂബിഹിം വ ഖത്തമ അലാ സംഇഹീ വ ഖൽബിഹീ വ താറത്തൻ ഫീ തഹ്സീലി അസറിൻ അൻ ശയ്ഇൻ ഇഅ്തിബാറൻ ബിന്നഖ്ശിൽ ഹാസിലി വ താറത്തൻ യുഅ്തബറു മിൻഹു ബുലൂഗുൽ ആഖിരി മിൻഹു ഖീല ഖത്തംത്തുൽ ഖുർആന അയ് ഇൻതഹയ്ത്തു ഇലാ ആഖിരഹീ.**

അർഥം : ഖത്ത്മു, തബ്ഉ എന്നതിന് രണ്ട് വിധമുണ്ട്. ആദ്യത്തേത് (ഇതാണ് യഥാർഥ അർഥം) ഈ രണ്ട് പദങ്ങളുടെയും അർഥം താസിറുശ്ശയ്ഇ (മറ്റൊരു വസ്തുവിൽ തന്റെ അടയാളം ഉണ്ടാക്കുക) എന്നാണ്. അതായത് ഖാത്തം (സിൽ)ന്റെ രൂപം. (മറ്റൊരു വസ്തുവിൽ തന്റെ രൂപം അഥവാ അടയാളം ഉണ്ടാക്കുക).

രണ്ടാമത്തേത് (ഇത് ആലങ്കാരികമാണ്) ആ രൂപത്തിന്റെ പ്രഭാവത്താൽ കിട്ടിയിട്ടുള്ള അടയാളം. ഈ പദം ചില പ്പോൾ ഖത്ത്മു അലൽ കുത്തുബി വൽ അബ്‌വാബി (ഗ്രന്ഥത്തിലും വാതിലുകളിലും സീൽ വെക്കുക) എന്ന രീതിയിൽ വസ്തുവിന്റെ അവസാനം, തടസം എന്നീ അർഥങ്ങളിലും ഉപയോഗിക്കുന്നു. ഉദാഹരണമായി, ഖത്തമല്ലാഹു അലാ ഖുലൂബിഹിം വ ഖത്ത്മ അലാ സംഇഹീ വ ഖൽബിഹീ(ഇതിൽ ഈ പ്രയോഗം ആലങ്കാരികമാണ്) (*അതായത് അല്ലാഹു അവരുടെ ഹൃദയങ്ങളിലും കാതുകളിലും മുദ്രവെച്ചിരിക്കുന്നു. ഇതിന്റെ അർഥം ഹൃദയസ്തംഭനമുണ്ടായെന്നും കേൾവി നഷ്ടപ്പെട്ടെന്നുമല്ലല്ലോ?- ലേഖ*) ചിലപ്പോൾ ഇതിന്റെ ആലങ്കാരിക അർഥം സ്വീകരിച്ച രൂപത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വസ്തുവിന് മറ്റൊരു വസ്തുവുൽനിന്ന് അടയാളം ലഭിക്കുക എന്നാണ്. ചിലപ്പോൾ ഇതിന്റെ ആലങ്കാരിക അർഥം അവസാനമെത്തുക എന്നാണ്. ഈ അർഥത്തിലാണ് ഖത്തംത്തുൽ ഖുർആൻ എന്ന് പറയുന്നത്. ഖുർആൻ പാരായണം അതിന്റെ അവസാനത്തിലെത്തി. (അതായത് ഞാൻ ഖുർആൻ ഓതിത്തീർത്തു). (മേലിൽ ഖുർആൻ ഓതുകയേ ഇല്ല എന്ന് അർഥം കിട്ടില്ലല്ലോ - ലേഖ)

1. ഇവിടെ രണ്ട് അർഥങ്ങളാണ് ഉള്ളതെന്ന് തുടക്കത്തിൽ തന്നെ പറയുന്നു. രണ്ടാമത്തെ അർഥങ്ങൾ ആലങ്കാരികമാണെന്നതിന് യുത്തജവസു ബിദാലിക്ക താറത്തൻ എന്ന പ്രയോഗം സാക്ഷ്യം വഹിക്കുന്നു. അതിനുകീഴിൽ താറത്തൻ ഫിതഹ്സീലി അസ്‌റീൻ അൻ ശയ്ഇൻ ഇഅ്തിബാറൻ ബിന്നഖ്ശിൽ ഹാസിലി എന്ന പ്രയോഗവും ഉണ്ട്. അതുകൊണ്ട് അടയാളം സ്വാംശീകരിക്കുക എന്നതും ആലങ്കാരിക പ്രയോഗമാണ്. (അവ : ശാനെ ഖാത്തമുന്നബിയ്യീൻ)

## ഖാത്തമ, ഖാത്തിമ

ഖാത്തമ (ത അകാരത്തോടെ )എന്ന പദം ഖത്തമ എന്ന ക്രിയാധാതുവിൽ നിന്ന് ഇസംആല (ഉപയോഗിക്കുന്ന വസ്തുവിന്റെ ഉപകരണത്തിന്റെ നാമം) ആണ്. അതായത് മുദ്രവെക്കാൻ ഉപയോഗിക്കുന്ന വസ്തുവാണ് ഖാത്തമ (സീൽ).

അതേ സമയം ഖാത്തിമ എന്നത് ഇസം ഫാഇൽ (കർമം ചെയ്യുന്ന ആളിന് പറയുന്ന പേര്) ആണ്. അതായത് മുദ്ര വെക്കുക എന്ന കർമം ചെയ്യുന്ന ആളാണ് ഖാത്തിമ (സീൽ വെക്കുന്നവൻ).

ചുരുക്കത്തിൽ ഖാത്തമ എന്നത് മുദ്ര ചെയ്യാൻ ഉപയോഗിക്കുന്ന വസ്തുവിന്റെ പേരും, ഖാത്തിമ എന്നത് മുദ്ര വെക്കുന്ന ആളിന്റെ പേരുമാണ്.

## ഖാത്തം ആലങ്കാരികപ്രയോഗത്തിൽ

ഖാത്തം എന്ന പദം അവസാനിപ്പിക്കുക എന്ന അർഥത്തിൽ പ്രയോഗിക്കുമ്പോൾ അത് ആലങ്കാരിക പ്രയോഗമാണെന്ന് കഴിഞ്ഞകാല മുഫസ്സിരീംകൾ അംഗീകരിച്ചിട്ടുള്ള യാഥാർഥ്യമാണ്.

തഫ്സീർ ബയ്ളാവി യുടെ അടിക്കുറിപ്പിൽ സൂറ ബഖറയിലെ ***ഖത്തമല്ലാഹു അലാ ഖുലൂബിഹിം*** എന്ന ആയത്തിനെകുറിച്ച് പറയുന്നത് ഇങ്ങനെയാണ്. ***ഫ ഇത്വ്‌ലാഖുൽ ഖത്ത്മി അലൽ ബുലൂഗി വൽ ഇസ്തിസാഖി മഅ്നാ മജാസിയ്യൂൻ*** ഖാത്തം എന്ന പദം അവസാനം അവസാനിപ്പിക്കുക എന്നീ അർഥങ്ങളിൽ ആലങ്കാരികമായാണ് പ്രയോഗിക്കാറുള്ളത്.

# ഹദ്റത് അഹ്മദ്(അ)ന്റെ നുബുവ്വത്ത്

*ഹദ്റത് അഹ്മദ്(അ)ന്റെ നുബുവ്വത്ത് ഒരിക്കലും ഖത്തമുന്നുബുവ്വത്തിന് വിരുദ്ധമേ അല്ല*

ആ മഹാത്മാവ് പറയുന്നു:
നബി(സ)ന് ഒരു പ്രത്യേക അന്തസ്സ് നൽകപ്പെട്ടിരിക്കുന്നു. ഈ വിവക്ഷ പ്രകാരം അവിടുന്ന് ഖാത്തമുൽ അമ്പിയാഅ് ആകുന്നു. അതായത്, 1. നുബുവ്വത്തിന്റെ എല്ലാ പരിപൂർണതകളും തിരുനബിയിൽ സമ്പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. 2, ആ മഹാത്മാവിന് ശേഷം പുതിയ ശരീഅത്തുമായി ഒരു റസൂലും വരുന്നതല്ല. ആ മഹാത്മാവിന്റെ ഉമ്മത്തിൽപ്പെടാത്ത ഒരു നബിയും വരുന്നതല്ല. മറിച്ച് ദൈവിക സംഭാഷണമാകുന്ന സകല അനുഗ്രഹങ്ങളും, അദ്ദേഹത്തിന്റെ അനുഗ്രഹത്താലും അവിടുന്ന് മുഖേനയുമാണ് ലഭ്യമാവുക. അത്തരം ആൾ ഉമ്മത്തി എന്നാണ് അറിയപ്പെടുക. സ്വതന്ത്രപ്രവാചകനായിരിക്കുകയുമില്ല. (ചശ്മയെ മഅരിഫ)

ആ മഹാത്മൻ-നബി(സ)-ഖാത്തമുൽ അമ്പിയാഅ് ആകുന്നു. മേലിൽ ആ പുണ്യാത്മാവിൽ നിന്ന് ആത്മീയ അനുഗ്രഹങ്ങൾ ഉണ്ടാവുകയില്ല എന്നതല്ല അതുകൊണ്ടുള്ള വിവക്ഷ. മറിച്ച് അതിന്റെ അർതം, തിരുനബി സാഹിബെ ഖാത്തം അതായത് ആ പുണ്യ പ്രവാചകന്റെ മുദ്രകൂടാതെ യാതൊരു ദിവ്യാനുഗ്രഹവും ആർക്കും ലഭിക്കുകയില്ല എന്നാകുന്നു. ആ ദിവ്യാത്മാവിന്റെ ഉമ്മത്തിൽ ഖിയാമത്ത് വരേയും ഒരിക്കലും ദൈവിക സംഭാഷണത്തിന്റെയും സംബോധനയുടെയും കവാടങ്ങൾ കൊട്ടിയടക്കപ്പെടുന്നില്ല. നബിതങ്ങളല്ലാതെ മറ്റാരും ഖാത്തം എന്ന സ്ഥാനത്ത് ഇല്ല. ഇവിടുന്ന് മാത്രമേ ആ പദവിയിലുള്ളൂ. ആ ദിവ്യാത്മാവിന്റെ മുദ്രയോടുകൂടി നുബുവ്വത്ത് സിദ്ധിക്കുന്നതാണ്. പക്ഷേ അയാൾ ഉമ്മത്തി ആകേണ്ടത് അനിവാര്യമാണ്. (ഹഖീഖത്തുൽ വഹ്യ് പേജ് : 27,28)

അല്ലാഹു ജല്ല ശാനഹു നബിതിരുമേനി(സ)നെ സാഹിബെ ഖാത്തം അതായത് മുദ്രയുടെ ഉടമ ആക്കിയിരിക്കുന്നു. അതായത് തിരുനബിക്ക് അനുഗ്രഹസമ്പൂർത്തിയുടെ മുദ്ര നൽകപ്പെട്ടിരിക്കുന്നു. ഇത് തീർച്ചയായും മറ്റൊരു നബിക്കും ലഭിച്ചിട്ടില്ല. ഇക്കാരണം കൊണ്ട് തന്നെ അവിടുത്തെ നാമം ഖാത്തമുന്നബിയ്യീൻ എന്നായി. അതായത് അവിടുത്തെ അനുധാവനം നുബുവ്വത്താകുന്ന അഭ്യുന്നതി നൽകുന്നു. അവിടുത്തെ ആത്മീയശ്രദ്ധ നബിതറാശ് (നബി ഉണ്ടാക്കാൻ കഴിയുന്നത്) ആണ്. ഈ ദിവ്യശക്തി മറ്റൊരു നബിക്കും കിട്ടിയിട്ടില്ല. (ഹഖീഖത്തുൽ വഹ്യ്)

**തനിക്ക് ലഭ്യമായ നുബുവ്വത്തിനെക്കുറിച്ച്**
**ആ മഹാത്മാവ് പറയുന്നു:**
ഞാൻ പുതിയൊരു വാദത്തിന്റെയും നാമത്തിന്റെയും അടിസ്ഥാനത്തിൽ നബിയും റസൂലും അല്ല. മുഹമ്മദീ രൂപത്തിന്റെയും മുഹമ്മദീ നുബുവ്വത്തിന്റെ സമ്പൂർണ പ്രതിഫലനത്തിന്റെയും പരിപൂർണ ശിഷ്യത്വത്തിൽ ഉള്ള ദർപ്പണം എന്ന നിലക്ക് മാത്രമാണ് ഞാൻ നബിയും റസൂലും. (നുസൂലുൽ മസീഹ് പേജ് :3)

വീണ്ടും പറയുന്നു:
ഒരുപാട് ആളുകൾ ഞാൻ നബിയാണെന്ന വാദം കേട്ട് തെറ്റിദ്ധരിക്കുകയും മുൻകാലഘട്ടങ്ങളിൽ നബിമാർക്ക് നേരിട്ട് നുബുവ്വത്ത് കിട്ടിയതുപോലെ എനിക്കും കിട്ടിയതാണെന്ന് ധരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ധാരണ തെറ്റാണ്. എന്റെ വാദം അത്തരത്തിലുള്ളതല്ല. മറിച്ച് അല്ലാഹുവിന്റെ നടപടിയും യുക്തിയും നബി(സ)ന്റെ ആത്മീയാനുഗ്രഹങ്ങളുടെ സമ്പൂർത്തീകരണം സ്ഥാപിക്കാൻ (എനിക്ക്) ഈ സ്ഥാനം നൽകിയനുഗ്രഹിച്ചതാണ്. അവിടുത്തെ നന്മകളുടെ അനുഗ്രഹമാണ് എന്നെ ഈ സ്ഥാനത്തേക്ക് എത്തിച്ചത്. അതുകൊണ്ട് എന്നെ നബി എന്ന് മാത്രം പറയാവതല്ല. മറിച്ച് ഞാൻ ഒരു ഭാഗത്ത് നബിയും മറുഭാഗത്ത് ഉമ്മത്തിയും ആണ്. എന്റെ നുബുവ്വത്ത് നബി(സ)ന്റെ നുബുവ്വത്തിന്റെ ശാഖയാണ് യഥാർഥ നുബുവ്വത്തല്ല. (ഹഖീഖത്തുൽ വഹ്യ് പേജ് :150)

ഒരു ഫാർസി കവിതയിൽ അദ്ദേഹം പറയുന്നു:
*ദിഗർ ഉസ്താദ് റാ നാമെ നിദാനം*
*കെ ഖ്വാനിദം ദർ ദബിസ്താനെ മുഹമ്മദ്*
എനിക്ക് ഒരു ഉസ്താദിനെപറ്റിയും അറിയില്ല. ഞാൻ മുഹമ്മദ്(സ)ന്റെ പൂങ്കാവനമാകുന്ന പള്ളിക്കൂടത്തിൽ നിന്നാണ് വിദ്യ അഭ്യസിച്ചത്.

# നുബുവ്വത്ത് : ദൈവിക അനുഗ്രഹം

## അല്ലാഹു പ്രവാചകന്മാരിൽനിന്ന് കരാർ വാങ്ങുന്നു!

അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയ സന്ദർഭം ഓർക്കുക, ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും നൽകിയതിൽ പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും
അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു ചോദിച്ചു, നിങ്ങൾ സമ്മതിക്കുകയും ഈ ബാധ്യത ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു, ഞങ്ങൾ സമ്മതിച്ചു. അല്ലാഹു പറഞ്ഞു. നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ; നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽപെട്ടവനാണ്. (ആലു ഇംറാൻ :82)

## നബി(സ)ൽനിന്ന് കരാർ വാങ്ങുന്നു:

നാം പ്രവാചകന്മാരിൽനിന്ന് അവരുടെ കരാർ വാങ്ങിയ സന്ദർഭം. നിന്നിൽനിന്നും, നൂഹ്, ഇബ്റാഹീം, മൂസാ, ഈസബ്നുമർയം എന്നിവരിൽനിന്നും. ദൃഢമായൊരു കരാറാണ് നാം അവരിൽനിന്ന് വാങ്ങിയത്. (അഹ്സാബ്:8)

- മീസാഖ്-അന്നബിയ്യീൻ എന്നിവ കൂടിവന്നത് (3:82, 33:8) രണ്ട് സ്ഥലത്ത് മാത്രമാണ്.
- അമാനി മൗലവി (മുജാഹിദ്) തഫ്സീറിൽ രണ്ടും മീസാഖും ഒന്നാണെന്ന് പറയുന്നു.
- ഇ.എൻ. ഇബ്റാഹീം മൗലവി (ജ:ഇ) പ്രവാചകത്വ ***പരിസമാപ്തി എന്ന ഗ്രന്ഥത്തിൽ***നബി(സ)ക്ക് കരാർ ബാധകമാണെന്ന് പറയുന്നു.

# വരാനുള്ള മസീഹ് നബിയായിരിക്കും.

*നബി(സ) വരാനുള്ള മസീഹ് നബിയായിരിക്കുമെന്ന് ഒരേ ഹദീസിൽ നാല് തവണ ആവർത്തിച്ചു പറഞ്ഞതായി മുസ്ലിം രേഖപ്പെടുത്തുന്നു. (മുസ്ലിം)*

തനിക്കും വരാനുള്ള മസീഹിനും ഇടയിൽ പ്രവാചകനില്ല (ത്വിബ്റാനി) എന്ന് പ്രഖ്യാപിച്ചതിലൂടെ മസീഹ് നബിയായിരിക്കുമെന്ന് തന്നെയാണ് നബി(സ) വ്യക്തമാക്കിയത്.
അതുകൊണ്ട് തന്നെയാണ് ഉമ്മുൽ മുഅ്മിനീൻ ഹദ്റത് ആയിശ സിദ്ദീഖാ(റഅ) പറഞ്ഞത്:

ഖൂലൂ ഇന്നഹു ഖാത്തമുൽ അമ്പിയാഇ
വലാ തഖൂലൂ ലാ നബിയ്യ ബഅ്ദഹു
(ദുർറെ മൻസൂർ – ഹദ്റത് ഇമാം സുയൂത്വി (റഹ്)
നിങ്ങൾ നബി(സ)നെ ഖാത്തമുൽ അമ്പിയാഅ് എന്ന് പറഞ്ഞുകൊള്ളുവിൻ. പക്ഷേ, തിരുനബിക്ക് ശേഷം നബി ഇല്ല എന്ന് പറയരുത്.

**ഹദ്റത് അഹ്മദ്(അ) പറയുന്നു**

ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ ആ സർവശക്തനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ബുഖാരിയിലും മുസ്ലിമിലും മറ്റ് സിഹാഹുകളിലും വന്നിട്ടുള്ള സ്വഹീഹ് ഹദീസുകളിലൂടെ തിരുനബി(സ) സുവിശേഷമറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.
(മൽഫൂസാത്ത് - 1)
നബിതിരുമേനി(സ) നബിയുല്ലാഹ് എന്ന് നാമകരണം ചെയ്തിട്ടുള്ള ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. (റസൂലുൽ മസീഹ്)

# ശ്രേഷ്ഠപ്രവാചകന്റെ ശിഷ്യപ്രവാചകൻ

## മുൻകാല പ്രവാചകന്മാരുടെ അനുധാവനം

ഖാത്തമുന്നബിയ്യീൻ എന്നതിന്റെ ഒരു വിവക്ഷ ശ്രേഷ്ഠ പ്രവാചകൻ എന്നാണ്. എന്താണ് ഈ ശ്രേഷ്ഠത മറ്റ് പ്രവാചകന്മാർക്കില്ലാത്ത എന്ത് ശ്രേഷ്ഠതയാണ് വിശുദ്ധ ഖുർആൻ നബി(സ)ന് ചാർത്തിക്കൊടുത്തിരിക്കുന്നത്. അതിൽ പ്രധാനമായും നമുക്ക് കാണാൻ കഴിയുന്നത്, മറ്റെല്ലാ സന്ദർഭത്തിലും അല്ലാഹു, പ്രവാചകന്മാരെ നേരിട്ട് നിയോഗിക്കുകയായിരുന്നു. ഒരു പ്രവാചകന്റെ അനുധാവനത്തെ, അനുസരണത്തെ പ്രവാചകത്വം ലഭിക്കാനുള്ള മാനദണ്ഡമായി പറഞ്ഞത് നബി(സ)നെക്കുറിച്ച് മാത്രമാണ്.

മുൻകാല പ്രവാചകന്മാരെ അല്ലാഹു നേരിട്ട്, നിയോഗിച്ചിരുന്നുവെന്നും, അവരുടെ അനുധാവനം സ്വിദ്ദീഖ് എന്ന സ്ഥാനം വരെ മാത്രമേ എത്തിച്ചിരുന്നുള്ളുവെന്നും വിശുദ്ധഖുർആൻ പറയുന്നു:

**വല്ലദീന ആമനൂ ബില്ലാഹി വറുസുലിഹീ ഉലാഇക്ക ഹുമുസ്സ്വിദ്ദീഖൂന വശ്ശുഹദാഉ ഇൻദ റബ്ബിഹിം** (57:20)

അർഥം :അല്ലാഹുവിനേയും അവന്റെ റസൂൽമാരെയും വിശ്വസിക്കുന്നവർ അല്ലാഹുവിന്റെ പക്കൽ സ്വിദ്ദീഖ്മാരും ശുഹദാക്കളുമാണ്.

## തിരുനബിയുടെ അനുധാവനം

നബി(സ)നെ കുറിച്ച് പറഞ്ഞപ്പോൾ അല്ലാഹു പ്രവാചകത്വത്തിന്റെ പദവിയും ലഭിക്കുമെന്ന് സുവാർത്ത നൽകുന്നു: ***വലഹദയ്നാഹും സ്വിറാത്തൻ മുസ്തഖീമാ. വമൻ യുത്വിഇല്ലാഹ വർറസൂല ഫ ഉലാഇക്ക മഅല്ലദീന അൻഅമല്ലാഹു അലൈഹിം മിനന്നബിയ്യീന വസ്സ്വിദ്ദീഖീന വശ്ശുഹദാഇ വസ്സ്വാലിഹീൻ. വഹസുന ഉലാഇക്ക റഫീഖാ (4:69,70)***

അർഥം : നാം അവരെ നേർമാർഗത്തിലേക്ക് നയിക്കുന്നു. ആരാണോ അല്ലാഹുവിനേയും ഈ റസൂലിനേയും അനുസരിക്കുന്നത് അവർ അല്ലാഹു അനുഗ്രഹിച്ചവരോടൊപ്പമായിരിക്കും (അതായത്) നബിമാരിൽ, സ്വിദ്ദീഖുമാരിൽ, ശുഹദാക്കളിൽ, സ്വാലിഹീങ്ങളിൽ ഇവരാണ് ഏറ്റവും നല്ല കൂട്ടുകാർ.

അല്ലാഹു നബി(സ)നെ അനുസരിക്കുന്നവർക്ക് നാല് മഹത് സ്ഥാനങ്ങളാണ് നൽകുമെന്ന് പറയുന്നത്.

1. നബി, 2. സിദ്ദീഖ്, 3. ശഹീദ്, 4. സ്വാലിഹ്

## 'മഅ' ഖുർആനിൽ

*മഅ എന്ന പ്രയോഗം അറബിയിൽ 4 വിധത്തിലാണുള്ളത്.*

***മഅ യഖ്തളീ യൽ ഇജ്തിമാഅ ഇമ്മാ ഫിൽ മക്കാനി നഹ്‌വുഹുമാ മഅൻഫിദ്ദാറി. ഔഫിസ്സമാനി നഹ്‌വു വുലിദാ മഅൻ. ഔഫിൽ മഅ്നാ കൽ മുത്തള്ളാഇഫയ്നി നഹ്‌വുൽ അഖി വൽ അബി ഫഇന്ന അഹദഹുമാ സ്വാരഅഖൻ ലിൽ ആഖിരി ഫീഹാലി മാ സ്വാറൽ ആ ഖിറു അഖാഹു. വ ഇമ്മാ ഫിശ്ശർഫി വർറുത്വ്ബത്തി നഹിവുഹുമാ മഅൻ ഫിൽ ഹഉലുവ്വി. (മുഫ്റദാത്ത് റാഗിബ്)***

അതായത് മഅ എന്ന പദം ഒരുമിച്ചുകൂട്ടുക എന്ന നിലക്ക് നാല് വിധത്തിൽ പ്രയോഗിക്കാം.

1.മഅ്യത്തെ മക്കാനി- ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുക.

2.മഅ്യത്തെ സമാനി - ഒരു കാലഘട്ടത്തിൽ ഒരുമിച്ച് കൂടുക.

3. പരസ്പരബന്ധിതമായി ഒരുമിച്ചുകൂടുക. അതായത് സഹോദരൻമാർ, പിതാവും മകനും

4.സ്ഥാനത്തിലും പദവിയിലും ഒരുമിച്ചുകൂടുക.

ഇതിൽ ആദ്യം പറഞ്ഞ മൂന്ന് കാര്യങ്ങൾ സാധ്യമേ അല്ല. നാലാമത് പറഞ്ഞ പദവിയിലും സ്ഥാനത്താലുമുള്ള കൂടിച്ചേരൽ മാത്രമേ സാധ്യമാവൂ.

ഖുർആനിൽ പലസ്ഥലത്തും ഈ അർഥത്തിൽ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. ഉദാ: **വ തവഫ്ഫനാ മഅൽ അബ്റാർ** (ഞങ്ങളെ സുകൃതവാൻമാരോടൊപ്പം മരിപ്പിക്കേണമേ. അതായത് ഞങ്ങളേയും സുകൃതവാൻമാരിൽ ഉൾപ്പെടുത്തി മരിപ്പിക്കേണമേ) (3:194)

മുനീഫിഖത്തിൽ നിന്ന് തൗബ ചെയ്യുന്നവരെക്കുറിച്ച് പറയുന്നു: **ഉലാഇക്ക മഅൽ മുഅ്മിനീൻ** (4:147) (അവർ മുഅ്മിനീകളോടൊപ്പമാണ്, അതായത് മുഅ്മിനീകളിൽപ്പെട്ടവരാണ്).

**നബി(സ)ന്റെ അനുധാവനത്തിലും അനുസരണത്തിലും ലഭ്യമാകുന്ന ഉന്നതമായ പദവികൾ ലഭിക്കുന്നതിനുള്ള ദുഃആയാണ് സൂറ ഫാതിഹയിൽ *ഇഹ്ദിന സ്സ്വിറാത്ത്വൽ മുസ്തഖീം സ്വിറാത്ത്വല്ലദീന അൻഅംത്ത അലയ്ഹിം* (ഞങ്ങളെ നീ നേരായമാർഗത്തിൽ നടത്തേണമേ, നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ) നമ്മോട് ചൊല്ലാൻ കല്പിച്ചിട്ടുള്ളത്.**

### ഹദ്റത് അഹ്മദ്(അ) പറയുന്നു

ഞാൻ നബിതിരുമേനിയുടെ ഉമ്മത്തിലും അനുസാരിയും അല്ലായിരുന്നുവെങ്കിൽ, ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായത്ര പുണ്യകർമങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും, അല്ലാഹുവിൽ നിന്നുള്ള മധുര ഭാഷണത്താൽ ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തെന്നാൽ, മുഹമ്മദിയ്യാ നുബുവ്വത്തല്ലാതെ, മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടു കൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. പക്ഷേ, ആ നബിഒന്നാമതായി തിരുനബിയുടെ ഉമ്മത്തി ആയിരിക്കണം. (തജല്ലിയാത്തെ ഇലാഹിയ്യ പേജ് : 24,25)

**മുജദ്ദിദ്, ഹദ്റത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്‌ലവി(റഹ്) (മരണം 1172 ഹിജ്രി)**

***ഖുത്തിമ ബിഹിന്നബിയ്യൂന അയ് ലായുജദു മൻയ്യഅ്മുറുഹുല്ലാഹു സുബ്ഹാനഹൂ ബിത്തശ്രീഇ അലന്നാസി*** (തഫ്ഹീമാത്തെ ഇലാഹിയ്യ പേജ് :53)

അർഥം : നബി(സ) മുഖേന പ്രവാചകന്മാർ മുദ്രവെക്കപ്പെട്ടിരിക്കുന്നു. അതായത് അല്ലാഹു ജനങ്ങളിൽ ന്യായപ്രമാണത്തോടു കൂടി നിയോഗിച്ചയക്കുന്ന ഒരാളും ഇനി ഉണ്ടാകുന്നതല്ല.

**ശേഖ് അബ്ദുൽ ഖാദിർ ഖുർദിസ്ഥാനി (റഹ്)**

***ഇന്ന മഅ്നാ കൗനിഹീ ഖാത്തമന്നബിയ്യീന ഹുവ അന്നഹു ലാ യുബ്അസു ബഅ്ദഹൂ നബിയ്യൂൻ ആഖറ ബി ശരീഅത്തിൻ ഉഖ്റാ*** (തഖ്രീബുൽ മറാം ഭാഗം : 2, പേജ് : 233)

അർഥം :നബി(സ) ഖാത്തമുന്നബിയ്യീൻ ആണെന്നതിന്റെ താല്പര്യം തിരുമേനിക്ക് ശേഷം പുതിയ ന്യായപ്രമാണത്തോടുകൂടിയ ഒരു പ്രവാചകനും എഴുന്നേൽപ്പിക്കപ്പെടുന്നതല്ല എന്നാകുന്നു.

**മൗലാനാ മുഹമ്മദ് ഖാസിം നാനുത്‌വി (റഹ്)**

***അഗർ ബിൽ ഫർസ് ബഅ്ദ് സമാനയെ നബ്‌വി(സ) ഭീ കോയി നബി പൈദാ ഹോ തോ ഫിർ ഭീ ഖാത്തമിയത്തെ മുഹമ്മദീ(സ) മേം കുച്ച് ഫർഖ് ന ആയേഗാ*** (തഹ്ദീറുന്നാസ് : പേജ് : 28)

അതായത് : നബി(സ)ന്റെ കാലശേഷം ഒരു പ്രവാചകൻ ഉണ്ടാകുന്നതായാൽതന്നെ തിരുമേനി(സ) ഖാത്തം ആണെന്നതിന് യാതൊരു കോട്ടവും വരുന്നതല്ല.

**ഹദ്റത് ഇമാം മുല്ലാ അലിയ്യുൽ ഖാരി (റഹ്)**

***ഫലാ യുനാഖിളു ഖൗലഹൂ ഖാത്തമന്നബിയ്യീന ഇദൽ മഅ്നാ അന്നഹൂ ലാ യഅ്ത്തീ നബിയ്യുൻ യൻസഖു മില്ലത്തഹു വലം യകുമ്മിൻ ഉമ്മത്തിഹീ*** (മൗളൂആത്തെ കബീർ)

ഹദ്റത് ഉമർ (റ)വും ഹദ്റത് ഇബ്റാഹിം(റ)വും നബിയായാൽ അത് ഖാത്തമന്നബിയ്യീൻ എന്ന പ്രസ്താവത്തിന് വിരുദ്ധമല്ലെന്ന് പറഞ്ഞുകൊണ്ട് എഴുതുന്നു : കാരണം ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം നബി(സ)ന് ശേഷം, തിരുനബിയുടെ ദീനിനെ ദുർബലപ്പെടുത്തുകയും തിരുനബിയുടെ അനുഗാമി അല്ലാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനും വരുന്നതല്ലെന്ന് മാത്രമാണ്.

**ഹദ്റത് ഇമാം റബ്ബാനി മുജദ്ദിദ് അൽഫസാനി, ശേഖ് അഹ്മദ് ഫാറൂഖി സിർഹിന്ദി (റഹ്) (വഫാത്ത് 1034 ഹിജ്രി)** :

ഖത്തമുർറുസുൽ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ)ന്റെ ആഗമനത്തിനുശേഷം, തിരുനബിയുടെ അനുയായികൾക്ക് അവിടുത്തെ അനുസരണവും, പിന്തുടർച്ചാവകാശവും (വിറാസത്ത്) കാരണമായി കമാലാത്തെ നുബുവ്വത്ത് (നുബുവ്വത്താകുന്ന ഉന്നത സ്ഥാനം) ലഭ്യമാവുന്നത്, തിരുമേനി(സ) ഖാത്തമിയ്യത്തിന് എതിരല്ല. അതിനാൽ നീ സംശയഗ്രസ്തനാകാതിരിക്കുക.

(മക്ത്തൂബാത്ത് നമ്പർ 301, പേജ് : 432, ഭാഗം : 1)

# സ്വലാത്തിൽ നുബുവ്വത്തിന് വേണ്ടിയുള്ള പ്രാർത്ഥന

**നബി(സ)നും അവിടുത്തെ കുടുംബത്തിനും വേണ്ടി സ്വലാത്ത് ചൊല്ലാൻ മുസ്ലിംകൾ കൽപ്പിക്കപ്പെട്ടിരിക്കുന്നു.**

***അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ***
***കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുമ്മജീദ്.***
***അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ***
***കമാബാറക്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുമ്മജിദ്.***

അർഥം : അല്ലാഹുവേ, നീ നബി(സ)നും കുടുംബത്തിനും സവിശേഷകാരുണ്യം നൽകേണമേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നൽകിയതുപോലെ. തീർച്ചയായും നീ സ്തുത്യർഹനും പരിശുദ്ധനുമാണ്. അല്ലാഹുവേ, നീ നബി(സ)നും തിരുകുടുംബത്തിനും അനുഗ്രഹങ്ങൾ നൽകേണമേ, ഇബ്റാഹിം നബിക്കും കുടുംബത്തിനും നൽകിയതുപോലെ. തീർച്ചയായും നീ സ്തുത്യർഹനും പരിശുദ്ധനുമാണ്.

## എന്താണ് ഈ സവിശേഷകാരുണ്യവും അനുഗ്രഹവും?

*ഇബ്റാഹിം നബിക്കും കുടുംബത്തിനും ലഭ്യമായ ഏത് സവിശേഷ കാരുണ്യവും അനുഗ്രഹവുമാണ് നബി(സ)നും കുടുംബത്തിനും ലഭിക്കാൻ നാം ദുഃആ ചെയ്യുന്നത്?*

അത് വിശുദ്ധ ഖുർആൻതന്നെ നമുക്ക് പറഞ്ഞുതരുന്നുണ്ട്. സൂറ ബഖറയിൽ അതിങ്ങനെ വായിക്കാം. **വഇദിബ്ത്തലാ ഇബ്റാഹീമ റബ്ബുഹു ബി കലിമാത്തിൻ ഫ അത്തമ്മഹുന്ന. ഖാല ഇന്നീ ജാഇലുക്ക ലിന്നാസി ഇമാമാ ഖാല വമിൻ ദുർരിയ്യത്തി. ഖാല ലായനാലു അഹമദില്ല്വാലിമീൻ.** (2:125) ഇബ്റാഹീമിനെ തന്റെ നാഥൻ ചില വചനങ്ങൾകൊണ്ട് പരീക്ഷിച്ച സന്ദർഭം. അല്ലാഹു പറഞ്ഞു: ഞാൻ നിന്നെ ജനങ്ങൾക്ക് ഇമാമിക്കിയിരിക്കുന്നു. അദ്ദേഹം പറഞ്ഞു : (നാഥാ) എന്റെ മക്കളിൽ നിന്നും (ഇമാമുമാരെ ആക്കേണമേ) അല്ലാഹു പറഞ്ഞു: (പക്ഷേ) അതിക്രമകാരികൾക്ക് എന്റെ ഉടമ്പടി കിട്ടുകയില്ല.

വിശുദ്ധഖുർആൻ ഇബ്റാഹിം നബി(അ)ന്റെ സന്തതികളിൽ പ്രവാചകന്മാരെ നിയോഗിച്ചുവെന്ന് വ്യക്തമാക്കുന്നു.

**വജഅൽനാ ഫീ ദുർരിയ്യത്തിഹിന്നുബുവ്വത്ത**

നാം അദ്ദേഹത്തിന്റെ (ഇബ്റാഹിമിന്റെ) മക്കളിലും നുബുവ്വത്ത് നൽകി. (29:28)

## ഹദ്റത് അഹ്മദ്(അ) പറയുന്നു

ഹദ്റത് അഹ്മദ്(അ) താൻ, നബി(സ)ന്റെ ആത്മീയ സന്തതിപരമ്പരയിൽ നുബുവ്വത്തിന് അർഹനായി എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ!

**റബത്വ് ഹെ ജാനെ മുഹമ്മദ് സെ മേരിജാൻകോ മുദാം ദിൽകോ വോ ജാമെ ലുബാ ലുബ് ഹെ പിലായാ ഹംനെ**

ഏതു സമയത്തും എന്റെ ആത്മാവിന് മുഹമ്മദിന്റെ ആത്മാവുമായി ബന്ധമുണ്ട്. ഹൃദയത്തിന് ഈ നിറചഷകമാണ് നാം കുടുപ്പിച്ചത്. (ദുർറെസമീൻ)

---

*ഹദ്റത് മിർസാ ഗുലാം അഹ്മദ്(അ) മേൽ അർഥങ്ങളുടെ വീക്ഷണത്തിലാണ് തന്റെ നുബുവ്വത്തിനെക്കുറിച്ച് പറഞ്ഞത്. അല്ലാതെ നബി(സ) ൽ നിന്ന് വ്യതിരിക്തമായതോ, എതിരായതോ, ആയ നുബുവ്വത്തിനെക്കുറിച്ച് പറഞ്ഞിട്ടേയില്ല.*ഹദ്റത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഒരു അറബി കവിതയിൽ പറയുന്നു:

**വഇന്നീ വരിസ്തുൽ മാല, മാല മുഹമ്മദിൻ**
**ഫമാ അനാ ഇല്ലാ ആലുഹുൽ മുത്തഖയ്യദൂ**
**വകയ്ഫ വരിസ്തു വലസ്തുമിൻ അബ്നാഇഹീ**
**ഫ ഫക്കിർ, വഹൽ ഫീ ഹിസ്ബിക്കും മുതഫക്കറു**

**ഫലാ വല്ലദീ ഖലഖസ്സമാഅ ലി അജ്‌ലിഹീ**
**ലഹൂ മിസ്‌ലനാ വുൽദുൻ യൗമിയുഹ്ശറൂ**
**വ ഇന്നാ വരിസ്നാ മിസ്‌ല വുൽദിൻ മത്താഅഹു**
**ഫ അയ്യു സബൂത്തിൻ ബഅ്ദ ദാലിക്ക യുഹ്ളറൂ**

അർഥം: ഞാൻ മുഹമ്മദ് നബി(സ)ന്റെ സമ്പത്തിൽ അവകാശിയാക്കപ്പെട്ടിരിക്കുന്നു. ഞാൻ അവിടുത്തെ പരിശുദ്ധ കുടുംബത്തിൽപ്പെട്ടവനാണ്. ഞാൻ അവിടുത്തെ സന്തതിയല്ലാതെ എങ്ങിനെയാണ് തിരുനബിയുടെ സ്വത്തിന് അവകാശിയായെന്നോർത്ത് വേവലാതിപ്പെടേണ്ട. എന്ത്, നിങ്ങളിൽ ചിന്താശീലർ ആരുമില്ലേ? അല്ല, വാനലോകത്തെ അവിടുത്തേക്ക് വേണ്ടി സൃഷ്ടിച്ച അല്ലാഹുവാണ് സാക്ഷി, അവിടുത്തേക്ക് നമ്മെപ്പോലുള്ള മക്കളുണ്ട്. അത് ഖിയാമത്ത് വരെ ഉണ്ടായിക്കൊണ്ടിരിക്കും. നാം മക്കളെപ്പോലെ അവിടുത്തെ സ്വത്തിന് അവകാശിയാക്കപ്പെട്ടിരിക്കുന്നു. ഇതിലും വലിയ എന്ത് തെളിവാണ് സമർപ്പിക്കേണ്ടത്?
നബി(സ)ന്റെ ഉമ്മത്തിൽ നുബുവ്വത്ത് : 33:7 വിശദീകരണം :3:82 (ഇഅ്ജാസുൽ മസീഹ്)

ഹദ്റത് ശേഖുൽ അക്ബർ മുഹയിദ്ദീനുബ്നു അറബി (റഹ്) (വഫാത്ത് 638 ഹിജ്രി), ഹ.മൗലാനാ ജലാലുദ്ദീൻ റൂമി (റഹ്) (വഫാത്ത് 672 ഹി.), ഹദ്റത് സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി (റഹ്) (വഫാത്ത് 562 ഹി), ഹദ്റത് സയ്യിദ് അബ്ദുൽകരിം ജീലാനി (റഹ്) (വഫാത്ത് 767 ഹി), ഇമാം അബ്ദുൽ വഹാബ് ശിഅ്റാനി (റഹ്) (വഫാത്ത് 976 ഹി), ഇമാം മുഹമ്മദ് ത്വാഹിർ (റഹ്) (986 ഹി), നവാബ് സിദ്ദീഖ് ഹസൻഖാൻ ഭോപാലവി (വഫാത്ത് 1307 ഹി) ഹ. അല്ലാമാ ഇബ്നു ഖുൽദൂൻ (വഫാത്ത് 808 ഹി), ഹദ്റത് ഇമാം ഫഖറുദ്ദീൻ റാസി (വഫാത്ത് 544 ഹി), ഹദ്റത് ഇമാം ബാഖിർ (റഹ്), ഹദ്റത് ശേഖ് ബാലി ആഫന്തി (വഫാത്ത് 960ഹി) തുടങ്ങി നിരവധി പണ്ഡിത ശ്രേസരർ മനസിലാക്കിയതും പഠിപ്പിച്ചതും, ഖത്തമുന്നുബുവ്വത്ത് പ്രവാചകത്വം കൊട്ടിയടക്കാനുള്ള മുദ്ര അല്ലെന്നാണ്. മറിച്ച് പ്രസ്തുത ദൈവിക സംബോധനയെ നബി(സ)ന് ലഭിച്ച ശ്രേഷ്ഠതയായി തന്നെയാണ് ഉൾക്കൊണ്ടത്.

## വഴികേടിന്റെ വിശ്വാസം

നബിവരില്ലെന്ന വിശ്വാസം വഴികേടാണെന്ന് മഹാത്മാക്കളെല്ലാം മനസിലാക്കിയിരുന്നു.
വിശുദ്ധ ഖുർആൻ പറയുന്നു:

**വലഖദ് ജാഅക്കും യൂസുഫു മിൻ ഖബ്‌ലു ബിൽ ബയ്യിനാത്തി ഫമാ സിൽത്തും ഫീ ശക്കിൻ മിമ്മാ ജാ അക്കും ബിഹീ. ഹത്താ ഇദാ ഹലക്ക ഖുൽത്തും ലൻയബ്അസല്ലാഹു മിൻ ബഅ്ദിഹീ റസൂലാ. കദാലിക്ക യുള്ളില്ലുല്ലാഹു മൻഹുവ മുസ്‌രിഫുമ്മുർത്താബ്** (40:35)

അർഥം : ഇതിന് മുമ്പ് യൂസുഫ് നിങ്ങളുടെ അടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ അദ്ദേഹം കൊണ്ടുവന്നതിനെക്കുറിച്ച് നിങ്ങൾ സംശയത്തിലായിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു, അല്ലാഹു അദ്ദേഹത്തിനുശേഷം ഒരിക്കലും ഒരു പ്രവാചകനേയും അയക്കുകയില്ല. ഇങ്ങനെയാണ് അതിരു കവിഞ്ഞ് പ്രവർത്തിക്കുന്നവരേയും സംശയാലുക്കളേയും അല്ലാഹു വഴികേടിലാക്കുന്നത്!

## ഉപസംഹാരം

ഹദ്റത് അഹ്മദ്(അ) ഉന്നയിച്ച നുബുവ്വത്ത് വാദം കേവലം ശിഷ്യപ്രവാചകനാണെന്ന് മാത്രമാണ്. അതാകട്ടെ വിശുദ്ധഖുർആനോ, തിരുഹദീസുകൾക്കോ, മുൻകാല പണ്ഡിത വചനങ്ങൾക്കോ എതിരല്ല. മറിച്ച് തികച്ചും അനുകൂലവും അനുയോജ്യവുമാണ്.

**ഹദ്റത് അഹ്മദ്(അ) പറയുന്നു**

**മുസ്തഫാ(സ) പർ തേരാ ബേ ഹദ്ഹോ സലാം ഒർ റഹ്മത്**
**ഉസ്സെ യെ നൂർ ലിയാ ബാറെ ഖുദായാ ഹം നെ**

ഹദ്റത് മുഹമ്മദ് മുസ്തഫ(സ) തിരുമേനിക്ക് നിന്റെ ആയിരമായിരം, അനന്തമായ സലാമും റഹ്മത്തും വർഷിക്കേണമേ, നാഥാ, ആ പുണ്യനബിയിൽ നിന്നാണ് നാം ഈ പ്രകാശം നേടിയത് (ദുർറെ സമീൻ)

# ലാ നബിയ്യ ബഅ്ദീ
## ഹദീസുകളുടെ താൽപര്യം

**നബി(സ) ലാനബിയ്യ ബഅ്ദീ എന്നു മാത്രമായി എവിടേയും പറഞ്ഞിട്ടില്ല**

**പ്രവാചകന്മാർ വരില്ലെന്നതിന് ഉദ്ധരിക്കുന്ന ഹദീസ്:**
എനിക്കും മുൻകാല പ്രവാചകന്മാരും തമ്മിലുള്ള ഉപമ ഒരു കെട്ടിടം പോലെയാണ്. അത് ഏറ്റവും ഭംഗിയായിട്ടാണ് കെട്ടിയിരിക്കുന്നു. അതിൽ ഒരു ഇഷ്ടികയുടെ സ്ഥാനം ഒഴിവുണ്ട്. ജനങ്ങൾ ആ കെട്ടിടം ചുറ്റി സഞ്ചരിക്കുകയും അതിന്റെ നിർമാണത്തിൽ അത്ഭുതപ്പെടുകയും ചെയ്യുന്നു. എന്നാൽ ഒരു കല്ല് വിട്ട് പോയതിനെപറ്റി മനസിൽ പറയുകയും ചെയ്യുന്നു. ഞാനാണ് ആ കല്ല് പൂർത്തിയാക്കുന്നവൻ. ഞാൻ മുഖേന ഈ കെട്ടിടം ഉന്നതവും ഭംഗിയുള്ളതുമായി. അതുകൊണ്ട് തന്നെ എന്നെ നബിമാരുടെ ഖാത്തം ആക്കിയിരിക്കുന്നു. മറ്റൊരു രിവായത്തിൽ പറയുന്നു. ഞാനാണ് ആ കല്ല്. ഞാൻ നബിമാരുടെ ഖാത്തം ആകുന്നു.

ബുഖാരിയുടെ വിശദീകരണത്തിൽ **അല്ലാമാഇബ്നു ഹജ്ർ അസ്ഖലാനി** പറയുന്നു
കെട്ടിടം പൂർത്തിയാക്കുക എന്നതുകൊണ്ടുള്ള വിവക്ഷ മുഹമ്മദീ ശരീഅത്ത് മുൻകാല ശരീഅത്തുകളെ അപേക്ഷിച്ച് ഒരു പരിപൂർണ ശരീഅത്താണ്
(ഫത്ഹുൽബാരി ഭാഗം :2, പേജ് : 380)

**അല്ലാമ ഇബ്നു** ഖുൽദൂൻ എഴുതുന്നു
ഖാത്തമുന്നബിയ്യീൻ എന്നതിനെ കെട്ടിടം പൂർത്തിയാക്കാനുള്ള അവസാനത്തെ ഇഷ്ടിക എന്നതുകൊണ്ട് വ്യാഖ്യാനിക്കപ്പെടാറുണ്ട്.
അതിന്റെ അർഥം, സമ്പൂർണ നുബുവ്വത്ത് കിട്ടിയ പ്രവാചകൻ എന്നാണ്. (മുഖദ്ദിമ പേജ്: 271)

**നബി(സ), ഹദ്റത്ത് അലി(റ)നോട് പറഞ്ഞു എന്റെ പക്കൽ നിനക്കുള്ള സ്ഥാനം, മൂസ(അ)ന്റെ പക്കൽ ഹാറൂൻ(അ)ന് ഉള്ളത് പോലെയാണ്. എന്നാൽ എനിക്ക് ശേഷം നബിയില്ല. മറ്റൊരു നിവേദനത്തിൽ പറയുന്നു: എനിക്ക് ശേഷം നബിയില്ല. മറ്റൊരു നിവേദനം : നീ നബിയല്ല അതുകൊണ്ട് ഇനി നബിയില്ല**

**ഹദ്റത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്‌ലവി** പറയുന്നു ഈ ഹദീസിന്റെ സന്ദർഭം, തബൂക്ക് യുദ്ധാവസരത്തിൽ ഹദ്റത് അലി(റ)നെ തന്റെ പ്രതിനിധിയോ, പ്രാദേശിക അമീറോ ആക്കുന്നതാണ്. മൂസാ(അ) ത്വൂർ പർവതത്തിലേക്ക് പോകുമ്പോൾ ഹാറൂർ(അ)നെ പ്രതിനിധയാക്കിയതുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ബഅ്ദീ എന്നതിന്റെ വിവക്ഷ ഇവിടെ ഒഴികെ എന്നാണ്. കാലശേഷം എന്നല്ല. ഉദാഹരണമായി ഫമൻ യഹ്ദിഹീ മിൻബഅ്ദില്ലാഹി എന്നതിൽ ബഅ്ദില്ലാഹി എന്നതിന്റെ അർഥം അല്ലാഹു ഒഴികെ എന്നാണ്.

കാലത്തിന് ശേഷം അല്ല എന്നതിന്റെ വിവക്ഷ, ഹ. ഹാറൂൻ(അ), ഹ. മൂസാ(അ)ന് ശേഷം ജീവിച്ചിരുന്നില്ല. പക്ഷേ അലിയെ സംബന്ധിച്ചിടത്തോളം നബിക്ക് ശേഷവും ജീവിച്ചിരുന്നു. അതുകൊണ്ട് ഹ. അലി(റ)ന് പിൽക്കാലം എന്നത് വ്യത്യസ്തമാണ്.

**അതായത്**
എന്നാൽ അലിയോട് പറയുന്നത് ഹാറൂൻ(അ) നബിയായിരുന്നു. താങ്കൾ നബിയല്ല. മാത്രമല്ല താങ്കൾക്ക് നൽകുന്ന സ്ഥാനം താൽക്കാലികവുമാണ്. എന്നത്രെ.

---

**മറ്റൊരു ഹദീസ്: നബി(സ) പറയുന്നു. എന്റെ ഉമ്മത്തിൽ മുപ്പത് കള്ളന്മാർവരും എല്ലാവരും താൻ നബിയാണെന്ന് വാദിക്കും. ഞാൻ ഖാത്തമുൻ നബിയ്യീൻ ആകുന്നു. എനിക്ക്ശേഷം നബിയില്ല.**
നബി(സ) പറയുന്നു:
*ലയ്സ ബയ്നീ വ ബയ്നഹൂ നബിയ്യുൻ* എനിക്കും വരാനുള്ള മസീഹിനുമിടയിൽ നബിയില്ല.
**നബി(സ)യുടെ വിശദീകരണം**
ഹുവ നബിയുല്ലാഹി ഈസാ (വരാനുള്ള ഈസാ നബിയായിരിക്കും) എന്ന് നാല് പ്രാവശ്യം പ്രസ്താവിച്ചിരിക്കുന്നു. (സ്വഹീഹ് മുസ്‌ലിം കിത്താബുൽ ഫിതൻ, ബാബുദിക്റുദ്ദജ്ജാൽ)
ഹദ്റത് അഹ്മദ്(അ) പറയുന്നു :-
ഇവർ യഹൂദികളായപ്പോൾ ഞാൻ അവർക്കു വേണ്ടി ഈസയായി വന്നിരിക്കുന്നു. ഈ വാർത്തകൾ ചിന്തിക്കുന്നവർക്ക് മതിയായതാണ്.

---

**വേറൊരു ഹദീസ്, നബി(സ) പറഞ്ഞു : ബനീ ഇസ്റാഈലിനെ ഭരിച്ചിരുന്നത് പ്രവാചകന്മാരാണ്. അവരിൽ ഒരു പ്രവാചകൻ മരിക്കുമ്പോൾ മറ്റൊരാൾ പ്രവാചകനാകുമായിരുന്നു. എന്നാൽ എനിക്കുശേഷം നബിയില്ല, ഖലീഫമാരുണ്ടാകും.**
**വിശദീകരണം**
***വസയകൂനു ഖുലഫാഅ്*** എന്നാണ് പറഞ്ഞത് അതായത് സമീപഭാവിയിൽ ഖലീഫമാരാണ് ഉണ്ടാവുക. മാത്രമല്ല ഉമ്മത്തിന്റെ അവസാനഘട്ടത്തിൽ *സുമ്മതകൂനു ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ;* വീണ്ടും നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ് (അ) നബിയായിരിക്കുമെന്നും. അദ്ദേഹത്തിനുശേഷം ഖിലാഫത്ത് സ്ഥാപിതമാകുമെന്നും നബി(സ) വ്യക്തമായും ദീർഘദർശനം ചെയ്തിട്ടുണ്ട്.

## സൽസ്വപ്നങ്ങൾ

**നബി(സ) പറഞ്ഞിട്ടുണ്ട്. നുബുവ്വത്ത് ഇല്ല, വഹ്‌യും ഇല്ല, മുബശ്ശിറാത്ത് അതായത് സൽസ്വപ്നങ്ങൾ മാത്രമേ ബാക്കിയായിട്ടുള്ളൂ.**

**നബി(സ) പറഞ്ഞതിന്റെ വിവക്ഷ**
നബി(സ) വ്യക്തമായും പറഞ്ഞത്, നുബുവ്വത്തിൽ മുബശ്ശിറാത്ത് അല്ലാത്ത മറ്റൊന്നും ബാക്കിയായിട്ടില്ല എന്നാണ്.
**ഭാഷാ പ്രയോഗം**
**ലം യബ്ഖ മിനൽ മാലി ഇല്ലൽ ഫിസ്സ:** ധനത്തിൽ വെള്ളിയല്ലാതെ മറ്റൊന്നും ബാക്കിയില്ല. അതായത് വെള്ളിയും ധനത്തിൽ ഉൾപ്പെടുന്നു.
**എന്താണ് മുബശ്ശിറാത്ത്**
നബി(സ) മുബശ്ശിറാത്തിനെ സൽസ്വപ്നങ്ങളെന്നും, സച്ചരിതരുടെ സ്വപ്നങ്ങളെന്നും, അതോടൊപ്പം തന്നെ നുബുവ്വത്തിന്റെ 46- ൽ ഒന്നാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
**അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനി(റഹ്)**
ഈ ഹദീസിൽ വന്നിട്ടുള്ള നുബുവ്വത്ത് കൊണ്ടുള്ള വിവക്ഷ നബി(സ)ന്റെ പ്രത്യേകനുബുവ്വത്ത് എന്നാണ്, അതായത് നിന്റെ പ്രത്യേക നുബുവ്വത്തിൽ ശരീഅത്തീ ഭാഗം അവസാനിച്ചിരിക്കുന്നു. മുബശ്ശിറാത്ത് ബാക്കിയുണ്ട്.
**ശറഹ് ഇബ്നുമാജ**
ഈ ഹദീസിൽ അർമഅ്യ സ്വാലിഹ (സൽസ്വപ്നം) എന്നു വന്നിട്ടുണ്ട്. അത് സാധാരണക്കാരെ കുറിച്ചാണ്. എന്നാൽ ഔലിയാക്കൾക്കും, പ്രത്യേക വ്യക്തികൾക്കും ഇൽഹാമിന്റെയും കശ്ഫിന്റെയും ശൃംഖല അംഗീകൃതവും, ഉള്ളതുമാണ്.
**പ്രവാചകന്മാർ മുബശ്ശിറാത്തുകൾ**
വിശുദ്ധ ഖുർആൻ പറയുന്നു:
നാം എല്ലാ പ്രവാചകന്മാരേയും മുബശ്ശിറാത്തും മുൻദിറാത്തും കൊണ്ടാണ് അയച്ചിട്ടുള്ളത്. ആരാണോ വിശ്വസിക്കുകയും തങ്ങളിൽ പരിവർത്തനം വരുത്തുകയും ചെയ്യുന്നത് അവർക്ക് യാതൊന്നും ഭയപ്പെടാനോ വ്യസിക്കാനോ ഇല്ല.
**വരാനുള്ള ഈസാനബിക്ക് വഹ്‌യ് ഇറങ്ങും**
റൂഹുൽ മആനിയിൽ പറയുന്നു:
മുസ്‌ലിമിലെ ഹദീസിന്റെ വെളിച്ചത്തിൽ ഹദ്റത് ഈസാ (അ) ന് ഹഖീഖിയ്യായ (യാഥാർഥത്തിലുള്ള വഹ്‌യ് ഉണ്ടാവുന്നതാണ്. (ഭാഗം: 5, പേജ്: 65)
**വീണ്ടും പറയുന്നു**
ഈ വഹ്‌യ് ജിബ്‌രീലിന്റെ നാവിലൂടെയാണ് ഇറങ്ങുക. കാരണം അല്ലാഹുവിനും പ്രവാചകന്മാർക്കും ഇടയിൽ അദ്ദേഹമാണ് ദൂതൻ. (റൂഹുൽ മആനി ഭാഗം: 7, പേജ്: 65)
**തുടർന്ന് പറയുന്നു**
ലാ വഹ്‌യ് ബഅ്ദ മൗത്തീ എന്ന ഹദീസ് കള്ളമാണ്. നബി(സ)ന് ശേഷം ജിബ്‌രീൽ ഭൂമിയിൽ ഇറങ്ങുകയില്ലെന്ന് പറഞ്ഞുപരത്തുന്നത് അടിസ്ഥാനരഹിതമാണ്. (അതേ പുസ്തകം)

**ഹദ്റത് അഹ്മദ്(അ) പറയുന്നു**
ഈ എല്ലാ നിർഭാഗ്യവും നബി എന്നതിന്റെ യഥാർഥ വിവക്ഷയിൽ ചിന്തിക്കാത്തതുകൊണ്ട് ഉടലെടുത്തതാണ്. നബി എന്നതിന്റെ വിവക്ഷ, അല്ലാഹുവിൽ നിന്ന് വഹ്‌യ് മുഖേന വാർത്തകൾ എത്തിക്കുന്നവൻ എന്നും, ദൈവിക സംബോധനയും, സംഭാഷണവും സിദ്ധിക്കുന്നു എന്നുമാണ്. (ബറാഹീനെ അഹ്മദിയ്യാ ഭാഗം : 5, അടിക്കുറിപ്പ് പേജ്: 138)

മറ്റൊരു ഹദീസ്:

## നബി(സ)ന് ആറ് ശ്രേഷ്ഠതകളുണ്ട്.

### ആറാമത്തേത് നബിമാരെ ഖത്തം ആക്കി എന്നതാണ്.

**വിശദീകരണം**

**ഹദ്റത് അബൂഅബ്ദുല്ലാഹ് മുഹമ്മദ് ബിൻ അലിഹു സയ്ൻ അൽ ഹക്കീം അത്തിർമിദി (റഹ്)**
ഖാത്തമുന്നബിയ്യീൻ എന്നതിന് നബി(സ) ഏറ്റവും അവസാനം നിയോഗിതനായ പ്രവാചകനാണെന്ന് കരുതപ്പെടുന്നു. എന്നാൽ ഇതിൽ നബി(സ)ന് എന്ത് സ്ഥാനമഹിമയാണുള്ളത്? ഇതിൽ എന്ത് ജ്ഞാനമാണ് അടങ്ങിയിട്ടുള്ളത്? ഇത് അജ്ഞരുടെ അർഥ കൽപന മാത്രമാണ്.

**ഉസ്താദ് മുഹമ്മദ് ഖാസിം നാനുത്വി പറയുന്നു**
തിരുനബി ഖാത്തം അകുന്നുവെന്നതിന്റെ താൽപര്യം സാധാരണക്കാരുടെ വീക്ഷണത്തിൽ തിരുനബിയുടെ കാലം മുൻകഴിഞ്ഞ പ്രവാചകന്മാരുടെ കാലത്തിന് ശേഷമുള്ളതാണെന്നും തിരുനബി എല്ലാവരിലും അവസാനത്തെ പ്രവാചകനാണെന്നുമത്രെ. എന്നാൽ, കാലം മുൻപോ പിൻപോ ആകുന്നതിൽ യാതൊരു ശ്രേഷ്ഠതയുമില്ലെന്ന് ജ്ഞാനികൾക്ക് അറിയാവുന്നതാണ്. എന്നിരിക്കെ തിരുനബിയെ ഖാത്തമുന്നബിയ്യീൻ എന്ന് സ്തുതിയായി പറയുന്നത് ശരിയാവുന്നതെങ്ങിനെയാണ്! പക്ഷേ എനിക്കറിയാം ഇസ്‌ലാമിലെ ആർക്കും ഇക്കാര്യം അംഗീകരിക്കാൻ സാധ്യമല്ലെന്ന്! (തഹ്ദീറുന്നാസ് പേജ് : 4,5)

**ഹദ്റത് അഹ്മദ്(അ)**
**തമ്മത്ത് അലയ്ഹി സ്വിഫത്തു കുല്ലി മസിയ്യത്തിൻ ഖുതിമത്ത് ബിഹീ നഅ്മാഉ കുല്ലി സമാനി**
എല്ലാത്തരം ഉത്കൃഷ്ട ഗുണങ്ങളും തിരുനബി(സ)യിൽ പരിപൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. എല്ലാ കാലത്തേയും അനുഗ്രഹങ്ങൾ തിരുനബിയിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു.

## സത്യവാദികൾ വിജയിക്കുന്നു!

ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു.
- ഹദ്റത് അഹ്മദ്(അ)ന് അല്ലാഹു നാൾക്കുനാൾ അഭിവൃദ്ധിയും വിജയവുമാണ് പ്രദാനം ചെയ്തത്.
ദൈവിക നിർദേശപ്രകാരം അദ്ദേഹം വിളംബരപ്പെടുത്തി:
I shall give you a large party of Islam
ഞാൻ നിനക്ക് ഇസ്‌ലാമിന്റെ ഒരു വലിയ സംഘത്തെ നൽകുന്നതാണ്.
- ഇന്ന് 200 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രവർത്തിക്കുന്നു


## വ്യാജവാദി കൊല്ലപ്പെടും

അദ്ദേഹം വല്ലതും നമ്മുടെമേൽ കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലംകൈകൊണ്ട് പിടികൂടുമായിരുന്നു. പിന്നെ അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരായി നിങ്ങളിലാരുമുണ്ടായിരിക്കുകയില്ല. (69:45-48)
നബി(സ) തന്റെ നുബുവ്വത്ത് വാദത്തിനുശേഷം 23 വർഷം ജീവിച്ചിരിക്കുകയും മരണശേഷം ദൗത്യം അഭംഗുരം അനസ്യൂതം പടർന്നു പന്തലിക്കുകയും ചെയ്തു. ഇത് നബി(സ)ന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു വലിയ തെളിവാണ്. അതായത്, നബി(സ) അല്ലാഹുവിന്റെ പേരിൽ യാതൊന്നും കറ്റുകെട്ടി പറഞ്ഞിരുന്നില്ല.
ഹദ്റത്ത് അഹ്മദ്(അ)ന്റെ ദൗത്യപ്രഖ്യാപനത്തിനുശേഷം 23 വർഷത്തിലധികം ജീവിച്ചിരിക്കുകയും ശേഷം ദൗത്യം അനുസ്യൂതം തുടരുകയും പടർന്നുപന്തലിക്കുകയും ചെയ്തു. വിശുദ്ധഖുർആന്റെ ഈ മാനദണ്ഡമനുസരിച്ച് ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം സുതരാം പുലർന്നു.
ഹദ്റത് അഹ്മദ്(അ)ന്റെ കാലത്തിന് മുമ്പും, ശേഷവും നിരവധി പേർ പ്രവാചകത്വവാദവുമായി രംഗത്തേക്ക് വന്നെങ്കിലും അവരെല്ലാം ദൈവികവിധിപ്രകാരം ഈ ലോകത്ത് നിന്ന് നിഷ്കാസനം ചെയ്യപ്പെട്ടു.
അവരുടെ ഭൗതികവും ആത്മീയവുമായ തലമുറകൾ പോലും ലോകത്ത് അവശേഷിച്ചില്ല.
**ഹദ്റത് അഹ്മദ്(അ) പറയുന്നു:**
നബിയോ റസൂലോ ദൈവനിയോഗിതനോ ആണെന്ന വാദമുന്നയിക്കുകയും തുറന്ന രീതിയിൽ ദൈവത്തിന്റെ പേരിൽ ജനങ്ങൾ സന്ദേശങ്ങൾ കേൾപ്പിക്കുകയും അതേസമയം അയാൾ കറ്റുകെട്ടിപ്പറയുന്നവനുമാണെങ്കിൽ, നബി(സ)ന് തന്റെ വഹിയുടെ കാലഘട്ടമായ 23 വർഷം അത്തരം ആൾ ജീവിച്ചിരുന്നതായി ഞാനും വിശുദ്ധഖുർആനും സമർപ്പിക്കുന്ന തെളിവിന്റെ അടിസ്ഥാനത്തിൽ ഒരൊറ്റ ഉദാഹരണമെങ്കിലും കാണിച്ചുതന്നാൽ അത്തരം ആൾക്ക് ഞാൻ 500/- രൂപ രൊക്കമായി നൽകാൻ സന്നദ്ധനാണ്.
(അർബഈൻ)



## സന്ദേശപ്രചാരണം

**ഹദ്റത് അഹ്മദ്(അ)നെ അല്ലാഹു അറിയിച്ചു.**
ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ കോണുകളോളം എത്തിക്കുന്നതാണ്.
- ലോകം മുഴുവൻ പ്രവർത്തിക്കുന്ന ഏക ഇസ്‌ലാമിക പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്.
- 24 മണിക്കൂറും സംപ്രേഷണം ചെയ്യുന്ന 6 TV ചാനലുകൾ മേൽ ദൈവിക വിളംബരത്തെ പ്രോജ്ജ്വലമാക്കുന്നു.
Muslim Television Ahmadiyya
- ഇന്റർനെറ്റിൽ www.alislam.org എന്ന അഡ്രസിലും പ്രചാരണ പദ്ധതികൾ അനുസ്യൂതം തുടരുന്നു.




# ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം

***ഞാൻ നിങ്ങൾക്കിടയിൽ ഒരു നീണ്ടകാലം കഴിച്ചുകൂട്ടി എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ?*** (വി.ഖു)

ശൈശവവും, യുവത്വവും താൻ നിങ്ങൾക്കിടയിലാണ് കഴിച്ചുകൂട്ടിയത്. ഇക്കാലമത്രയും എന്റെ സത്യസന്ധതയിൽ നിങ്ങൾ അഭിപ്രായവ്യത്യാസമില്ലാത്തവരായിരുന്നു. എങ്ങനെയാണ് ഞാൻ കളവാണ് പറയുന്നതെന്ന് വിധിക്കുന്നത്. നബി(സ)ന്റെ ഈ ചോദ്യം ചിന്തോദ്ദീപകമായിരുന്നു! ഒരാളും അതിനെതിരിൽ എഴുന്നുനിന്നില്ല.

**ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: ഒരു ന്യൂനതയോ, കറ്റുകെട്ടോ, കളവോ, വഞ്ചനയോ എന്റെ മുൻകാല ജീവിതത്തിൽ നിങ്ങൾക്ക് കാണിക്കാൻ സാധ്യമല്ല. എന്റെ മുഴുനീള ജീവിതത്തിൽ എന്തെങ്കിലും ഒരു ആരോപണം ഉന്നയിക്കാൻ നിങ്ങളിൽ ആർക്ക് കഴിയും? (തദ്കിറത്തുശ്ശഹാദത്തയ്ൻ)**

## എതിരാളികളുടെ സാക്ഷ്യങ്ങൾ



ഹദ്റത് അഹ്മദ്(അ)

**ഹദ്റത് അഹ്മദ്(അ)ന്റെ ബദ്ധവൈരിയായിത്തീർന്ന മുജാഹിദ് നേതാവ്**

**മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പറയുന്നു:**

ഗ്രന്ഥ കർത്താവ് (ബറാഹീനെ അഹ്മദിയ്യായുടെ കർത്താവായ ഹദ്റത് അഹ്മദ്(അ)) നമ്മുടെ നാട്ടുകാരനാണ്. മറിച്ച്, ആദ്യകാലങ്ങളിൽ നമ്മുടെ സതീർഥ്യനുമാണ്.......... അദ്ദേഹത്തിന്റെ അവസ്ഥകളേയും ചിന്താഗതികളേയും കുറിച്ച് നമുക്ക് അറിവുള്ളത്ര ആളുകൾ സമകാലീനരിൽ ഏറെയില്ല.

ബറാഹീനെ അഹ്മദിയ്യയുടെ കർത്താവ് അനുകൂലവും പ്രതികൂലവുമായ അനുഭവങ്ങളുടേയും സാക്ഷ്യങ്ങളുടേയും വെളിച്ചത്തിൽ മുഹമ്മദീശരീഅത്തിൽ നിലകൊള്ളുന്നആളും, ഭയഭക്തിയുള്ള ആളും സത്യസന്ധതയുടെ അടയാളവുമാണ്. (ഇശാഅത്തുസ്സുന്ന:)

**മൗലവി. സനാഉല്ലാഹ് അമൃത്സരി**


ബറാഹീനെ അഹ്മദിയ്യായുടെ പ്രസിദ്ധീകരണം വരേയും എനിക്ക് മിർസാ സാഹിബിനെ കുറിച്ച് നല്ല അഭിപ്രായമാണുണ്ടായിരുന്നത്. ഒരിക്കൽ ഞാൻ (അന്നെനിക്ക് 17-18 വയസായിരുന്നു പ്രായം) കൂടിക്കാഴ്ചക്കുള്ള അത്യധികമായ ആഗ്രഹം കാരണം ബട്ടാല മുതൽ ഖാദിയാൻ വരെ കാൽനടയായി പോയിട്ടുണ്ടായിരുന്നു. (രിസാല താരീഖ് മിർസാ പേജ്: 53)

**മുജാഹിദ് പണ്ഡിതൻ മൗലവി അബുൽ ഹസൻ അലി നദ്‌വി**

19-ാം നൂറ്റാണ്ടിന്റെ ഒടുക്കം.................. വേരുറച്ച വിശ്വാസവും ആണിറങ്ങിയ വിജ്ഞാനവും ആഴവും പരപ്പുമുള്ള പഠനവും അനിവാര്യമായിരുന്നു. ഉന്നതമായ ബുദ്ധിയും ഏറെ ക്രിയാത്മകമായ ബോധവും മനോധൈര്യവും ശക്തമായ വ്യക്തിത്വവും ഉയർന്ന ആത്മീയ ബോധവും വേണം.

ധർമ സമരത്തിന്റെ ചൂടും ചുണയുമുള്ള ഒരു മുജദ്ദിദിന്റെ അനിവാര്യത ഇസ്‌ലാമിക ലോകത്ത് വ്യക്തമായി...........


ഇസ്‌ലാമിക ലോകത്തെ ഒന്നിപ്പിക്കുകയും പുതിയൊരു ജീവിതം സമ്മാനിക്കുകയും തന്റെ ഈമാന്റെ ശക്തിയും അറിവിന്റെ വെൺമയും സമരാവേശവും ഉപയോഗിച്ച് പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നാക്രമണം നേരിടാനും കഴിവുള്ള ഒരു പ്രബോധകനെ ആവശ്യപ്പെടുകയായിരുന്നു ഇസ്‌ലാമിക ലോകം! ഈ ദുർഘട സന്ധിയിൽ വളരെ ശക്തിയായും വ്യക്തമായും ഇസ്‌ലാമിക സമൂഹത്തിലെ ഇമ്മാതിരി ജാഹിലിയ്യത്തിനോട് സമരം ചെയ്യാനും പരിപാവനമായ യഥാർഥ തൗഹീദിലേക്കും കലർപ്പില്ലാത്ത തിരുചര്യയിലേക്കും ക്ഷണിക്കാനും ഒരു ധീരനായ പരിഷ് കർത്താവ് അത്യാവശ്യമാണെന്ന് ഇതൊക്കെ തെളിയിച്ചു. സമൂഹം അരാജകത്വത്തിലേക്കും ധാർമികാധഃപതനത്തിലേക്കും



ആഞ്ഞു വീഴുകയായിരുന്നു. ഇതൊക്കെതന്നെ തന്ത്രജ്ഞനായ ഒരു സാമൂഹിക പരിഷ്കർത്താവിന്റെ അനിവാര്യത വിളിച്ചോതി.

ഇസ്‌ലാമിക ലോകത്ത് വലിയ ഇളക്കം സംഭവിച്ച ഈ വിഷമകരമായ ചുറ്റുപാടിലാണ് മിർസാ ഗുലാം അഹ്മദ് കടന്നുവരുന്നത്. (ഖാദിയാനിസം പേജ്:176-181)

ഇസ്‌ലാമിനു വേണ്ടി ശബ്ദിക്കുകയും അദ്ദേഹത്തിന് ഉണ്ടായിട്ടുള്ള വളരെയേറെ ഇൽഹാമുകളുടേയും ദർശനങ്ങളുടേയും വെളിച്ചത്തിൽ ജനങ്ങൾ അദ്ദേഹം ഒരു വലിയാണെന്ന് വിശ്വസിക്കുകയും ചെയ്ത സാഹചര്യം... (ഖാദിയാനിസം പേജ്:55 പ്രസിദ്ധീകരണം, അവിഭക്ത KNM വിവ: സുഹൈർ ചുങ്കത്തറ)



**മൗലാനാ അബ്ദുൽ കലാം ആസാദ്**

മിർസാ സാഹിബിന്റെ വിയോഗം അദ്ദേഹത്തിന്റെ വാദങ്ങളോടും വിശ്വാസങ്ങളോടും കടുത്ത എതിർപ്പുകൾ ഉണ്ടായിരിക്കെ തന്നെ മുസൽമാൻമാർക്ക് അതേ അഭ്യസ്തവിദ്യരും ഉദ്ബുദ്ധമതികളുമായ മുസൽമാൻമാർക്ക് അവരുടെ ഒരു വലിയ നേതാവ് അവരിൽ നിന്ന് എന്നെന്നേക്കുമായി വേർപെട്ടുപോയെന്ന ഒരനുഭവമാണ് ഉളവാക്കിയിരിക്കുന്നത്. അതോടൊപ്പം ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരിൽ അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട ഒരു വമ്പിച്ച പ്രതിരോധ നിര തകർന്നുപോയെന്ന ഒരു തോന്നലും. അദ്ദേഹം ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരിൽ വിജയശ്രീലാളിതനായ ഒരു സേനാപതിയുടെ ഭാഗമാണ് പൂർത്തിയാക്കിക്കൊണ്ടിരുന്നത്. തന്റെ ഉദാത്തമായ അഭിലാഷങ്ങളത്രയും മതങ്ങളുടെ പഠനത്തിന് മാത്രമാക്കി ഒതുക്കിയ മറ്റൊരു ഉജ്ജ്വല വ്യക്തിത്വം ഹിന്ദുസ്ഥാനിലെ മതാന്തരീക്ഷത്തിൽ ഇനി ഉടലെടുക്കുമെന്ന് തോന്നുന്നില്ല. (വക്കീൽ)

# കാലഘട്ടം


*ഇവർക്ക് മുമ്പേ പൂർവികരിൽ അധികമാളുകളും വഴിപിഴച്ചു പോയവരായിരുന്നു.*
*അവരിൽ നാം താക്കീതു നൽകുന്നവരെ (പ്രവാചകന്മാരെ) അയക്കുകയും ചെയ്തിട്ടുണ്ട്. (37:72,73)*

**നബി(സ) പറയുന്നു:**

* ജനങ്ങളിൽ ഒരു കാലം വരാനിരിക്കുന്നു. അന്ന് ഇസ്‌ലാം അതിന്റെ പേരിലും ഖുർആൻ അതിന്റെ ലിപികളിലും ഒതുങ്ങും. അവരുടെ പള്ളികൾ കൂറ്റൻ എടുപ്പുകളും ജന ബഹുലങ്ങളുമായിരിക്കും. പക്ഷേ, അവയിൽ ദൈവ ഭക്തി ഉണ്ടായിരിക്കില്ല. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിലെ ഏറ്റവും നികൃഷ്ട ജീവികളായി അധഃപതിക്കും. കുഴപ്പങ്ങൾ അവരിൽ നിന്ന് തുടങ്ങി അവരിലേക്ക് തന്നെ മടങ്ങും. (മിശ്കാത്ത്)

* 1240 വർഷങ്ങൾക്ക് ശേഷം അല്ലാഹു മഹ്ദി ഇമാമിനെ നിയോഗിക്കും. (അന്നജ്മുസ്സാഖിബ്)

## ഖുർആനിലെയും ഹദീസുകളിലെയും ചില പരാമർശങ്ങൾ



• ഇമാം മഹ്ദിയുടെ ആഗമനകാലത്ത് ക്രിസ്തീയത ശക്തമായിരിക്കും.
• പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാവും.





• വേഗത്തിൽ യാത്രചെയ്യാവുന്ന വാഹനങ്ങൾ ഉണ്ടാവും.
• ഒട്ടകയാത്ര ഒഴിവാക്കപ്പെടും.
• പത്ര മാധ്യമരംഗം സജീവമാകും.
• മൃഗങ്ങൾ ഒരുമിച്ചുകൂട്ടപ്പെടും.
• പരസ്പരം അറിയാനും അടുക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാവും.



• വ്യത്യസ്ത ദേശത്ത് താമസിക്കുന്നവർ അതേ അവസ്ഥയിൽ പരസ്പരം കാണുമാറാകും.
• ആകാശത്തിന്റെ തോൽ ഉരിക്കപ്പെടും, അതായത് ഖഗോള ശാസ്ത്രം വികസിതമാകും.
• പെട്ടെന്നുള്ള മരണങ്ങൾ ഉണ്ടാവും. ആകാശത്തുനിന്നും ഭൂമിയിൽ നിന്നും കഠിനമായ ശിക്ഷകൾ ഉണ്ടാകും.





• യുദ്ധങ്ങൾ ഉണ്ടാകും.
• പുരുഷൻ സ്ത്രീയുടെയും, സ്ത്രീ പുരുഷന്റെയും വസ്ത്രം ധരിക്കും.
• അധഃകൃത വർഗങ്ങൾ പുരോഗതി പ്രാപിക്കും.
• സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി മുറവിളി ഉയരും.



• നദികളും സമുദ്രങ്ങളും കീറിമുറിക്കപ്പെടും.
• മുസ്‌ലിംകൾക്ക് എല്ലാ നിലക്കും അധഃപതനം സംഭവിക്കും.
• ഭക്ഷണ തളികയിലേക്ക് കൈനീട്ടും പോലെ മുസ്‌ലിം ഉമ്മത്തിനെ മറ്റുള്ളവർ പിച്ചിച്ചീന്തും.
• അന്ന് മുസ്‌ലിംകൾ വെള്ളത്തിൽ കിടക്കുന്ന ചണ്ടി പോലെ ആയിരിക്കും. ഒഴുക്കിനെതിരെ നീന്താൻ കെൽപുണ്ടാവില്ല.

UN WOMEN

• യഹൂദികളേയും ക്രിസ്ത്യാനികളേയും അവർ ചാണിന് ചാണായും മുഴത്തിന് മുഴമായും പിന്തുടരും.
• ഉമ്മത്ത് കക്ഷി പ്രതികക്ഷികളായി വിഭജിക്കപ്പെടും.

ഈ പറഞ്ഞ പ്രവചനങ്ങളെല്ലാം അതേപടി ഇക്കാലഘട്ടത്തിൽ പുലർന്നിരിക്കുന്നു.

---

### ജമാഅത്തെ ഇസ്‌ലാമി സ്ഥാപകചാര്യൻ

### മൗലാനാ മൗദൂദി പറയുന്നു:



അധികപേരും ഇഖാമത്തുദ്ദീനിനുവേണ്ടി ഒരു പരിപൂർണ മനുഷ്യനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതായത് അവർക്ക് ഇന്ന് ഒരു നബിയേയാണ് ആവശ്യം. നാവുകൊണ്ട് ഖത്തമുന്നുബുവ്വത്ത് എന്ന് ഉരുവിടുന്നുണ്ടെങ്കിലും, നബി(സ) തിരുമേനിക്കുശേഷം മറ്റൊരു നബി വരുമെന്ന് പറയുന്നവന്റെ നാവ് പിഴുതെടുക്കാൻ ഒരുമ്പെടുന്നുവെങ്കിലും അവരുടെ ഹൃദയം - മനസാക്ഷി ഒരു നബിയുടെ ആവശ്യകതയെ മന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. നബിയിൽ കുറഞ്ഞ ഒന്നിലും അവർ തൃപ്തരല്ല. (തർജുമാനൽ ഖുർആൻ ഡിസം: 1942, പേജ്: 4-6)





## സൂര്യചന്ദ്ര ഗ്രഹണം

**നബി(സ) പറയുന്നു:**

നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. ആകാശഭൂമികൾ ഉണ്ടായത് മുതൽ ഇത് സംഭവിച്ചിട്ടില്ല. ഒരേ റമദാനിൽ ചന്ദ്രന് അതിന് നിശ്ചയിക്കപ്പെട്ട ആദ്യരാത്രിയിലും സൂര്യന് അതിന് നിശ്ചയിക്കപ്പെട്ട മധ്യനാളിലും ഗ്രഹണം സംഭവിക്കും ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടത് മുതൽ ഇന്നേവരെ ഈയൊരു അടയാളം വെളിപ്പെട്ടിട്ടേ ഇല്ല. (ദാറുഖുത്നി)

### നിറപുലർച്ച

- ഹദ്റത് അഹ്മദ് (അ)ന്റെ മഹ്ദി വാദത്തിന് 3 വർഷം പിന്നിട്ടപ്പോൾ അതായത് 1894 മാർച്ച് 21 (1311 റമദാൻ 13)ന് ചന്ദ്രഗ്രഹണവും 1894 ഏപ്രിൽ 6 (1311 റമദാൻ 28) ന് സൂര്യഗ്രഹണവും സംഭവിച്ചു.
- ആ സമയത്ത് മറ്റൊരു മഹ്ദിവാദിയും രംഗത്തില്ലായിരുന്നു.

## ഹദ്റത് അഹ്മദ്(അ)ന്റെ വെല്ലുവിളി

സൂര്യസമാനം ഉജ്ജ്വല ശോഭയോടെ ഹദീസിലെ ഒരു സത്യം പുലർന്നിട്ടും അല്ലാഹുവിന്റെ തിരുദൂതരുടെ ഒരു ഹദീസ് പാടെ നിഷേധിക്കുവാൻ നിങ്ങൾക്ക് ഭയമില്ലേ?

എനിക്ക് മുമ്പോ എന്റെ കാലത്തോ നിങ്ങൾക്ക് ഇതുപോലുള്ള ഒരു അടയാളം പ്രകടമാക്കുവാൻ സാധ്യമാണോ? താൻ അല്ലാഹുവിൽ നിന്ന് നിയുക്തനായ ഒരു ആത്മീയ പരിഷ്കർത്താവാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലത്ത് ഒരു റമദാനിൽ നിങ്ങൾ ദൃക്സാക്ഷിത്വം വഹിച്ചതുപോലെ സൂര്യചന്ദ്ര ഗ്രഹണം സംഭവിക്കുകയും ചെയ്യുമെന്നതിനെപ്പറ്റി ഏതെങ്കിലും ഗ്രന്ഥത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടോ? നിങ്ങൾ ശ്രദ്ധിക്കുന്നവരാണെങ്കിൽ, ഈ അടയാളം നിങ്ങൾക്ക് കാണിച്ചുതരാൻ കഴിയുമെങ്കിൽ ആയിരം രൂപ നിങ്ങൾക്കായി സമ്മാനിക്കപ്പെടുന്നതാണ്. ആയതിനാൽ, നിങ്ങൾ തെളിയിക്കുക. ഈ സമ്മാനം കൊണ്ടുപോവുക. ഞാൻ അല്ലാഹുവിനെ സാക്ഷിനിർത്തുന്നു; നിങ്ങളും സാക്ഷികളാവുക! അല്ലാഹുവാണ് എല്ലാ സാക്ഷികളേക്കാളും ഉത്തമൻ. നിങ്ങൾക്കിത് തെളിയിക്കാൻ സാധ്യമല്ലെങ്കിൽ, അല്ല നിങ്ങൾക്കത് സാധ്യമേ അല്ല. കുഴപ്പക്കാർക്ക് വേണ്ടി ഒരുക്കിവെച്ച, കത്തിജ്ജ്വലിക്കുന്ന അഗ്നിയെ കുറിച്ച് ഭയപ്പെടുക. (നൂറുൽ ഹഖ്)

---

**ഹദ്റത് അഹ്മദ്(അ) പറയുന്നു:**

ഇത് മസീഹിന്റെ കാലം തന്നെയാണ്. മറ്റാരുടേതും അല്ല. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും നിയോഗിക്കപ്പെടുമായിരുന്നു.

(ദുർറെ സമീൻ)

# വീക്ഷണവിശേഷം

ഒബ്സർവർ

## രജഅ - അല്ല - നസല

2000 വർഷം മുമ്പ് വന്ന ഈസാനബിയാണ് വരുന്നതെങ്കിൽ നബി(സ) രജഅ (തിരിച്ചുവരുന്നതാണ്) എന്ന പദം പ്രയോഗിക്കുമായിരുന്നു. പക്ഷേ നബി(സ) നസല (ഇറങ്ങും - ആഗതരാവും) എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്.

## റസൂലൻ ഇലാബനീ ഇസ്റാഈൽ

ഈസാനബിയെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് റസൂൽ ഇലാ ബനീ ഇസ്റാഈൽ (ബനീ ഇസ്റാഈലിലേക്ക് വന്ന പ്രവാചകനാണ്) എന്നാണ്. ഇനി അതേ ഈസാനബി സാർവലൗകിക ഭൗത്യമായി ചുരുങ്ങിയപക്ഷം മുസ്ലിംകൾക്കുകൂടി ആഗതരാവുമ്പോൾ വിശുദ്ധ ഖുർആനിലെ ഈ ആയത്തിന് എന്തു സംഭവിക്കും?
മൻസൂഖിലേക്ക് വരവ് വെക്കുമായിരിക്കും!

## ഈസാനബി അല്ലാഹുവിന്റെ അടുക്കലെത്തിയില്ലത്രെ!

മിഅ്റാജിന്റെ ഹദീസിൽ നബി(സ) അല്ലാഹുവിനെ സന്ദർശിച്ചത് ഏഴാമത്തെ ആകാശവും കടന്ന് സിദ്റത്തുൽ മുൻതഹക്ക് അപ്പുറത്ത് വെച്ചായിരുന്നുവെന്ന് ബുഖാരി വ്യക്തമാക്കുന്നു. അതേ സമയം ഈസാനബിയെ കണ്ടത് നാലാം ആകാശത്തിലാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് അല്ലാഹു തന്റെ അടുത്തേക്ക് ഉയർത്തുമെന്ന് പറഞ്ഞ് ഉയർത്തിയെങ്കിലും അദ്ദേഹത്തിന് അവിടെ എത്തിച്ചേരാൻ സാധിച്ചില്ല. അല്ലെങ്കിൽ ഈസാനബി പകുതിവഴിയിൽ വെച്ച് യാത്ര മതിയാക്കി!

പാവം ജൂദാസിനെ എന്തിനാ ബുദ്ധിമുട്ടിക്കുന്നത് എന്ന്. അതും പറഞ്ഞില്ല.

## എന്താണ് സദൃശീകരിക്കപ്പെട്ടത്?

മുസ്ലിം ബഹുജനത്തെ നയിക്കുന്ന ഉലമാക്കൾ പറയുന്നത് ഈസാനബിയെപ്പോലെ ജൂദാസ് സദൃശീകരിക്കപ്പെട്ടു എന്നാണ്. പ7ക്ഷേ ഖുർആൻ പറയുന്നു, തർക്കം മരണത്തെ കുറിച്ചാണെന്ന്.
യഹൂദികൾ പറഞ്ഞത്, ഞങ്ങൾ ഈസയെ കൊന്നു എന്നാണ്.
അല്ലാഹു പറയുന്നു നിങ്ങൾക്ക് കൊല്ലാൻ കഴിഞ്ഞിട്ടില്ല. കുരിശിൽ തറച്ച് കൊല്ലാനും കഴിഞ്ഞില്ല. അദ്ദേഹം മോഹാലസ്യപ്പെട്ടപ്പോൾ നിങ്ങൾ മരിച്ചതായി തെറ്റിദ്ധരിക്കുകയാണുണ്ടായതെന്ന്! മാത്രമല്ല, ദൃക്സാക്ഷികളായ യഹൂദികളും ക്രിസ്ത്യാനികളും യേശുവിനെയാണ് കുരിശിലേറ്റിയതെന്ന് പറയുന്നു പക്ഷേ രണ്ടായിരം വർഷം കഴിഞ്ഞ് മുസ്ലിംകൾ പറയുന്നു. ആള് മാറിപോയെന്ന്!

## ഈസാനബിമാത്രം സ്ഥൂലശരീരത്തോടെയോ?

നബി(സ) മിഅ്റാജിൽ പല പ്രവാചകന്മാരേയും കണ്ടതായി ഹദീസുകൾ വ്യക്തമാകുന്നു. ആദം, ഇബ്റാഹീം, മൂസാ.... കൂട്ടത്തിൽ ഒരിടത്താണ് ഈസാനബിയേയും കണ്ടത്. മറ്റെല്ലാവരുടെതും ആത്മാവാണ് ശരീരമല്ല എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഈ ആത്മാക്കൾക്കിടയിൽ ഒരാൾ മാത്രം അതായത് ഈസാനബി ഭൗതിക ശരീരവുമായി ഉണ്ടെന്നാണ് മുല്ലാക്കളുടെ വിശദീകരണം അഥവാ നബി (സ) നൽകാത്ത വിശദീകരണം.

## നമസ്കാരവും സക്കാത്തും

താൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കാനും, സക്കാത്ത് കൊടുക്കാനും കൽപിക്കപ്പെട്ടിരിക്കുന്നുവെന്ന് ഈസാനബി പറഞ്ഞതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.
ആകാശത്ത് അല്ലാഹുവിന്റെ പക്കൽ ഇരിക്കുമ്പോൾ അനുഷ്ഠിക്കുന്ന നമസ്കാരം! സക്കാത്ത് ആർക്ക് കൊടുക്കും?

## വാൾപയറ്റും കുന്തപ്പയറ്റും

മൗദൂദി സാഹിബ് ഹദീസുകൾ വിശദീകരിച്ചുകൊണ്ട് ഈസാനബി ദജ്ജാലിനെ വാൾ പയറ്റും കുന്തപ്പയറ്റും നടത്തി ബാബുലുബ്ദിൽ കൊല്ലുമെന്ന് വ്യക്തമാക്കുന്നുണ്ട്.
ദജ്ജാൽ, ഈസാനബിയെ കാണുമ്പോൾ തന്നെ വെള്ളത്തിൽ ഉപ്പലിയുന്നതുപോലെ അലിയുമെന്നും ഹദീസുകളിലൂടെ മൗദൂദി സാഹിബ് എഴുതിയിട്ടുണ്ട്.
അലിഞ്ഞവനോട് എങ്ങിനെയാണാവോ കുന്തപ്പയറ്റും വാൾപ്പയറ്റും. കാണാൻ പൂതിയാവുന്നു!

## സമ്പൂർത്തീകരിച്ച അനുഗ്രഹം


അല്ലാഹു ഖുർആനിൽ **വ അത്മംത്തു അലയ്ക്കും നിഅ്മത്തീ** എന്റെ അനുഗ്രഹങ്ങൾ (നിഅ്മത്ത്) പൂർത്തീകരിച്ചു എന്ന് പറയുന്നത്.
ആ നിഅ്മത്ത് തേടാനുള്ള പ്രാർത്ഥയാണ് **ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം സ്വിറാത്തല്ലദീന അൻഅംത്ത അലയ്ഹിം** എന്നത്. നിഅ്മത്തിന്റെ വിശദീകരണം വിശുദ്ധ ഖുർആൻ പറയുന്നത് നാല് ഉന്നത പദവികളാണ്. നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ്

## ആൾമാറാട്ടമോ?


ഈസാനബിക്ക് പകരം ജൂദാസിനെ ക്രൂശിച്ചുവെന്നാണ് ആധുനിക മുസ്ലിം പണ്ഡിത ഭാഷ്യം. പക്ഷേ ജൂദാസ് ആളുമാറിയതായി പറഞ്ഞില്ല. ചുരുങ്ങിയ പക്ഷം, രക്ഷപ്പെട്ട ഈസാനബിയെങ്കിലും, തന്റെ സത്യസാക്ഷ്യം പ്രഖ്യാപിച്ചുകൊണ്ട് ഉയർന്നു പോകുമ്പോൾ, യഹൂദികളോട് പറയണമായിരുന്നു. ഞാൻ രക്ഷപ്പെട്ടിരിക്കുന്നു!

**ബർത്തർ ഗുമാനോ വെഹംസെ അഹ്മദ് കീ ശാൻ ഹെ**
**ജിസ്കാ ഗുലാമ് ദേഖോ മസീഹുസ്സമാൻ ഹെ**

**എല്ലാ ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറത്താണ് അഹ്മദിന്റെ മഹത്വം. നോക്കൂ, അദ്ദേഹത്തിന്റെ ദാസൻ കാലത്തിന്റെ മസീഹാണ്.**
**(ദുർറെ സമീൻ)**



# റൂഹാനി ഖസായിൻ



### ഹദ്റത് അഹ്മദ്(അ)ന്റെ വൈജ്ഞാനിക സംഭാവനകളിൽ ചിലത്

*സഹസ്രാബ്ദങ്ങളായി മറയടക്കപ്പെട്ടു കിടന്നിരുന്ന ആ ഖജനാവ് ഞാനിതാ നൽകുന്നു, ആവശ്യക്കാരുണ്ടെങ്കിൽ!*


## ജിഹാദ് തൂലികയിലൂടെ

ഇക്കാലത്ത് തൂലികയാലും ന്യായവാദങ്ങളാലുമാണ് ഇസ്‌ലാമിന്റെ നേരെ ആക്ഷേപങ്ങൾ ഉതിർക്കപ്പെടുന്നത്. ഇക്കാരണത്താൽ തന്നെയാണ് വാളിന്റെ പണി തൂലികകൊണ്ട് സാധിക്കേണ്ടിയിരിക്കുന്നത്. എഴുത്തു മുഖേന എതിരാളികളെ തകർക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് പേന മുഖേനയുള്ള ആക്രമണങ്ങൾക്കുള്ള മറുപടി വാളുകൊണ്ട് നല്കാൻ ശ്രമിക്കുന്നത് ആർക്കും ഭൂഷണമല്ല. (ഹദ്റത്ത് അഹ്മദ്(അ) മൽഫൂസാത്ത്, വാള്യം -1) ഈ ഗ്രന്ഥങ്ങൾ ദൈവിക സഹായത്താൽ എഴുതപ്പെട്ടവയാണ്. ഞാനിതിനെ വഹ്‌യ് എന്നോ ഇൽഹാമെന്നോ പറയുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ സവിശേഷവും ദിവ്യവുമായ പിന്തുണയോടുകൂടി ഇവ എന്റെ കൈകളിലൂടെ പുറത്തുവന്നവയാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. (ഹദ്റത്ത് അഹ്മദ്(അ), സിർറുൽ ഖിലാഫ, ഭാ.4)

## ബറാഹീനെ അഹ്മദിയ്യാ

വിശുദ്ധ ഖുർആന്റേയും ഇസ്‌ലാമിന്റെയും നബി തിരുമേനിയുടേയും മഹത്വം സംശയാസ്പദമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആര്യബ്രഹ്മ സമാജികളും വിശിഷ്യ ക്രിസ്ത്യാനികളും നാനാഭാഗത്തുനിന്നും നിന്ദാവഹമായ രീതിയിൽ ആക്രമണം നടത്തികൊണ്ടിരിക്കുകയായിരുന്നു. വിദ്യാസമ്പന്നരായ മുസ്‌ലിംകളാകട്ടെ യൂറോപ്യൻ ഫിലോസഫിയിൽ പ്രഭാവിതരായി ക്രൈസ്തവ രാജ്യങ്ങളെ മാതൃകയാക്കി കൊണ്ട് ഇസ്‌ലാമികാദ്ധ്യാപനങ്ങളിൽനിന്നും തികച്ചും അകന്നു കഴിഞ്ഞിരുന്നു. ഇത്തരുണത്തിലാണ് ഹദ്റത്ത് അഹ്മദ്(അ) വിശുദ്ധ ഖുർആൻ ദൈവീകവചനമാണെന്നും തിരുനബി(സ) സമ്പൂർണ്ണ പ്രവാചകനാണെന്നും ഇസ്‌ലാമികാദ്ധ്യാപനങ്ങൾ അന്യൂനമാണെന്നും സ്ഥാപിച്ചുകൊണ്ട് മാതലോകത്ത് ഒരു മഹൽവിപ്ലവത്തിന് ആരംഭം കുറിച്ചുകൊണ്ടാണ് ഈ ഗ്രന്ഥം രചിക്കുന്നത്.

താൻ സമർപ്പിച്ച വാദങ്ങളെ ഖണ്ഡിക്കുവാൻ ഇതര മതസ്ഥരെ അവിടന്ന് ആഹ്വാനം ചെയ്യുകയും പാരിതോഷികങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രഖ്യാപനങ്ങൾ മതമഹാലോകത്ത് സിംഹഗർജ്ജനമായി നിലനില്ക്കുന്നു.




19-ാം നൂറ്റാണ്ടിന്റെ ആദ്യ ശതകത്തിൽ ഇസ്‌ലാമിന്റെയും വിശുദ്ധഖുർആന്റെയും നബി(സ)ന്റെയും മഹോന്നതിക്കുമേൽ നിന്ദാവഹമായ ആക്ഷേപങ്ങൾ ഉന്നയിക്കുകയും ലോകജനതയ്ക്ക് മുന്നിൽ താറടിച്ചുകാണിക്കാൻ ബദ്ധപ്പെടുകയുമായിരുന്നു. വിദ്യാസമ്പന്നരായ മുസ്‌ലിംകൾ യൂറോപ്യൻ തത്വജ്ഞാനങ്ങളിൽ ആകൃഷ്ടരായി ഇസ്‌ലാമികാദ്ധ്യാപനങ്ങളെ മറന്നുതുടങ്ങിയിരുന്നു. ഈയൊരു ദശാസന്ധിയിലാണ് ഹദ്റത്ത് അഹ്മദ്(അ) വിശുദ്ധഖുർആന്റെയും നബി(സ) ന്റെയും സത്യതയിലേക്ക് അനിഷേധ്യ തെളിവുകൾ നിരത്തിക്കൊണ്ട് ബറാഹീനെ അഹ്മദിയ്യാ രചിച്ചത്. ആദ്യ നാല് വാള്യം 1880-ലും അഞ്ചാം വാള്യം 1905-ലും പ്രസിദ്ധപ്പെടുത്തി.

## മസീഹ് ഹിന്ദുസ്ഥാൻമെ

യേശുമിശിഹാ കുരിശിൽ മരിക്കാതെ രക്ഷപ്പെടുകയും ശേഷം കാണാതായ കുഞ്ഞാടുകളെ തേടി കിഴക്കോട്ട് യാത്ര നടത്തി കശ്മീരിലെത്തിയെന്നും 120-ാം വയസ്സിൽ അദ്ദേഹം മരണപ്പെട്ടു എന്നും അദ്ദേഹത്തിന്റെ മൃതകുടീരം ശ്രീനഗറിലെ കാനിയാർ തെരുവിൽ സ്ഥിതി ചെയ്യുന്ന യൂസ്ആസഫ് ഖബ്ർ ആണെ ന്നും ഹദ്റത്ത് അഹ്മദ്(അ) ബൈബിൾ, ഖുർആൻ, നബി വചനങ്ങൾ, വൈദ്യശാസ്ത്ര ചരിത്രഗ്രന്ഥങ്ങൾ തനിക്ക് ലഭിച്ച വെളിപാടുകൾ, പ്രബോധന വിഷയങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ വിശുദ്ധ ഗ്രന്ഥത്തിൽ സവിസ്തരം ചർച്ച ചെയ്യുന്നു.


- യേശു കുരിശിൽ മരിച്ചിട്ടില്ല
- പുനരാഗമന പ്രവചനം
- കുരിശുയാഥാർത്ഥ്യമെന്ത്?
- മർഹമെ ഈസാ (യേശുവിന്റെ ലേപനം)
- കശ്മീർ യാത്ര
- കശ്മീരിലെ ക്രിസ്തുവിന്റെ കല്ലറ

(മലയാള വിവർത്തനം യേശു മിശിഹാ ഇന്ത്യയിൽ എന്ന പേരിൽ ലഭ്യമാണ്)



## ആയിനയെ കമാലാത്തെ ഇസ്‌ലാം


ലോകത്തിന്റെ അടുത്തമതം ക്രിസ്തുമതം മാത്രമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് 1878-ൽ പാതിരിമാരുടെ നേതൃത്വത്തിൽ ഇസ്‌ലാമിനും ഹദ്റത്ത് മുഹമ്മദ് നബി(സ)നുമെതിരിൽ അതിശക്തമായ വിമർശനശരങ്ങളാണ് എയ്ത്കൊണ്ടിരുന്നത്. മുസ്‌ലിം പണ്ഡിതന്മാർ ആയുധം വെച്ച് കീഴടങ്ങുകയും ക്രിസ്തീയ ചോദ്യങ്ങൾക്ക് മുന്നിൽ പകച്ചുനില്ക്കുകയുമായിരുന്നു. എന്തിനധികം ഒട്ടേറെ മുസ്‌ലിം മക്കൾ ക്രിസ്തുമതത്തിലേക്ക് കൂട്ടത്തോടെ ചേക്കേറുകയും ചെയ്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ഈ ഗ്രന്ഥത്തിലൂടെ ഇസ്‌ലാമിന്റെ സർവ്വോൽകൃഷ്ടത സ്പഷ്ടമാക്കുകയും ശത്രു നീക്കങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്നു.



പ്രധാന വിഷയങ്ങൾ

- മലക്കുകൾ
- പ്രവാചകന്മാർ
- വെളിപാട്
- പ്രാർത്ഥന
- ഇസ്‌ലാമിന്റെ സവിശേഷത

## ഹഖീഖത്തുൽ വഹ്‌യ്



ഇൽഹാം അഥവാ ദിവ്യവെളിപാട്, സൽസ്വപ്നങ്ങൾ എന്നിവ ദൈവപ്രോക്തങ്ങളാണെന്ന് തിരിച്ചറിയുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ചു വിശദമായി ചർച്ച ചെയ്യുന്നു. കൂടാതെ ജീവൽ ദൈവത്തിന്റെ അസ്തിത്വത്തിലുള്ള വിശ്വാസത്തിന് ദിവ്യവെളിപാടുകൾക്കുള്ള സ്ഥാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

പ്രധാന വിഷയങ്ങൾ

- ദൈവാസ്തിക്യം
- ഇസ്‌ലാമിന്റെ യാഥാർത്ഥ്യം
- തന്റെ സത്യസാക്ഷ്യം
- അത്ഭുതദൃഷ്ടാന്തങ്ങൾ
- വെളിപാടുകൾ - യാഥാർത്ഥ്യമെന്ത്?
- ദുആ സ്വീകാര്യത

## ഖുത്വ്ബ ഇൽഹാമിയ





ഏപ്രിൽ 11, 1900 വലിയ പെരുന്നാൾ ദിനം. ദൈവിക നിർദ്ദേശപ്രകാരം സാഹിത്യസമ്പുഷ്ടമായ അറബിയിൽ ചെയ്ത ഇൽഹാമീ ഖുത്വ്ബ (വെളിപാട് പ്രഭാഷണം). അതിന് മുമ്പ് ഒരിക്കലും അറബിയിൽ സംവദിക്കുകയോ, അറബി ഭാഷയിൽ ഡിഗ്രി നേടുകയോ ചെയ്തിട്ടില്ലാത്ത ഹദ്റത്ത് അഹ്മദ് (അ) ന്റെ ഈ പ്രഭാഷണം ഇന്നും ഒരു ദിവ്യാത്ഭുതമാണ്.

ചമത്കാരപൂർണ്ണമായ പ്രഭാഷണം തൽസമയം എഴുതിക്കൊണ്ടിരുന്ന ഉന്നത അറബിപണ്ഡിതന്മാർക്ക് പലപ്പോഴും കാര്യങ്ങൾ ഗ്രഹിക്കാൻ ചോദ്യങ്ങൾ ഉന്നയിക്കേണ്ടി വന്നു. ഈ ദിവ്യപ്രഭാഷണത്തോടൊപ്പം പിന്നീട് എഴുതിച്ചേർത്ത നാല് അദ്ധ്യായങ്ങൾകൂടി ചേർന്നതാണ് ഖുത്വ്ബ ഇൽഹാമിയ എന്ന കൃതി.

പ്രധാന പ്രതിപാദ്യവിഷയങ്ങൾ ● ബലിയുടെ യുക്തി ● തന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ ● വിശുദ്ധ ഖുർആന്റെയും നബി(സ)ന്റെ വചനങ്ങളുടെയും അടിസ്ഥാനത്തിൽ

## സുർമയെ ചശ്മയെ ആരിയ





ഹദ്റത്ത് അഹ്മദ്(അ) ലാല മുരളീധർ എന്ന ആര്യപണ്ഡിറ്റുമായി പഞ്ചാബിലെ ഹോശിയാർപൂരിൽ വെച്ച് നടന്ന വാദപ്രതിവാദം. ആര്യവിഭാഗത്തിന്റെതെന്ന് പറഞ്ഞ് അനുവർത്തിച്ചു വരുന്ന ആചാരങ്ങളുടെ പൊള്ളത്തരങ്ങളും, ആശയങ്ങളുടെ യുക്തിരാഹിത്യവും ഇസ്‌ലാമിന്റെ സർവോൽകൃഷ്ടതയും ഈ ഗ്രന്ഥത്തിൽ പരാമർശിക്കുന്നു.

പ്രധാന വിഷയങ്ങൾ

● ശഖുൽ ഖമർന്റെ യാഥാർത്ഥ്യം (ചന്ദ്രന്റെ പിളർപ്പ്) ●മോക്ഷം ● ആത്മാവ് അനാദിയോ●വേദത്തിന്റേയും വിശുദ്ധഖുർആന്റേയും താരതമ്യപഠനം

## ജംഗെമുഖദ്ദസ്

പാതിരി അബ്ദുല്ല ആഥമും ഹദ്റത്ത് അഹ്മദ്(അ) മായി അമൃത്സരിൽവെച്ച് നടന്ന വിഖ്യാതമായ മുസ്‌ലിം ക്രൈസ്തവ സംവാദത്തിന്റെ സമ്പൂർണ്ണരൂപം.




അവരവരുടെ വേദഗ്രന്ഥങ്ങൾ അടിസ്ഥാനമാക്കി പ്രസ്താവനയും തെളിവും നൽകണമെന്ന് ഹദ്റത്ത് അഹ്മദ്(അ) ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ക്രിസ്തീയപക്ഷം പരാജയപ്പെടുകയാണുണ്ടായത്. തുടർന്ന് ബൈബിളിന്റെ വെളിച്ചത്തിൽ താഴെ ചേർക്കുന്ന വിഷയങ്ങളുടെ നിജസ്ഥിതി ഹദ്റത്ത് അഹ്മദ്(അ) തുറന്നുകാട്ടുന്നു. ഈ സംവാദത്തെ ക്രിസ്ത്യാനികൾ ജംഗെ മുഖദ്ദസ് (പരിശുദ്ധ യുദ്ധം) എന്നാണ് വിശേഷിപ്പിച്ചത്.

● സത്യവും ജീവസ്സുറ്റതുമായ മതം ഇസ്‌ലാമോ ക്രിസ്തുമതമോ?●സമ്പൂർണ്ണ വെളിപാട് ഗ്രന്ഥം ഏത്? യേശു ദൈവമോ? ● ത്രിയേകത്വം ● വിശുദ്ധഖുർആനും ബൈബിളും തമ്മിലുള്ള താരതമ്യം ●വിശുദ്ധ ഖുർആന്റെ മേലുള്ള ആക്ഷേപങ്ങൾ ●പാപപരിഹാര സിദ്ധാന്തം

## പൈഗാമെ സുൽഹ്

ഹൈന്ദവരേയും മുസ്‌ലിംകളേയും പരസ്പര സ്നേഹാദരവോടുകൂടി ജീവിക്കാൻ ആഹ്വാനം നൽകിക്കൊണ്ട് തന്റെ മരണത്തിന് രണ്ട് ദിവസം മുമ്പ് 1908 മെയ് 25-ന് എഴുതി തയ്യാറാക്കിയ ഉപന്യാസം. 1908 മെയ് 31-ന് ലാഹോറിൽ ചേരാൻ നിശ്ചയിച്ചിരുന്ന യോഗത്തിൽ അവതരിപ്പിക്കാനാണ് ഇത് തയ്യാറാക്കിയത്.

ഹിന്ദുമുസ്‌ലിം നേതാക്കളടക്കം അയ്യായിരത്തിൽ അധികം പേരുള്ള ഒരു അഭിജ്ഞ സദസ്സിന് മുന്നിൽ ജൂൺ 21-ന് അധ്വ. ഖാജാ കമാലുദ്ദീൻ സാഹിബാണ് ഇത് വായിച്ച് അവതരിപ്പിച്ചത്.

ഇന്ത്യയിൽ പ്രത്യേകിച്ച് പഞ്ചാബിൽ ഉരുണ്ടുകൂടിയ ഹിന്ദു-മുസ്‌ലിം സ്പർദ്ധ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ചെലുത്തുന്ന മാരകമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി ദർശിച്ച ഹദ്റത്ത് അഹ്മദ്(അ) ഇരുസമൂഹത്തിനും മുന്നിൽ വയ്ക്കുന്ന സന്ധി നിർദ്ദേശം കൂടിയാണിത്.

അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

പരസ്പരം മതഗുരുക്കളെ ആദരിക്കുക

ശ്രീകൃഷ്ണനും ശ്രീരാമനും ദൈവപ്രേഷിതരായിരുന്നു.


## ബർക്കാത്തുദ്ദുആ

സർ സയ്യിദ് അഹ്മദ്ഖാൻ സാഹിബിന്റെ അദ്ദുആ വൽ ഇസ്തിജാബ എന്ന ഗ്രന്ഥത്തിനുള്ള മറുപടിയാണിത്. യൂറോപ്യൻ തത്വചിന്തയിൽ ആകൃഷ്ടനായ സർ സയ്യിദ് ദുആ സ്വീകാര്യതയെ വിനയാന്വിതമായ അവസ്ഥയിൽ ലഭ്യമാകുന്ന ക്ഷമയും സ്ഥിരചിത്തതയും മാത്രമാണെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയുണ്ടായി.

ദുആ സ്വീകാര്യതയുടെ അത്ഭുതലോകത്തേക്ക് ഹദ്റത്ത് അഹ്മദ്(അ) അനുവാചകരെ ആനയിക്കുന്നു.

മാത്രമല്ല, പ്രാർഥനാസ്വീകാര്യത അനുഭവവേദിതമാകാൻ അദ്ദേഹം എതിരാളികളെ ആഹ്വാനം ചെയ്യുന്നു.


## ഹദ്റത്ത് അഹ്മദ്(അ)ന്റെ ഗ്രന്ഥങ്ങളെക്കുറിച്ച് മൗലാനാ അബുൽകലാം ആസാദ്



മിർസാ സാഹിബിന്റെ ഭാഗത്തുനിന്നും ക്രിസ്ത്യാനി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതത്തിന്റെ ബിരുദം നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹത്വവും ഹൃദയപൂർവ്വം നാം സമ്മതിക്കേണ്ടിയിരിക്കുന്നു.


ചുരുക്കത്തിൽ, മിർസാസാഹിബിന്റെ ഈ സേവനം ഭാവിതലമുറകൾക്ക് വലിയ ഒരു സംഭാവനയാണ് അദ്ദേഹം പേനകൊണ്ട് സമരം ചെയ്യുന്നവരുടെ മുന്നണിയിൽ നിന്നുകൊണ്ട് ഇസ്‌ലാമിനുവേണ്ടിയുള്ള പ്രതിരോധകർത്തവ്യം നിർവ്വഹിച്ചു. മുസൽമാന്മാരുടെ സിരകളിൽ ജീവരക്തം നിലനിൽക്കുന്നിടത്തോളം കാലവും, ഇസ്‌ലാമിനെ സഹായിക്കാനുള്ള ത്വര അവരുടെ സാമൂഹ്യലക്ഷണത്തിന്റെ തലക്കെട്ടായി കാണപ്പെടുന്നേടത്തോളം കാലവും വിലമതിക്കപ്പെടുന്ന സാഹിത്യമാണ് അദ്ദേഹം തന്റെ സ്മരണക്കായി സമർപ്പിച്ചത്.

(വക്കീൽ 1908)



## സത്ബചൻ

### ഹദ്റത്ത് ഗുരുനാനാക്ക് (റഹ്) ഒരു മുസൽമാൻ



"Chola Baba Nanak" from Duri-Sameen

വേദങ്ങളിൽനിന്നുമകന്ന് ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി തദനുസൃതമായി ജീവിതം കഴിച്ചുകൂട്ടിയ ഒരു മുസ്‌ലിം സൂഫിവര്യനായിരുന്നു ബാബാനാനാക്ക്(റഹ്) എന്ന് പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതത്തിലേക്ക് വെളിച്ചം വീശുകയും സിക്ക് സമൂഹത്തെ ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു.


ഹദ്റത്ത് ബാബാ നാനാക്ക്(റഹ്) മുസൽമാനാണ് എന്നതിലേക്ക് സമർപ്പിക്കുന്ന പ്രധാന തെളിവുകൾ

രണ്ട് പ്രാവശ്യം ഹജ്ജ് കർമം നിർവ്വഹിച്ചു

മുസ്‌ലിം മഹാത്മാക്കളുടെ കബറിടങ്ങളിൽ തപോയജ്ഞം


ചോലാബാബാനാനാക്ക് (ഖുർആനിക വചനങ്ങളും മറ്റും ആലേഖനം ചെയ്ത ഈ മേലങ്കി സ്ഥിരം ധരിച്ചിരുന്നു)

ഇസ്‌ലാമിന് അനുകൂലമായി ഹിന്ദുമതസ്ഥരുമായുള്ള സംവാദങ്ങൾ



# അദ്ധ്യാപനങ്ങൾ വിശദീകരണങ്ങൾ

- ഹദ്റത് അഹ്മദ്(അ) -



## ദൈവികഭാഷണം

അല്ലാഹുവിന്റെ ശക്തിപ്രഭാവം മുമ്പുണ്ടായിരുന്നതുപോലെ ഇന്നും നിലനിൽക്കെ, ആത്മീയമായ ശക്തിപ്രഭാവം ഈ കാലത്ത് എങ്ങിനെ മാറ്റം വരാനാണ്? ഇല്ല. ഒരിക്കലും മാറ്റം വന്നിട്ടില്ല. ദൈവികഭാഷണത്തിന് മേലിൽ മുദ്രവെക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നവർ ഗുരുതരമായ തെറ്റിദ്ധാരണയിലാണ്. (ചശ്മയെ മഅ്രിഫാത്ത് RK 23 P 80)

പ്രാർഥനക്ക് വല്ല ഫലവും ഉണ്ടെങ്കിൽ അതെവിടെ എന്ന് അന്വേഷിക്കുന്ന മനുഷ്യാ!, എന്റെ അടുക്കൽ വേഗം വരൂ, ദുഃആയുടെ ഫലം സൂര്യനെപോലെ വ്യക്തമായി നിങ്ങൾക്ക് കാണിച്ചുതരാം.

ദൈവത്തിന്റെ ഗോപ്യങ്ങളായ ശക്തിമഹാത്മ്യങ്ങൾ നിങ്ങൾ നിഷേധിക്കല്ലാ!, ആരെക്കുറിച്ചുള്ള ദുഃആ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നുവോ ആ ദുഃആയുടെ ഫലം കണ്ടുകൊള്ളുക. (ദുർറെ സമീൻ - ഫാർസി)

## ഹദ്റത് മുഹമ്മദ്(സ)

സൂക്ഷിച്ചുകൊള്ളുക, അവിവേകിയും വഴിപിഴച്ചവനുമായ ശത്രു! ഹദ്റത് മുഹമ്മദ്(സ) തിരുമേനിയുടെ ഖഡ്ഗത്തെ നീ ഭയപ്പെട്ടാലും!

അല്ലാഹുവിലേക്കെത്താനുള്ളതും ജനങ്ങൾക്ക് വിനഷ്ടമായതുമായ മാർഗത്തെ ഹദ്റത് മുഹമ്മദ്(സ)ന്റെ ആധ്യാത്മിക സന്താനങ്ങളിലും, തിരുനബിയുടെ സഹായികളിലും അന്വേഷിക്കുക. ഹദ്റത് മുഹമ്മദ്(സ) തിരുമേനിയുടെ മഹോന്നതസ്ഥാനത്തെ നിഷേധിക്കുന്ന ഹേ മനുഷ്യാ, നാം ആ പ്രകാശ നിർത്ധരിയെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് കാണുക.

ഇക്കാലത്ത് കറാമത്തുകൾ അഥവാ അത്ഭുതകൃത്യങ്ങളുടെ പേരും ചൂരും ഇല്ലാതായിരിക്കുന്നു. എന്നാൽ മുഹമ്മദ് നബി(സ)യുടെ ഭക്തദാസരായ ഞങ്ങളുടെ പക്കൽ വന്ന് അത് അനുഭവിച്ചറിയുക.

## ജിഹാദ്

നമ്മുടെ നബി(സ) ഒരിക്കലും ആർക്കുമേലും വാളുയർത്തിയിട്ടില്ല. എന്നാൽ, ആദ്യം വാളെടുക്കുകയും വളരെ ദാരുണമായ രീതിയിൽ നിർദോഷികളും സാത്വികരുമായ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും കൊന്നൊടുക്കുകയും ചെയ്തവർക്കെതിരിലാണ് നബി(സ) വാളെടുത്തത്. അക്രമികൾ മർദ്ദനങ്ങൾ ഉപയുക്തമാക്കിയ മാർഗങ്ങൾ വായിക്കുമ്പോൾ ഇപ്പോഴും ഈറനണിയുന്നു. (ഗവ. അംഗ്രേസി ഔർ ജിഹാദ്)

നബി(സ) സ്വയമായി ആദ്യം വാളെടുത്തിട്ടില്ല. പ്രതിരോധമെന്ന നിലക്ക് മാത്രമേ അങ്ങനെ ചെയ്തിട്ടുള്ളൂ. യഥാർഥത്തിൽ അപ്പോഴും അവരാണ് ആദ്യം നബി(സ)ന് മേൽ വാൾ ചുഴറ്റിയത്. (അൽഹക്കം 10.8.01)

നബി(സ) ഇസ്‌ലാം മതം ബലാൽക്കാരമായി പ്രചരിപ്പിച്ചിട്ടില്ല. വാളുയർത്തിയത് ഭീഷണിപ്പെടുത്തി മുസ്‌ലിംകളാക്കാനുമായിരുന്നില്ല. (ഹഖീഖത്തുൽ വഹ്‌യ് പേജ്: 100)

## തിരുനബിയുടെ മഹത്വം

ഈ ഉമ്മത്തിൽ നബിതിരുമേനിയെ പിൻപറ്റുകയാൽ ആയിരക്കണക്കിൽ വലിമാർ ഉണ്ടായിട്ടുണ്ട്.

ഒരാൾ ഉമ്മത്തിയും നബിയുമായിരിക്കുന്നു. ഏതൊരു അല്ലാഹുവിന്റെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു. അവനാണ് എന്നെ അയച്ചത്. എനിക്ക് നബിയെന്ന പേർ നൽകിയതും അവനാണ്. നബിതിരുമേനിയുടെ ആദ്ധ്യാത്മികാഭിവൃദ്ധിയുടെ പരിപൂർണ്ണത തെളിയിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു ഈ സ്ഥാനം എനിക്ക് നൽകിയത്. തിരുമേനിയുടെ മഹത്വത്തിന്റെ ബർക്കത്തുകൊണ്ട് എന്നെ നുബുവ്വത്തിന്റെ സ്ഥാനത്തേക്ക് എത്തിച്ചു.

## അനുഗ്രഹങ്ങൾ

നുബുവ്വത്തിന്റെ എല്ലാ വാതിലുകളും അടക്കപ്പെട്ടു പോയിരിക്കുന്നു. എന്നാൽ ഒരു വാതിൽ മാത്രം തുറന്നിട്ടുണ്ട്. നബി തിരുമേനിയെ പിൻപറ്റി തിരുമേനിയിൽ ലയിക്കുക എന്ന വാതിൽ. ഏതൊരാൾ ആ വാതിലിൽ കൂടി അല്ലാഹുവിന്റെ അടുക്കൽ ചെല്ലുന്നുവോ അദ്ദേഹത്തിന് അല്ലാഹു സില്ലിയായ നിലയിൽ അതേ നുബുവ്വത്തിന്റെ, അതായത് മുഹമ്മദിയ്യാ നുബുവ്വത്തിന്റെ വസ്ത്രം ഉടുപ്പിച്ചു കൊടുക്കുന്നു. തന്മൂലം അദ്ദേഹം നബിയാകുന്നത് അഭിമാനത്തിന് ഹാനികരമാകുന്നില്ല. എന്തെന്നാൽ അദ്ദേഹത്തിന് നുബുവ്വത്ത് സിദ്ധിക്കുന്നത് സ്വന്തം നിലയിലല്ല, നേരെ മറിച്ച് നബിതിരുമേനിയുടെ ഉറവിൽ നിന്നാണ്. എന്റെ നുബുവ്വത്തും റിസാലത്തും മുഹമ്മദും അഹ്മദും ആയ നിലക്കാകുന്നു. എന്റെ സ്വന്തം നിലക്ക് ഈ പദവി എനിക്ക് ലഭിച്ചതല്ല. റസൂൽ തിരുമേനിയിൽ ലയിക്കുക നിമിത്തമാണ്. അതിനാൽ ഖാത്തമുന്നബിയ്യീന്റെ ഉദ്ദേശ്യത്തിന് മാറ്റം വരുന്നില്ല.

## വിശുദ്ധ ഖുർആനിൽ മൻസൂഖില്ല

വിശുദ്ധ ഖുർആൻ തുടർച്ചയായി സംരക്ഷിക്കപ്പെട്ടുപോരുന്നു. അതിന്റെ ഒരു വാക്കോ പുള്ളിയോപോലും അങ്ങോട്ടോ ഇങ്ങോട്ടോ ആകാവതല്ല. (18.2.1906)

വിശുദ്ധഖുർആൻ തുടർച്ചായി സംരക്ഷിക്കപ്പെട്ടുപോരുന്നു. അതിന്റെ ഒരു വാക്കോ, പുള്ളി യോ പോലും അങ്ങോട്ടോ, ഇങ്ങോട്ടോ ആകാവതല്ല. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് വിശുദ്ധഖുർആൻ ഹാഫിസുമാർ എല്ലാ രാജ്യ ത്തും എല്ലാ സമൂഹത്തിലും ഉണ്ട്. അവർ തമ്മിൽ പരസ്പരം ഐക്യവുമുണ്ട്. എപ്പോഴും ഓർമിച്ചു കൊണ്ടിരിക്കുന്നു. കേൾപ്പിക്കുകയും ചെയ്യുന്നു. (അൽഹക്കം 18-2-1906)

## മതഗുരുക്കൻമാരോടുള്ള ആദരവ്

ലോകത്ത് വന്ന പ്രവാചകൻമാരെയൊക്കെ അവർ ഇന്ത്യയിലോ, പേർഷ്യയിലോ, ചൈനയിലോ അതോ മറ്റേതെങ്കിലും രാജ്യത്തോ വരുകയും കോടിക്കണക്കിന് മനുഷ്യസമൂഹങ്ങളിൽ അവരെക്കുറിച്ചുള്ള അഭിമാനവും മഹത്തവും ഉറപ്പിക്കുകയും അവരുടെ മതങ്ങളുടെ പേര് രൂഢമൂലമാക്കുകയും നൂറ്റാണ്ടുകളായി അത്തരം മതങ്ങൾ തുടർന്ന് വരികയും ചെയ്യുന്നു. അവരെ മുഴുവനും സത്യസന്ധൻമാരാണെന്ന് മനസ്സിലാകുന്നത്. ഏറ്റ വും ഹൃദ്യവും സമാധാനവും രഞ്ജിപ്പുമുണ്ടാകുന്നതും ധാർമ്മികാവകാശങ്ങളെ സഹായിക്കുന്നതിനാണ്. ഈ തത്വമാണ് വിശുദ്ധഖുർആൻ നമുക്ക് പറഞ്ഞു തരുന്നത്. മേൽനിർവ്വചനത്തിന്റ വീക്ഷണത്തിൽ ചരിത്രങ്ങളുള്ള ഹിന്ദുക്കളുടെയും പാർസികളുടെയും ചൈനക്കാരുടെയും യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും മതഗുരുക്കൻമാരെ നാം ആദരവോടെ കാണുന്നു. (തഹ്ഫയെ ഖയ്സരിയ്യ)

## ഇൽഹാം / വഹ്‌യ്

ചിന്തിക്കുന്നതിനണുഗുണമായി എന്തെങ്കിലും കാര്യം ഹൃദയത്തിൽ വരുന്നതല്ല ഇൽഹാമുകളെന്നുള്ള വിവക്ഷ. ഉദാഹരണമായി കവി കവിതയുണ്ടാക്കാൻ ശ്രമിക്കുകയോ ഒരു വരി ഉണ്ടാക്കി രണ്ടാമത്തെ വരിക്ക് വേണ്ടി ചിന്തിക്കുകയോ ചെയ്യുമ്പോൾ മനസ്സിൽ ഒരു വരി വരുന്നു. അങ്ങിനെ മനസ്സിൽ വരുന്നതല്ല ഇൽഹാം. ഇത് പ്രാപഞ്ജിക നിയമമനുസരിച്ച് ചിന്തയുടെയും ആലോചനയുടെയും പരിമിതിയാണ്.................... ഇൽഹാം എന്നത് പരിശുദ്ധനും കഴിവുടയവനുമായ നാഥൻ തന്റെ വരിഷ്ഠ ദാസനോട്, അഥവാ അവൻ വരിഷ്ഠ ദാസനാക്കാൻ ഉദ്ദേശിക്കുന്നവനോട്, ജീവനുള്ളതും ശക്തിപൂർണ്ണവുമായ വാക്കുകളിൽ അഭിമുഖീകരിക്കുകയും ചെയ്യുന്നതാണ്. (ഇസ്‌ലാമി ഉസൂൽ കി ഫിലാസഫി)

## മലക്കുകൾ

മലക്കുകളെക്കുറിച്ചുള്ള മുസ്‌ലിം ലോകത്തിന്റെ തെറ്റായ ധാരണകളെ ഹദ്റത്ത് അഹ്മദ് (അ) തിരുത്തുകയുണ്ടായി. മലക്കുകൾ അതിസൂക്ഷ്മങ്ങളായ പ്രകാശ സൃഷ്ഠികളാണെന്നും അവയെ മനുഷ്യന്റെ ഗുണത്തിനുവേണ്ടി അല്ലാഹു സൃഷ്ഠിച്ചിരിക്കുകയാണെന്ന് നൽകപ്പെടുന്ന കൽപ്പനകളെ അതേപടി അവർ അനുവർത്തിക്കുന്നുവെന്നും അദ്ദേഹം വിശുദ്ധ ഖുർആൻ കൊണ്ട് വ്യക്തമാക്കി. മലക്കുകൾ തങ്ങളുടെ സ്ഥാനങ്ങളിൽ നിന്ന് പോവുകയല്ല. മറിച്ച് ദൈവേങ്കിതം നടപ്പാക്കാൻ സ്ഥലങ്ങളിൽ ഇരുന്ന് തന്നെ ഭൗതീകമായ പുസ്തകങ്ങളിൽ പ്രഭാവം ചെലുത്തുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. (സിൽസില അഹ്മദിയ്യ ഭാഗം 1)

## മുഅ്ജിസാത്ത്

മുഅ്ജിസാത്തുകളെക്കുറിച്ച് പ്രധാനമായും 3 സംഗതികളാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്

1. മറ്റുള്ളവരെ അതിജയിക്കുന്ന തരത്തിൽ ദൈവഹസ്തങ്ങൾ പ്രകടമാക്കുന്ന ഏതെങ്കിലും സവിശേഷമായ ഒരു കാര്യം അതിൽ ഉണ്ടായിരിക്കും.
2. നബിയുടെ സത്യത പ്രകടമാക്കുന്ന ഒരു പ്രത്യക്ഷ തെളിവ് അതിൽ ഉണ്ടായിരിക്കും. അതേസമയം അതിനെ ശരിയായും വ്യക്തമായും മനസ്സിലാക്കാൻ ശ്രമിക്കാത്തവർ സംശയത്തിൽ അകപ്പെടുകയും ചെയ്യുന്നതാണ്.
3. മുഅ്ജിസാത്ത് ഒരിക്കലും ദൈവീക നടപടിക്രമങ്ങൾക്ക് വിരുദ്ധമായിരിക്കുന്നതല്ല. (സിൽസില അഹ്മദിയ്യ ഭാഗം 1)

യഥാർഥത്തിൽ മുഅ്ജിസാത്തുകൾ കാർമേഖമുള്ള രാത്രിയിലെ നിലാവ് പോലെയാണ്. എന്നാൽ അന്ധകാരത്തിലുള്ളവന് ഒന്നും കാണാൻ സാധ്യമല്ല. അയാൾക്ക് നിലാവിൽ നിന്നും പ്രയോജനമെടുക്കാൻ കഴിയില്ല........ ..................

ഓർക്കുക, മുഅ്ജിസാത്തുകൾ സത്യത്തേയും അസത്യത്തേയും വ്യതിരിക്തമാക്കിക്കാണിക്കാൻ സത്യവാൻമാർക്കാണ് നൽകപ്പെടുന്നത്. മുഅ്ജിസാത്തിന്റെ ഉദ്ദേശ്യം ബുദ്ധിമാൻമാർക്കും നീതിമാൻമാർക്കും സത്യത്തെയും അസത്യത്തെയും പരസ്പരം വ്യതിരിക്തമാക്കുകയാണ്. (ബറാഹീനെ അഹ്മദിയ്യ ഭാഗം 5)

## പരിണാമം

മനുഷ്യൻ ഒരു കാലത്ത് കുരങ്ങായിരുന്നുവെന്നും പിന്നെ വാൽമുറിച്ച് മനുഷ്യനായെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇതൊരു വാദമാണ്. അത് തെളിയേണ്ടത് വാദിയുടെ ഉത്തരവാദിത്വമാണ്. അത്തരം കഥകളിൽ ഞങ്ങൾക്ക് വിശ്വാസത്തിന്റെ അടിത്തറ ഉയർത്താൻ സാധ്യമല്ല. (ബദ്ർ 25/6/1908)

## സ്വർഗ്ഗ നരകങ്ങൾ

വിശുദ്ധ ഖുർആന്റെ വീക്ഷണത്തിൽ സ്വർഗ്ഗ നരകങ്ങൾ മനുഷ്യ ജീവിതത്തിന്റെ ചായയും പ്രഭാവവുമാണ്. അല്ലാതെ പുറത്ത് നിന്ന് വരുന്ന ഏതെങ്കിലും ഭൗതീക വസ്തുവല്ല. രണ്ടും ഭൗതീകമായി സദൃശീകരിക്കപ്പെടുന്നത് സത്യമാണ്. വെറും ഭൗതീകമായി ഭൂമിയിൽ മരം വെച്ച് പിടിപ്പിച്ചതുപോലെയുള്ള സ്വർഗ്ഗത്തിന്റെ വക്താക്കളാണ് ഞങ്ങൾ. മാത്രമല്ല യഥാർഥത്തിൽ ഗന്ധകത്തിന്റെ കല്ലുകളെയും നരകത്തെയും ഞങ്ങൾ പറയുന്നില്ല. മറിച്ച് ഇസ്‌ലാമിക വിശ്വാസമനുസരിച്ച് സ്വർഗ്ഗനരകങ്ങൾ മനുഷ്യൻ ഈ ലോകത്ത് ചെയ്യുന്ന കർമ്മങ്ങളുടെ പ്രതിച്ഛായയാണ്. (ഇസ്‌ലാമി ഉസൂൽ കി ഫിലാസഫി)

## ഖുർആൻ, സുന്നത്ത്, ഹദീസ്

ഹദ്റത്ത് അഹ്മദ് (അ) ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ 3 സ്ത്രോതസുകളാക്കി വിശദീകരിക്കുകയുണ്ടായി

**1. വിശുദ്ധ ഖുർആൻ**

അല്ലാഹുവിന്റെ വചനങ്ങളാണ് വിശുദ്ധ ഖുർആൻ. അത് തിരുനബി (സ) ന്റെ കാലഘട്ടത്തിൽ തന്നെ സംരക്ഷിക്കപ്പെടുകയും ക്രോഡീകരിക്കപ്പെടുകയും ചെയ്ത് നമ്മുടെ അടുത്ത് എത്തിയിരിക്കുന്നു.

**2. സുന്നത്ത്**

തിരുനബി (സ) ന്റെ നടപടിക്രമങ്ങൾ. അത് തിരുനബി (സ) ന്റെ കാലം മുതൽ തന്നെ തലമുറതലമുറയായി അനുശീലനങ്ങളിലൂടെ നിലനിന്ന് പോരുന്നു.

**3. ഹദീസ്**

തിരുനബി (സ) ന്റെ വാക്കുകളും കർമ്മങ്ങളും. തിരുനബി (സ) ന്റെ നൂറ് നൂറ്റമ്പത് വർഷങ്ങൾക്ക് ശേഷം ക്രോഡീകരിക്കപ്പെട്ടതാണ്. വിശുദ്ധ ഖുർആനിനും സുന്നത്തിനും അനുഗണമായി വരുന്ന ഹദീസുകളെല്ലാം സ്വീകൃതയോഗമാണ്.

## ദൈവിക സഹായം

മത്സരത്തിന്റെ അവസരത്തിൽ ദൈവിക സഹായം വിശ്വാസികൾക്കൊപ്പമായിരിക്കും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു വലാ തഹിനു വലാ തഹ്സനു വ അമലുൽ അഅ്ലൗന ഇൻ കുൻതും മുഅ്മിനീൻ വിശ്വാസികളേ, എതിരിടേണ്ടി വരുമ്പോൾ പരീക്ഷണരാകരുത്, ഒരിക്കലും അന്ധാളിക്കുകയുനരുത് നിങ്ങൾ യഥാർഥ വിശ്വാസികളാണെങ്കിൽ ആത്യന്തിക വിജയം നിങ്ങൾക്കണ്ടതാണ്. വീണ്ടും പറയുന്നു ലൻയ്യജ്അലൽ മുഅ്മിനീന സബീലാ അതായത് അല്ലാഹു ഒരിക്കലും നിഷേധിക്ക് വിശ്വാസികൾക്ക് മേൽ മാർഗ്ഗം നൽകുന്നതല്ല. (ആസ്മാനി ഫൈസല) പേജ് 22 - 24

# പ്രവാചകനിഷേധികളുടെ ആരോപണങ്ങൾ ഖുർആനിലെ ചില പരാമർശങ്ങൾ

كَذَٰلِكَ مَآ أَتَى ٱلَّذِينَ مِن قَبْلِهِم مِّن رَّسُولٍ إِلَّا قَالُوا۟ سَاحِرٌ أَوْ مَجْنُونٌ ۝ أَتَوَاصَوْا۟ بِهِۦ ۚ بَلْ هُمْ قَوْمٌ طَاغُونَ ۝

**ഇതേപ്രകാരം ഇവരുടെ മുമ്പുള്ളവരുടെയടുക്കൽ ഒരു ദൂതനും വന്നിട്ടില്ല. അവർ അദ്ദേഹത്തെപ്പറ്റി മാന്ത്രികനെന്നോ ഭ്രാന്തനെന്നോ പറഞ്ഞിട്ടില്ലാതെ. അവർ ഇതിനെപ്പറ്റി പരസ്പരം വസിയ്യത്ത് ചെയ്തിരിക്കുകയാണോ? അല്ല, പരിധി ലംഘിക്കുന്ന ഒരു ജനമാണവർ (അദ്ദാരിയാത്ത് – 53–54)**

## അപവാദകർ

**അൽ മുഅ്മിനൂൻ – 70–71**

അല്ലെങ്കിൽ അവർ തങ്ങളുടെ ദൂതനെ തിരിച്ചറിഞ്ഞിട്ടില്ലേ? തന്നിമിത്തം അവരദ്ദേഹത്തെ നിഷേധിക്കുകയാണോ?

അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്ന് അവർ പറയുന്നുവോ? (അങ്ങനെയൊന്നുമല്ല) പക്ഷേ, അദ്ദേഹം അവരുടെയടുക്കൽ സത്യവുംകൊണ്ടാണ് ചെന്നിരിക്കുന്നത്. എന്നാൽ അവരിൽ ബഹുഭൂരിപക്ഷം ആളുകളും സത്യത്തെ വെറുക്കുന്നവരാണ്.

**അസ്സുഖ്റുഫ് – 24**

ഇപ്രകാരം തന്നെ, നിനക്ക് മുമ്പേ ഒരു നാട്ടിലും ഒരു മുന്നറിയിപ്പുകാരനേയും നാം അയച്ചിട്ടില്ല. അവിടത്തെ സുഖലോലുപർ ഇങ്ങനെ പറഞ്ഞിട്ടില്ലാതെ, ഞങ്ങൾ ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ ചരിക്കുന്നതായി കണ്ടിട്ടുണ്ട്. ഞങ്ങൾ അവരുടെ കാല്പാടുകളെ പിൻതുടരുന്നവർ തന്നെയാണ്.

**സബഅ് – 35**

ഒരു പട്ടണത്തിലും ഒരു മുന്നറിയിപ്പുകാരനേയും നാം അയച്ചിട്ടില്ല. (അപ്പോഴെല്ലാം)അവിടത്തെ സുഖലോലുപന്മാർ നിങ്ങളേതൊന്ന് കൊണ്ട് നിയോഗിക്കപ്പെട്ടുവോ ഞങ്ങളതിന്റെ നിഷേധകരാണെന്ന് (അവരോട്) പറഞ്ഞിരുന്നതായിട്ടല്ലാതെ.

**അൽ അൻആം – 124**

ഇതേപ്രകാരം നാം ഓരോ നാട്ടിലും അവിടത്തെ കുറ്റവാളികളിൽനിന്നുള്ള പ്രധാനികളെ നിശ്ചയിച്ചിരിക്കുന്നു. അതിന്റെ ഫലമായി അവർ അവിടെ (ആ നാടുകളിൽ) കുതന്ത്രം പ്രവർത്തിക്കുന്നു. വാസ്തവത്തിൽ തങ്ങളുടെ ആത്മാക്കൾക്കെതിരായിത്തന്നെയാണ് അവർ കുതന്ത്രം പ്രവർത്തിക്കുന്നത്. എന്നാൽ അവർ അത് അറിയുന്നില്ല.

## ഫറവോന്റെ ശത്രുത

**യൂനുസ് – 84**

അപ്പോൾ, ഫിർഔനും അവരുടെ പ്രമാണിമാരും തങ്ങളെ ദ്രോഹിക്കുമെന്ന ഭയംനിമിത്തം മൂസായുടെ ജനത്തിൽനിന്ന് ചില യുവാക്കളല്ലാതെ മറ്റാരും അദ്ദേഹത്തെ അനുസരിച്ചില്ല. തീർച്ചയായും ഫിർഔൻ നാട്ടിൽ സ്വേച്ഛാധിപതിയായിരുന്നു. അവൻ അതിക്രമകാരികളിൽപെട്ടവനുമായിരുന്നു.

**യൂനുസ് – 79**

അവർ പറഞ്ഞു: ഞങ്ങളുടെ പൂർവപിതാക്കൾ ഏതൊരു മാർത്തെ പിൻപറ്റിയതായി ഞങ്ങൾ കണ്ടുവോ അതിൽനിന്ന് ഞങ്ങളെ തെറ്റിക്കുവാനും നാട്ടിൽ നിങ്ങൾ രണ്ടുപേർക്കും മേൻമയുണ്ടാവാനും വേണ്ടിയാണോ നീ ഞങ്ങളുടെയടുക്കൽ വന്നിട്ടുള്ളത്? നിങ്ങൾ ഇരുവരേയും ഞങ്ങൾ വിശ്വസിക്കുന്നവരല്ല.

## സുരക്ഷയും സമാധാനവും അപകടപ്പെടുത്തുന്നു

**അശ്ശുഅറാഅ് – 35–36**

അവൻ തന്റെ ചുറ്റുമുള്ള പ്രധാനികളോട് പറഞ്ഞു: ഇവൻ വിദഗ്ദ്ധനായ ഒരു മാന്ത്രികൻ തന്നെയാണ്. അവൻ തന്റെ ജാലവിദ്യകൊണ്ട് നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് നിങ്ങൾ എന്താണഭിപ്രായപ്പെടുന്നത്.

**അൽ അഅ്റാഫ് – 124**

ഫിർഔൻ പറഞ്ഞു: നിങ്ങൾക്ക് ഞാൻ അനുമതി തരുന്നതിനുമുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ? ഈ പട്ടണത്തിൽനിന്ന് അതിന്റെ നിവാസികളെ പുറത്താക്കുന്നതിനുവേണ്ടി നിങ്ങൾ ആസൂത്രണം ചെയ്തു നടത്തിയ ഒരു തന്ത്രം തന്നെയാണ് ഇത്. തീർച്ചയായും നിങ്ങൾ (അതിന്റെ ഫലം) അറിയുന്നതാണ്.

## മാന്ത്രികൻ

**അൽ ഗാഫിർ (മുഅ്മിൻ) – 24–25**

നാം മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളോടും സ്പഷ്ടമായ തെളിവോടും കൂടി അയച്ചു.

ഫിർഔൻ ഹാമാൻ ഖാറൂൻ എന്നിവരുടെയടുക്കലേക്ക്. എന്നാൽ, അവർ പറഞ്ഞു: (ഇവൻ) പെരുങ്കള്ളം പറയുന്ന ഒരു മാന്ത്രികനാണ്.

**യൂനുസ് – 78**

മൂസാ പറഞ്ഞു: സത്യം നിങ്ങൾക്ക് വന്നുകിട്ടിയപ്പോൾ അതിനെ സംബന്ധിച്ച് നിങ്ങൾ (ഇതാണോ) പറയുന്നത്? ഇത് ഇന്ദ്രജാലമാണോ? ഐന്ദ്രജാലികൾ ഒരിക്കലും വിജയിക്കുകയില്ല.

## നുണയൻ

**അൽ ഖസസ് – 37–39**

അങ്ങനെ മൂസാ നമ്മുടെ സ്പഷ്ടമായ ദൃഷ്ടാന്തങ്ങളുംകൊണ്ട് അവരുടെയടുക്കൽ ചെന്നപ്പോൾ അവർ പറഞ്ഞു: കെട്ടിച്ചമയ്ക്കപ്പെട്ട ജാലവിദ്യ മാത്രമാണിത്. ഞങ്ങളുടെ പൂർവികരായ പിതാക്കൻമാരിൽ ഞങ്ങളിത് സംബന്ധിച്ച് കേട്ടിട്ടില്ല.

ഫിർഔൻ പറഞ്ഞു: ഏ പ്രധാനികളേ! ഞാനല്ലാതെ നിങ്ങൾക്ക് മറ്റൊരു ദൈവം ഉള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. ഏ, ഹാമാൻ! എനിക്ക്വേണ്ടി നീ കളിമണ്ണിൽ തീ കത്തിച്ച് (ഇഷ്ടികയുണ്ടാക്കു). എന്നിട്ട് എനിക്ക് ഒരു ഉയർന്ന ഗോപുരം പണിയുക. (അതിൽ കയറി) ഞാൻ മൂസായുടെ ദൈവത്തിന്റെ നേരെ നോക്കട്ടെ. അവൻ കള്ളവാദികളിൽപെട്ടവൻ തന്നെയാണെന്ന് ഞാൻ വിചാരിക്കുന്നു.

## അപവാദങ്ങൾ

**യൂസുഫ് 26**

അവർ രണ്ടുപേരും മുന്നിൽ കടക്കുവാൻ ശ്രമിച്ചുകൊണ്ട് വാതിൽക്കലേക്ക് ഓടി. അവൾ അദ്ദേഹത്തിന്റെ കുപ്പായം പിന്നിൽനിന്ന് പിടിച്ചുകീറി. അവർ രണ്ടുപേരും അവളുടെ നാഥനെ (ഭർത്താവിനെ) വാതിൽക്കൽ (വാതിൽ തുറന്നപ്പോൾ) കണ്ടെത്തുകയും ചെയ്തു. അവൾ പറഞ്ഞു: നിങ്ങളുടെ ഭാര്യയെക്കൊണ്ട് ദുർവൃത്തിചെയ്യുവാൻ ഉദ്ദേശിക്കുന്നവന്, അവനെ ജയിലിൽ അടയ്ക്കുകയോ അല്ലെങ്കിൽ വേദനാജനകമായ മറ്റുവല്ല ശിക്ഷ നല്കുകയും അല്ലാതെ മറ്റെന്താണ് പ്രതിഫലം?

## മോഷണാരോപണം

**യൂസുഫ് – 78**

അവർ (യൂസുഫിന്റെ സഹോദരൻമാർ) പറഞ്ഞു: ഇവൻ മോഷ്ടിച്ചിട്ടുണ്ടെങ്കിൽ (അതിൽ അത്ഭുതമില്ല. കാരണം) മുമ്പ് ഇവന്റെ ഒരു സഹോദരനും (യൂസുഫും) മോഷ്ടിച്ചിട്ടുണ്ട്. എന്നാൽ യൂസുഫ് ഇതിനെ തന്റെ മനസ്സിൽ മറച്ചുവച്ചു. അതദ്ദേഹം അവർക്ക് വെളിപ്പെടുത്തിയില്ല. അദ്ദേഹം (മനസ്സിൽ പറഞ്ഞു) നിങ്ങളുടെ നിലപാട് വളരെ ചീത്തയാണ്. നിങ്ങൾ ചിത്രീകരിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലപോലെ അറിവുള്ളവനാണ്.

## മർയമിനെതിരായ അപവാദം

**മർയം – 28–29**

പിന്നെ അവൾ അവനെ വാഹനത്തിലേറ്റി അവനേയും കൊണ്ട് തന്റെ ജനത്തിന്റെ അടുക്കലേക്ക് ചെന്നു. (അപ്പോൾ) അവർ പറഞ്ഞു: മർയമേ, നീ വല്ലാത്തൊരു കാര്യം ചെയ്തിരിക്കുന്നു.

ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ഒരു വ്യഭിചാരിണി ആയിരുന്നതുമില്ല.

## വ്യഭിചാരാരോപണം

**അന്നൂർ – 24**

ചാരിത്രവതികളും (അപവാദത്തെക്കുറിച്ച്) അശ്രദ്ധകളും സത്യവിശ്വാസിനികളുമായ സ്ത്രീകളുടെപേരിൽ ദുർന്നടപ്പാരോപിക്കുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടവരായിരിക്കും. അവർക്ക് വലിയ ശിക്ഷ ഉണ്ടായിരിക്കുന്നതുമാണ്.

## അവിശ്വാസി

**അൽ ബഖറ – 102–103**

അവരുടെ പക്കലുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് അല്ലാഹുവിങ്കൽ നിന്ന് ഒരു ദൂതൻ അവരുടെയടുക്കൽ വന്നപ്പോൾ ഗ്രന്ഥം നല്കപ്പെട്ടവരിൽ ഒരു വിഭാഗം, അറിയാത്ത ഭാവത്തിൽ അല്ലാഹുവിന്റെ ഗ്രന്ഥത്തെ പിന്നിലേക്ക് തള്ളിമാറ്റിക്കളഞ്ഞു.

സുലൈമാന്റെ ഭരണകൂടത്തിനെതിരെ പിശാചുക്കൾ (രാജ്യദ്രോഹികൾ) അനുവർത്തിച്ചിരുന്ന നയം ഇവർ (ഈ യഹൂദർ) പിന്തുടർന്നിരിക്കുകയാണ്. സുലൈമാൻ അവിശ്വസിച്ചിട്ടില്ല. എന്നാൽ, പിശാചുക്കളാണ് അവിശ്വസിച്ചിരുന്നത്.

## പരിഹാസവും അപവാദാരോപണങ്ങളും

**ആലുഇംറാൻ – 187**

നിങ്ങളുടെ സമ്പത്തുകളിലും ആളുകളിലും തീർച്ചയായും നിങ്ങൾ പരീക്ഷിക്കപ്പെടുകയും നിങ്ങൾക്കു മുമ്പ് ഗ്രന്ഥം നല്കപ്പെട്ടവരിൽ നിന്നും ബഹുദൈവവിശ്വാസികളിൽനിന്നും വളരെയേറെ ഉപദ്രവവാക്കുകൾ കേൾക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ സഹനം കൈ ക്കൊള്ളുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നതായാൽ അത് നിശ്ചയദാർഢ്യപരമായ കാര്യങ്ങളിൽപെട്ടതാണ്.

## അഹങ്കാരാരോപണം

**അൽ ഖമർ – 24–26**

സമൂദ് ഗോത്രവും താക്കീതുകാരെ (പ്രവാചകൻമാരെ) നിഷേധിക്കുകയുണ്ടായി.

അപ്പോൾ അവർ പറഞ്ഞു: നമ്മളിലുള്ള ഏകനായ ഒരു മനുഷ്യനെ നാം പിൻപറ്റുകയോ? അപ്പോൾ തീർച്ചയായും നാം വഴികേടിലും ഭ്രാന്തിലുമായിരിക്കും.

നമ്മുടെയിടയിൽവച്ച് അവന് ദൈവിക സന്ദേശം നല്കപ്പെട്ടുവെന്നോ? അല്ല അവൻ മഹാനുണയനും അഹംഭാവിയുമാണ്.

## മാനസിക രോഗാരോപണം

**അൽ മുഅ്മിനൂൻ – 70–71**

അല്ലെങ്കിൽ അവർ തങ്ങളുടെ ദൂതനെ തിരിച്ചറിഞ്ഞിട്ടില്ലേ? തന്നിമിത്തം അവരദ്ദേഹത്തെ നിഷേധിക്കുകയാണോ?

അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്ന് അവർ പറയുന്നുവോ? (അങ്ങനെയൊന്നുമല്ല) പക്ഷേ, അദ്ദേഹം അവരുടെയടുക്കൽ സത്യവുംകൊണ്ടാണ് ചെന്നിരിക്കുന്നത്. എന്നാൽ അവരിൽ ബഹുഭൂരിപക്ഷം ആളുകളും സത്യത്തെ വെറുക്കുന്നവരാണ്.

സത്യം അവരുടെ സ്വേച്ഛകളെ പിൻപറ്റിയിരുന്നുവെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. യഥാർഥത്തിൽ അവരുടെ അന്തസ്സിനുള്ള കരുക്കളും കൊണ്ടാണ് നാം അവരുടെ അടുത്ത് ചെന്നത്. അപ്പോൾ അവർ തങ്ങളുടെ അന്തസ്സിനുള്ള കരുക്കളിൽ നിന്ന് പിന്തിരിഞ്ഞുകളയുന്നവരാണ്.

## വിഡ്ഢി

**അൽ അഅ്റാഫ് – 67**

അദ്ദേഹത്തിന്റെ ജനത്തിൽനിന്ന് അവിശ്വസിച്ചവരായ നേതാക്കന്മാർ പറഞ്ഞു: തീർച്ചയായും ഞങ്ങൾ നിന്നെ വിഡ്ഢിത്തത്തിൽപെട്ടതായി കാണുന്നു. നീ കള്ളം പറയുന്നവരിൽ പെട്ടവനാണെന്ന് ഞങ്ങൾ തീർച്ചയാ യും മനസ്സിലാക്കുകയും ചെയ്യുന്നു.

## വിരട്ടപ്പെട്ടവൻ

**അൽ ഖമർ – 10**

ഇവർക്ക് മുമ്പേ നൂഹിന്റെ ജനത സത്യത്തെ നിഷേധിക്കുകയുണ്ടായി. അങ്ങനെ അവർ നമ്മുടെ ദാസനെ നിരാകരിച്ചു. ഇവൻ ഭ്രാന്തനാണ്. ഇവൻ വിരട്ടപ്പെട്ടിരിക്കുന്നു. എന്നവർ പറഞ്ഞു.

## ഭ്രാന്തൻ

**അശ്ശുഅറാഅ് – 28**

അവൻ (തന്റെ സദസ്സിലുള്ളവരോട്) പറഞ്ഞു: നിങ്ങളുടെയടുക്കലേക്ക് അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ ദൂതൻ ഒരു ഭ്രാന്തൻ തന്നെയാണ്.

**അദ്ദാരിയാത്ത് – 40–41**

അപ്പോൾ, തന്റെ പ്രതാപത്തിൽ (അഹങ്കരിച്ചുകൊണ്ട്) അവൻ പിന്തിരിഞ്ഞു. അവൻ പറഞ്ഞു: ഇവൻ മാന്ത്രികനോ ഭ്രാന്തനോ ആണ്.

## മതം ദുർവ്യാഖ്യാനം ചെയ്യുന്നു

**ത്വാഹ് – 64–65**

അവർ (അന്യോന്യം) പറഞ്ഞു: തീർച്ചയായും ഇവർ രണ്ടുപേരും മാന്ത്രിക വിദ്യക്കാരാണ്. ഇവരുടെ മാന്ത്രികവിദ്യകൊണ്ട് നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കുവാനും നിങ്ങളുടെ ഉത്കൃഷ്ട സമ്പ്രദായത്തെ നശിപ്പിച്ചുകളയുവാനും ഇവർ ഉദ്ദേശിക്കുന്നു.

അതുകൊണ്ട് നിങ്ങളുടെ തന്ത്രങ്ങളെ സംഘടിപ്പിക്കുക. പിന്നെ നിങ്ങൾ (എല്ലാവരും) ഒരു സംഘമായി വരിക. തീർച്ചയായും, മേൻമ കരസ്ഥമാക്കിയവൻ ഇന്ന് വിജയം പ്രാപിക്കുന്നതാണ്.

**അൽ മുഅ്മിൻ (ഗാഫിർ) – 27**

ഫിർഔൻ പറഞ്ഞു: എന്നെ വിടൂ, ഞാൻ മൂസായെ കൊല്ലുകയാണ്. അവൻ തന്റെ നാഥനോട് പ്രാർഥിക്കട്ടെ. അവൻ നിങ്ങളുടെ മതത്തെ മാറ്റിമറിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്തേക്കാമെന്ന് ഞാൻ ഭയപ്പെടുന്നു.

**അൽ അഅ്റാഫ് – 61–62**

അദ്ദേഹത്തിന്റെ ജനതയിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: തീർച്ചയായും നിന്നെ ഞങ്ങൾ പ്രത്യക്ഷമായ മാർഗഭ്രംശത്തിൽ (അകപ്പെട്ടതായി) കാണുന്നു.

അദ്ദേഹം പറഞ്ഞു: എന്റെ ജനമേ! എന്നിൽ യാതൊരു മാർഗഭ്രംശവുമില്ല. എന്നാൽ ഞാൻ സർവലോകപരിപാലകനിൽനിന്നുള്ള ഒരു ദൂതനാകുന്നു.

**ഹൂദ് – 63**

അവർ പറഞ്ഞു: ഓ സാലിഹ് ഇതിനുമുമ്പ് നീ ഞങ്ങളുടെയിടയിൽ ഒരു ആശാകേന്ദ്രമായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കൾ ആരാധിച്ചുവന്ന വസ്തുക്കളെ ആരാധിക്കുന്നത് നീ ഞങ്ങളോട് നിരോധിക്കുകയാണോ? നീ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിൽ ഞങ്ങൾ അസ്വസ്ഥജനകമായ സംശയത്തിലാണ്.

## വഴിപിഴച്ചവർ

**അത്തത്ഫീഫ് – 30–33**

കുറ്റവാളികളായ ആളുകൾ സത്യവിശ്വാസികളെപ്പറ്റി (ഇഹത്തിൽവെച്ച്) ചിരിക്കുകയായിരുന്നു.

അവരുടെ (അവിശ്വാസികളുടെ) അടുത്തൂടെ ഇവർ (സത്യവിശ്വാസികൾ) നടന്നുപോകുമ്പോൾ അവർ (അവിശ്വാസികൾ) പരസ്പരം (പരിഹാസഭാവത്തിൽ)നയനവിക്ഷേപം ചെയ്യുമായിരുന്നു.

അവർ (അവിശ്വാസികൾ) തങ്ങളുടെ വീട്ടുകാരുടെയടുക്കലേക്ക് തിരിച്ചുപോകുമ്പോൾ മതിമറന്നാഹ്ലാദിച്ചുകൊണ്ടു തിരിച്ചുപോയിരുന്നു.

അവർ (അവിശ്വാസികൾ) ഇവരെ കണ്ടാൽ തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാ**മെന്നു** (പരസ്പരം) പറയുമായിരുന്നു.

**യൂനുസ് – 3**

മനുഷ്യർക്ക് താക്കീത് നല്കുകയും സത്യവിശ്വാസികൾക്ക് തങ്ങളുടെ നാഥന്റെയടുക്കൽ സത്യത്തിന്റെ ഉന്നത പദവിയുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക എന്ന് കല്പിച്ചുകൊണ്ട് അവരിൽപെട്ട ഒരാൾക്ക് നാം സന്ദേശം നല്കിയെന്നുള്ളത് അവർക്ക് ആശ്ചര്യകരമായിപ്പോയോ? അവിശ്വാസികൾ പറയുന്നു : ഇവൻ ഒരു പ്രത്യക്ഷമാന്ത്രികൻതന്നെ.

## നുണയനായ മാന്ത്രികൻ

**സ്വാദ് – 5–6**

അവരിൽനിന്നുള്ള ഒരു മുന്നറിയിപ്പുകാരൻ അവരുടെയടുക്കൽ ചെന്നതിൽ അവർ അത്ഭുതപ്പെട്ടു. അവർ (അവിശ്വാസികൾ) പറഞ്ഞു: ഇവനൊരു വലിയ നുണയനായ മാന്ത്രികനാകുന്നു.

ഇവൻ ദൈവങ്ങളെയെല്ലാം (ചേർത്ത്) ഒരു ദൈവമാക്കിയിരിക്കുകയാണോ? ഇത് ആശ്ചര്യകരമായൊരു കാര്യം തന്നെ.

## മാരണം ബാധിച്ചവൻ

**അൽ ഇസ്റാഅ് – 48**

അവർ നിന്നിലേക്ക് ശ്രദ്ധിച്ചുകേൾക്കുമ്പോൾ അവർ ശ്രദ്ധിച്ചുകേൾക്കുന്നതെന്താണെന്നും, മാരണം ബാധിച്ച ഒരാളെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ലെന്ന് ആ അക്രമികൾ സ്വകാര്യം പറയുമ്പോൾ അവരുടെ സ്ഥിതിയും നാം നല്ലവണ്ണം അറിയുന്നു.

**അശ്ശുഅറാഅ് – 154–155**

അവർ പറഞ്ഞു: നീ മാരണം ചെയ്യപ്പെട്ടവരിൽ ഉൾപ്പെട്ടവൻ തന്നെയാണ്.

നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നീ സത്യവാദിയാണെങ്കിൽ നീ ഒരു ദൃഷ്ടാന്തം കൊണ്ടുവരിക.

**അൽ ഫുർഖാൻ - 9**

അല്ലെങ്കിൽ അവന് എന്തേ ഒരു നിധി ഇട്ടുകൊടുക്കാത്തത്? അല്ലെങ്കിൽ അവന് ഫലങ്ങൾ ഭക്ഷിക്കുവാൻ ഒരു തോട്ടം എന്തേ ഉണ്ടായില്ല? (മാത്രമല്ല) ഈ അക്രമികൾ പറയുന്നു. മാരണം ചെയ്യപ്പെട്ട ഒരാളെയല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല.

## ക്രോധവും പരിഹാസവും

**ഹൂദ് - 28**

അപ്പോൾ അദ്ദേഹത്തിന്റെ ജനതയിൽനിന്നുള്ള സത്യനിഷേധികളായ നേതാക്കന്മാർ പറഞ്ഞു: ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനായിട്ടല്ലാതെ നിന്നെ ഞങ്ങൾ കാണുന്നില്ല. ഞങ്ങളിൽ ഏറ്റവും താഴ്ന്നവരല്ലാതെ നിന്നെ പിന്തുടർന്നതായും ഞങ്ങൾ കാണുന്നില്ല. (അവർ തന്നെയും വേണ്ടവിധം ചിന്തിക്കാതെ) ബാഹ്യവീക്ഷണത്തിൽ (നിന്നെ പിൻപറ്റിയവരാണ്) ഞങ്ങളേക്കാൾ യാതൊരു മേൻമയും നിങ്ങൾക്കുള്ളതായും ഞങ്ങൾ കാണുന്നില്ല. എന്നുമാത്രമല്ല, നിങ്ങൾ കള്ളംപറയുന്നവരായി ഞങ്ങൾ കരുതുകയും ചെയ്യുന്നു.

**അസ്സുഖ്റൂഫ് - 52 - 53**

ഫിർഔൻ തന്റെ ജനതയിൽ വിളിച്ചു പറഞ്ഞു: എന്റെ ജനമേ, ഈജിപ്തിന്റെ ആധിപത്യം എന്റേതല്ലേ? ഈ നദികളൊഴുകുന്നത് എന്റെ അധീനത്തിലായിട്ടല്ലേ? അപ്പോൾ (ഇതൊന്നും) നിങ്ങൾ കാണുന്നില്ലേ?

അത്രയുമല്ല നിന്ദ്യനും കാര്യങ്ങൾ സ്പഷ്ടമായി വിവരിക്കാൻ കഴിയാത്തവനുമായ ഇവനെക്കാൾ ഉത്തമൻ ഞാൻ തന്നെയാണ്.

## സ്വാർത്ഥ താല്പര്യങ്ങൾ

**അൽ മുഅ്മിനൂൻ - 25**

അപ്പോൾ അദ്ദേഹത്തിന്റെ ജനങ്ങളിലുള്ള അവിശ്വസിച്ചവരായ നേതാക്കൻമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. ഇവൻ നിങ്ങളുടെ മേൽ മേൻമ ഉദ്ദേശിക്കുന്നു. അല്ലാഹു (ദൂതനെ അയക്കാൻ) ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കളിൽ ഞങ്ങൾ കേട്ടിട്ടില്ലാത്ത ഒരു കാര്യമാണിത്.

**യൂനുസ് - 79**

അവർ പറഞ്ഞു: ഞങ്ങളുടെ പൂർവപിതാക്കൾ ഏതൊരു മാർഗത്തെ പിൻപറ്റിയതായി ഞങ്ങൾ കണ്ടുവോ അതിൽനിന്ന് ഞങ്ങളെ തെറ്റിക്കുവാനും നാട്ടിൽ നിങ്ങൾ രണ്ടുപേർക്കും മേൻമയുണ്ടാവാനും വേണ്ടിയാണോ നീ ഞങ്ങളുടെയടുക്കൽ വന്നിട്ടുള്ളത്? നിങ്ങൾ ഇരുവരേയും ഞങ്ങൾ വിശ്വസിക്കുന്നവരല്ല.

## ആളുകളെ വഴി തെറ്റിക്കുന്നു

**ഹൂദ് - 28**

അപ്പോൾ അദ്ദേഹത്തിന്റെ ജനതയിൽനിന്നുള്ള സത്യനിഷേധികളായ നേതാക്കന്മാർ പറഞ്ഞു: ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനായിട്ടല്ലാതെ നിന്നെ ഞങ്ങൾ കാണുന്നില്ല. ഞങ്ങളിൽ ഏറ്റവും താഴ്ന്നവരല്ലാതെ നിന്നെ പിന്തുടർന്നതായും ഞങ്ങൾ കാണുന്നില്ല. (അവർ തന്നെയും വേണ്ടവിധം ചിന്തിക്കാതെ) ബാഹ്യവീക്ഷണത്തിൽ (നിന്നെ പിൻപറ്റിയവരാണ്) ഞങ്ങളേക്കാൾ യാതൊരു മേൻമയും നിങ്ങൾക്കുള്ളതായും ഞങ്ങൾ കാണുന്നില്ല. എന്നുമാത്രമല്ല, നിങ്ങൾ കള്ളം പറയുന്നവരായി ഞങ്ങൾ കരുതുകയും ചെയ്യുന്നു.

## മതത്തെ വളച്ചൊടിക്കുന്നു

**അൽ ഫാതിർ - 43-44**

തങ്ങളുടെയടുക്കൽ ഒരു ദൈവികമുന്നറിയിപ്പുകാരൻ വരുന്നതായാൽ സമുദായങ്ങളിലേതൊന്നിനെക്കാളും കൂടുതൽ നല്ലനിലയിൽ തങ്ങൾ തീർച്ചയായും നേർമാർഗം പ്രാപിക്കുന്നതാണെന്ന് അവർ അല്ലാഹുവിനെ മുൻനിരുത്തി പ്രതിജ്ഞ ചെയ്തു. എന്നാൽ, ഒരു മുന്നറിയിപ്പുകാരൻ അവരുടെയടുക്കൽ ചെന്നപ്പോൾ അത് (അദ്ദേഹത്തിന്റെ ആഗമനം) അവർക്ക് വിദ്വേഷമല്ലാതെ വർധിപ്പിച്ചില്ല.

ഭൂമിയിൽ അഹംഭാവം നടിച്ചുകൊണ്ടും കുതന്ത്രം പ്രവർത്തിച്ചുകൊണ്ടും (അവർ വിദ്വേഷം പ്രകടിപ്പിച്ചു) കുതന്ത്രം അതിന്റെ ആൾക്കാരെയല്ലാതെ വലയം ചെയ്യുകയില്ല. അപ്പോൾ പൂർവികൻമാരിൽ നടന്ന നടപടിക്രമമല്ലാതെ മറ്റു വല്ലതും അവർ പ്രതീക്ഷിക്കുന്നുണ്ടോ? എന്നാൽ, അല്ലാഹുവിന്റെ നടപടിക്രമത്തിന് ഒരു മാറ്റവും നീ കണ്ടെത്തുകയില്ല. അല്ലാഹുവിന്റെ നടപടിക്രമത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.

## മുഹമ്മദ് നബി(സ)

**അൽ ഹിജ്ർ - 7**

അവർ പറഞ്ഞു: തനിക്ക് (ദൈവീക) പ്രബോധനം അവതരിപ്പിക്കപ്പെട്ട (തായി വാദിക്കുന്ന)വനേ! തീർച്ചയായും നീയൊരു ഭ്രാന്തൻ തന്നെയാണ്.

**അൽ ഖലം - 52**

അവിശ്വാസികൾ ഈ ഉദ്ബോധനം കേൾക്കുമ്പോൾ തങ്ങളുടെ ദേഷ്യദൃഷ്ടികൾകൊണ്ട് നിന്നെ അവർ തുറിച്ചുനോക്കുന്നു. അവർ പറയുന്നു, ഇവനൊരു ഭ്രാന്തൻ തന്നെ.

**അദ്ദുഖാൻ - 15**

എന്നിട്ട് അദ്ദേഹത്തിൽനിന്ന് അവർ പിന്തിരിഞ്ഞുകളഞ്ഞു. (അദ്ദേഹത്തെപ്പറ്റി) അവർ പറഞ്ഞു: പഠിപ്പിക്കപ്പെട്ട ഒരു ഭ്രാന്തൻ.

## അവിശ്വാസികളുടെ ശത്രുത

**അൽ മുംതഹിന - 3**

അവർ നിങ്ങളെ അധീനപ്പെടുത്തുന്നതായാൽ അവർ നിങ്ങൾക്ക് ശത്രുക്കളായിതീരുകയും അവരുടെ കൈകളും നാവുകളും നിങ്ങളുടെനേരെ ദുരുദ്ദേശത്തോടെ അവർ നീട്ടുകയും ചെയ്യും. നിങ്ങൾ അവിശ്വസിച്ചെങ്കിൽ കൊള്ളാമെന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.

**അൽ അഹ്സാബ് - 70**

വിശ്വസിച്ചവരേ, നിങ്ങൾ മൂസായെ ഉപദ്രവിച്ചവരെപ്പോലെയാകരുത്. പക്ഷേ, അവർ ആരോപിച്ചതിൽനിന്ന് അല്ലാഹു അദ്ദേഹത്തെ ഒഴിവാക്കുകയുണ്ടായി. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അദ്ദേഹം ബഹുമാന്യനായിരുന്നു.

## ഇനി നബി വരില്ല

**അൽ മുഅ്മിൻ- 35**

ഇതിന് മുമ്പ് യൂസുഫ് നിങ്ങളുടെ അടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ അദ്ദേഹം കൊണ്ടുവന്നതിനെക്കുറിച്ച് നിങ്ങൾ സംശയത്തിലായിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു, അല്ലാഹു അദ്ദേഹത്തിനുശേഷം ഒരിക്കലും ഒരു പ്രവാചകനേയും അയക്കുകയില്ല. ഇങ്ങനെയാണ് അതിരുകവിഞ്ഞ് പ്രവർത്തിക്കുന്നവരേയും സംശയാലുക്കളേയും അല്ലാഹു വഴികേടിലാക്കുന്നത്!

## വിശ്വാസികൾ ഇപ്പോഴും അപവദിക്കപ്പെടുന്നു

**ഇസ്റാഅ് - 47**

അവർ അത് ഗ്രഹിക്കാതിരിക്കുന്നതിന് അവരുടെ ഹൃദയങ്ങളിൽ ചില ആവരണങ്ങളും അവരുടെ കാതുകളിൽ ബധിരതയും നാം ഏർപ്പെടുത്തുന്നതാണ്. നീ ഖുർആനിൽ നിന്റെ നാഥനെക്കുറിച്ചുമാത്രം പ്രസ്താവിക്കുന്നതായാൽ അവജ്ഞയോടെ അവർ പിന്തിരിഞ്ഞുപൊയ്ക്കളയും.

## അവിശ്വാസികൾ മിത്രങ്ങൾ

**അൽ അൻഫാൽ -74**

അവിശ്വാസികൾ പരസ്പരം മിത്രങ്ങളാണ്. നിങ്ങൾ അങ്ങനെ (മേൽപറഞ്ഞ വിധം) പ്രവർത്തിക്കുന്നില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വലിയ നാശവും ഉണ്ടാകുന്നതാണ്.

## നരകവാസികൾ വഴക്കുകൂടുന്നു

**സാദ് - 63-65**

**അവർ (നരകവാസികൾ പരസ്പരം) പറയും, നമുക്കെന്തുപറ്റി? നാം ദുഷ്ടൻമാരിൽപെട്ടവരായി ഗണിച്ചിരുന്ന ആളുകളെ നാം (ഇവിടെ) കാണുന്നില്ലല്ലോ?**

**നാം അവരെ(അന്യായമായി)പരിഹസിച്ചുപോയതാണോ? അതല്ല ദൃഷ്ടികൾ അവരിൽനിന്ന് തെറ്റിപ്പോയതോ?**

**അത് സത്യം തന്നെയാണ് - നരകവാസികൾ പരസ്പരം വഴക്കുകൂടുമെന്ന കാര്യം.**

> എനിക്കെതിരിൽ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങൾക്കും മുൻകാല നബിമാരും കുറിമാനമാക്കപ്പെട്ടിട്ടുണ്ട്.
>
> ഹ. അഹ്മദ്(അ)

# ആരാണ് മുസ്‌ലിം? നബി(സ)ന്റെ നിർവചനം

മൻസ്വല്ല സ്വലാത്തനാ വസ്തഖ്ബല ഖിബ്‌ലത്തനാ വ അകലദബീ ഹത്തനാ ഫ ദാലിക്കൻ മുസ്‌ലിം. അല്ലദീ ലഹു ദിമത്തുല്ലാഹി വദിമമത്തു റസൂലിഹീ ഫലാ തുഖ്ഫിറുല്ലാഹ ഫീ ദിമ്മത്തിഹി

നാം നമസ്കരിക്കുന്നതുപോലെ നമസ്കരിക്കുകയും, നമ്മുടെ ഖിബ്‌ലയെ അഭിമുഖീകരിക്കുകയും, നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവനാരോ അവൻ മുസ്‌ലിമാണ്. അവനുവേണ്ടി അല്ലാഹുവിന്റെയും റസൂലിന്റെയും സംരക്ഷണമുണ്ട്. ആയതിനാൽ നിങ്ങൾ ആ സംരക്ഷണത്തിൽ കൈകടത്തരുത്.

(ബുഖാരി ബാബ് ഫള്‌ലി ഇസ്തിഖ്ബാലിൽ ഖിബ്‌ല)

## പണ്ഡിതന്മാരുടെ എതിർപ്പ്

**നബി(സ) പറഞ്ഞു:**

അവസാനകാലത്തെ അവരുടെ പണ്ഡിതന്മാർ ആകാശത്തെ നികൃഷ്ട ജീവികളായി അധഃപതിക്കും. എല്ലാ കുഴപ്പങ്ങളും അവരിൽ നിന്ന് തുടങ്ങി അവരിലേക്ക് തന്നെ മടങ്ങും (മിശ്കാത്ത്)

**ഹ: മുഹയുദ്ദീനുബ്നു അറബി പറയുന്നു:**

ഇമാം മഹ്ദി വെളിപ്പെട്ടാൽ പണ്ഡിതന്മാരായിരിക്കും അദ്ദേഹത്തിന്റെ പ്രത്യക്ഷ ശത്രുക്കൾ (ഫുത്തൂഹാത്തുൽ മക്കിയ്യ) ഈ പ്രവചനത്തിന്റെ വെളിച്ചത്തിൽ ഹദ്റത് അഹ്മദ്(അ)നെതിരിൽ 200മൗലവിമാർ ഒന്നിച്ച് കുഫ്ർഫത്‌വ ഇറക്കി!

## എന്താണ് ഫത്‌വ

മുല്ലമാരുടെ കയ്യിൽ വാളിനേക്കാൾ മൂർച്ചയേറിയ മറ്റൊരായുധമുണ്ടായിരുന്നു 'തങ്ങൾക്കിഷ്ടമില്ലാത്തവരുടെ നേരെ യഥേഷ്ടം പ്രയോഗിക്കാവുന്ന ഒരായുധം' അതാണ് മതശാസനം അഥവാ ഫത്‌വ

(മുസ്‌ലിം രാഷ്ട്രീയത്തിന്റെ നൂറ് വർഷങ്ങൾ പേജ് : 19) by എം.സി.വടകര, പ്രസാ: Institute of Social Science Kozhikode)

## കുഫ്ർ ഫത്‌വയുടെ ആരംഭം

ഇസ്‌ലാമിക ചരിത്രത്തിൽ ഒന്നാം നൂറ്റാണ്ടിൽ രംഗത്തുവന്ന ഖവാരിജ് വിഭാഗത്തിന്റെ ഉൽപ്പന്നമായിരുന്നു ഈ കാഫിറാക്കൽ പ്രക്രിയ.

മറ്റുള്ളവരെ കാഫിറാക്കാനുള്ള അർഹതയും യോഗ്യതയും തങ്ങൾക്കുണ്ടെന്ന ധീരതയാണ് ഈ സരണിയുടെ മുഖമുദ്രകളിലൊന്ന്. ഭരണാധികാരികളേയും പ്രജകളേയും അവർ കാഫിറാക്കി. അവരിൽ തന്നെ ഒരു വിഭാഗം പ്രജകളെ മാറ്റി നിർത്തി ഭരണാധികാരികളെ കാഫിറാക്കി. പണ്ടുകാലത്ത് ബനൂ ഉമയ്യക്കെതിരെ രാഷ്ട്രീയ നിലപാടെടുത്ത് അവരെ കാഫിറാക്കിയ ഖവാരിജുകളെപ്പോലെ അതേ വസ്തുത വർത്തമാന കാലത്ത് ഇവിടെയും സംഭവിച്ചു. പാശ്ചാത്യവൽക്കരണത്തേയും തീവ്രതയേയും അതിലും വലിയ തീവ്രതകൊണ്ടെതിർത്തു. അതേ, ഇവരുടെ ചിന്താധാരയ്ക്ക് അന്യരായ വരെ കാഫിറാക്കുന്ന അതിവാദം.

(MSM Kerala Students Confrence Souvenir - 2011, പേജ് : 144)

## മുസ്‌ലിം വേൾഡ് ലീഗ് അഥവാ റാബിത്വ

ലോകത്തിലെ എല്ലാ വിഭാഗം മുസ്‌ലിംകളുടെയും കോൺഫെഡറേഷനാണല്ലോ റാബിത്വ അതിൽ എല്ലാ മദ്ഹബിന്റെയും ആളുകളുമുണ്ട്. സലഫികളും ഖുബൂരികളുമുണ്ട്. ഇസ്‌ലാമിസ്റ്റുകളുമുണ്ട്. അതിൽ ഉൾപ്പെടാത്ത ഒരു മുസ്‌ലിം ജനവിഭാഗം ഇന്ന് ഭൂമുഖത്തില്ല (ഇസ്‌ലാഹി പ്രസ്ഥാനം പേജ് :87 പ്രസാ: KNM)

## അഹ്മദീ മുസ്‌ലിംകളെ കാഫിറാക്കുന്ന തീരുമാനം

1974 - ൽ മുസ്‌ലിം വേൾഡ്‌ലീഗ് മക്കയിൽ സംഘടിപ്പിച്ച കോൺഫ്രൻസിൽ വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള 144 സംഘടനാ പ്രതിനിധികൾ പങ്കെടുക്കുകയും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു...... ഖാദിയാനികൾ അമുസ്‌ലിംകളാണെന്ന വിഷയത്തിൽ മുസ്‌ലിം ലോകം ഒറ്റക്കെട്ടാണ്. നിരവധി പണ്ഡിത ഫത്‌വകളും കോടതിവിധികളും ഇക്കാര്യത്തിൽ വെളിച്ചം കണ്ടിട്ടുണ്ട്.

(ഇസ്‌ലാമും ഖാദിയാനിസവും by AP അബൂബക്കർ മുസ്‌ലിയാർ)

## ഇന്ത്യൻ കോടതിവിധി

മുത്തനൂർ പള്ളിക്കേസിൽ കോടതി (മഞ്ചേരി) വിധി ഇങ്ങനെയായിരുന്നു:

ഒരു വ്യക്തി മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ അദ്ധ്യാപനങ്ങൾ പിന്തുടർന്നാൽ തന്നെയും അയാൾ ഒരു മുസ്‌ലിമായിതന്നെ തുടരുമെന്ന് AIR 1955 Ahahabad 68-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസിൽ ഇതിന് സമാനമായ വാക്കുകളിൽ പ്രസ്താപിക്കുന്നുണ്ട്. ഒരു മുസ്‌ലിമിന് ഏതൊരു മസ്ജിദിലും പ്രവേശിക്കുന്നതിനും പ്രാർഥനനടത്താനും അവകാശമുണ്ടെന്നും ഈ സ്ഥിതിക്ക് പിൻബലം നൽകുന്നതായ മുപ്പതോളം കോടതിവിധികളുടെ ആലാസ്റ്റ് എന്റെ മുമ്പിൽ ഹാജരാക്കിയിട്ടുണ്ട്.

(മുത്തനൂർ പപള്ളിക്കേസ്, പേജ്: 71 പ്രസാധനം: അഹ്‌ലുസ്സുന്ന ബുക്സ്, കോഴിക്കോട്)

അഹ്മദിയ്യാക്കൾക്ക് ഇസ്‌ലാമിലുള്ള സ്ഥാനവും അവർ മുസ്‌ലിംകളാണോ എന്ന പ്രശ്നവും വിവിധ ഹൈക്കോടതികളുടെ പരിഗണനക്ക് പിന്നിട്ടുള്ളതും അത് വളരെക്കാലം മുമ്പുതന്നെ തീർപ്പാക്കിയിട്ടുള്ളതുമാണ്. (Ibid പേജ് : 12, 66)

## ഹദ്റത് അഹ്മദ്(അ) പറയുന്നു

പ്രതാപവനായ അല്ലാഹുവിനെ ആണയിട്ടുകൊണ്ട് ഞാൻ പറയുന്നു, ഞാൻ കാഫിറല്ല. ലാഇലാഹഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് വഖാത്തമന്നബിയ്യീൻ എന്നതാണ് നബി(സ)നെ കുറിച്ചുള്ള എന്റെ ഈമാൻ. ഞാൻ എന്റെ ഈ പ്രസ്താവനയുടെ കാര്യത്തിൽ, അല്ലാഹുവിന് എത്രയും നാമങ്ങളുണ്ടോ അത്രയും പ്രാവശ്യം വിശുദ്ധ ഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ അത്രയും പ്രാവശ്യം അല്ലാഹുവിന്റെ പക്കൽ നബി(സ)ന് എത്രമാത്രം സ്ഥാനങ്ങലുണ്ടോ അത്രയും പ്രാവശ്യം ആണയിട്ടുകൊള്ളുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും വാക്കുകൾക്കെതിരായി എനിക്ക് യാതൊരുവിശ്വാസവും ഇല്ല. അങ്ങനെയല്ലെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അത് അയാളുടെ തെറ്റിദ്ധാരണയാണ്. എന്നെ കാഫിറെന്ന് മനസിലാക്കുകയും കാഫിറെന്ന് പറയുന്നതിൽ നിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നവർ ഓർത്തുകൊള്ളുക, അവർ തീർച്ചയായും മരണശേഷം ചോദിക്കപ്പെടുന്നതായിരിക്കും (കറാമത്തുസ്സവാദിഖീൻ പേജ്: 25)

# ആരാണ് കാഫിർ ?

## മുജാഹിദു വക കുഫ്ർ ഫത്വകൾ

മുഹയുദ്ധീൻ ശൈഖിനെ വിളിക്കുന്നവർ 4 വട്ടം കാഫിറാകും (സൽസബീൽ 1971 ഓഗസ്റ്റ് പേജ് : 12)

നബി(സ) അസാധാരണ വ്യക്തിയെന്ന് വിശ്വസിക്കുന്നവർ കാഫിർ (ഡോ. ഉസ്മാൻ ശബാസ്)

മുഹിയുദ്ധീൻ ശൈഖേ രക്ഷിക്കണേ എന്ന് തേടിയാൽ 1000 വട്ടം കാഫിർ (സൽസബീൽ 1993 ഡിസംബർ)

മുഹിയുദ്ധീൻ ശൈഖ് സഹായിക്കുമെന്ന് കരുതി ശൈഖിനെ വിളിക്കുന്നവർ അബൂജഹ്ലിനേക്കാൾ വലിയ കാഫിർ (സൽസബീൽ 1971 ഓഗസ്റ്റ് പേജ് : 4)

## വഹാബിനയം

സ്ഥാപകൻ ഇബ്നു അബ്ദുൽ വഹാബിനും അനുയായികൾക്കും മുസ്ലിംകളെ കാഫിറുകളാക്കി പ്രഖ്യാപിക്കുക. അങ്ങനെ അവരെ കൊന്നൊടുക്കുക അവരുടെ സമ്പത്തുകൾ വാരിക്കൂട്ടുക എന്നതെല്ലാം ഒരു ഇഷ്ടവിനോദമായിരുന്നു.

...... മുസ്ലിംകളെ ശുദ്ധകാഫിറുകളും മുശ്രിക്കുകളുമാക്കലാണ് വഹാബിനയം....

സുന്നി വഹാബി പ്രശ്നം നിസ്സാരമായികാണുന്നവർ വളരെ ഗൗരവമായി കാണേണ്ട ഒരു പ്രശ്നമാണിത്. കാരണം മുഅ്മിനെ കാഫിറാക്കൽ ഒരു നിസ്സാര കാര്യമല്ല. (വഹാബി പ്രസ്ഥാനം പേജ് : 22,23 SYS BOOKS) മുസ്ലിംകളെ കാഫിറാക്കുന്നതിൽ വഹാബികൾ എന്നും മുൻപന്തിയിലായിരുന്നു. (വഹാബികളും പുത്തൻ വാദങ്ങളും പേജ് : 173 SYS BOOKS)

## മൗദൂദികൾ - സുന്നി വീക്ഷണം

മൗദൂദിയുടെ വാദങ്ങളിൽ ചിലതിന് ഇസ്ലാമിൽ നിന്ന് പുറത്തുപോയവരെന്ന് പണ്ഡിത ലോകത്തിലെ ഗണ്യമായ വിഭാഗം വിധിയെഴുതിയ ഖവാരിജുകളേതുമായി സാമ്യമുണ്ട്.. (ജമാഅത്തെ ഇസ്ലാമി - മറുപടിക്ക് മറുപടി രണ്ടാം ഭാഗം, SYS BOOKS പേജ് : 82)

മൗദൂദി സ്ഥാപിച്ചത് ഒരു പുതിയ മതമാണ്.... ( Ibid പേജ് : 74)

## മുജാഹിദ് – ഇത്തിക്കണ്ണി

മുസ്ലിം സമുദായത്തിന്റെ ഭൂരിപക്ഷത്തിനുമേൽ ശിർക്കിന്റെയും കുഫ്റിന്റെയും കരിമ്പടമിട്ട് തൗഹീദിന്റെ മൊത്തം കുത്തകക്കാരായി ഞാനും എന്റെ പെണ്ണും തട്ടാനും എന്ന രീതി അവലംബിച്ചവരാണിവർ. സംശയംവേണ്ട മുസ്ലിം സമുദായത്തിലെ ഇത്തിക്കണ്ണിയാണിത്. ഐക്യത്തിൽ ഭൂരിപക്ഷം വരുന്ന മുസ്ലിം സമൂഹം ചലിക്കുമ്പോഴെല്ലാം ഇടങ്കോലിട്ടവരാണിവർ.

(മാനവ മൈത്രിക്ക് വഹാബിദർശനം എന്ന തലവാചകത്തിൽ സുന്നിമാസികയായ രിസാല (1998 ജനുവരി)യിൽ പ്രസിദ്ധീകരിച്ചത്. ഉദ്ധൃതം - Ibid പേജ് : 56)

## മൗദൂദികൾ - മുജാഹിദ് വീക്ഷണം

ഭൂമിയിലെ ഏത് കോണിലും ഏത് ഭരണകൂടത്തിൻ കീഴിലും മുസ്ലിമിന് മുസ്ലിംമായി ജീവിക്കുവാൻ സാധിക്കും. ഇതിന് വിരുദ്ധമായ മൗദൂദിയൻ വീക്ഷണം അനിസ്ലാമികവും അപകടകരവും ഒറ്റപ്പെട്ടതുമാണ്. MSM KERALA STUDENTS CONFERENCE SOOVENIR - 2011 പേജ് : 152)

## മുജാഹിദുകൾ പറയുന്നു

ബറേൽവികളും സമസ്തക്കാരും എന്തെല്ലാം ദുരന്തങ്ങളും ദുരിതങ്ങളും അന്ധവിശ്വാസങ്ങളും മുസ്ലിംകളിൽ നിലനിർത്താൻ ശ്രമിക്കുന്നുണ്ടോ അതേ പണിതന്നെയാണ് തബ്ലീഗുകാരും ചെയ്യുന്നത്. (തബ്ലീഗ് ജമാഅത്ത് ഒരു പഠനം, പേജ് : 40 കെ.എൻ.എം. പബ്ലിഷിംഗ് വിംഗ്, മുജാഹിദ് സെന്റർ കോഴിക്കോട് : 2)

മമ്പുറം പോലുള്ള പുണ്യസ്ഥലങ്ങളിലേക്ക് സിയാറത്തിന് പോകുന്ന സുന്നികൾ ഒറിജിനൽ കാഫിറുകളാണ് (സൽസബീൽ പുസ്തകം - 1, ലക്കം : 4)

കാന്തപുരത്തിനും, ശംസുൽ ഉലമക്കും നിങ്ങൾ വഴങ്ങിക്കൊടുത്താൽ നിങ്ങൾ യഥാർഥ മുശ്രിക്കുകൾ തന്നെ (സൽസബീൽ 1985 ഡിസം, പേജ് : 122) (അവ : മുജാഹിദിസം പേജ് : 52, 53, പ്രസാ: മുഹ്യിസ്സുന്ന പബ്ലിഷിംഗ് ബ്യൂറോ കേച്ചേരി, തൃശൂർ)

## തബ്ലീഗ് ജമാഅത്തിനെപറ്റി സുന്നികൾ

വഹാബിസത്തിന്റെയും ഇസ്ലാമിക വിരുദ്ധരുടെയും ആശയവുമായി മുസ്ലിം പണ്ഡിത വേഷമണിഞ്ഞ് പ്രച്ഛന്നവേഷം കെട്ടുന്ന പട്ടിൽപൊതിഞ്ഞ പാഷാണമാണ് തബ്ലീഗ് ജമാഅത്ത്. (അഹ്ലുസ്സുന്നത്തി വൽ ജമാഅ പേജ് : 18, മിഡിൽഹിൽ പബ്ലിക്കേഷൻസ് ആൻഡ് ബുക്സ് കോഴിക്കോട് - 1)

## ശിർക്കിന്റെ ഹോൾസെയിൽ ഡീലർ

മുജാഹിദിനെ ശിർക്കിന്റെ ഹോൾസെയിൽ ഡീലർമാരാണെന്ന് നിസ്കാരവും ഹജ്ജും സുന്നികൾക്ക് മാത്രം എന്ന പുസ്തകത്തിൽ (പേജ് : 28, പ്രസാ: വിദ്യാ ബുക്സ്, വെങ്ങളം) ഉദ്ധൃതം : Ibid പേജ് : 64)

**ഖുർആനും സുന്നത്തും കാറ്റിൽ പറത്തി**

ഖുർആനും സുന്നത്തും കാറ്റിൽ പറത്തി ഇസ്ലാമിക ആശയാദർശങ്ങൾക്കെതിരെ പൊറുക്കാൻ പറ്റാത്ത ആക്ഷേപങ്ങൾ ഉന്നയിക്കുകയും ഇസ്ലാമിന്റെ തനിമ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിഭാഗമാണ് മുജാഹിദിസം (അവ : മുജാഹിദിസം, പ്രസാധക്കുറിപ്പ്, പ്രസാ: മുഹ്യിസ്സുന്ന പബ്ലിഷിംഗ് ബ്യൂറോ കേച്ചേരി, തൃശൂർ)

## വഹാബികളും മൗദൂദികളും സുന്നിവീക്ഷണം

വഹാബി - മൗദൂദികളാദി മുബ്തദികൾ ഇസ്ലാമിന്റെ പുറത്തുള്ള ശത്രുക്കളെക്കാൾ ആപൽക്കാരികളാണ്. (ഇവരെ എന്തുകൊണ്ട് അകറ്റണം പേജ് : 9 പ്രസാ: സുന്നി പബ്ലിഷിംഗ് സെന്റർ, കോഴിക്കോട് : 14)

## മുജാഹിദ് മുശ്രിക്കുകളേക്കാൾ കടുത്തവർ

ഒരു സമ്പൂർണ സഖാഫി എഴുതുന്നു:ആരാധനയും ആദരവും വേർതിരിച്ചു മനസിലാകാതെ കൂട്ടിക്കുഴച്ച് വിവരക്കേട് വിളിച്ചുകൂവുകയാണ് ഈ അവിവേകികൾ (മുജാഹിദുകൾ) ചെയ്യുന്നതെന്ന് വ്യക്തമാകുന്നു. മുശ്രിക്കുകളേക്കാൾ കടുത്തതെറ്റാണ് മുജാഹിദുകൾ ചെയ്തുകൂട്ടുന്നത്. (ഇസ്ലാമിക ആദർശ ഡയറി പേജ് : 24 by ഇസ്സുദ്ദീൻ കാമിൽ സഖാഫി) ഉദ്ധൃതം : ഇബ്ലീസിന്റെ പ്രമേയം പേജ് : 26 പ്രസാധനം : കെ.എൻ.എം)

## സുന്നികൾ - മൗദൂദി വീക്ഷണം

ജമാഅത്തുകാരുടെ അടിസ്ഥാന വിശ്വാസവും നിയമാവലിയുമനുസരിച്ച് സുന്നികൾ ഇസ്ലാമിന് പുറത്താണെന്ന് വ്യക്തമാവുന്നു. (Ibid പേജ് : 232)

## കാഫിർ - നബി(സ)ന്റെ നിർവചനം

നബി(സ) പറയുന്നു:

വിശ്വാസിയെ കാഫിറെന്ന് ആരോപിച്ചാൽ വിശ്വാസിയെ വധിക്കുന്നതിന് സമാനമാണ്. (തിർമിദി)

ആരെങ്കിലും മറ്റൊരാളെ ഫാസിഖ് എന്നോ കാഫിർ എന്നോ ആരോപിച്ചാൽ അയാൾ അങ്ങിനെ അല്ലാതിരിക്കുകയുമാണെങ്കിൽ ആരോപണം ഉന്നയിച്ച വരിലേക്ക് ആ ആരോപണം മടങ്ങുന്നതാണ്.

(രിയാസുസ്സാലിഹീൻ)

ഏതെങ്കിലും മുസ്ലിം മറ്റൊരു മുസ്ലിമിനെ കാഫിർ എന്ന് പറയുകയും അയാൾ കാഫിർ അല്ലാതിരിക്കുകയും ചെയ്താൽ പറയുന്ന ആൾ കാഫിറായിത്തീരുന്നതാണ് (അബൂദാവൂദ്)

## അഹ്മദീ മുസ്ലിംകൾ

ഇസ്ലാമിക ശരീഅത്തിൽ ഏറെ വ്യതിയാനങ്ങളൊന്നും വരുത്താൻ മിർസാ ഗുലാം അഹ്മദ് ഖാദിയാനി ശ്രമിച്ചിട്ടില്ല. (ഇസ്ലാമും വ്യതിയാന ചിന്തകളും പേജ് : 147 by Prof. M. Mohammad Omannur, IPC അരീക്കോട്)

**ഞങ്ങൾ മുസ്ലിംകളുടെ ദീനിലാണ്, ഹൃദയാത്മനാ ഖാത്തമുന്നബിയ്യീന്റെ സേവകരുമാണ്.**

**ഹ. അഹ്മദ്(അ)**

# വസ്തുതകളുടെ ദർപ്പണം

# ബ്രിട്ടീഷ് സൃഷ്ടിയും ബ്രിട്ടീഷ് സ്തുതിയും

**അവൻ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കള്ളം മാത്രമാണിത്. അതിന് മറ്റൊരു കൂട്ടർ അവനെ സഹായിച്ചിട്ടുമുണ്ട് എന്ന് അവിശ്വാസികൾ പറയുന്നു. അങ്ങനെ അവർ (അവിശ്വാസികൾ) ഒരു വലിയ ദ്രോഹം ചെയ്യുകയും ഒരു വലിയ കള്ളം പറയുകയും ചെയ്തിരിക്കുന്നു. വിശുദ്ധ ഖുർആൻ: (25:5)**

## ഹദ്റത് അഹ്മദ്(അ) ന്റെ നിലപാടുകൾ

ഹദ്റത് അഹ്മദ്(അ) പ്രഖ്യാപിച്ചതും പ്രചരിപ്പിച്ചതും ഈസാനബി(അ)ന്റെ കല്ലറ കശ്മീരിലെ ഖൻയാർ തെരുവിലൂള്ള യൂസ് ആസഫ് ആണെന്നാണ്.

ഇക്കാര്യത്തിൽ മുസ്‌ലിംകളെ മാത്രമല്ല, ക്രൈസ്തവലോകത്തേയും അദ്ദേഹം സത്യാസത്യം മനസിലാക്കാനും കല്ലറ പൊളിച്ച് യാഥാർഥ്യം ഉൾക്കൊള്ളാനും ആഹ്വാനം ചെയ്യുകയുണ്ടായി.

ഹദ്റത് അഹ്മദ്(അ) തുടക്കം മുതലേ പ്രഖ്യാപിച്ചത്, 2000 വർഷം മുമ്പ് വന്ന ഈസാനബി(അ) മരണപ്പെട്ടിരിക്കുന്നുവെന്നും, അദ്ദേഹത്തിന്റെ സദൃശ്യനായി തന്നെ ദൈവം എഴുന്നേൽപ്പിച്ചിരിക്കുന്നുവെന്നുമാണ്. ഈസാനബിയെ കാത്തിരിക്കുന്നവർ വിവരദോഷികളാണെന്നും, പ്രതീക്ഷയും ആശയും നശിച്ച് ഈ അബദ്ധവിശ്വാസത്തെ പരിത്യജിക്കാൻ ബുദ്ധിജീവികൾ തയ്യാറാവുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഹദ്റത് ഈസാ(അ)ന്റെ ജനനത്തിൽ വിശുദ്ധ ഖുർആൻ യാതൊരു അത്ഭുതവും ദർശിക്കുന്നില്ലെന്നും, ഹദ്റത് യഹ്‌യാ(അ)ന്റെ ജനനത്തെക്കുറിച്ച് ഈസാ(അ)ന്റെ പരാമർശത്തിന് തൊട്ടുമുമ്പേ സൂറ മർയമിൽ പരാമർശിച്ചതു തന്നെ അത്ഭുത ജനനമെന്ന വിശ്വാസത്തെ ഖണ്ഡിച്ചുകൊണ്ടാണെന്നും അദ്ദേഹം തന്റെ നസീമെ ദഅ്‌വത്ത് എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുകയുണ്ടായി. യഹ്‌യയെക്കുറിച്ചുള്ള പരാമർശങ്ങളുടെ ആവർത്തനം മാത്രമേ ഈസാ(അ)ന്റെ കാര്യത്തിൽ പറഞ്ഞിട്ടുള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി.

ഈസാ(അ)ൽ ആരോപിക്കപ്പെടുന്ന എല്ലാ അമാനുഷിക പ്രവർത്തനങ്ങളും അബദ്ധമാണെന്നും, ആലങ്കാരിക ഭാഷ മാത്രമാണ് അതെന്നും ഹ. അഹ്മദ്(അ) വിശദീകരിക്കുകയുണ്ടായി. ഈസാ(അ)ന്റെ ആകാശാരോഹണത്തിന് കേവലം കഥയിൽ കവിഞ്ഞ പ്രസക്തിയില്ലെന്നും സാധാരണ മനുഷ്യനായി ജനിച്ച ഈസാ(അ) മനുഷ്യസഹജമായ മരണം വരിച്ചുവെന്നും ഹ. അഹ്മദ് (അ) പ്രഖ്യാപിച്ചത് മതകേന്ദ്രങ്ങൾക്ക് കനത്ത പ്രഹരമായിരുന്നു. പാതിരി ലെഫ്രോയിലും സംഘവും ബ്രിട്ടീഷുകാരുടെ സാമ്പത്തികവും അല്ലാത്തതുമായ സഹായസഹകരണങ്ങളോടെ ഇന്ത്യയെ മുഴുവൻ ക്രിസ്തീയവൽക്കരിക്കുമെന്ന ശപഥവുമായാണ് പ്രവേശിച്ചത്. ഈസാനബി മാത്രമാണ് ഉടലോടെ ആകാശത്ത് ജീവിച്ചിരിക്കുന്നുള്ളുവെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം സാധാരണക്കാർക്കിടയിൽ ഫലപ്രദമായി. ആ സമയത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി എഴുന്നേൽക്കുകയും, നിങ്ങൾ പറയുന്ന ഈസാ മരിച്ചുപോയിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ പ്രതിപുരുഷനായി താൻ ആഗതനായിരിക്കുന്നുവെന്നും പ്രഖ്യാപിച്ചു. എന്തിനധികം ഇന്ത്യ മുതൽ യൂറോപ്പ് വരെയുള്ള പണ്ഡിതന്മാരെ അദ്ദേഹം പരാജയപ്പെടുത്തി. (അവ: മൗലാനാ അശ്റഫ് അലി ഥാനവിയുടെ ഖുർആൻ പരിഭാഷയുടെ മുഖവുര പ്രസാ: 1934)

ഹദ്റത് അഹ്മദ്(അ) വിക്ടോറിയയെ ഇസ്‌ലാം സ്വീകരിക്കാൻ ക്ഷണിക്കുകയുണ്ടായി. യഥാർഥത്തിൽ ഇന്ന് ജീവനുള്ള മതമായ ഇസ്‌ലാമിന്റെ സത്യത തെളിയിക്കാൻ താൻ വിക്ടോറിയക്ക് വേണ്ടി ദൃഷ്ടാന്തങ്ങൾ കാണിക്കാൻ സന്നദ്ധനാണെന്നും പ്രഖ്യാപിച്ചുകൊണ്ട് കത്തുകൾ അയക്കുകയുണ്ടായി. മറ്റൊരു മുസ്‌ലിമും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയുണ്ടായിട്ടില്ല.

ബ്രിട്ടീഷുകാരുടെ അധിനിവേശം ഏറെക്കാലം നിലനിൽക്കില്ലെന്നും കേവലം എട്ട് വർഷങ്ങൾ കൊണ്ട് ശൈഥില്യമാവുമെന്നും അദ്ദേഹം പ്രവചിച്ചു. (1908)

ഇതൊക്കെ ബ്രിട്ടീഷുകാരെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളും പ്രയാസങ്ങളുമായിരുന്നു.

– ഹ. അഹ്മദ്(അ) ന്റെ കാലഘട്ടത്തിൽ ഒരൊറ്റ മുസ്‌ലിം പണ്ഡിതനും ബ്രിട്ടീഷ്കാർക്കെതിരെ രംഗത്തില്ലായിരുന്നു. മറിച്ച് എല്ലാവരും സ്തുതിപാഠകരായിരുന്നു. (അന്യത്ര ചേർത്തിട്ടുണ്ട്) അതേ സമയം വിശുദ്ധ ഖുർആന്റെ വീക്ഷണമനുസരിച്ച്, ഹൽജസാഉൽ ഇഹ്സാനി ഇല്ലൽ ഇഹ്സാൻ നന്മക്ക് പ്രതിഫലം നന്മമാത്രം, എന്ന ദൈവിക വചനത്തെ സാക്ഷാൽക്കരിച്ചുകൊണ്ട് ബ്രിട്ടീഷ്കാർ അനുവദിച്ച മതസ്വാതന്ത്ര്യത്തെ ഹ. അഹ്മദ് (അ) ശ്ലാഘിക്കുകയും, ഭരണാധികാരികൾ എന്ന നിലക്ക് അവരെ അനുസരിക്കേണ്ടത് ഒരു മുസ്‌ലിമിന്റെ കടമയാണെന്ന് ഓർമിപ്പിക്കുകയും ചെയ്തു.

സിക്കുകാരുടെ കിരാതഭരണത്തിൽ മതസ്വാതന്ത്ര്യങ്ങളും മനുഷ്യാവകാശങ്ങളും ധ്വംസിക്കപ്പെട്ടുകൊണ്ടിരുന്ന സന്ദർഭത്തിലാണ് ബ്രിട്ടീഷുകാർ ഭരണത്തിലേറുന്നത്. അവർ മതസ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും സിക്കുകാരുടെ കിരാത ഭരണത്തിന് അറുതിവരുത്തുക യും ചെയ്തു. ഈ നന്മയെ ഹ. അഹ്മദ് (അ) പുകഴ്ത്തിപ്പറയുകയും ഭരണത്തെ സ്തുതിക്കുകയുമുണ്ടായി.

ഹദ്റത് അഹ്മദ്(അ) പറയുന്നു:

അല്ലയോ അല്പജ്ഞാനികളേ, കേട്ടുകൊള്ളുക ഞാൻ ഈ ഗവൺമെന്റിനെ ഒരിക്കലും പ്രിണിപ്പിക്കുന്നില്ല. പ്രത്യുത, യാഥാർഥ്യം എന്തെന്നാൽ ഇസ്‌ലാം മതത്തിലും അതിന്റെ ആചാരാനുഷ്ഠാനങ്ങളിലും കൈകടത്താതിരിക്കുകയും തങ്ങളുടെ മതത്തെ പ്രചരിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെ മേൽ വാളെടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റിനോട് മതയുദ്ധം ചെയ്യുന്നത് വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് നിഷിദ്ധമാണ്. (കിശ്തിനൂഹ്)

# ഇതര മുസ്‌ലിം സംഘടനകൾ

* എല്ലാ മുസ്‌ലിം വിഭാഗങ്ങളും ഇന്നും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് നബി(സ) മരിച്ചു മറയടക്കപ്പെട്ടിരിക്കുന്നുവെന്നും എന്നാൽ ബ്രിട്ടീഷുകാർ പറയുന്നതുപോലെ ഈസാ(അ) ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നും അന്ത്യകാലത്ത് ലോകത്തിന്റെ വിശിഷ്യാ മുസ്‌ലിം ഉമ്മത്തിന്റെ സംസ്കരണത്തിന്നായി ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നുമാണ്.

* നബി(സ)ക്കില്ലാത്ത അമാനുഷിക കഴിവുകൾ – ഈസാ(അ)ന് ഉണ്ടെന്ന് വിശ്വസിക്കുന്നു. ഉദാഹരണമായി മരിച്ചവരെ ജീവിപ്പിക്കുക, കുഷ്ഠരോഗികളെ പാടുകൾപോലും ഇല്ലാത്തവരായി സുഖപ്പെടുത്തുക, സൃഷ്ടിപ്പ് നടത്തുക, തൊട്ടിലിൽ വെച്ച് സംസാരിച്ചു

* മാത്രമല്ല വിവിധ മുസ്‌ലിംകക്ഷികൾ ബ്രിട്ടീഷുകാരോടുള്ള കൂറും ഭക്തിയും ഉറക്കെ പ്രഖ്യാപിക്കുകയും, ആവുന്നിടത്തോളം സംഘടനാ പരമായിതന്നെ സൗജന്യങ്ങൾ അനുഭവിക്കുകയും ചെയ്തവരായിരുന്നു.

## മുസ്‌ലിം ലീഗ് രൂപം കൊള്ളുന്നു

ഇന്ത്യൻ മുസ്‌ലിംകളുടെ ഉന്നമനം ലക്ഷ്യമാക്കി 1906 ഡിസംബർ 30-ാം തിയ്യതി മുസ്‌ലിം നേതാക്കൾ ഡാക്കയിൽ സമ്മേളിച്ചു. സർവേന്ത്യ മുസ്‌ലിം ലീഗ് എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കാൻ തീരുമാനമായി.

*(മുസ്‌ലിം രാഷ്ട്രീയത്തിന്റെ നൂറ് വർഷങ്ങൾ പേജ്: 33, 34),ഗ്രന്ഥകർത്താ: എം.സി.വടകര, പ്രസാധനം : ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് കോഴിക്കോട്. ഫസ്റ്റ് എഡിഷൻ 2006*


## ആദ്യപ്രമേയത്തിലെ ആദ്യ ലക്ഷ്യം ബ്രിട്ടീഷ് കൂറ്

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഡാക്കയിൽ സമ്മേളിച്ച മുസൽമാൻമാരുടെ ഈ യോഗം താഴെ പറയുന്ന ലക്ഷ്യങ്ങൾ നിറവേറ്റാൻ വേണ്ടി സർവേന്ത്യാ മുസ്‌ലിം ലീഗ് എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കണമെന്ന് ഒരു പ്രമേയം വഴി ആവശ്യപ്പെടുന്നു.

(എ) ഇന്ത്യയിലെ മുസൽമാൻമാരിൽ ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള കൂറ് വളർത്തിയെടുക്കാനും ഏതെങ്കിലും വിഷയത്തിൽ ഗവൺമെന്റ് കൈക്കൊള്ളുന്ന നടപടികളുടെ ഉദ്ദേശ്യത്തെപറ്റി അവർക്കിടയിലുളവാക്കിയേക്കാവുന്ന തെറ്റിദ്ധാരണകൾ ദുരീകരിക്കുകയും ചെയ്യുക.

*(അതേ പുസ്തകം പേജ്: 34)*

## സർ സയ്യിദ് അഹ്‌മദ് ഖാൻ ബ്രിട്ടീഷ് സേവയിൽ



നാശത്തിന്റെ നടുക്കത്തിലേക്ക് താണുപോയിക്കൊണ്ടിരുന്ന മുസ്‌ലിം സമൂഹത്തെ തന്റെ കരുത്തുറ്റ കൈത്തണ്ടകൊണ്ട് താങ്ങിനിർത്തിയ പുണ്യശോകനായ മഹാപുരുഷനായിരുന്നു സർ സയ്യിദ് അഹമ്മദ് ഖാൻ. തക്ക സമയത്ത് ഇടപ്പെട്ട രക്ഷകനായിരുന്നു അദ്ദേഹം. അഗാധമായ പാണ്ഡിത്യവും അനന്യസാധാരണമായ നേതൃപാടവവും പ്രതിഭാവിലാസവും കർമശേഷിയും പാരമ്പര്യബോധവും അദ്ദേഹത്തിൽ ഒരുപോലെ പരിലസിച്ചു.

ഒഴുക്കിനെതിരായി നീന്തിയ ഒറ്റയാനായിരുന്നു സർ സയ്യിദ്. മുല്ലമാരുടെ ശകാരങ്ങളേയും ഫത്‌വകളേയും അവഗണിച്ചുകൊണ്ട് അദ്ദേഹം ബ്രിട്ടീഷുകരോട് സഹകരിക്കാൻ സന്നദ്ധനായി. സിപ്പായി ലഹള കൊടുമ്പിരി കൊള്ളുമ്പോൾ സർ സയ്യിദ് അഹ്‌മദ് ഖാൻ ബിജ്നോദിലെ സിവിൽ ജഡ്ജിയായിരുന്നു. അദ്ദേഹം സിപ്പായി ലഹളയിൽ പങ്കെടുത്തില്ല. മാത്രമല്ല ലഹളയെ ഭയപ്പെട്ട പല ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാർക്കും സർ സയ്യിദ് തന്റെ ഡൽഹിയിലെ വസതിയിൽ അഭയം നൽകി. മുസ്‌ലിം സമുദായത്തിനും ബ്രിട്ടീഷ് ഗവൺമെന്റിനുമിടയിൽ ഒരു പാലമായി അദ്ദേഹം നിലകൊണ്ടു. ആധുനിക രാഷ്ട്രീയം എന്ന അദ്ദേഹത്തിന്റെ സങ്കൽപ്പത്തിന്റെ സാക്ഷാൽക്കാരമാണ് അദ്ദേഹം മരിച്ചിട്ട് എട്ടുവർഷം കഴിഞ്ഞപ്പോൾ രൂപീകൃതമായ സർവേന്ത്യാ മുസ്‌ലിം ലീഗ്. 1856-ൽ സർ സയ്യിദ് അഖിലേന്ത്യാ മുസ്‌ലിം എഡ്യൂക്കേഷണൽ കോൺഫ്രൻസ് രൂപീകരിച്ചു. പ്രസ്തുത സംഘടനയുടെ അമ്പതാം വാർഷിക വേദിയിൽ വെച്ചാണ് സർവേന്ത്യാ മുസ്‌ലിം ലീഗിന് ജന്മം നൽകിയത്.

(മുസ്‌ലിം ലീഗ് നിലപാടുകളും നീതിശാസ്ത്രം പേജ് : 114, 115, 116, 117 By MC വടകര)

പുതുയുഗത്തോട് ക്രിയാത്മകമായി പ്രതികരിച്ച പ്രഥമ ഇന്ത്യൻ എന്ന് അല്ലാമാ ഇഖ്ബാൽ സർ സയ്യിദിനെ വിശേഷിപ്പിച്ചിട്ടുണ്ട്. (മതവും രാഷ്ട്രീയവും ഇന്ത്യയിൽ BY GM ബനാത് വാല, മലയാളം : അഹ്‌മദ് മൂന്നാംകൈ വചനം ബുക്സ് പേജ് : 83)

# വഹാബികൾ ബ്രിട്ടീഷ് സൃഷ്ടി

### വഹാബിസം ബ്രിട്ടീഷ് സൃഷ്ടി

ഇംഗ്ലീഷ്കാർ വളരെ കുശാഗ്രതയോടെയും കുശലതയോടേയും നജ്ദിയൻ ആഹ്വാനത്തിന്റെ ചെടി ഇന്ത്യയിൽ നട്ടു. പിന്നെ അതിനെ തങ്ങളുടെ കൈകൊണ്ട് തന്നെ വളർത്തുകയും ചെയ്തു. *(തൂഫാൻ 7.11.1962)*

### ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമ



1908 നവംബർ 27ന് ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയുടെ ശിലാസ്ഥാപനം ഹിസ് ഓണർ ലെഫ്റ്റനന്റ് ഗവർണർ സർ ജോൺ സ്കോട്ട് ഹോസ് K.C.S.I.E ആണ് നിർവഹിച്ചത് .

ഉലമാക്കൾ പറഞ്ഞു: മസ്ജിദ് നബ്‌വിയുടെ മിമ്പറും ഒരു നസ്റാണിയാണ് ഉണ്ടാക്കിയത്. ഏതായാലും ഈ പ്രസിദ്ധമായ മതപാഠശാല ഒരു ഇംഗ്ലീഷ്കാരന്റെ ഔദാര്യമാണ്.

*(അന്നദ്‌വ 1908 ഡിസംബർ പേജ്: 4)*

### ഉദ്ദേശ്യലക്ഷ്യങ്ങൾ


നദ്‌വ, രാഷ്ട്രീയത്തിൽ നിന്ന് അകന്നിരിക്കുമെങ്കിലും അത് ഭൗതീകവെളിച്ചമുള്ള ഉലമാക്ക ളെ തയ്യാറാക്കുകയും ആ ഉലമാക്കളുടെ ഒരു പ്രധാന കടമ സർക്കാറിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ബോധവത്കരിക്കുകയും, രാജ്യത്ത് ഗവൺമെന്റിനോട് കൂറുള്ള ചിന്താഗതി പരത്തുകയുമാണ്. (അന്നദ്‌വ ജൂലൈ 1908)

### കെ.എൻ.എം

............9-ാം വാർഷിക സമ്മേളനം മലപ്പുറം ഹൈസ്കൂളിൽ വെച്ച് നടന്നു. വടക്കെ മലബാറിലെ ഡിസ്ട്രിക്ക്റ്റ് ആൻഡ് സെഷൻസ് ജഡ്ജ് **ഖാൻ ബഹാദൂർ** മീർ സൈനുദ്ദീൻ സാഹിബായിരുന്നു സമ്മേളനാധ്യക്ഷൻ. പേജ് 74 (MSM SOUVENIER 2011)

# ജമാഅത്തെ ഇസ്‌ലാമിയുടെ ബ്രിട്ടീഷ്കൂറ്

**മൗലാനാ മൗദൂദി പറയുന്നു:**



**ഇന്ത്യൻ ഭരണം**

ഇംഗ്ലീഷുകാരന്റെ ഭരണത്തേക്കാൾ നല്ലത് ഇന്ത്യൻ ജനാധിപത്യമാണ്. ബ്രിട്ടീഷുകാരന്റെ നിയമങ്ങളേക്കാൾ നല്ലത് ഇന്ത്യക്കാരന്റെ നിയമാവലിയാണ്. ഇതാണ് ഇവരുടെ വാദം. എന്നാൽ ഇസ്‌ലാമിക വീക്ഷണത്തിൽ രണ്ടും ഒരു പോലെ അതിക്രമമാണ്. ഒരു പോലെ കുഫ്ർ ആണ്. ഒരു പോലെ ധിക്കാരമാണ്.

*(സിയാസി കശ്മകശ് - ഭാഗം : 3,പേജ്: 124)*

**സ്വാതന്ത്ര്യ സമരം**

ഭരണാധികാരം ഇംഗ്ലീഷുകാരനായ അമുസ്ലിമിൽ നിന്ന് ഇന്ത്യക്കാരനായ അമുസ്ലിമിലേക്ക് നീങ്ങുകയാണ് ഈ സമരത്തിന്റെ ഫലം. ഇത്തരമൊരു സ്വതന്ത്രരാഷ്ട്രത്തിനു വേണ്ടി പോരാട്ടം നടത്തുന്നത് തീർച്ചയായും മുസ്‌ലിംകൾക്ക് ഹറാമാണ്. മാത്രമല്ല ഈ നീക്കങ്ങളെ സ്വാതന്ത്ര്യസമരങ്ങളെ കയ്യും കെട്ടി നോക്കി നിൽക്കുന്നതും അവർക്ക് ഹറാം തന്നെയാണ്.

*(തഹ്‌രീകെ ആസാദിയെ ഹിന്ദ് പേജ്: 71)*

**സ്വതന്ത്രരാഷ്ട്രം ഹറാം**

ഇന്ത്യാരാജ്യം പൂർണമായോ ഭാഗികമായോ ഇസ്‌ലാമിക ഭരണപ്രദേശമാകണം. അത്തരമൊരു സ്വതന്ത്രരാഷ്ട്രത്തിനുവേണ്ടി മാത്രമേ ഞങ്ങൾ സമരത്തിനുള്ളൂ. അല്ല, അത് മാത്രമേ മതദൃഷ്ട്യാ ഞങ്ങൾക്ക് ബാദ്ധ്യതയുള്ളൂ. എന്നാൽ ഇന്ത്യ സ്വതന്ത്രമാകുന്നതിന്റെ ഫലമായി നിലവിലുള്ളതുപോലെ, അല്ലെങ്കിൽ അതിനേക്കാൾ മോശമായ ഒരു അമുസ്‌ലിം ഭരണപ്രദേശം തന്നെയാണ് ആകുന്നതെങ്കിൽ ഞങ്ങളിതാ നിസ്സങ്കോചം പച്ചയായി പ്രഖ്യാപിക്കുന്നു; അത്തരമൊരു സ്വതന്ത്രരാഷ്ട്രത്തിന് ആയിരം ശാപം! അതിനുവേണ്ടി സംസാരിക്കുക, എഴുതുക, പണം ചെലവഴിക്കുക, ദണ്ഡനമേൽക്കുക, ജയിലിൽ പോവുക തുടങ്ങി സകലതും ഹറാം തന്നെയാണ്.


*(തഹ്‌രീകെ ആസാദിയേ ഹിന്ദ് പേജ്: 68)*

## ഹദ്റത് അഹ്മദ് (അ) വിക്ടോറിയയെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു

വിക്ടോറിയ രാജ്ഞിയുടെ 60-ാം പിറന്നാളിൽ അവരുടെ രാജ്യസേവനങ്ങളെ നല്ല വാക്കുകളിൽ അനുസ്മരിച്ചതിനുശേഷം ഹദ്റത്ത് അഹ്മദ്(അ) ശാശ്വതമായ മോക്ഷം ഇസ്‌ലാമിലാണെന്നും, നിങ്ങളുടെ പ്രചാരണങ്ങൾ തെറ്റാണെന്നും പ്രവാചകനായ യേശു, കുരിശിൽ നിന്ന് ഇറക്കപ്പെട്ട ശേഷം, കശ്മീരിലെത്തുകയും 120-ാം വയസിൽ മരണപ്പെടുകയും ചെയ്തെന്നും, യേശുവിന്റെ രണ്ടാംവരവ് തന്നിലൂടെ പൂർത്തിയായിരിക്കുന്നുവെന്നും ശാശ്വതമായ മോക്ഷം കരഗതമാവാൻ ഇസ്‌ലാം സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

(അവ: തുഹ്ഫ കൈസരിയ്യ, സിതാര കൈസരിയ്യ)

**വിക്ടോറിയക്ക് ഇസ്‌ലാമിന്റെ സന്ദേശങ്ങൾ നൽകി അതിൽ വിശ്വസിക്കാൻ ക്ഷണിച്ച ഏക വ്യക്തി ഹദ്റത്ത് അഹ്മദ് (അ) മാത്രമായിരുന്നു.**



# അല്ലാമാ ഇഖ്ബാൽ

**മുഹമ്മദലി ശിഹാബ് തങ്ങൾ** മുഖ്യ രക്ഷാധികാരിയായി ഇറക്കിയ മുസ്‌ലിം ലോകം ഇയർബുക്ക് പറയുന്നു:

1423 ലോക ഇസ്‌ലാമിക ചരിത്രത്തിൽ അതുല്യനായ ഒരത്ഭുത വ്യക്തിത്വത്തിനുടമയാണ് ഡോ.അല്ലാമാ സർ മുഹമ്മദ് ഇഖ്ബാൽ...... പരിഷ്കർത്താവും ദാർശികനുമാണ് ഇഖ്ബാൽ (ഭാഗം: 2, പേജ്: 411)

# അല്ലാമ ഇഖ്ബാൽ ബ്രിട്ടീഷ് സ്തുതിയിൽ പാടുന്നു

***വിക്ടോറിയ രാജ്ഞി മരണപ്പെട്ടപ്പോൾ എഴുതിയ വിലാപ കാവ്യത്തിലെ വരികൾ***



*രാജ്ഞിയുടെ മയ്യിത്ത് എടുക്കപ്പെട്ടിരിക്കുന്നു,*
*ഇഖ്ബാൽ,*
*നീ അതിനെ ആദരിക്കാൻ അത് പോകുന്ന വഴിയിലെ പൊടിമണ്ണാവുക,*
*പേരിലെന്തിരിക്കുന്നു, യഥാർഥത്തിൽ നിനക്ക് മുഹർറം മാസത്തിന്റെ പേര് നാം നൽകുന്നു.*
*ഇന്ന് ഈദാണെന്ന് പറയുന്നു, ആയിക്കോട്ടെ ഈ ഈദിനേക്കാളും ദൈവമേ മരണം വന്നെങ്കിൽ! എന്നാശിച്ചു പോവുന്നു.*
*അല്ലയോ ഇന്ത്യ, നിന്റെ ശിരസിൽ നിന്ന് ദൈവിക തണൽ ഉയർന്നിരിക്കുന്നു.*
*നിന്റെ ജനങ്ങളോട് സഹാനുഭൂതിയുള്ള ആൾ പോയിരിക്കുന്നു.*
*അർശ് പ്രകമ്പനം കൊള്ളുന്ന, ഈ കരച്ചിൽ അതാണ്.*
*നിനക്ക് ഭംഗി നൽകിയിരുന്നവരുടെ ജനാസയാണിത്.*

*(ബാഖിയാത്തെ ഇഖ്ബാൽ)*

*(ക്രോഡീകരണം : സയ്യിദ് അബ്ദുൽ വാഹിദ് മഈനി എം.എ, ഓക്സൺ)*


*(പ്രസാധനം : അയിനയെ അദബ്, അനാർക്കലി, ലാഹോർ)*

## വരക്കൽ മുല്ലക്കോയ തങ്ങൾ



വിഖ്യാതനായ മതപണ്ഡിതനും സ്വൂഫീവര്യനും സമസ്തകേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക പ്രസിഡണ്ടുമായ തങ്ങൾ സാമൂഹ്യരംഗത്തും മുൻപന്തിയിലായിരുന്നു.
ബ്രിട്ടീഷുകാർക്ക് മുസ്‌ലിം പ്രശ്നങ്ങൾ മനസിലാക്കിക്കൊടുക്കുകയും സർക്കാരിന്റെ പ്രത്യേക ബഹുമതികൾ ലഭിക്കുകയും ചെയ്തിരുന്നു. (മുസ്‌ലിംലോകം - 1423 ഭാഗം : 2, പേജ് : 459)

## ബാഫഖി തങ്ങൾ



ദേശീയ പ്രസ്ഥാനത്തിന്റെ ചേരുവകൾ നിലനിൽക്കുമ്പോൾ അന്ന് അതിശക്തമായി ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നിരുന്ന സർവേന്ത്യാ മുസ്‌ലിം ലീഗ് വളരെ വൈകാരികമായി പ്രതികരിക്കുന്ന അവസ്ഥ സംജാതമായി. അതിന്റെ ഉദാഹരണങ്ങൾ വിശദീകരിക്കുന്നില്ല. പക്ഷേ അത്തരമൊരു നിലപാട് നിലവിലുണ്ടായിരുന്ന കാലത്ത് കെ.എം. സീതി സാഹിബിനെപ്പോലെ പ്രമുഖരായ ഒരു പാട് നേതാക്കൾ രംഗത്തുണ്ടായിരുന്നു. ആ നേതാക്കൾക്ക് മുമ്പിലാണ് സയ്യിദ് അബ്ദുർ റഹ്മാൻ ബാഫഖീ തങ്ങൾ, തന്റെ അളിയൻ കൂടിയായ ആറ്റക്കോയ തങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. സംഗതി ഇങ്ങനെയാണ് മാറിയത്. ഖാൻ ബഹദൂർ എന്ന പേരുപോലും ലഭ്യമാകുന്നത് ബ്രിട്ടീഷുകാരുമായുള്ള അടുപ്പത്തിന്റെ പേരിലാണ്...
(സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സുവർണ ജൂബിലി സമ്മേളന റിവ്യൂ 2000 പേജ് : 94)

# ബ്രിട്ടീഷ് സേവയിൽ സമസ്തയും

സാമ്രാജ്യത്വത്തിന്റെ കൂട്ടാളികളായിരുന്നു സമസ്തക്കാർ എന്നതാണ് മറ്റൊരാരോപണം. 1933 മാർച്ച് 5 ന് ഫറോക്കിൽ ചേർന്ന സമസ്തയുടെ ആറാംവാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ, കോൺഗ്രസിൽ നിന്ന് വിട്ടുനിൽക്കാനും ഗവൺമെന്റിനോട് സഹകരിക്കാനും ആഹ്വാനം ചെയ്തതാണ് ഇതിന് തെളിവായി ഉദ്ധരിക്കപ്പെടാറുള്ളത്.
മുസ്‌ലിം കേരള ചരിത്രത്തിലെ ഏറെ സങ്കീർണമായൊരു ഘട്ടത്തിൽ തികഞ്ഞ ബൗദ്ധിത സമീപനത്തോടെ സമസ്തയെടുത്ത പ്രസ്തുത നിലപാട് അക്കാലത്ത് ഔചിത്യമുള്ളതായിരുന്നുവെന്നതാണ് വസ്തുത. എന്നാൽ ഇതൊരിക്കലും ബ്രിട്ടന് പാദസേവ ചെയ്യലല്ലായിരുന്നുതാനും.
കാരണം 1921-ലെ ഖിലാഫത്ത് ലഹളയിൽ പങ്കെടുത്തതിന്റെ പേരിൽ ഒളിവിൽ കഴിയേണ്ടി വന്ന പാങ്ങിൽ AP അഹ്മദ്കുട്ടി മുസ്‌ലിയാരായിരുന്ന പ്രസ്തുത പ്രമേയത്തിന്റെ പിന്നിലുണ്ടായിരുന്നത്. സമുദായത്തിന്റെ മതം - ഭൗതിക പുരോഗതി ലക്ഷ്യം വെച്ച ബഹുജനാടിത്തറയുള്ള ഒരു സംഘടന എന്ന നിലയിൽ ചില ഘട്ടങ്ങളിൽ ഭരണകൂടത്തോട് സഹകരിച്ചിട്ടുണ്ട്. അതാത് കാലത്തെ ഭരണസംവിധാനത്തിനും സ്വസ്ഥപൂർവം സമാധാനപരവും ക്രിയാത്മകവുമായ പ്രവർത്തനം സാധ്യമല്ലല്ലോ?
അല്ലെങ്കിലും ബ്രിട്ടീഷ് ഭരണകൂടത്തെ അനുകൂലിച്ചവരും പ്രതികൂലിച്ചവരും അക്കാലത്ത് ഒരുപോലെയുണ്ടായിരുന്നുവെന്നത് ചരിത്ര യാഥാർഥ്യമാണ്.
അല്ലെങ്കിലും നവോത്ഥാന നായകരിലിടം കിട്ടാൻ ബ്രിട്ടീഷ് അനുകൂല സമീപനം എന്നത് ഒരു അയോഗ്യത അല്ലല്ലോ? അങ്ങനെയെങ്കിൽ സർ സയ്യിദ് അഹ്മദ്ഖാൻ അല്ലേ ആദ്യം പുറത്ത്പോവുക.

*(സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സുവർണ ജൂബിലി സമ്മേളന റിവ്യൂ 2009 പേജ് : 73, 74, 75)*

# ജമാഅത്തെ ഇസ്‌ലാമിയുടെ വിശദീകരണം

തന്റെ ഈ ലക്ഷ്യസാധ്യത്തിന് വളരെ അനുകൂലമാണെന്ന് കണ്ട ഗുലാം അഹ്മദ് അത് തികച്ചും പ്രയോജനപ്പെടുത്താൻ വളരെ സമർത്ഥമായി നയതന്ത്രങ്ങളാവിഷ്കരിച്ചു. മുഖ്യമായും ഒരു നാലിന പരിപാടിയാണ് അദ്ദേഹം ആസൂത്രണം ചെയ്തത്................
തന്റെ കുടുംബ സംരക്ഷകനും യജമാനനുമായ ബ്രിട്ടീഷ് ഗവ:ന്റെ സഹായവും സംരക്ഷണവും കൂടുതൽ ഉറപ്പിച്ചുവെക്കുക....
പരിപാടിയുടെ രണ്ടാമിനത്തിലും ഗുലാം സാഹിബ് പരാജയപ്പെടുകയാണുണ്ടായത്. തങ്ങളുടെ താൽപര്യങ്ങൾക്കനുഗുണമായി ഈ മനുഷ്യനിൽ നിന്ന് വല്ലതും സ്വയം ലഭ്യമാകുന്നുവെങ്കിൽ, അത് മറ്റാപത്തുകളൊന്നുമില്ലെങ്കിലും, നാമതു നിരസിക്കേണ്ട എന്നതിൽ കവിഞ്ഞു ബ്രിട്ടീഷുകാർ മറ്റെന്തെങ്കിലും ചെയ്തതായറിവില്ല. രാജ്യതന്ത്രജ്ഞതയും ദീർഘവീക്ഷണവുമുള്ള അവർ എത്രയോ മീർ ജാഫർമാരെ കണ്ടതാണല്ലോ. മുസ്‌ലിംകളോടവർക്ക് കടുത്ത പകയുണ്ടെന്നത് വേറെ കാര്യം. *(ഖാദിയാനിസത്തിന്റെ വേരുകൾ By K.C അബ്ദുല്ല മൗലവി, പേജ് : 67, 71, പ്രസാ: അ.ഇ.ഇ, വിതരണം : I.P.H)*

# ഹദ്റത് അഹ്മദ്(അ) പറയുന്നു:

നിങ്ങൾ ദൃഢമായും അറിഞ്ഞുകൊള്ളുവിൻ! ഇതു ദൈവത്തിന്റെ കൈയ്യാൽ നടപ്പെട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും ഇതിനെ വ്യർഥമാക്കിക്കളയുകയില്ല. അവൻ ഇതിൻമേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവലി കെട്ടുകയും ചെയ്യും. അങ്ങനെ അവൻ എന്റെ അനുയായികളെ അത്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകി അനുഗ്രഹിക്കും. എനിക്കെതിരിൽ നിങ്ങൾക്ക് ചെയ്യാനിനി എന്തെങ്കിലും ബാക്കിയുണ്ടോ? മനുഷ്യകൃതമാണെങ്കിൽ ഇതു എന്നേ മുറിച്ചു നീക്കപ്പെട്ടിരിക്കുമായിരുന്നു! അതിന്റെ അടയാളം പോലും അവശേഷിക്കാതാകുമാറ് അത് നശിച്ചൊടുങ്ങി കഴിഞ്ഞിരിക്കുമായിരുന്നു. (റൂഹാനീ ഖസായീൻ)

# അഹ്മദികൾക്ക് പള്ളിവിലക്ക്

യാഥാസ്ഥികമായ പ്രസ്ഥാനവൽക്കരിക്കപ്പെട്ട നേതാക്കൾ അഹ്മദികൾക്ക് പള്ളിവിലക്ക് ഏർപ്പെടുത്താറുണ്ട്.

**പള്ളി വിരോധിക്കുന്നത് അക്രമം**

വിശുദ്ധ ഖുർആൻ പറയുന്നു: അല്ലാഹുവിന്റെ പള്ളികളിൽ വെച്ച് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും അങ്ങനെ അവയുടെ നാശത്തിന്നായി ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ വലിയ അക്രമി മറ്റാരാണ് (2:115)

**ചരിത്രം**

നബി(സ) ആർക്കും മസ്ജിദിൽ കയറാൻ വിലക്ക് ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ നബി(സ)ന് വിലക്കുണ്ടായിരുന്നു. അബൂജഹ്‌ലും സിൽബന്തികളുമാണ് അതിന് ഫത്‌വ നൽകിയത്.

നബി(സ) ആകട്ടെ ക്രൈസ്തവർക്ക് പോലും പള്ളിയിൽ കയറാനും ആരാധന നടത്താനും അനുമതി നൽകുകയുണ്ടായി.

**എന്താണ് ഇന്നത്തെ പള്ളികൾ**

പള്ളികൾ ഗ്രൂപ്പ് വഴക്കിന്റെയും ഭൗതിക ചർച്ചകളുടെയും കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. കുടുംബ വഴക്കുകളും വ്യക്തിതർക്കങ്ങളുമൊക്കെ പലപ്പോഴും പള്ളികളിൽ വെച്ചായിരിക്കും അരങ്ങേറുക. പള്ളി പിടിച്ചെടുക്കാനായി ചേരി തിരിഞ്ഞ് സംഘട്ടനങ്ങളിൽ ഏർപ്പെടുന്നതും അധികാരികളെ മുന്നിൽ നിർത്തി ബാലവൃദ്ധം വരെ നടത്തുന്നതും ഇന്ന് സർവത്രികമായിക്കഴിഞ്ഞിരിക്കുന്നു

നബി(സ) പറഞ്ഞു: ജനങ്ങൾക്ക് ഒരു കാലം വരാനിരിക്കുന്നു. ഭൗതിക കാര്യങ്ങളെ കുറിച്ചായിരിക്കും അവർ തങ്ങളുടെ പള്ളികളിൽ വെച്ച് സംസാരിച്ചുകൊണ്ടിരിക്കുക. അവരോടൊന്നിച്ച് നിങ്ങൾ ഇരിക്കരുത്. അവരിൽ അല്ലാഹുവിന് യാതൊരാവശ്യവും ഇല്ല. (ബൈഹഖ്) (അന്ത്യനാൾ അടുത്തുവോ?
By മൂത്തേടം ഖാസിമി പേജ്: 41, 42)

# ഹജ്ജും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും

നബിതിരുമേനി(സ), മസീഹ് ഹജ്ജ് നിർവഹിക്കുമെന്ന് പറഞ്ഞിട്ടുണ്ടെന്നും എന്നാൽ ഹദ്റത് അഹ്മദ്(അ) ഹജ്ജ് നിർവഹിച്ചിട്ടില്ലെന്നും ആക്ഷേപം ഉന്നയിക്കുന്നവരുമാണ്. മാത്രമല്ല ഇക്കാലത്ത് അഹ്മദികൾ ഹജ്ജ് വിലക്കപ്പെട്ടിരിക്കുന്നുവെന്നും ഉദ്ഘോഷിക്കുന്നവരുണ്ട്.

**എന്താണ് നബിവചനം ?**

നബി(സ) പറഞ്ഞത് ഫജ്ജറൗഹായിൽ ഹ. ഈസാ(അ) ഇഹ്റാം കെട്ടുമെന്നാണ്. കണ്ടുവെന്നാണ്.

ഹജ്ജിന്റെ മീഖാത്തുക (അതായത് ഇഹ്റാം കെട്ടുന്ന സ്ഥലങ്ങൾ) ളിലെവിടേയും ഫജ്ജുൽ റൗഹ ഇല്ല.

നബി(സ) പറഞ്ഞത് ഒരു കശ്ഫ് ആണ്. ഹ. മൂസാ (അ) നേയും ഹ. യൂനുസ്(അ)നേയും മറ്റും നബി(സ) ഹജ് ചെയ്യുന്നതായി കശ്ഫിൽ കണ്ടിട്ടുണ്ട്. (മുസ്‌ലിം). അതുപോലെതന്നെ ഹ. ഈസാ(അ)നെ സംബന്ധിച്ചു കണ്ടതായിരിക്കാനേ തരമുള്ളൂ.

മറ്റൊന്ന് ഈ ഹദീസിന്റെ പ്രബലതയും വിശ്വാസയോഗ്യതയും അംഗീകരിക്കപ്പെട്ടതല്ല.

നബി(സ) തന്നെ വ്യക്തമാക്കിയത് ഹജ്ജിന് മുതൽ, വഴി, ദേഹസുഖം അനിവാര്യമാണെന്നാണ്. ചില ഹദീസുകളിൽ വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കൾ ഉള്ളവർക്കും ഹജ്ജ് നിർബന്ധമാക്കിയിട്ടില്ല.

നബി(സ) മക്കഫത്ഹ്ന് മുമ്പ് ഹജ് ചെയ്യുകയെന്ന ലക്ഷ്യത്തോടെ മക്കയിലേക്ക് തിരിച്ചെങ്കിലും ശത്രുക്കൾ അനുവദിക്കാത്തതുകാരണം വഴി മുടക്കിയതുകാരണം നബി(സ)ഉം സ്വഹാബത്തും ഹുദയ്ബിയയിൽ എത്തി മടങ്ങുകയാണുണ്ടായത്.

ഹദ്റത് നബി(സ) തിരുമേനിക്ക് ഹജ്ജ് വിലക്കിയ സമൂഹത്തിന്റെ വർത്തമാനകാല വക്താക്കൾ ഹ. അഹ്മദ്(അ)നെതിരിൽ കുഫ്റിന്റെയും, വധത്തിന്റെയും ഫത്‌വകൾ നൽകുകയും ഹജ്ജ് വിലക്കുകയും ചെയ്തു. ഹജ്ജിന്റെ നിബന്ധനകളിലെ വഴി തടസമായിരുന്നതുകാരണം ഹ. അഹ്മദ്(അ) ഹജ് നിർവഹിച്ചില്ല.

നേരിട്ടെത്തി ഹജ്ജ് ചെയ്യാൻ കഴിയാത്തവർ ഹജ്ജ് ബദൽ അനുഷ്ഠിക്കാൻ നബി(സ) അനുവാദം നൽകിയതായി ഹദീസ് (നസായി) വ്യക്തമാക്കുന്നു.

ഹ. അഹ്മദ്(അ)ഉം ഹജ്ജ് ബദൽ നിർവഹിക്കാൻ ഹദ്റത് ഹാഫിസ് അഹ്മദുല്ലാഹ് സാഹിബിനോട് ആവശ്യപ്പെടുകയും അദ്ദേഹം ഹ. അഹ്മദ്(അ)ന് വേണ്ടി ഹജ്ജ് ബദ്ൽ അനുഷ്ഠിക്കുകയും ചെയ്തു.

**എന്താണ് വർത്തമാനകാല ഹജ്ജിന്റെ അവസ്ഥ?**

നബിതിരുമേനി(സ) പറഞ്ഞു:

കഅ്ബയിൽ ഹജ്ജ് കർമം നടക്കാത്ത ഒരു കാലഘട്ടമുണ്ടാകുന്നതുവരെ അന്ത്യാനാൾ സംഭവിക്കുകയില്ല. (ബുഖാരി) അന്ത്യനാളിനോടനുബന്ധിച്ച് വിശുദ്ധ ഹജ് കർമം പോലും നടക്കാത്ത ഒരു കാലഘട്ടം വരുമെന്നാണ് ഈ ഹദീഥ് അസന്നിഗ്ദമായി പ്രഖ്യാപിച്ചിരിക്കുന്നത്. വിശുദ്ധ മക്കയും മദീനയുമെല്ലാം ഇസ്‌ലാ മിന്റെ ശത്രുക്കളുടെ വിഹാര കേന്ദ്രമായിത്തീരുകയും അതിനാൽ തന്നെ ഹജ്ജ് അടക്കമുള്ള പുണ്യകർമങ്ങളെല്ലാം മുസ്‌ലിംകൾക്ക് തടയപ്പെടുകയും ചെയ്യുമെന്ന് ഈ ഹദീഥിന്റെ വെളിച്ചത്തിൽ നമുക്ക് മനസിലാക്കാവുന്നതാണ്. (അന്ത്യനാൾ അടുത്തുവോ? പേജ് : 115 By മൂത്തേടം റഹ്മത്തുല്ലാഹ് ഖാസിമി)

**ചരിത്രം**

നബി(സ)ന് അബൂ ജഹ്‌ലും കൂട്ടരും ഹജ്ജ് വിലക്കിയിരുന്നു. എന്നാൽ നബി(സ) ആർക്കും ഹജ്ജ് വിരോധിച്ചിട്ടില്ല.

രാഷ്ട്രീയ പ്രേരിതമായ നിരവധി കാരണങ്ങളാൽ വിവിധകക്ഷികൾക്ക് ഹജ്ജ് വിലക്ക് ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ ചരിത്രത്തിൽ മതപരമായ കാരണം പറഞ്ഞ് ഹജ്ജ് വിലക്കിയത് അഹ്മദികൾക്ക് മാത്രമാണ്.

**ചരിത്രം ആവർത്തിക്കപ്പെടുന്നു.**

അതേസമയം ഹജ്ജ് നിരോധിത ഉത്തരവ് പുറപ്പെടുവിച്ച ഫൈസൽ രാജാവിന് പിന്നെ ഹജ് ചെയ്യാൻ ഭാഗ്യമുണ്ടായില്ലെന്നതും ചരിത്രവസ്തുതയാണ്.

## ഹദ്റത് അഹ്മദ്(അ) പറയുന്നു:

ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും കൂടി ഇതാ പ്രഖ്യാപിച്ചുകൊള്ളട്ടെ, ഞാൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്ത ദൃഷ്ടിയിൽ നോക്കിക്കാണുന്നു. ഇതാ ഞാൻ അതിമഹത്തായ ഒരു വിജയത്തെ കൈവരിക്കുവാൻ അടുത്തിരിക്കുകയാണ്. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരു ആത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അത് എന്റെ ഓരോവാക്കിനും ഓരോ അക്ഷരത്തിനും ജീവൻ നൽകിയിരിക്കുന്നു. ആകാശത്തിന്റെ അനന്ത.....കളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവയെപ്പോലെ എഴുന്നേൽപ്പിച്ചു നിർത്തി. തൗബയുടെ പശ്ചാത്താപത്തിന്റെ വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്. ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോട് പ്രതികരിക്കാത്തവനും ജീവനുള്ളവനാണോ?

(ഇസാലെ ഔഹാം, ഭാഗം:1, പേജ്:593)

## നബിതിരുമേനി(സ) പറഞ്ഞു:

**അദ്ദേഹം ദീനിനെ പുനരുജ്ജീവിപ്പിക്കും.**
**വിശുദ്ധഖുർആനെ നിലനാട്ടും.**

- വിശുദ്ധഖുർആന് കാലികവും ബുദ്ധിപരവുമായ വ്യാഖ്യാനങ്ങൾ ലോകം മുഴുവൻ പരത്തുന്നു.
- നൂറോളം ഭാഷകളിൽ വിശുദ്ധഖുർആന്റെ പരിഭാഷ പ്രസിദ്ധീകരിച്ചിരിക്കുന്നു.
- വിശുദ്ധ ഖുർആന്റെ ബൃഹത് വ്യാഖ്യാനം തഫ്സീർ കബീർ ഇന്നും ലോകത്ത് അനുപമമാണ്.
- ഹദ്റത് അഹ്മദ്(അ) പറയുന്നു:

**വിശുദ്ധഖുർആന്റെ അത്യൽഭുതം എന്നനിലക്ക് എനിക്ക് സാഹിത്യചാതുരിയും ചമൽക്കാരപ്രയോഗസിദ്ധിയും നൽകപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ ആർക്കും എന്നോട് മൽസരിക്കാൻ സാധ്യമല്ല.**

(സറൂറത്തുൽ ഇമാം പേജ്:25)

### നിങ്ങൾ ഭൂമിയിൽ ചുറ്റി സഞ്ചരിച്ച് നോക്കൂ

# നിഷേധികളുടെ പര്യവസാനം

### എങ്ങിനെയായിരുന്നുവെന്ന് ? (വി. ഖുർആൻ)

**സത്യനിഷേധികളുടെയും, അവരുടെ നേതാക്കൻമാരുടെയും പര്യവസാനം എന്നത് ലോകത്തിന് ഗുണപാഠദായകമാണ്. ഇബ്‌ലീസും, ഫിർഔനും ഒക്കെ നീങ്ങിയ വഴിയിലൂടെയാണ് നബി (സ) ന്റെ വിരോധികളും നീങ്ങിയത്. ചിലർ ദാരുണ മായി തീരോഭവിച്ചു. മറ്റു ചിലർ സന്താനരഹിതരായിത്തീർന്നു. ഇനിയും ചിലരുടെ മക്കൾ ഇസ്‌ലാമിലേക്ക് ചേക്കേറി. ഈ ചരിത്രം തന്നെയാണ് ഹദ്റത്ത് അഹ്മദ് (അ) ന്റെ വിരോധികളുടെ കാര്യത്തിലും ആവർത്തിക്കപ്പെട്ടത്.**

## മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി

ഖാദിയാനിനടുത്ത ബട്ടാല നിവാസിയായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, ഹദ്റത്ത് അഹ്മദ് (അ) ന്റെ സതീർത്ഥ്യനായിരുന്നു. പിന്നീട് ബദ്ധവൈരിയായിത്തീർന്ന ബട്ടാലവിയുടെ ദൗഹിത്രൻ ശൈഖ് സഈദ് അഹ്മദ് സാഹിബും കുടുംബവും 1974 ൽ ഹദ്റത്ത് അഹ്മദ് (അ) ന്റെ ശിഷ്യഗണത്തിൽ ബൈഅത്ത് ചെയ്ത് ചേരുകയുണ്ടായി. ബട്ടാലവിയുടെ ആൺമക്കൾ ക്രിസ്തുമതത്തിലേക്കും നിരീശ്വരവാദത്തിലേക്ക് ചേക്കേറി. ബട്ടാലവിയുടെ മഖ്ബറയും ഉൻമൂലനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്തിനധികം ബട്ടാലയിൽ പോലും ഇയാളെ ഇന്ന് ആർക്കും അറിയില്ല.



ശൈഖ് സഊദ് അഹ്മദ് സാഹിബ്

## മൗലവി സനാഉല്ലാഹ് അമൃത്സരി

ബട്ടാലവിയുടെ ശിഷ്യനായിരുന്ന ഈ അഹ്‌ലെ ഹദീസ് നേതാവിന്റെ ഏക മകൻ അദ്ദേഹത്തിന്റെ കൺമുന്നിൽ അരുംകൊല ചെയ്യപ്പെട്ടു. ഹദ്റത്ത് അഹ്മദ് (അ) ന്റെ ഗ്രന്ഥങ്ങൾ ചുട്ടെരിക്കാൻ ആഹ്വാനം ചെയ്ത സനാഉല്ലാഹ് യുടെ മുഴുവൻ ഗ്രന്ഥശേഖരവും അഗ്നിക്കിരയാക്കപ്പെട്ടു.

## പാതിരി അബ്ദുല്ലാഹ് ആഥിം

1893-ൽ അമൃത്സറിൽ വെച്ച് മെയ് 22 മുതൽ ജൂൺ 5 വരെ പ്രസിദ്ധ ക്രിസ്ത്യൻ പാതിരി അബ്ദുല്ലാഹ് ആഥിമുമായി ലിഖിതരൂപേണ നേർക്കുനേർ സംവാദം നടന്നു. ഈ സംവാദം പിന്നീട് ജംഗെമുഖദ്ദസ് എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിജയകരമായ ഈ സംവാദത്തിനിടയിൽതന്നെ പലർക്കും ബയ്അത്ത് ചെയ്ത് അഹ്മദിയാകാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി.

സംവാദത്തിനിടയിൽ രസകരമായൊരു സംഭവമുണ്ടായി. ക്രിസ്ത്യാനികൾ ഒരു അന്ധനേയും മുടന്തനേയും ഊമയേയും ഹദ്റത്ത് അഹ്മദ്(അ)ന് മുന്നിൽ നിറുത്തികൊണ്ട്, ഞങ്ങളുടെ ഈസാമസീഹ് അന്ധനേയും ഊമയേയും മുടന്തനേയും സുഖപ്പെടുത്തിയിരുന്നുവെന്നും വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണെന്ന താങ്കളുടെ വാദം സത്യമാണെങ്കിൽ ഇവരെ സുഖപ്പെടുത്തിക്കാണിക്കുക എന്ന് പറഞ്ഞു.

ക്രിസ്ത്യാനികൾ മതിമറന്ന് ആഹ്ലാദിക്കുകയായിരുന്നു. മിർസാ സാഹിബ് ലജ്ജിതനാകാൻ പോകുന്നുവെന്ന് അവർ കരുതി. എന്നാൽ, ക്രിസ്ത്യാനികളുടെ നിർദ്ദേശം സുസ്മേരവദനനായി ശ്രവിച്ച ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു. ഈസാമസീഹ് അന്ധനേയും ഊമയേയും സുഖപ്പെടുത്തിയതായി നിങ്ങളുടെ ഇഞ്ചീലിലാണ് ഉള്ളത്. ഞങ്ങളുടെ ഖുർആൻ ഒരിക്കലും അതു പറഞ്ഞിട്ടില്ല.




അതുകൊണ്ടുതന്നെ ഞങ്ങളിക്കാര്യത്തിന്റെ വക്താക്കളുമല്ല. ഇഞ്ചീലിൽ മറ്റൊന്നുകൂടി പറയുന്നുണ്ട്. അതായത്, യേശു ശിഷ്യന്മാരോട് പറഞ്ഞത്, നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ അത്ഭുതകൃത്യങ്ങൾ ചെയ്യാൻ കഴിയുമെന്നും മലയെപ്പോലും നീക്കാൻ കഴിയുമെന്നുമാണ്. ആയതിനാൽ ഈ രോഗികളെ നിങ്ങൾക്കു മുമ്പിൽതന്നെ സമർപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത് കടുകുമണിയോളം വിശ്വാസമെങ്കിലും നിങ്ങളിലുണ്ടെങ്കിൽ ഇവരെ സുഖപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ വിശ്വാസം തെളിയിക്കുക.

ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ അപ്രതീക്ഷിതമായ മറുപടി ശത്രുപക്ഷത്തെയാകമാനം നിരുദ്ധകണ്ഠരാക്കി. ഹദ്റത് അഹ്മദ്(അ)നെ ജനങ്ങൾക്കു മുന്നിൽ നാണംകെടുത്താൻ മെനഞ്ഞ ഉപായം അവർക്കു തന്നെ വിനയായിമാറി.

ഈ സംവാദത്തിന്റെ അവസാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പ്രവചനം നടത്തുകയുണ്ടായി. അതായത്, സംവാദത്തിൽ മനഃപൂർവ്വം അസത്യത്തെ സ്വീകരിക്കുകയും സത്യദൈവത്തെ കൈയൊഴിഞ്ഞ് ഒരു ദുർബലമനുഷ്യനെ ദൈവമാക്കിവയ്ക്കുകയും നബി (സ)നെ അധിക്ഷേപിക്കുകയും ചെയ്യുന്ന ആഥിം 15 മാസത്തിനകം ഹാവിയായിൽ (അഗ്നികുണ്ഠം) അകപ്പെടുന്നതാണ്. സത്യത്തിലേക്ക് തിരിയാത്തപക്ഷം ദൈവം അയാളെ അതിനിന്ദ്യതയിലാഴ്ത്തുകയും ചെയ്യും.

നബി(സ) തിരുമേനി (നഊദുബില്ലാഹ്) ദജ്ജാലാണെന്ന് ആഥിം എഴുതിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം കേട്ടപ്പോൾ അബ്ദുല്ലാഹ് ആഥിം ഭയന്നു. ഈ നിശ്ചിത 15 മാസവും ആഥിം കടുത്ത നിശ്ശബ്ദത പാലിച്ചു. ഇസ്‌ലാമിനെതിരിലുള്ള ആരോപണങ്ങളിൽനിന്നും ആക്ഷേപങ്ങളിൽനിന്നും പിന്മാറി. അല്ല, പ്രവചനം കേട്ട് അയാളുടെ കൈകൾ വിറക്കാൻ തുടങ്ങി. മുഖം കരുവാളിച്ചു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആഥിമിൽ മാനസാന്തരമുണ്ടായി. തൽഫലമായി പ്രവചനത്തിൽ പറയപ്പെട്ട 15 മാസവും ആഥിം ജിവിച്ചിരുന്നു. മറുഭാഗത്ത് പ്രവചനം പൊളിഞ്ഞെന്ന് പറഞ്ഞ് ശത്രുക്കൾ കോലാഹലങ്ങൾ നടത്തി. കഴിഞ്ഞ 15 മാസത്തിനുള്ളിൽ തനിക്ക് മാനസാന്തരം ഉണ്ടായിട്ടില്ലെന്നും ഇസ്‌ലാമിന്റെ മഹിമാപ്രഭാവം തന്നെ ഭയപ്പെടുത്തിയിട്ടില്ലെന്നും സത്യം ചെയ്യാൻ ആഥിമിനോട് ഹദ്റത്ത് അഹ്മദ്(അ) ആവശ്യപ്പെട്ടു. അങ്ങനെ സത്യം ചെയ്തതിനുശേഷവും ആഥിം ജീവിച്ചിരിക്കുന്നപക്ഷം 1000 രൂപ ഇനാമായി നൽകാമെന്നും അദ്ദേഹം പറഞ്ഞു. സമ്മാനത്തുക നാലായിരം വരെയായി ഉയർത്തിയെങ്കിലും ആഥിം മുന്നോട്ടുവരാൻ ധൈര്യപ്പെട്ടില്ല. മറിച്ച്, സത്യത്തെ മറച്ചുപിടിച്ചുകൊണ്ട് ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. 1894-ൽ ഒക്ടോബർ 27-ന് ഇറക്കിയ വിജ്ഞാപനത്തിൽ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ആഥിം ദൈവികശിക്ഷയുടെ കരാളഹസ്തത്തിൽ അകപ്പെടുകതന്നെ ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ഈ വിലംബരത്തിനുശേഷം ആഥിം തികച്ചും നിശ്ശബ്ദനായി. പ്രവചനപ്രകാരം 1896 ജൂലൈ 27-ന് ആഥിം ഈ ലോകത്തുനിന്ന് നിഷ്കാസനം ചെയ്യപ്പെട്ടു. അങ്ങനെ ഇസ്‌ലാമിന് ഉജ്ജ്വലവമായ ഒരു വിജയംകൂടി ലഭ്യമായി.

## പണ്ഡിറ്റ് ലേഖ്റാം പിശാവറി

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ രംഗത്തുവന്ന ആര്യസമാജ നേതാവായിരുന്നു പണ്ഡിറ്റ് ലേഖ്റാം പിശാവറി. ബറാഹീനെ അഹ്മദിയ്യായിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സമർപ്പിച്ച വെല്ലുവിളി അതേരൂപത്തിൽ സ്വീകരിക്കാൻ തയ്യാറാവാതെ ഇസ്‌ലാമിനേയും റസൂൽ തിരുമേനി(സ)യേയും അധിക്ഷേപിച്ചുകൊണ്ട് അയാൾ



മുസ്‌ലിംവികാരങ്ങളെ വ്രണപ്പെടുത്തുകയായിരുന്നു. വേദങ്ങളുടെ സത്യസന്ധത സ്ഥാപിച്ചുകാട്ടാനുള്ള ലേഖ്റാമിന്റെ നിതാന്തപരിശ്രമങ്ങൾ ഫലപ്രദമായതേയില്ല. ഹദ്റത്ത് അഹ്‌മദ്(അ) ഇസ്‌ലാമിനോടും റസൂൽതിരുമേനിയോടുമുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ച മഹാത്മാവായിരുന്നു. ലേഖ്റാമിന്റെ വിഷജൽപനങ്ങൾ ആ പ്രേമാനുരാഗിയുടെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു.

റസൂൽതിരുമേനിയെ തെറിപറയുന്നതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ ദൈവികശിക്ഷയുടെ അതിഭയാനകമായ നാളിനെക്കുറിച്ച് കരുതിയിരിക്കാൻ ആ മഹാത്മാവ് ഉപദേശിച്ചു. പക്ഷേ, അയാൾ പിന്മാറാൻ തയ്യാറായില്ലെന്നു മാത്രമല്ല കൂടുതലാവേശത്തോടെ നബി(സ)നെ പരിഹസിച്ചുകൊണ്ടേയിരുന്നു.

വരുന്ന 6 വർഷങ്ങൾക്കകം ലേഖ്റാം നിന്ദിതനും നിരാശനുമായി ദൈവികഹസ്തങ്ങളാൽ നിഷ്കാസനം ചെയ്യപ്പെടുമെന്ന് ദൈവികനിർദ്ദേശപ്രകാരം ആ മഹാത്മൻ പ്രഖ്യാപിച്ചു. മറുഭാഗത്ത് ലേഖ്റാം പറഞ്ഞത് വരുന്ന 3 വർഷങ്ങൾക്കകം മിർസാ സാഹിബ് മരണപ്പെടുമെന്നും മക്കളാരും ബാക്കിയാവുന്നതല്ലെന്നുമായിരുന്നു. പ്രവചനത്തിന്റെ 3 വർഷം കടന്നുപോയി. പക്ഷേ, ഹദ്റത്ത് അഹ്‌മദ്(അ)ന് ഒന്നും സംഭവിച്ചില്ല. അങ്ങനെ ലേഖ്റാമിനെക്കുറിച്ച് ഹദ്റത്ത് അഹ്‌മദ്(അ) ചെയ്ത പ്രവചനത്തിന്റെ 5-ാം വർഷം സമാഗതമായി. ക്രുദ്ധരായ ചില മലക്കുകൾ ലേഖ്റാമിനെ അന്വേഷിച്ചുവരുന്നതായി താൻ ദർശനത്തിൽ കണ്ടുവെന്നും ഭയാനകരായ ആ സത്വങ്ങൾ ലേഖ്റാമിന്റെ മരണവാറണ്ടുമായി വന്നവരാണെന്നും അദ്ദേഹം വിളംബരപ്പെടുത്തി. പ്രവചനത്തിന്റെ 5 വർഷം കഴിഞ്ഞപ്പോൾ മുറവിളികൂട്ടിയ ശത്രുക്കളോട് ആ മഹാത്മൻ അക്ഷോഭ്യനായി പറഞ്ഞത്, നിശ്ചിത കാലാവധിക്കകംതന്നെ ലേഖ്റാമിന്റെ പതനം തീർച്ചയായും സംഭവിക്കുമെന്നു തന്നെയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിൽ ഈദിനോടടുത്ത് വീണ്ടുമൊരു ഈദെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. കൂടാതെ മൂസാനബിയുടെ അഭാവത്തിൽ സാമിരി ഉണ്ടാക്കിയ പശുക്കുട്ടിയുടെ ഗതിയായിരിക്കും ലേഖ്റാമിനുണ്ടാകുകയെന്നും ദൈവിക വെളിപാടുകളിൽ സുവ്യക്തമായിരുന്നു.

അങ്ങനെ ദൈവവിധിയുടെ ആ ദിവസവും വന്നെത്തി. ലേഖ്റാമിന്റെ വീട്ടിൽ വരികയും അവിടെ താമസിക്കുകയും ചെയ്ത ഒരജ്ഞാതൻ 1897 മാർച്ച് 6-ാം തിയ്യതി ലേഖ്റാമിനെ കുത്തിക്കൊല്ലുകയായിരുന്നു. കൊലയാളിയെ ഇന്നുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നത്, അതൊരു ദൈവികദൃഷ്ടാന്തമാണെന്നതിലേക്ക് അനിഷേധ്യമായ തെളിവാണ്.

സാമിരിയുടെ പശുക്കുട്ടി കരഞ്ഞതുപോലെ മരണസമയത്ത് കരയുകയും ശേഷം, അതിനെ ചുട്ടെരിച്ചതുപോലെ ഹിന്ദുആചാരവിധിപ്രകാരം കത്തിച്ച് ചാമ്പലാക്കി നദിയിലൊഴുക്കുകയും ചെയ്തു! ലേഖ്റാമിന്റെ മരണത്തെ തുടർന്ന് ഹദ്റത്ത് അഹ്‌മദ്(അ) ഉച്ചൈസ്ഥരം പ്രഖ്യാപിച്ചത് ലേഖ്റാമിന്റെ മരണം തന്റെ പ്രാർത്ഥനാഫലമായിരുന്നുവെന്നാണ്. അതേതുടർന്ന് ഹദ്റത്ത് അഹ്‌മദ്(അ)നെതിരിൽ ആര്യസമാജികൾ ഇളകിമറിയുകയും അദ്ദേഹം ആളെ വിട്ട് കൊലപാതകം നടത്തിയതാണെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്തു.



ഹദ്റത്ത് അഹ്‌മദ്(അ) ഇക്കാര്യത്തിൽ തന്റെ നിരപരാധിത്വം പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞത്, ആരോപണമുന്നയിക്കുന്നവർ അക്കാര്യം പ്രഖ്യാപിക്കുകയാണെങ്കിൽ അയാളും ദൈവികശിക്ഷയുടെ കരാളഹസ്തങ്ങളാൽ നിഷ്കാസിതനാകുമെന്നും അല്ലാത്തപക്ഷം ഒരു കൊലയാളിക്കു നൽകാവുന്ന ഏതു ശിക്ഷയും സ്വീകരിക്കാൻ താൻ സന്നദ്ധനായിരിക്കുമെന്നുമാണ്. ഈ സിംഹഗർജ്ജനത്തിനു മുന്നിൽ എഴുന്നുനിൽക്കാൻ ഒരൊറ്റ എതിരാളിക്കും ധൈര്യമുണ്ടായില്ല!

## ഹതാശനായ ഡോ. ഡൂയി

അമേരിക്കയിൽ ഡോ. അലക്സാണ്ടർ ഡൂയി എന്നൊരാൾ പ്രവാചകനാണെന്നു വാദിച്ചുകൊണ്ട് ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള ദൗത്യപ്രഖ്യാപനവുമായി രംഗത്തുവന്നു. ഇസ്‌ലാമിനെ നശിപ്പിക്കുമെന്നവീരവാദം മുഴക്കി. അയാൾ പ്രവാചക പ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)നെ അവഹേളിച്ചും പരിഹസിച്ചുംകൊണ്ട് ചുവടുറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഇതറിഞ്ഞ ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ വെല്ലുവിളിച്ചുകൊണ്ടു പറഞ്ഞു ഡൂയിയുടെ ദൈവം ജീവൽ ദൈവമാണോ എന്ന് മനസ്സിലാക്കുന്നതിനുള്ള ഒരെളുപ്പമാർഗ്ഗമുണ്ട്. ഡൂയി ഓരോ മുസ്‌ലിമിനെപറ്റിയും കൂടെക്കൂടെ മരണത്തെക്കുറിച്ച് പ്രവചനം നടത്താതെ എന്നിലേക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഞങ്ങളിരുവരിൽ ആരാണോ കള്ളവാദി അയാൾ ആദ്യം മരണപ്പെടട്ടെ എന്ന് പ്രാർത്ഥിക്കേണ്ടതാണ്.



ഡൂയി ഇതിൽനിന്ന് പിന്തിരിഞ്ഞാലും അയാളുടെ സിയോൺ (ഡൂയി ഉണ്ടാക്കിയ പട്ടണം) നഗരത്തിൽ ഉടൻ തന്നെ ആപത്തുകൾ വർഷിക്കപ്പെടുന്നതാണ് എന്നും ഹദ്റത്ത് അഹ്‌മദ്(അ) പറഞ്ഞു. (ഹഖീഖത്തുൽ വഹ്‌യ്, പേജ് : 71)

ഹദ്റത്ത് അഹ്‌മദ്(അ)ന്റെ വെല്ലുവിളികൾക്കു മുന്നിൽ എന്തുകൊണ്ട് നിൽക്കുന്നില്ല എന്ന ജനങ്ങളുടെ ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് അയാൾ ധാർഷ്ട്യത്തോടെ പറഞ്ഞത് ഞാനീ കൊതുകുകൾക്കും ഈച്ചകൾക്കും മേൽ കാലുവെച്ചാൽ അവ ചതഞ്ഞരഞ്ഞുപോകും എന്നാണ്.

അധികം കഴിയേണ്ടിവന്നില്ല ഡൂയി ദൈവശിക്ഷക്ക് വിധേയനായി. അയാൾക്ക് പക്ഷാഘാതം പിടിപെടുകയും സംസാരശേഷി നഷ്ടമാകുകയും ചെയ്തു. അയാൾ മദ്യപാനിയും വിശ്വാസവഞ്ചകനുമാണെന്നു തിരിച്ചറിഞ്ഞ അനുയായികൾ അയാളെ കൈയ്യൊഴിഞ്ഞു. അയാളുടെ സിയോൺനഗരം നിലംപൊത്തി. 1907 മാർച്ചുമാസം ഹതാശനും നിരാലംബനും ദുഃഖിതനുമായ ഡൂയി അന്ത്യശ്വാസം വലിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം പ്രോജ്ജ്വലമായി പുലർന്നു.




ഇന്ന് ഡൂയിയുടെ പട്ടണമായ സിയോണിലും അഹ്മദിയ്യാ മുസ്‌ലിം മസ്ജിദും മിഷൻ ഹൗസുകളുമുണ്ടായിരിക്കുന്നു.

**ഹദ്റത്ത് അഹ്മദ് (അ) പറയുന്നു**

**നിങ്ങൾ ദൃഢമായും അറിഞ്ഞുകൊള്ളുവിൻ! ഇതു ദൈവത്തിന്റെ കൈയ്യാൽ നട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും ഇതിനെ ഒരിക്കലും വ്യർഥമാക്കിക്കളയുകയില്ല. അവൻ ഇതിൻമേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവലയം കെട്ടുകയും ചെയ്യും. അങ്ങനെ അവൻ എന്റെ അനുയായികളെ അത്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകി അനുഗ്രഹിക്കും. എനിക്കെതിരിൽ നിങ്ങൾക്ക് ചെയ്യാനിനി എന്തെങ്കിലും ബാക്കിയുണ്ടോ. മനുഷ്യകൃതമാണെങ്കിൽ ഇത് എന്നേ മുറിച്ച് നീക്കപ്പെടുമായിരുന്നു. അതിന്റെ അടയാളം പോലും അവശേഷിക്കാതാകുമാറ് അത് നശിച്ചൊടുങ്ങി കഴിഞ്ഞിരിക്കുമായിരുന്നു.**

**(റൂഹാനീ ഖസാഇൗൽ, വാള്യം 11, ഭാഗം 64, അഞ്ചാമെ ആഥം)**

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും പണ്ഡിതസഭകളും

## ലൻതളില്ലൂ ബഅദീ

നബി(സ) ഹജ്ജത്തുൽ വിദാഇൽ രണ്ട് കാര്യങ്ങളെ പിൻപറ്റാൻ ഉപദേശിച്ചു.

**1. കിത്താബുല്ലാഹ്, 2. സുന്നത്ത്.** ഇത് രണ്ടിനേയും മുറുകെ പിടിച്ചാൽ ലൻതളില്ലൂ ബഅദീ എനിക്ക് ശേഷം നിങ്ങൾ വഴികേടിലാവില്ലെന്നും സുവാർത്തയും നൽകി. ആ രണ്ട് കാര്യങ്ങളെ യഥാർത്ഥമായ രീതിയിൽ പിൻപറ്റേണ്ട വിധം സ്വഹാബാക്കൾ മനസിലാക്കിയത് നബി(സ)ന് ശേഷം ഹ. അബൂബക്കർ(റ)നേയും തുടർന്ന് ഹ. ഉമർ(റ), ഹ. ഉസ്മാൻ(റ), ഹ. അലി(റ) നേയും ഖലീഫമാരായി തിരഞ്ഞെടുത്ത് അവരവരുടെ കാലങ്ങളിൽ ബയ്അത്ത് ചെയ്തുകൊണ്ടായിരുന്നു.

## കക്ഷിപ്രതികക്ഷികൾ

ഹ. അലി(റ)ന്റെ ഖിലാഫത്തിനുശേഷം മുസ്‌ലിംകൾ കക്ഷിപ്രതികക്ഷികളായി. നബി(സ) അതേക്കുറിച്ച് നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.

**തഫ്തരിഖു ഉമ്മത്തീ അലാ സലാസിൻ വ സബ്ഈന മില്ല. കുല്ലുഹും ഫിന്നാരി ഇല്ലാ മില്ലത്തൻ വാഹിദ.**

എന്റെ ഉമ്മത്ത് 73 കക്ഷികളായിപിരിയും. എല്ലാവരും നരകത്തിലായിരിക്കും. ഒരു കൂട്ടരൊഴികെ. ആ കാലത്ത് പ്രാവർത്തികമാക്കാൻ രണ്ട് ഉപദേശങ്ങൾ നബി(സ) നൽകുകയുണ്ടായി.

## ഇമാമും ജമാഅത്തും

നബി(സ) പറഞ്ഞു: **തൽസമു ജമാഅത്തുൽ മുസ്‌ലിമീന വ ഇമാമഹും** (ബുഖാരി)

നീ ജമാഅത്തുൽ മുസ്‌ലിമീനേയും അവരുടെ ഇമാമിനേയും പിൻപറ്റുക. ആ ഇമാമിനെ നബി(സ) ഇങ്ങനെ പരിചയപ്പെടുത്തുന്നു:

**കയ്ഫ അൻതും ഇദാ നസ്‌ലബ്നു മർയമ ഫീകും വ ഇമാമകും മിൻകും** (ബുഖാരി)

നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായി നിങ്ങളിൽ ഇബ്നുമർയം അവതരിക്കുമ്പോൾ നിങ്ങളുടെ അവസ്ഥ ഹാ എത്ര നന്നായിരിക്കും.

മുസ്‌ലിമിലുള്ള ഹദീസിൽ

**ഫ അമ്മക്കും മിൻകും**

നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമത്ത് വഹിച്ചുകൊണ്ടാണ് ആഗതരാവുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## ഇമാമത്ത് എങ്ങിനെയായിരിക്കും?

മുസ്‌ലിമിൽ ഇങ്ങനെ കാണാം. **ഫ അമ്മക്കും ബി കിത്താബിറബ്ബിക്കും അസ്സവജല്ല വബി സുന്നത്തി നബിയ്യിക്കും(സ)** അദ്ദേഹം നിങ്ങളുടെ പ്രതാപവാനായ റബ്ബിന്റെ ഗ്രന്ഥം കൊണ്ടും നിങ്ങളുടെ നബിയുടെ സുന്നത്തുകൊണ്ടും ഇമാമത്ത് വഹിക്കുന്നതാണ്. അങ്ങനെയൊരു ഇമാമിനെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ നബി(സ) പറഞ്ഞമാർഗം.

ഫഅ്തസിൽ തിൽകൽ ഫിർഖ കുല്ലഹാ വലൗ അന്ന തഅള്ള ബി അസ്‌ലി ശജ്റത്തിൻ ഹത്താ യദ്‌രികകൽ മൗത്തി വ അൻത അലാ ദാലിക (ബുഖാരി)

നീ എല്ലാ കക്ഷികളുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുക. ഒരു മരത്തിന്റെ വേര് കടിച്ചു പിടിച്ചുകൊണ്ടാണ് നിനക്ക് മരണം സംഭവിക്കുന്നതെങ്കിൽ അതാണ് നിനക്ക് അഭികാമ്യം.

കാരണം അക്കാലത്തെ സംഘടനകളേയും വിളിയാളുകളേയും നബി(സ) പരിചയപ്പെടുത്തുന്നത് ഇങ്ങിനെയാണ്. നരക കവാടങ്ങളിൽ നിന്ന് വിളിക്കുന്നവരുണ്ടാകും അതിന് മറുപടി നൽകുന്നവർ നരകത്തിൽ ആപതിക്കും

അതിനുള്ള കാരണം പറഞ്ഞത്. **ഹും മിൻ ജിൽദത്തിനാ വയതകല്ലമുഹ ബി അൽസിനത്തിനാ**


അവർ നമ്മുടെ വേഷവിധാനമുള്ളവരും നമ്മുടെ കാര്യങ്ങൾ സംസാരിക്കുന്നവരുമായിരിക്കും എന്നായിരുന്നു.

---

**ഇവിടെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റേയും ഇതര പണ്ഡിതസഭകളുടേയും ആരംഭത്തെക്കുറിച്ച് അൽപം വിശകലനം ചെയ്യാം.**

---

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്



ദൈവിക നിർദേശപ്രകാരം ഹദ്റത് അഹ്മദ്(അ) താൻ ഇക്കാലഘട്ടത്തിൽ, വാഗ്ദത്ത മഹ്ദീ മസീഹായി നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയുണ്ടായി. തനിക്ക് ബയ്അത്ത് ചെയ്യുന്നവരുടെ ഒരു ജമാഅത്ത് രൂപവൽക്കരിക്കാൻ അല്ലാഹു ഹ. അഹ്മദ്(അ)ന് നിർദേശം നൽകുകയും ചെയ്തു.

മാത്രമല്ല അവസാനകാലത്ത് യഥാർഥ ഇസ്‌ലാമിന്റെ പേര് അഹ്മദിയ്യാ എന്നായിരിക്കുമെന്ന് പൂർവകാല സൂരികൾ വ്യക്തമായും പ്രവചനം ചെയ്തിട്ടുണ്ട്.

മിശ്കാത്തിന്റെ വ്യാഖ്യാനമായ മിർഖാത്തിൽ മുല്ലാ അലി യുൽഖാരി പറയുന്നു:

**തിൽക സനത്താനി വ സബ്ഈന ഫിർഖത്തൻ കുല്ലുഹും ഫിന്നാരി വൽഫിർഖത്തു നാജിയത്തുഹും അഹ്‌ലുസ്സുന്നത്തിൽ ബയ്ളാഇൽ മുഹമ്മദിയ്യ വ ത്ത്വരീഖത്തി ന്നഖിയത്തിൽ അഹ്മദിയ്യ**

എഴുപത്തിരണ്ട് വിഭാഗങ്ങളും നരകാവകാശികളായിരിക്കും. മോക്ഷാർഹമായ വിഭാഗം മുഹമ്മദിയ്യാ സുന്നത്തിൽ ചരിക്കുന്ന പരിശുദ്ധ അഹ്മദിയ്യാ സരണിയിൽ പെട്ടവരായിരിക്കും. (മിർഖാത്ത് ശറഹ് മിശ്കാത്ത്)

വിശുദ്ധ ഖുർആനിൽ നിന്നും, ഹദീസുകളിൽ നിന്നും മനസിലാവുന്നത്, നബി(സ)ന് രണ്ട് ആഗമനങ്ങൾ ഉണ്ടെന്നാണ്.

1. ജലാലി, അഥവാ പ്രതാപത്തിന്റെ വെളിപ്പെടൽ. അത് തിരുനബി(സ)ന്റെ യഥാർഥ പേരായ മുഹമ്മദ്(സ) എന്നതുമായി ബന്ധപ്പെട്ടതാണ്.

2. ജമാലി. അഥവാ സൗന്ദര്യാത്മകമായ വെളിപ്പെടൽ. അത് പ്രതിഛായയും പ്രതിപുരുഷനും എന്ന നിലക്ക് തിരുനബിയുടെ അഹ്മദ് എന്ന പേരുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് തന്നെ ഹ. അഹ്മദ്(അ) തന്റെ ജമാഅത്തിന്, അഥവാ ഇസ്‌ലാമിന്റെ പുനരുജ്ജീവന പ്രക്രിയക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന് പേര് വെക്കുകയും ചെയ്തു. (മജ്മൂഅ ഇശ്തിഹാറാത്ത് ഭാഗം : 3, പേജ് : 256-366)



**ഖിലാഫത്ത്**

തിരുനബി(സ) അവസാനകാലത്ത് ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ (നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത്) ഉണ്ടാകുമെന്ന് ദീർഘ ദർശനം ചെയ്തിരുന്നു. അത് വാഗ്ദത്ത മഹ്ദീ മസീഹ് മുഖേനയായിരിക്കും സ്ഥാപിതമാവുകയെന്നതും തിരുനബി വചനങ്ങളിൽ നിന്ന് സ്പഷ്ടമാണ്.

അങ്ങിനെ വിശ്വാസികൾക്കും സൽകർമകാരികൾക്കും അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ സ്ഥാപിതമായിരിക്കുന്നു.

# പണ്ഡിത സഭകൾ

## സമസ്ത കേരള ജംഇയ്യത്തുൽ ഉലമ

കേരളത്തിൽ പൊതുവെ ഇ.കെ, എ.പി. വിഭാഗങ്ങൾ എന്നറിയപ്പെടുന്ന, സ്വയം സുന്നികളെന്ന് പരിചയപ്പെടുത്തുന്ന സംഘടനയുടെ യഥാർഥ പേര് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്നാണ്.

**ആരംഭം**

ഐക്യസംഘമെന്ന പേരിൽ അനൈക്യം സൃഷ്ടിക്കാനിറങ്ങിയ പുത്തനാശയക്കാരുടെ പ്രവർത്തനങ്ങൾ തടയാതെ ഇനിയും കയ്യുംകെട്ടി നോക്കിനിന്നാൽ അത് ഇസ്‌ലാമിനോടും മുസ്‌ലിംകളോടും അനുവർത്തിക്കുന്ന കടുത്ത തെറ്റായിരിക്കുമെന്ന് അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങളാണ് സത്യമെന്ന് വിശ്വസിക്കുന്ന ഉലമാക്കൾ മനസിലാക്കി. അവർ രംഗത്തിറങ്ങി. അങ്ങനെ 1925ൽ കേരളത്തിലെ ചില പ്രമുഖ ഉലമാക്കളും സമുദായനേതാക്കളും കോഴിക്കോട് വലിയ ജുമുഅത്ത് പള്ളിയിൽ ഒരുമിച്ചുകൂടി നിലവിലുള്ള വിഷയങ്ങളെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്തു വിലയിരുത്തി. തുടർന്ന് മുഹമ്മദ് മീറാൻ മുസ് ലിയാർ പ്രസിഡണ്ടും പാറേൽ ഹുസൈൻ മുസ്‌ലിയാർ സെക്രട്ടറിയുമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്ന പേരിൽ ഒരു ഉലമ സംഘടനക്ക് രൂപം നൽകി. (മുസ്‌ലിം കേരളം ഇയർബുക്ക് 1423, ഭാഗം - 2, പേജ് :520)

**സമസ്താലയം, ചേളാരി**

കേരള മുസ്‌ലിംകളുടെ ആധികാരിക മതപണ്ഡിത സഭയായ സമസ്തകേരള ജംഇയ്യത്തുൽ ഉലമയുടെ ആസ്ഥാനമന്ദിരം. (Ibid പേജ് : 536)

സുന്നത്ത് ജമാഅത്തിന്റെ ആശയസംരക്ഷണത്തിന്നായി ഒരു സംഘടന ആവശ്യമാണെന്ന ചിന്ത പലരിലും ഉടലെടുത്തു. അങ്ങനെയാണ് കേരള മുസ്‌ലിംകളുടെ ആധികാരിക സംഘടനയായ സമസ്തക്ക് രൂപം നൽകിയത്. (സമസ്തയെ നിയിച്ചവർ പേജ് : 9 By: പിണങ്ങോട് അബൂബക്കർ, Pub: ശംസുൽ ഉലമ, ഇസ്‌ലാമിക് ഫൗണ്ടേഷൻ)

## കേരള നദ്‌വത്തുൽ മുജാഹിദീൻ

## (കെ.എൻ.എം)

കൊടുങ്ങല്ലൂരിലെ ചില തറവാട്ടുകാർ തമ്മിലുണ്ടായിരുന്ന വഴക്ക് അതിന്റെ മൂർദ്ധന്യാവസ്ഥയിൽ തന്നെ എത്തുകയുണ്ടായി. ഇത് പലരുടെയും മനസിനെ വല്ലാതെ നൊമ്പരപ്പെടുത്തുകയും ചെയ്തു. ഈ വഴക്കുകൾക്ക് അറുതിവരുത്തുന്നതിനെ കുറിച്ചും സമൂഹത്തിന്റെ ശേഷി സാമൂഹ്യനന്മക്കായി ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ചുമവർ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ ചിന്തയാണ് 1922-ൽ കേരള മുസ്‌ലിംകളുടെ ആദ്യത്തെ സംഘടനയായ കേരള മുസ്‌ലിം ഐക്യസംഘത്തിന് ബീജാവാപം ചെയ്തത്..... സംഘത്തെ കൊടുങ്ങല്ലൂർ പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു പ്രാദേശിക സംഘമായി നിലനിർത്തിയാൽപോരെന്നും മുസ്‌ലിംകളുടെ സാമൂഹ്യമാറ്റങ്ങൾക്കും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുന്ന വിപുലമായ കേരളാടിസ്ഥാനത്തിലുള്ള ഒരു സംഘം വേണമെന്നും അതിന്റെ പ്രവർത്തകർ അഭിപ്രായപ്പെട്ടു. വെറും ഐക്യശ്രമങ്ങൾ മാത്രം നടത്തിയാൽ പോരെന്നും ജീവിതം നന്നാക്കുക കൂടി വേണമെന്നുമുള്ള ചിന്ത ക്രമേണ ഐക്യസംഘം പ്രവർത്തകരിൽ ഉണ്ടായി. അതിന്റെ ഫലമായി പ്രവർത്തകന്മാർ ഖുർആനും സുന്നത്തുമനുസരിച്ച് പ്രവർത്തിക്കണമെന്നും അതിന് മറ്റുള്ളവരെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കണമെന്നും സംഘം തീരുമാനിച്ചു. (പേജ് : 8,9)

**ഇസ്‌ലാഹി പ്രസ്ഥാനം**

1922 മുതൽ 1934വരെയുള്ള ഒരു വ്യാഴവട്ടക്കാലം കേരള മുസ്‌ലിം ഐക്യസംഘം കേരളത്തിലുടനീളം നവോഥാന പ്രവർത്തനങ്ങൾ വളരെ സജീവമായി തന്നെ നടത്തിവന്നു. (പേജ്:25 ഇസ്‌ലാഹീ പ്രസ്ഥാനം) കെ.ജെ.യു (കേരള ജംഇയ്യത്തുൽ ഉലമിന്റെ രൂപീകരണം ലക്ഷ്യമിട്ട് ഐക്യസംഘം പ്രതിനിധികൾ കേരളത്തിലങ്ങോളം സഞ്ചരിച്ചു. 1924-ൽ ആലുവായിൽ ചേർന്ന ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽവെച്ച് കേരള ജംഇയ്യത്തുൽ ഉലമാ രൂപീകൃതമായി. (പേജ് : 74)

ഇസ്‌ലാഹീ പ്രവർത്തനത്തിന് ഒരു ബഹുജന പ്രസ്ഥാനം അനിവാര്യമാണെന്ന കെ.ജെ.യുവിന്റെ തീരുമാനപ്രകാരം 1958 ഏപ്രിൽ 20ന് രൂപീകൃതമായ സംഘടിത ഇസ്‌ലാഹീ ബഹുജന പ്രസ്ഥാനമാണ് കേരള നദ്‌വത്തുൽ മുജാഹിദീൻ (കെ.എൻ.എം) MSM KERALA STUDENTS CONFERENCE SOUVENIR 2011 പേ: 75

## ജമാഅത്തെ ഇസ്‌ലാമി

1941-ൽ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട പാർട്ടിയാണ് ജമാഅത്ത് ഇസ്‌ലാമി.

എന്താണ് ഈ പാർട്ടിയെന്നും എന്തൊക്കെയാണ് പരിപാടികളെന്നും മൗലാനാ മൗദൂദി തന്നെ വിശദീകരിക്കുന്നുണ്ട്.

ജമാഅത്തെ ഇസ്‌ലാമി ദീനുമായിട്ടാണ് എഴുന്നേറ്റിട്ടുള്ളത്. നിർമതത്വം അതിൽ അണുഅളവ് പൊറുപ്പിക്കപ്പെടുകയില്ല. എന്നാൽ ആ ദീൻ ഒരറ്റം മുതൽ മറ്റേ അറ്റം വരെ രാഷ്ട്രീയമാണ്. രാഷ്ട്രീയത്തിൽ നിന്ന് ഭിന്നമായ ഒന്നും തന്നെ അതിലില്ല. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ ആമകേലാഗ്രം, ദീൻ തന്നെയായ രാഷ്ട്രീയത്തിന്റെ ധ്വജവാഹകരാണ് അവർ. (തർജുമാനുൽ ഖുർആൻ 1950)

ഈ പാർട്ടി നിലവിൽ വന്ന ഉടനെ തങ്ങളുടെ ലക്ഷ്യം സാധിക്കാൻ വേണ്ടി ജിഹാദ് തുടങ്ങുന്നു. അതിന്റെ നിലനിൽപിന്റെ ഉദ്ദേശ്യം തന്നെ അനിസ്‌ലാമിക വ്യവസ്തയുടെ അധികാരവാഴ്ചയെ നശിപ്പിക്കുവാൻ ശ്രമിക്കുകയത്രെ. ഈ പാർട്ടി ഭരണത്തെ മാറ്റാനും ഇസ്‌ലാ മിക ഭരണത്തെ നടപ്പിൽ വരുത്താനും ശ്രമിക്കുന്നില്ലെങ്കിൽ അതു രൂപീകരിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം തന്നെ വിഫലമാകുന്നതാണ്.(തഫ്ഹീമാത്ത് ഭാഗം : 76)

ഇത് മതോപദേശം ചെയ്യുന്ന പ്രസംഗകന്മാരുടെയും സുവിശേഷകന്മാരുടെയും ഒരു സംഘമല്ല. നേരെമറിച്ച് ദൈവികഭടന്മാരുടെ സംഘമാണ്. അതിന്റെ ജോലി ലോകത്തുനിന്ന് അക്രമം, അഴിമതി, അധർമം, കുഴപ്പം, ചൂഷണം എന്നിവ ബലം പ്രയോഗിച്ച് ഉന്മൂലനം ചെയ്യുക. അല്ലാഹുവിന് പുറമേയുള്ള ദേവന്മാരുടെ ദൈവത്വം അവസാനിപ്പിക്കുക, തിന്മയുടെ സ്ഥാനത്ത് നന്മസ്ഥാപിക്കുക എന്നിവയാണ്. ആകയാൽ ഈ കക്ഷിക്ക് ഭരണാധികാരം പിടിച്ചടക്കാതിരിക്കാൻ നിവൃത്തിയില്ല. (തഫ്ഹീമാത്ത് ഭാഗം : 71)

അതിനാൽ മാനവലോകത്തെ ഉദ്ധരിക്കുവാനും പരിഷ്ക്കരിക്കുവാനുമുള്ള യാതൊരു പദ്ധതിയും ഭരണാധികാരവും ശക്തിയും കൂടാതെ നടക്കുകയില്ലെന്നുള്ളത് ഒരു പച്ചപ്പരമാർത്ഥം മാത്രമാകുന്നു. അല്ലാഹുവിന്റെ ഭൂമിയിൽ നിന്നു നാശമർദ്ദനങ്ങളെ എന്നെന്നേക്കുമായി വിപാടനം ചെയ്യണമെന്ന് ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ സൃഷ്ടികൾ ഉത്തമമായ നിലയിൽ പരിഷ്ക്കരിച്ചു അഭിവൃദ്ധി പ്രാപിക്കണമെന്ന് വാസ്തവത്തിൽ വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വെറും ഉപദേഷ്ടാക്കളും പ്രാസംഗികന്മാരും മാത്രമായിക്കൊണ്ട് പ്രവർത്തിക്കുകയെന്നത് അവരെ സംബന്ധിച്ചിടത്തോളം തീരെ നിഷ്ഫലവും നിഷ്പ്രയോജനവുമാകുന്നു. സർവ്വസന്നദ്ധതയോടെ എഴുന്നേറ്റു അബദ്ധമായ അടിസ്ഥാനത്തിൻമേൽ സ്ഥാപിക്കപ്പെട്ട അധികാരാധിപത്യങ്ങൾ അവസാനിപ്പിക്കുകയും സ്വാർത്ഥികളും തെമ്മാടികളുമായ ജനങ്ങളിൽ നിന്നു അധികാര ശക്തി പിടിച്ചെടുത്തു ശരിയായ അടിസ്ഥാനത്തിന്നും സുബദ്ധ മാർഗ്ഗത്തിന്നുമൊത്തുള്ള ഭരണാവസ്ഥ സ്ഥാപിക്കുകയും ചെയ്യേണ്ടത് അവരുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാകുന്നു. (ഖുത്തുബാത്ത്, രണ്ടാം പതിപ്പ് ഭാ - 364)

**ജമാഅത്തെ ഇസ്‌ലാമി അൽ ജമാഅത്തല്ല**

നബി(സ)യുടേത് അൽ ജമാഅ ആയിരുന്നു. അതിൽ നിന്ന് പുറത്തുപോയവന് വധശിക്ഷയായിരുന്നു വിധിച്ചത്. ജമാഅത്തെ ഇസ്‌ലാമിക്ക് ആ പദവി ഇല്ല. അതിൽനിന്ന് പുറത്തുപോയവരൊക്കെ പാപികളോ അനിസ്‌ലാമിക മരണം വരിക്കുന്നവരോ ആണെന്ന് ഒരിക്കലും ആരും പറഞ്ഞിട്ടില്ല. (പ്രബോധനം 11.4.1998)

---

**ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ:–** 1955 ഓഗസ്റ്റ് 2-ാം തിയ്യതി തിരുവനന്തപുരം വി.ജെ.ടി ഹാളിൽ വെച്ചാണ് ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ രൂപീകൃതമായത്.

**അഖിലേന്ത്യാ ജംഇയ്യത്തുൽ ഉലമാ:–** തബ്‌ലീഗ് ജമാഅത്ത് ബിദ്ഈ സംഘടനയാണെന്ന് 16.10.65ന് ചേർന്ന മുശാവറ പ്രഖ്യാപിച്ചപ്പോൾ ചിലർക്കത് ദഹിച്ചില്ല. 1966-ൽ അവർ സമസ്തക്കെതിരെ ഒരു സമാന്തര സംഘടനയുണ്ടാക്കി. അതാണ് അഖില കേരള ജംഇയ്യത്തുൽ ഉലമാ

**കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമാ: –** ജുമുഅ ഖുത്ബക്ക് ഉച്ച ഭാഷിണി ഉപയോഗിക്കൽ അനുവദനീയമാണെന്ന സമസ്ത തീരുമാനത്തിൽ വിയോജിപ്പുള്ള സദഖത്തുല്ലാഹ് മൗലവി കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമാ സ്ഥാപിച്ചു.

**തബ്‌ലീഗ് ജമാഅത്ത്:** –1926-ൽ ശാഹ് മുഹമ്മദ് ഇൽയാസ് അമ്പിയോൽകർഷം ലക്ഷ്യംവെച്ച് ഉത്തർപ്രദേശിലെ ദുകൂബന്ദ് ദാറുൽ ഉലും കേന്ദ്രീകരിച്ച് തബ്‌ലീഗ് ജമാഅത്ത് രൂപീകരിച്ചു.

# ഖിലാഫത്തിന്റെ പുനരുദയം


**നബിതിരുമേനി(സ)ന്റെ പ്രവചനമനുസരിച്ച് നിശ്ചിത സമയത്തുതന്നെ വാഗ്ദത്ത മഹ്ദി മസീഹായി ഹദ്റത്ത് അഹ്മദ്(അ) ആഗതരായി. 1908 മെയ് 26-ന് ആ മഹാത്മാവിന്റെ വേർപാടിനെ തുടർന്ന് തിരുനബി(സ)ന്റെ പ്രവചന പ്രകാരം ഖിലാഫത്തുൻ അലാ മിൻ ഹജുന്നുബുവ്വ (നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത്) സ്ഥാപിക്കപ്പെട്ടു.**




ഹ. അൽഹാജ് മൗലാനാ ഹക്കീം നൂറുദ്ദീൻ(റ) (1908 - 1914)




ഹദ്റത്ത് അൽഹാജ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) (1914 - 1965)



ഹദ്റത്ത് ഹാഫിള് മിർസാ നാസിർ അഹ്മദ്(റഹ്) (1965 - 1982)



ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) (1982 - 2003)



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) 2003

# ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ

- ലോകം മുഴുവൻ ഇസ്ലാമിക സന്ദേശ പ്രചാരണ പ്രവർത്തനങ്ങൾ
- ശിക്ഷണ പ്രചാരണരംഗത്ത് ലോകം മുഴുവൻ മിഷണറി പ്രവർത്തനം
- വിശുദ്ധഖുർആന്റെ കാലികവും സമഗ്രവുമായ വിശദീകരണങ്ങൾ
- സന്ദേശപ്രചാരണത്തിന് വിവിധ ലോകഭാഷകളിൽ ഗ്രന്ഥപ്രസിദ്ധീകരണങ്ങൾ, ആനുകാലികങ്ങൾ
- നൂർ ഫൗണ്ടേഷനു കീഴിൽ ഹദീസ് പ്രസിദ്ധീകരണവും പരിഭാഷകളും
- നഗരഗ്രാമ പ്രദേശങ്ങളിൽ വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള സമഗ്രമായ സംവിധാനങ്ങൾ
- ഇതിനായി താൽക്കാലിക വഖ്ഫ് (അർപ്പണം) ചെയ്ത ആളുകൾ
- വഖ്ഫെ ജദീദ് (ഗ്രാമീണതലത്തിലുള്ള ശിക്ഷണ പ്രബോധന പ്രവർത്തനങ്ങൾ)
- തഹ്രീകെ ജദീദ് (വിദേശരാഷ്ട്രങ്ങളിൽ ശിക്ഷണ പ്രബോധന പ്രവർത്തനങ്ങൾ)
- ബയ്ത്തുൽ മാൽ (സമഗ്രമായ സാമ്പത്തിക വ്യവസ്ഥിതി)
- ദരിദ്രരാജ്യങ്ങളിൽ സ്കൂളുകളും ആസ്പത്രികളും നടത്തുന്നതിനുള്ള നുസ്റത്ത് ജഹാൻ സ്കീം
- ആഫ്രിക്കൻ നാടുകളിലെ പുരോഗതി ലക്ഷ്യമാക്കിയുള്ള സയ്യിദുനാ ബിലാൽ ഫണ്ട്
- ദരിദ്ര ജനങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി (ബുയൂത്തുൽ ഹംദ്)
- ദരിദ്ര പെൺകുട്ടികളെ മാന്യമായി വിവാഹം കഴിച്ചയക്കുന്നതിനുള്ള മർയം ശാദി ഫണ്ട്
- ആഫ്രിക്കയിലെ ദരിദ്രമേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി
- വ്യവസ്ഥാപിതമായ സക്കാത്ത് സംവിധാനം
- ഇസ്ലാമിക പ്രചാരണം ലക്ഷ്യമാക്കി വിവിധ നാടുകളിൽ റേഡിയോ സ്റ്റേഷനുകൾ
- ലോകം മുഴുവൻ 24 മണിക്കൂറും പ്രവർത്തിക്കുന്നു മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ
- ഇന്റർനെറ്റ് മുഖേനയുള്ള സന്ദേശ പ്രചരണവും ഇസ്ലാമിന്നെതിരെയുള്ള ആക്ഷേപങ്ങൾക്ക് മറുപടിയും
- 1930-കളിലുണ്ടായ കൂട്ട മതപരിവർത്തനമായ ശുദ്ധി പ്രസ്ഥാനത്തിനെതിരെ നടത്തിയ വീരോജ്ജ്വലമായ പ്രവർത്തനങ്ങൾ
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ നിർണ്ണായക സന്ദർഭങ്ങളിൽ നടത്തിയ ധീരോത്തമമായ നടപടിഠകൾ
- ഇസ്റായേൽ രൂപീകരണ സമയത്ത് മുസ്ലിം നേതാക്കളേയും രാഷ്ട്രതലവന്മാരേയും അതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ചുണർത്തുകയും അത് മദ്ധ്യേഷ്യയുടെ തീരാതല വേദനയ്ക്ക് കാരണമാകുന്നുവെന്നും അതിനാൽ പ്രസ്തുത ഉദ്യമത്തിന് അനുവാദം നൽകരുതെന്നുമുള്ള അഹ്മദിയ്യാ ഖലീഫയുടെ ആഹ്വാനം
- ഈ ആവശ്യത്തിന് ഡോ. സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ വിവിധ മുസ്ലിം രാഷ്ട്രതലവന്മാരെ നേരിൽ ബന്ധപ്പെടുകയുണ്ടായി.
- 1990-കളുടെ ആരംഭത്തിലുണ്ടായ ഗൾഫ് പ്രതിസന്ധിയിൽ ഖുർആനിക അദ്ധ്യാപനങ്ങളിലേക്ക് തിരിയാനും അന്യശക്തികളെ വിളിക്കരുതെന്നും അത് ഇറാഖിനെ നാമാവശേഷമാക്കുമെന്നുമുള്ള അഹ്മദിയ്യാ ഖലീഫയുടെ മുന്നറിയിപ്പ്.
- നബി(സ)നെതിരിൽ ഉയരുന്ന ആക്ഷേപങ്ങൾക്ക് ശക്തിയുക്തമായ മറുപടികൾ നൽകിക്കൊണ്ട് ലോകം മുഴുവൻ സീറത്തുന്നബി സമ്മേളനങ്ങൾ
- ലോകത്ത് മുഴുവനും മതസൗഹാർദ്ദ സമ്മേളനങ്ങളും ചർച്ചകളും

# ലോകം മുഴുവൻ അഹ്മദിയ്യാ പ്രവർത്തനങ്ങൾ

**സുന്നികളുടെ മുഖപത്രമായ 'സിറാജ്' (18-1-1993) എഴുതുന്നു.** മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രമായ നൈജീരിയ ഇസ്‌ലാമികവൃത്തത്തിൽനിന്ന് പുറത്തു പോയ ഖാദിയാനിസത്തിന്റെ ശക്തുദുർഗ്ഗവും കളിത്തൊട്ടിലുമായി മാറിക്കൊണ്ടിരിക്കുന്നു.

**ജമാഅത്തിഇസ്‌ലാമി ജിഹ്വയായ ബോധനം (1994 ജൂലൈ 16)** "അമേരിക്കയിൽ ഖാദിയാനിസത്തിന് ശക്തമായ വേരുകളുണ്ട്................ യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഖാദിയാനികൾ പരന്നുകിടക്കുന്നു............. ഘാന, നൈജീരിയ, ഐവറികോസ്റ്റ്, ലൈബീരിയ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലൊക്കെ ഖാദിയാനികളുടെ സാന്നിധ്യം വളരെ പ്രകടമാണ്......... ഖാദിയാനികളുടെ ശക്തികേന്ദ്രങ്ങളിൽ ഒന്നാണ് ബ്രിട്ടൺ, തലസ്ഥാനനഗരിയായ ലണ്ടനിൽതന്നെ ഒന്നിലധികം പള്ളികളുണ്ട് അവർക്ക്........ ഈയ്യിടെ ചൈനീസ് ഭാഷയുമായി ഖാദിയാനികൾ രംഗപ്രവേശനം ചെയ്തിരിക്കുന്നു. ഇസ്റായീലിലും ഖാദിയാനികൾക്ക് ഊഷ്മളമായ സ്വീകരണമാണ് ലഭിക്കുന്നത്. അധിനിവേശ പലസ്തീനിൽ അവർക്ക് സ്കൂളുകളും കേന്ദ്രങ്ങളും ഉണ്ട്."

അതേ ലോകം മുഴുവൻ പ്രവർത്തിക്കുന്ന ശക്തമായ സാന്നിധ്യമുള്ള ഏക ഇസ്‌ലാമിക പ്രസ്ഥാനം!

# നബി(സ)ന്റെ താക്കീത്

നബി(സ) പറയുന്നു:

**'തൽസമു ജമാഅത്തുൽ മുസ്‌ലിമീന വ ഇമാമുഹും'**

'നീ ജമാഅത്തുൽ മുസ്‌ലിമിനേയും അവരുടെ ഇമാമിനേയും പിൻപറ്റുക.'

അത് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ

**'ഫഅ്തസിൽ തിൽകൽഫിർഖകുല്ലഹാ'**

എല്ലാതരം കക്ഷി പ്രതികക്ഷികളിൽനിന്ന് വിട്ടുനിൽക്കുക.

ഒരു മരത്തിന്റെ വേര് കടിച്ചുപിടിച്ചുകൊണ്ടാണ് നീ മരിക്കുന്നതെങ്കിൽ അതുതന്നെയാണ് നിനക്കുത്തമം.

കാരണം

നബി(സ) പറയുന്നു:

**'മല്ലം യഅ്രിഫു ഇമാമു സമാനിഹീ ഫഖദ്മാത്ത മീത്തതൻ ജാഹിലീയ്യ'**

ആരാണോ തന്റെ കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിയാതെ മരിക്കുന്നത് അവൻ ജാഹിലിയ്യത്തിന്റെ മരണമാണ് വരിക്കുന്നത്.

# ഒരു ദൈവിക സുവാർത്ത!

റസൂലുല്ലാഹ്(സ)യുടെ പ്രവചനമനുസരിച്ച് മഹ്ദി ഇമാമും, വാഗ്ദത്ത മസീഹുമായി അല്ലാഹു നിയോഗിച്ച ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തനിക്കു ലഭിച്ച ദൈവിക വെളിപാട് ലോകസമക്ഷം സമർപ്പിച്ചുകൊണ്ട് പറഞ്ഞു.

"മനുഷ്യജാതിക്ക് പൊതുവായും, മുസ്‌ലിംകൾക്ക് പ്രത്യേകമായും ഒരു സന്ദേശം എനിക്ക് നല്കാനുണ്ട്. സത്യസന്ധമായ വിശ്വാസവും നിർമ്മലമായ സംശുദ്ധിയും ദൈവാനുരക്തിയുടെ മാർഗ്ഗവും മനസിലാക്കാനും, ദുഷിച്ച ജീവിതവും അലംഭാവവും ധിക്കാരപരവുമായ ജീവിതം ഉപേക്ഷിക്കാനും വേണ്ടി സത്യാന്വേഷികൾ ഞാനുമായി ബയ്അത്ത് ചെയ്യണമെന്ന് കൽപ്പിക്കപ്പെട്ടിരിക്കുന്നു. സ്വമാനസങ്ങളിൽ ഏതെങ്കിലും വിധത്തിൽ ഇതിനു തയ്യാറുള്ളവർ എന്റെ അടുക്കൽ വരേണ്ടത് നിർബന്ധമാണ്. ഞാൻ അവരുടെ ദുഃഖങ്ങൾ അകറ്റുന്നതാണ്. അവരുടെ ഭാരങ്ങൾ ലഘൂകരിക്കുന്നതാണ്. അല്ലാഹു എന്റെ ദുആയിലും ശ്രദ്ധയിലും അവർക്ക് അനുഗ്രഹം നൽകുന്നതാണ്. പക്ഷേ, ഒരു നിബന്ധന; അവർ ദൈവിക കല്പനകൾ അനുസരിച്ച് ജീവിക്കാൻ പൂർണ്ണമായും തയ്യാറായിരിക്കണം. ഈ ദൈവിക കൽപനയെ ഞാൻ ഇന്ന് എത്തിച്ചിരിക്കുന്നു." ഇതു സംബന്ധിച്ച ഇൽഹാം ഇപ്രകാരമാണ്:

"നീ മനോനിശ്ചയം ചെയ്തുകഴിഞ്ഞാൽ ദൈവത്തിൽ പ്രതീക്ഷ അർപ്പിക്കുക. നമ്മുടെ മുന്നിൽ നമ്മുടെ വഹ്‌യുടെ അടിസ്ഥാനത്തിൽ ഒരു നൗക പണിയുക. നിന്റെ കൈയിൽ ബയ്അത്ത് ചെയ്യുന്നവർ അല്ലാഹുവിന്റെ കൈയിലത്രെ ബയ്അത്ത് ചെയ്യുന്നത്. അവരുടെ കൈകൾക്ക് മീതെ അല്ലാഹുവിന്റെ കൈകളത്രെ ഉള്ളത്."

**ഹദ്റത് അഹ്മദ്(അ) പറയുന്നു:**

**"വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്കുള്ള വിധികർത്താവും ഞാനാണെന്ന് അല്ലാഹു തന്റെ പരിശുദ്ധവും പവിത്രവുമായ വെളിപാടു മുഖേന എന്നെ അറിയിച്ചിരിക്കുന്നു."**

**(അർബഈൻ)**

# സംശയ നിവാരണത്തിനൊരു എളുപ്പമാർഗം

ഇവിടെ ഞാൻ തബ്ലീഗ് (സന്ദേശമെത്തിക്കുക) എന്ന നിലക്ക് എഴുതുകയാണ്, ദൈവശിക്ഷയെ ഭയപ്പെടുന്ന സത്യാന്വേഷകൻ അന്വേഷണങ്ങൾ നടത്താതെ ഇക്കാലഘട്ടത്തിലെ മൗലവിമാരുടെ പിന്നാലെ പോകരുത്.

അവസാനകാലത്തെ മൗലവിമാരെ കുറിച്ച്, നബി(സ) ഭയപ്പെടുത്തിയതുപോലെ തന്നെ ഭയക്കേണ്ടതാണ്. അവരുടെ ഫത്വകൾ കണ്ട് അത്ഭുതപ്പെടേണ്ടതില്ല. കാരണം ഈ ഫത്വകൾ പുതിയതല്ല. എന്നെപറ്റി സംശയമുണ്ടെങ്കിൽ, എന്റെ വാദങ്ങളെപറ്റി സംശയത്തിലാണെങ്കിൽ അത് ദുരീകരിക്കുന്നതിനുള്ള ഒരു എളുപ്പവഴി ഞാൻ പറഞ്ഞുതരാം. അതിലൂടെ ഒരു യഥാർഥ സത്യാന്വേഷിക്ക് ഇൻശാ അല്ലാഹ് സംതൃപ്തിവരുന്നതാണ്.

അതായത്, പൂർണമായ സ്വച്ഛമായ പശ്ചാത്താപം ചെയ്ത രാത്രിയിൽ രണ്ട് റക്കഅത്ത് നമസ്കരിക്കുക. ആദ്യ റക്കഅത്തിൽ സൂറ യാസീനും, രണ്ടാമത്തെ റക്കഅത്തിൽ 21 പ്രാവശ്യം സൂറ ഇഖ്ലാസും ശേഷം മുന്നൂറ് പ്രാവശ്യം സ്വലാത്തും, മുന്നൂറ് പ്രാവസ്യം ഇസ്തിഗ്ഫാറും ചൊല്ലി അല്ലാഹുവിനോട് ഇങ്ങിനെ ദുഃആ ചെയ്യണം.

ഖാദിറും കരീമുമായ നാഥാ, നീ മറഞ്ഞ കാര്യങ്ങൾ അറിയുന്നു. ഞങ്ങൾ അറിയുന്നില്ല. സ്വീകാര്യമുള്ളവനും, തിരസ്കൃതനും, കറ്റുകെട്ടി പറയുന്നവരും, സത്യവാനും നിന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞവരല്ല. ആയതിനാൽ ഞങ്ങൾ നിന്റെ സവിധത്തിൽ അപേക്ഷിക്കുകയാണ്. വാഗ്ദത്ത മസീഹ് എന്നും, മഹ്ദിയെന്നും, കാലത്തിന്റെ മുജദ്ദിദെന്നും വാദിക്കുന്ന ഇയാളുടെ അവസ്ഥ എന്താണ്. അയാൾ സത്യവാനോ, അസത്യവാനോ, സ്വീകൃതനോ തിരസ്കൃതനോ എന്ന് നിന്റെ കാരുണ്യംകൊണ്ട് സ്വപ്നമോ, കശ്ഫോ, ഇൽഹാമോ മുഖേന ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരേണമേ, അയാൾ തിരസ്കൃതനാണെങ്കിൽ അയാളെ സ്വീകരിച്ച് വഴി തെറ്റാതിരിക്കുന്നതിനും, സ്വീകൃതനും നിന്റെ പക്കൽ നിന്നുള്ളവനുമാണെങ്കിൽ അയാളെ നിരാകരിക്കുകയും അവമതിക്കുകയും ചെയ്തുകൊണ്ട് നാശമടയാതിരിക്കാനും വേണ്ടി. ഞങ്ങളെ എല്ലാ ഫിത്നകളിൽനിന്നും രക്ഷിക്കേണമേ, എല്ലാ കഴിവും നിനക്ക് മാത്രമാണുള്ളത്. ആമീൻ.

തങ്ങളുടെ അകതാരിനെ പൂർണമായും ശൂന്യമാക്കികൊണ്ട് ചുരുങ്ങിയത് രണ്ടാഴ്ച ഈ ഇസ്തിഖാറ നമസ്കാരം (നന്മ ആർജിക്കാനുള്ള പ്രാർഥന) ചെയ്യണം.

കാരണം നേരത്തെതന്നെ ശത്രുതയിൽ മുഴുകുകയും, വളരെ മോശമായി ഗണിക്കുകയും, ദുർധാരണയിൽ അകപ്പെടുകയും ചെയ്തവർ തങ്ങൾ മോശമായി മനസിലാക്കുന്ന ആളുടെ അവസ്ഥ സ്വപ്നം മുഖേന അറിയാൻ ആഗ്രഹിച്ചാൽ അയാളുടെ ഹൃദയത്തിലെ അന്ധകാരത്തെക്കാൾ കൂടുതൽ അന്ധകാരമയമായ ധാരണകൾ ശൈത്വാൻ തന്റെ ഭാഗത്ത് നിന്ന് അയാളുടെ ഹൃദയത്തിലേക്ക് ഇടുന്നതാണ്. അങ്ങിനെ അയാളുടെ അവസ്ഥ മുൻപത്തേതിലും മോശമായിത്തീരുന്നു. ആയതിനാൽ നീ, അല്ലാഹുവിൽ നിന്ന് എന്തെങ്കിലും വാർത്ത പ്രതീക്ഷിക്കുന്നുവെങ്കിൽ, നെഞ്ചകത്തെ എല്ലാ ശത്രുതയിൽ നിന്നും വെറുപ്പിൽ നിന്നും വിമലീകരിക്കേണ്ടതാണ്. തന്റെ ഉള്ളകത്തെ ശൂന്യമാക്കി, അതായത്, വെറുപ്പിൽ നിന്നും സ്നേഹത്തിൽനിന്നും വിട്ടുനിന്നുകൊണ്ട് സന്മാർഗപ്രഭ തേടേണ്ടതാണ്. അങ്ങിനെയായാൽ അവൻ തന്റെ വാഗ്ദാനമനുസരിച്ച് തന്റെ ഭാഗത്ത് നിന്നുള്ള പ്രകാശം ഇറക്കുന്നതാണ്. അതിൽ മനസിന്റെ സംശയങ്ങളുടെ പുകപടലം ഉണ്ടായിരിക്കുന്നതല്ല.

അല്ലയോ സത്യാന്വേഷികളേ, ഈ മൗലവിമാരുടെ വർത്തമാനങ്ങൾ കാരണം ഫിത്നയിൽ അകപ്പെടാതിരിക്കുവിൻ. എഴുന്നേൽക്കുവിൻ, കുറച്ച് പരിശ്രമിച്ചുകൊണ്ട്, ഖദീറും, അലീമും, ഹാദിയുമായവനോട് സഹായം തേടുവിൻ. നോക്കുക, ഞാൻ ഈ ആത്മീയ തബ്ലീഗും ചെയ്തിരിക്കുന്നു. ഇനി നിങ്ങളുടെ ഇഷ്ടംപോലെ.

വസ്സലാമു അലാ മന ത്തബഇൽ ഹുദാ

**അൽ മുബല്ലിഗ്**
**ഗുലാം അഹ്മദ്**

(അവ: നിശാനെ ആസ്മാനി)

## ഹദ്റത്ത് അഹ്മദ് (അ) പറയുന്നു

**അല്ലാഹുവാണ് സത്യം എന്റെ എല്ലാ മക്കളും, മക്കളുടെ മക്കളും എന്റെ എല്ലാ കൂട്ടുകാരും, സഹായികളും, എന്റെ കൺമുന്നിൽ വെച്ച് അറുകൊലചെയ്യപ്പെട്ടാലും, എന്റെ തന്നെ കയ്യും കാലും അറുത്ത് മാറ്റിയാലും, എന്റെ കണ്ണ് ചൂഴ്ന്നെടുത്താലും, ഞാനെന്റെ എല്ലാ ഉദ്ദേശ്യങ്ങളിലും ഉപേക്ഷിക്കപ്പെട്ടാലും, എന്റെ എല്ലാ ആഗ്രഹങ്ങളും അഭിലാഷങ്ങളും ത്യജിക്കേണ്ടിവന്നാലും അതെല്ലാം എനിക്ക് സഹിക്കാം. പക്ഷേ നബി(സ) മേൽ നീചമായ ആക്രമങ്ങൾ നടത്തുന്നുവെന്നതാണ് എന്നെ അത്യധികം ദുഃഖിപ്പിക്കുന്നത്. ഓ എന്റെ ആകാശീയ നാഥാ! നീ നിന്റെ അനുഗ്രഹത്തിന്റേയും സഹായത്തിന്റേയും ദൃഷ്ടി ജനങ്ങളിൽ പതിപ്പിക്കേണമേ? നീ ഈയൊരു പരീക്ഷണത്തിൽ നിന്നും ഞങ്ങൾക്ക് മുക്തി നൽകേണമേ? (ആയിനയേ കമാലാത്തേ ഇസ്ലാം)**



بسم الله الرحمن الرحيم

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേരുന്നതിനുള്ള

# ബയ്അത്തിന്റെ നിബന്ധനകൾ

## (വാഗ്ദത്ത മസീഹ് (അ) പ്രസിദ്ധീകരിച്ചതനുസരിച്ച് )

### ബയ്അത്ത് ചെയ്യുന്ന ആൾ സത്യഹൃദയത്തോടുകൂടി ചെയ്യേണ്ടുന്ന പ്രതിജ്ഞ താഴെ ചേർക്കുന്നു

1. ജീവിതാവസാനം വരെ സൃഷ്ടിപൂജ (ശിർക്ക്) യിൽ നിന്ന് വിട്ടു നിൽക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർനോട്ടം, എല്ലാ വിധത്തിലുമുള്ള ദുഷ്കർമ്മങ്ങൾ, ചതി, പരദ്രോഹം, വിശ്വാസ വഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ ദുർമാർഗങ്ങളിൽ നിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിമപ്പെട്ടു പോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റെയും റസൂൽ തിരുമേനി(സ)യുടെയും കൽപനകളനുസരിച്ച് അഞ്ചുനേര നമസ്കാരങ്ങളും കൃത്യമായി നിർവ്വഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കാരം നിർവ്വഹിക്കുന്നതും നബി തിരുമേനി(സ)യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങൾ ആത്മാർത്ഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും(ദിക്റെ ഇലാഹി) സ്തോത്രവും(ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിമപ്പെട്ടു കൊണ്ട് ആർക്കും തന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്‌ലിംകൾക്കു പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു വിശ്വസ്തത പുലർത്തുകയും ദൈവ ഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗത്തിൽ എല്ലാ വിധത്തിലുള്ള മാന ഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തുതന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞു മാറുകയും വിശുദ്ധ ഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണ്ണമായി വിധേയനായിരിക്കുകയും എല്ലാ വഴികളിലും ദൈവ വചനങ്ങൾക്കും തിരുനബിവചനങ്ങൾക്കും അനുസൃതമായി ചരിക്കുകയും ചെയ്യുന്നതാകുന്നു.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണ്ണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണ്ണവും ശാന്തവും അനാഡംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

8. ദീനിനെയും ദീനിന്റെ അന്തസ്സിനെയും ഇസ്‌ലാമിന്റെ ക്ഷേമത്തെയും സ്വന്തം ജീവനേക്കാളും മുതലിനെക്കാളും മാനത്തേക്കാളും സന്തതികളെക്കാളും മറ്റു പ്രിയംകരമായതിനേക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർത്ഥമായ സഹാനുഭാവം പ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്നു സമ്മതിക്കുന്നതോടൊപ്പം കുടുംബങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്തതരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണം വരെ നിലനിറുത്തിപ്പോരുന്നതുമാണ്. (ഇൻശാ അല്ലാഹ്).

(ഇശ്തിഹാർ തക്മീലെ തബ്ലീഗ് 1889 ജനുവരി 12)

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم

**ഹദ്റത്ത് അമീറുൽ മുഅ്മിനിൻ ഖലീഫത്തുൽ മസീഹ്- V മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് തിരുമനസ്സിന്റെ സമക്ഷത്തിലേക്ക്**

السلام عليكم ورحمة الله وبركاته

ഞാൻ ബൈഅത്തിന്റെ നിബന്ധനകളും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിശ്വാസങ്ങളും ആവശ്യമായ നിർദ്ദേശങ്ങളും കർത്തവ്യങ്ങളും വായിക്കുകയും പൂർണ്ണ ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. യഥാവിധി പൂരിപ്പിച്ച ബൈഅത്ത് ഫോറം ഞാൻ ഹുസൂറിന്റെ സന്നിധിയിൽ സമർപ്പിക്കുകയും എന്റെ ബൈഅത്ത് സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

اَشْهَدُاَنْ لَّآاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَشْهَدُاَنْ لَّآاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും അവൻ ഏകനും പങ്കുകാരനില്ലാത്തവനും ആണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ) അവന്റെ ദാസനും ദൂതനും ആണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

ഞാൻ.........................................................................ഇന്ന് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ കയ്യിൽ ബൈഅത്ത് ചെയ്തു അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിക്കുകയും സയ്യിദുനാ ഹദ്റത്ത് ഖാത്തമുന്നബിയ്യീൻ മുഹമ്മദു റസൂലുല്ലാഹ്(സ.അ) തിരുമേനിയുടെ പ്രവചനങ്ങളനുസരിച്ച് ആഗതരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെ അവസാനകാലത്തെ ഇമാമെന്നും മഹ്ദിയെന്നും വാഗ്ദത്ത മസീഹെന്നും വിശ്വസിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹിനാൽ നിശ്ചയിക്കപ്പെട്ട ബൈഅത്തിന്റെ പത്തു നിബന്ധനകളും അനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുന്നതാണെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ഞാൻ ദീനിനു ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണ്. എല്ലാ നല്ല കാര്യങ്ങളിലും അഹ്മദിയ്യാ ഖിലാഫത്തുമായി അനുസരണവും വിശ്വസ്തതയും വെച്ചു പുലർത്തുന്നതാണ്. ഖലീഫത്തുൽ മസീഹ് എന്ന നിലയിൽ താങ്കളുടെ മഅ്റൂഫായ എല്ലാ നിർദ്ദേശങ്ങളും അനുസരിച്ചു പ്രവർത്തിക്കുവാൻ യത്നിക്കുന്നതാണ്.

اَسْتَغْفِرُاللّٰهَ رَبِّيْ مِنْ كُلِّ ذَنْبٍ وَ اَتُوبُ اِلَيْهِ اَسْتَغْفِرُاللّٰهَ رَبِّيْ مِنْ كُلِّ ذَنْبٍ وَ اَتُوبُ اِلَيْهِ

اَسْتَغْفِرُاللّٰهَ رَبِّيْ مِنْ كُلِّ ذَنْبٍ وَ اَتُوبُ اِلَيْهِ

ഞാൻ എന്റെ രക്ഷിതാവായ അല്ലാഹുവിനോടു, എന്റെ എല്ലാ പാപങ്ങളിൽ നിന്നും പൊറുക്കലിനെ തേടുകയും അവനിലേക്കു മടങ്ങുകയും ചെയ്യുന്നു.

رَبِّ اِنِّىْ ظَلَمْتُ نَفْسِىْ وَاعْتَرَفْتُ بِذَنْبِىْ فَاغْفِرْلِىْ ذُنُوْبِىْ فَاِنَّهٗ لَا يَغْفِرُ الذُّنُوْبَ اِلَّا اَنْتَ

എന്റെ നാഥാ, ഞാനെന്റെ ആത്മാവിനോടു അക്രമം ചെയ്തിരിക്കുന്നു. ഞാനെന്റെ പാപങ്ങൾ ഏറ്റു പറയുന്നു. എന്റെ പാപങ്ങൾ നീ എനിക്ക് പൊറുത്തു തരേണമേ. പാപങ്ങൾ പൊറുക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ല, ആമീൻ.

പേര്...............................................................................................വയസ്സ്.............................................................

പിതാവിന്റെ പേര്/ ഭർത്താവിന്റെ പേര്...................................................................................................

അംഗമായിച്ചേരുന്ന പ്രാദേശിക ജമാഅത്തിന്റെ പേര്.........................................................................

മേൽ വിലാസം.....................................................................................................................................

.................................................................................................................................................

തിയ്യതി. (ഒപ്പ്)

Attested by ...........................................................................................

# ഒരു നിമിഷം!

| അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് | പണ്ഡിത സംഘടനകൾ |
| --- | --- |
| ഇമാം മഹ്ദിയാൽ ദൈവിക കൽപന പ്രകാരം സ്ഥാപിതമായി | പണ്ഡിതന്മാർ ചേരിതിരിഞ്ഞ് സ്വന്തം ഇഷ്ടപ്രകാരം ഉണ്ടാക്കി |
| ഒരു ആഗോള ഖലീഫയുടെ കീഴിൽ അനുസരണ പ്രതിജ്ഞയോടെ ലോകവ്യാപകമായി പ്രവർത്തിക്കുന്നു | ഖിലാഫത്ത് വ്യവസ്ഥ ഇല്ലാതെ ഗ്രാമങ്ങൾ തോറും തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്നു |
| ഇസ്‌ലാമിന്റെ ആഗോള വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നു | അടിമുടി പ്രാദേശിക തർക്കങ്ങൾ മാത്രം |
| ഖലീഫയ്ക്കു കീഴിൽ പൂർണ്ണസാമ്പത്തിക (ബയ്ത്തുമാൽ) സംവിധാനം | ആവശ്യങ്ങൾക്കായി പണം പിരിക്കുന്നു |
| വിശുദ്ധഖുർആനിൽ ദുർബലപ്പെട്ട ആയത്തുകൾ ഇല്ലെന്ന് വിശ്വസിക്കുന്നു. | ഖുർആനിൽ കാലഹരണപ്പെട്ട ആയത്തുകൾ ഉണ്ടെന്ന് വിശ്വസിക്കുന്നു |
| എല്ലാ പ്രവാചകന്മാരും നിഷ്കളങ്കരാണെന്ന് വിശ്വസിക്കുന്നു | ചില പ്രവാചകന്മാർ കളവ് പറഞ്ഞുവെന്ന് വിശ്വസിക്കുന്നു |
| മരിച്ചവരെ ജീവിപ്പിക്കുന്നവൻ അല്ലാഹുവാണെന്ന് വിശ്വസിക്കുന്നു | ഈസാനബിയും മരിച്ചവരെ ജീവിപ്പിച്ചു എന്ന് വിശ്വസിക്കുന്നു |
| സർവ്വചരാചരത്തിന്റെയും സ്രഷ്ടാവ് അല്ലാഹു ആണെന്ന് വിശ്വസിക്കുന്നു | ഈസാനബിയും ഇബ്റാഹീം നബിയും ഒക്കെ സൃഷ്ടികർത്താക്കളാണെന്ന് വിശ്വസിക്കുന്നു |
| വിശുദ്ധഖുർആൻ പറഞ്ഞ പ്രകാരം ഈസാനബി(അ) മരിച്ചുപോയി എന്ന് വിശ്വസിക്കുന്നു | ക്രിസ്ത്യാനികളെപ്പോലെ ഈസാനബി ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നു |
| അല്ലാഹു ഇന്നും സംസാരിക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നു | അല്ലാഹു ഇപ്പോൾ ആരോടും സംസാരിക്കാറില്ലെന്ന് പ്രചരിപ്പിക്കുന്നു |

## ഹദ്റത് അഹ്മദ്(അ) ക്ഷണിക്കുന്നു:

"ഖൗംകെ ലോഗോ ഇധർ ആവോ കെ നിക്‌ലാ ആഫ്ത്താബ്
വാദിയെ ളുൽമത്ത് മേ ക്യാ ബൈഠേഹോ തും ലൈലോ നഹാർ"

സമുദായത്തിലെ ആളുകളേ, ഇങ്ങോട്ട് വരുവിൻ, ഇതാ സൂര്യനുദിച്ചിരിക്കുന്നു,
എന്തിനാണ് നിങ്ങൾ രാപകൽ അന്ധകാരത്തിന്റെ താഴ്‌വരയിൽ കഴിച്ചുകൂട്ടുന്നത്? (ദുർറെ സമീൻ)

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : M.P.Abdul Latheef, N.Shafeeq Ahmad
Layout : Quraish

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut